# ഇസ്‌ലാം കാര്യങ്ങള്‍ സംക്ഷിപ്ത വിവരണം

﴿ خلاصة الكلام في أركان الإسلام ﴾

[ Malayalam – മലയാളം – مليالم ]


ഡോ: അബ്ദുല്ല ഇബ്നു മുഹമ്മദ് അത്വയ്യാര്‍

د. عبدالله بن محمد الطيار

വിവര്‍ത്തനം :

മുഹമ്മദ് സ്വാദിഖ് മദീനി

محمد صادق مديني



Webedition by:

2014 - 1435

IslamHouse.com

## വിവർത്തകക്കുറിപ്പ്

നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ഡോ: അബ്ദുല്ല ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'ഖുലാസത്തുൽകലാം ഫീ അർക്കാനിൽ ഇസ്ലാം'എന്ന ഗ്രന്ഥത്തിന്റെ വിവർത്തനമാണ് 'ഇസ്ലാം കാര്യങ്ങൾ സംക്ഷിപ്ത വിവരണം' എന്ന ഈ കൃതി. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ഒരുമുസ്ലിം നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ഇസ്ലാം കാര്യങ്ങളെകുറിച്ച് ചെറിയ രൂപത്തിൽ വിശദീകരിച്ചിരിക്കുകയാണ് ഈ കൃതിയിൽ. ഇസ്ലാമിനെ കുറിച്ച് പഠിച്ചു വരുന്നവർക്കും സാധാരണക്കാർക്കും ഇത് ഉപകാരപ്പെടും എന്നതിൽ സംശയമില്ല. ഈമാൻ (വിശ്വാസ) കാര്യങ്ങളെ സംബന്ധിച്ചും സംക്ഷിപ്തമായി ഇതിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

വിവർത്തന കൃതിയുടെ പേജുകൾ അധികരിക്കാതിരിക്കാൻ ആയത്തുകളുടേയും ഹദീഥുകളുടേയും അറബിമൂലം ഒഴിവാക്കിയിരിക്കുകയാണ്.ആവശ്യമില്ലാത്ത ചില വാചകങ്ങൾ വിവർത്തനത്തിൽ ഒഴിവാക്കിയിട്ടുണ്ട്. മൂലഗ്രന്ഥത്തിലെ അടിക്കുറിപ്പുകൾ പരമാവധി ചേർക്കുകയും വിശദീകരണം അത്യാവശ്യമുള്ള സ്ഥലങ്ങളിൽ വിവർത്തക(വിവഃ)ന്റെ വക അടിക്കുറിപ്പുകൾ ചേർക്കുകയും ചെയ്തിട്ടുണ്ട്.

ഈ കൃതി പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകി ഇതിനെ ധന്യമാക്കുകയും ചെയ്തത് മൗലവി അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽമദനിയാണ്. അദ്ദേഹത്തിന്റെ പരിശ്രമത്തിന് അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ എന്ന് ആത്മാർഥമായി പ്രാർത്ഥിക്കുകയാണ്. വിവർത്തനത്തിൽ സൂക്ഷ്മത പാലിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എങ്കിലും തെറ്റുകൾ മനുഷ്യ സഹചമാണല്ലോ വല്ല തെറ്റുകളും ശ്രദ്ധയിൽ പെട്ടാൽ ഉണർത്തണം എന്ന് അറിയിക്കുകയാണ്.

അല്ലാഹുവേ നിന്റെ അനുഗ്രത്തിന് കീഴിലാണ് ഞങ്ങൾ ജീവിക്കുന്നത്. നിന്റെ പ്രീതിക്കുവേണ്ടി ആരോഗ്യവും സമയവും ചെലവഴിക്കുന്ന സ്വാലിഹീങ്ങളുടെ കൂട്ടത്തിൽ ഞങ്ങളേയും ഉൾപ്പെടുത്തേണമേ... ആമീൻ.

മുഹമ്മദ് സ്വാദിഖ് മദീനി
abubilalkvk@gmail.com

# ആമുഖം

അല്ലാഹുവിനുള്ള ആരാധന അവൻ മതനിയമമാക്കുകയും സൃഷ്ടിപ്പിന്റെ പരമലക്ഷ്യം അതായി അവൻ നിശ്ചയിക്കുകയും ചെയ്തു. അല്ലാഹു ﷻ പറയുന്നു:'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.' (വി. ഖു: അദ്ദാരിയാത്ത്: 56)

എല്ലാ പ്രവാചകന്മാരും അവരുടെ സമുദായത്തോടുള്ള പ്രഖ്യാപനം ഇപ്രകാരമായിരുന്നു: 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന്(പ്രബോധനം ചെയ്യുന്നതിന് വേണ്ടി' (വി ഖു: നഹ്ൽ: 36)

'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ആരാധ്യനുമില്ല.' (വി ഖു: അഅ്റാഫ്: 65)

ഈ ആശയത്തെ സംബന്ധിച്ച് ശൈഖുൽഇസ്‌ലാം ഇബ്നു തൈമിയ رحمه الله പറയുന്നു: ''അല്ലാഹുവിനുള്ള ആരാധന അതിന്റെ എല്ലാ രൂപത്തിലും അവന് യാഥാർഥ്യമാക്കലാണ് യഥാർത്ഥ മതം.അല്ലാഹുവിന്റെ സ്നേഹം യാഥാർഥ്യമാക്കലുമാണത്. ആരാധനയുടെ സമ്പൂർണ്ണതയുടെ തോതനുസരിച്ച് അടിമക്ക് റബ്ബിനോടുള്ള സ്നേഹം പരിപൂർണ്ണമാകും. റബ്ബിന് അടിമയോടുള്ള സ്നേഹവും പൂർണ്ണമാകും... അല്ലാഹുവിന് വേണ്ടിയല്ലാത്ത എല്ലാ സ്നേഹങ്ങളും നിരർത്ഥകമാണ്. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിക്കാത്ത എല്ലാ പ്രവർത്തനവും നിരർത്ഥകമാണ്''[1]

---

[1] അൽ ഉബൂദിയ്യ: പേ: 41

ഇസ്ലാം കാര്യത്തിന്റെ ആശയം ചുരുക്കുകയും അതിനെ വാല് നഷ്ടപെട്ട രൂപത്തിൽ സ്വീകരിക്കുകയും ചെയ്യുന്നവർ എത്രയാണുള്ളത്!. അതിനാൽ പ്രധാന ആരാധനകളായ നമസ്കാരം,സകാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയവയിൽ ധാരാളം പിഴവുകൾ നാം കാണുന്നു. സത്യസന്ധമായ മാതൃക യാഥാർത്ഥ്യമാക്കാൻ മുസ്ലിം സമൂഹം ശുദ്ധമായ ഉറവയിലേക്ക് മടങ്ങലും സച്ചരിതരായ പൂർവ്വികരുടെചര്യകൾ പാരായണം ചെയ്യലും അനിവാര്യമാണ്. അല്ലാഹു മതപരമാക്കിയതിനനുസരിച്ച് അവനെ യഥാർത്ഥ രൂപത്തിൽ ആരാധിക്കുന്നതിലൂടെയല്ലാതെ പ്രതാപമോ രക്ഷയോ വിജയമോ ഇല്ല.റസൂൽﷺ വരച്ചു കാണിച്ചു തന്ന മാർഗ്ഗത്തിൽനിന്നും തെറ്റിയ എല്ലാ ആരാധനകളും നിരർത്ഥകവും തള്ളപെടേണ്ടതുമാണ്. നബിﷺ പറഞ്ഞു:'നമ്മുടെ കൽപ്പനയിലല്ലാതെ ഒരാൾ ഒരു കർമം ചെയ്താൽ അത് തള്ളപ്പെടണം'

പക്ഷെ അധികമാളുകളും ഈ വിളിക്ക് ഉത്തരം കൊടുക്കുന്നില്ല. ആരാധനയുടെ ആശയത്തെ അവർ മാറ്റിമറിച്ചു. അതിനാൽ ഈ ആശയത്തെ നന്നാക്കലും ഇസ്ലാം കാര്യങ്ങൾ കുറഞ്ഞ വിശദീകരണത്തോടുകൂടി വിവരിക്കലും അനിവാര്യമായി തീർന്നു. പ്രത്യേകിച്ച് പൊതുജനങ്ങൾക്കും, ഈ വിഷയത്തിൽ വ്യക്തവും സുതാര്യവും പ്രമാണബദ്ധവുമായ അറിവ് ആവശ്യമായിവരുന്ന ചില മുസ്ലിം ന്യൂനപക്ഷങ്ങൾക്കും.ഇത്തരം വിഷയങ്ങളിലുള്ള നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നത് ഈ രംഗത്ത് പ്രഥമ കാൽവെപ്പ് നടത്തിയ മുഹമ്മദ് ഇബ്നു സഊദ് ഇസ്ലാമിക് സർവകലാശാലയുടെ ആശയമായിരുന്നു.

വ്യക്തവും സരളവും ഇസ്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ട വിധികൾ അറിയാത്ത ആവശ്യകാർക്ക് ഉപകാരപെടുന്നതുമായ ശൈലിയിൽ ഇസ്ലാം കാര്യങ്ങൾ ഉൾകൊള്ളുന്ന ഒരു പു

സ്തകം രചിക്കുവാൻ സർവകലാശാലയുടെ ഗവേഷണ വിഭാഗം എന്നെ നന്ദിപൂർവ്വം ചുമതലപെടുത്തി. അത് ഞാൻ ഏറ്റെടുക്കുകയും ഈ പുസ്തകം രചിക്കുകയും ചെയ്തു.ധാരാളം ആളുകൾക്ക് ഇത് ഉപകാരപ്പെടും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ അറിവ് ഉപകാരപ്രദമാകുവാനും എനിക്ക് അറിവില്ലാത്തത് പഠിപ്പിച്ചു തരുവാനും ഈ പുസ്തകം എഴുതാൻ പ്രോൽസാഹിപ്പിച്ചവർക്കും, സഹായിച്ചവർക്കും പ്രതിഫലം നൽകുവാനും സർവ്വശക്തനായ അല്ലാഹുവിനോട് ഞാൻ തേടുന്നു.അവൻ അതിന് കഴിവുള്ളവനാണല്ലോ.

അബ്ദുല്ലാ ഇബ്നു മുഹമ്മദ്  അത്വയ്യാർ
സഊദി അറേബ്യ
സുൽഫി.

# ഈമാൻ

ഈമാൻ എന്നതിന്റെ ഭാഷാർത്ഥം സത്യപ്പെടുത്തുക എന്നാണ്. സാങ്കേതികമായി അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്; ഹൃദയം കൊണ്ടുളള വിശ്വാസവും നാവുകൊണ്ടുളള ഉച്ചാരണവും അവയവങ്ങൾകൊണ്ടുളള പ്രവർത്തനവുമാണ്.

അല്ലാഹു ﷻ പറയുന്നു:

'ഗ്രാമീണ അറബികൾ പറയുന്നു; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ 'ഞങ്ങൾ കീഴ്പെട്ടിരിക്കുന്നു' എന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക. വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല.' (വി. ഖു: അൽഹുജുറാത്ത്: 14)

നബി ﷺ പറഞ്ഞു: 'ഈമാൻ എന്നാൽ നീ അല്ലാഹുവിനെ കൊണ്ടും അവന്റെ മലക്കുകളെ കൊണ്ടും അവന്റെ ഗ്രന്ഥങ്ങളെകൊണ്ടും അവന്റെ ദൂതൻമാരെ കൊണ്ടും അന്ത്യനാൾ കൊണ്ടും ഖദ്ർ, അതിന്റെ നന്മ തിന്മകളെകൊണ്ടും വിശ്വസിക്കലാകുന്നു.'[2]

ഇമാം ഹസൻ അൽബസ്വരി ﵀ പറഞ്ഞു: 'ഈമാൻ എന്നാൽ വ്യാമോഹം കൊണ്ടോ, ആഭരണമണിയൽ കൊണ്ടോ അല്ല എന്നാൽ ഹൃദയത്തിൽ അടിയുറച്ചതും പ്രവർത്തനം സത്യപ്പെടുത്തിയതുമായ കാര്യമാകുന്നു അത് '.

ഇസ്ലാം, ഈമാൻ എന്നിവ ചേർന്നുവന്നാൽ ഇസ്ലാമിനെ പ്രകടമായ പ്രവർത്തനമായും ഈമാനിനെ ഹൃദയത്തിന്റെ പ്രവ

---

[2] .ബുഖാരി, മുസ്ലിം

ർത്തനമായും വ്യാഖ്യാനിക്കപ്പെടും. എന്നാൽ അവ വേർപിരിഞ്ഞു വന്നാൽ അതായത് ഈമാനിനെ പറയപ്പെടാതെ ഇസ്ലാമിനെ തനിച്ചാണ് പറയപ്പെട്ടതെങ്കിൽ അപ്പോൾ ഇസ്ലാം കൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണ്ണമതമാണ്.

അപ്രകാരം തന്നെ ഈമാൻ ഇസ്ലാമുമായി ചേർന്നുവരാതെ തനിച്ചായി പറയപെട്ടാലും അതിന്റെ ഉദ്ദേശ്യം പരിപൂർണ്ണ ദീനാണ്. അതായത് അവ രണ്ടും ഒരിടത്ത് പറയപെട്ടാൽ രണ്ടിനും വേറെവേറെ അർത്ഥ കൽപ്പനകളാണ്. അവ രണ്ടും ഒരിടത്ത് പറയപെട്ടില്ലെങ്കിൽ രണ്ടും ഒരേ അർത്ഥത്തിലാണ്. അല്ലാഹുവാകുന്നു കൂടുതൽ അറിയുന്നവൻ.

## ഈമാനിന്റെ അടിത്തറ

വിശ്വസിക്കൽ അനിവാര്യമായ ഈമാനിന്റെ അടിസ്ഥാനകാര്യങ്ങൾ അല്ലാഹു ﷻ അവന്റെ വേദഗ്രന്ഥത്തിൽ അറിയിച്ചു തന്നതും സുന്നത്തിൽ പ്രാമാണികമായി വന്നതുമായ ആറ് കാര്യങ്ങളാകുന്നു.

അല്ലാഹു ﷻ പറയുന്നു:

'നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും, .... ചെയ്യലാകുന്നു പുണ്യം'(വി.ഖു: അൽ ബഖറ: 177)

ഈ സൂക്തത്തിൽ വിശ്വാസകാര്യങ്ങളിലെ അഞ്ചെണ്ണം ഒരുമിച്ച് ചേർത്തിരിക്കുന്നു. അവ

1. അല്ലാഹുവിലുള്ള വിശ്വാസം
2. അന്ത്യനാളിലുള്ള വിശ്വാസം

3. മലക്കുകളിലുള്ള വിശ്വാസം
4. വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം
5. അല്ലാഹുവിന്റെ ദൂതൻമാരിലുള്ള വിശ്വാസം

ശേഷിക്കുന്നത് ഖദറിലുള്ള വിശ്വാസമാണ്. അതിനെകുറിച്ച് അല്ലാഹു ﷻ പറയുന്നു: 'തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു.'(വി ഖു:അൽ ഖമർ: 49)

എന്നാൽ ഈ വിഷയത്തിലുള്ള ഹദീഥുകൾ നിരവധിയാണ്. ഒരു തെളിവിൽ മാത്രം നാം അത് പരിമിതിപ്പെടുത്തുകയാണ്.ഇസ്ലാം, ഈമാൻ, ഇഹ്സാൻ എന്നിവയുടെ വിവരണത്തിനുള്ള അവലംബമാണത്; അതായത് ജിബ്രീലി ﷺ ന്റെ ഹദീഥ്. അതിൽ ഇപ്രകാരമാണ്:ജിബ്രീൽ ﷺ പ്രവാചകൻ ﷺ യോട് ചോദിച്ചു:'ഈമാൻ എന്താണെന്ന് എന്നോട് പറഞ്ഞു തന്നാലും നബി ﷺ പറഞ്ഞു: ഈമാൻ എന്നാൽ അല്ലാഹുവിനെകൊണ്ടും അവന്റെ മലക്കുകളെ കൊണ്ടും അവന്റെ വേദഗ്രന്ഥങ്ങളെകൊണ്ടും അവന്റെ ദൂതന്മാരെകൊണ്ടും അന്ത്യനാളിനെകൊണ്ടും ഖദ്റിനെ–അതിലെ നന്മയെകൊണ്ടും തിന്മയെകൊണ്ടും– നീ വിശ്വസിക്കലാകുന്നു'.3

ഇവയാകുന്നു ആറ് വിശ്വാസകാര്യങ്ങൾ. അവ അൽപം വിശദീകരിക്കാം

**ഒന്ന്: അല്ലാഹുവിലുള്ള വിശ്വാസം**

ഈ പ്രപഞ്ചത്തിന്, ഉണ്മയുള്ളതും, സൃഷ്ടി സംരക്ഷണത്തിലും ആരാധനയിലും നാമവിശേഷണങ്ങളിലും ഏകനുമായ ഒരു സൃഷ്ടാവുണ്ടെന്ന് അംഗീകരിക്കലും സമ്മതിക്കലുമാണ് അ

---

[3] ബുഖാരി

ല്ലാഹുവിലുള്ള വിശ്വാസം അർത്ഥമാക്കുന്നത്; പ്രസ്തുത സമ്മതവും അംഗീകാരവും ആ കർത്താവ് വിവരം നൽകിയതിനെ സ്വീകരിക്കുന്നതിനേയും അവന്റെ വിധികൾക്ക് കീഴ്പ്പെടുന്നതിനേയും അനിവാര്യമാക്കുന്നതായിരിക്കണം.അല്ലാഹുവിലുള്ള വിശ്വാസം പല കാര്യങ്ങളും ഉൾകൊള്ളുന്നു.

**ഒന്ന്: അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക.**

നാല് കാര്യങ്ങൾ അല്ലാഹുവിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അറിയിച്ചിട്ടുട്ടുണ്ട്.

1. ബുദ്ധി
2. അനുഭവം
3. പ്രകൃതി
4. മതം

ഒന്ന്: ബൗദ്ധികമായ തെളിവുകൾ.

ഈ പ്രപഞ്ചത്തിലുള്ള പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും സചേതന ലോകവും അല്ലാഹുവിന്റെ ഉണ്മക്ക് ബൗദ്ധികമായ തെളിവാണ്. തീർച്ചയായും ഈ ഉപരിമണ്ഡലങ്ങൾക്കും അധോമണ്ഡലങ്ങൾക്കും ഉണ്മ പകരുകയും അവയിൽ കൈകാര്യം ചെയ്യുകയും അവ നിയന്ത്രിക്കുകയും ചെയ്യുന്നഒരു കർത്താവ് അനിവാര്യമാണ്. ഒരു സൃഷ്ടാവുമില്ലാതെ അവ ഉടലെടുക്കുക, അവ അവയെ തന്നെ പടക്കുകയെന്നതും അസംഭവ്യമാണ്. അല്ലാഹു ﷻ പറയുന്നു:

‘അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും

സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല.' (വി ഖു: അത്ത്വൂർ: 35,36)

ജുബൈർ ഇബ്നു മുത്ഇംﷺ ഈ സൂക്തം കേട്ടപ്പോൾ– അദ്ദേഹം അന്ന് മുസ്ലിമായിരുന്നില്ല – പറഞ്ഞു: 'എന്റെ ഹൃദയം പറക്കുന്നതു പോലെയാകാറായി'4.

അതായത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ വിശ്വാസം അടിയുറച്ച കാരണത്താലാണത് അപ്രകാരം പറഞ്ഞുപോയത്. സൃഷ്ടി ജാലങ്ങൾ വിണ്ണിലാകട്ടെ, മണ്ണിലാകട്ടെ, അവയിൽ പ്രകടമായ തെളിവുകൾ കൊണ്ടുതന്നെ അറിയുവാനും തെളിവുപിടിക്കുവാനും അല്ലാഹുﷻ തന്റെ അടിമകളെ ഉൽബോധിപ്പിക്കുന്നു. അല്ലാഹുﷻ പറയുന്നു:

'ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്' (വി. ഖു: അദാരിയാത്ത്: 20)

അതായത്, ഈ ഭൂമിയിലേക്കും അതിന്റെ സൃഷ്ടാവിന്റെ മഹത്വത്തെയും ഉജ്വലമായ കഴിവിനേയും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളിലേക്കും നിങ്ങൾ നോക്കുക. നാനാതരം സസ്യലതാതികൾ ഭൂമിയിലെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണല്ലോ.

രണ്ട്: അല്ലാഹുﷻവിന്റെ അസ്തിത്വത്തെ അറിയിക്കുന്ന അനുഭവ തെളിവുകൾ

മനുഷ്യൻ അവന്റെ നാഥനോട് തനിക്ക് ആവശ്യമായ ഭൗതിക കാര്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു. രക്ഷിതാവേ എന്ന് വിളിച്ച് പ്രാർത്ഥിച്ച് താമസംവിനാ അവന് ഉത്തരം നൽകപ്പെടുകയും അത് അവന്റെ തന്നെ കൺമുമ്പിൽ കാണുകയും ചെയ്യുന്നു.അ

---

4 ബുഖാരി, മുസ്ലിം

ത് അല്ലാഹു ﷺവിന്റെ അസ്തിത്വത്തെയല്ലേ അറിയിക്കുന്നത്? ഇത് സത്യനിഷേധിയും നിരീശ്വരവാദിയും അംഗീകരിക്കുന്ന കാര്യമാണ്.ഒരു പ്രബോധകൻ ഒരിക്കൽ എന്നോട് പറഞ്ഞ കഥ എത്ര സുന്ദരമാണ്! അദ്ദേഹം പറഞ്ഞു: ചില നാടുകളിലേക്കുള്ള യാത്രയിലായിരുന്നു ഞങ്ങൾ. അങ്ങിനെ യാത്രക്കായി ഞങ്ങൾ വിമാനത്തിൽ കയറി, പെട്ടന്ന് വിമാനത്തിന് എന്തോ സംഭവിച്ചു യാത്രക്കാർ മരണം ഉറപ്പിച്ചു. ഞാൻ എന്റെ മുസ്ഹഫ് എടുത്ത് പാരായണം ചെയ്യാൻ തുടങ്ങി.അപ്പോൾ ഒരു നിരീശ്വരവാദി എന്റെയടുക്കൽ വന്ന് ഉച്ചത്തിൽ പറഞ്ഞു: താങ്കൾ ഇനിയും പാരായണം ചെയ്യുക അയാൾ എന്റെയടുക്കൽതന്നെ നിൽക്കുകയാണ് ഇനിയും പാരായണം ചെയ്യുക പാരായണം ഉച്ചത്തിലാക്കുക അല്ലാഹു നമ്മളെ രക്ഷിച്ചേക്കാം എന്ന് അയാൾ പറയുന്നുണ്ടായിരുന്നു. അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും അപകടകരമായ അവസ്ഥയിൽനിന്നും ഞങ്ങൾ രക്ഷപെട്ടു.

അയാളുടെ ഈ പ്രവർത്തനത്തിൽ ആശ്ചര്യപ്പെടാനൊന്നുമില്ല മുമ്പ് ബഹുദൈവവിശ്വാസികളും അപ്രകാരം ചെയ്തിട്ടുണ്ട്. അവരെകുറിച്ച് അല്ലാഹു ﷻ പറയുന്നു:

'എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും.എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു.' (വി. ഖു : അൽ അൻകബൂത്ത്: 65)

ഇത് അല്ലാഹുവിന്റെ അസ്തിത്വത്തെ അറിയിക്കുന്ന അനുഭവ വേദ്യമായ തെളിവുകളാണ്.

മൂന്ന്: അല്ലാഹുവിന്റെ അസ്തിത്വത്തെ അറിയിക്കുന്ന പ്രകൃതി പരമായ തെളിവുകൾ

തങ്ങളുടെ പ്രകൃതി വ്യതിചലിച്ചിട്ടില്ലാത്ത ധാരാളം ആളുകൾ അല്ലാഹുﷻവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നു. മിണ്ടാപ്രാണികൾപോലും അല്ലാഹുﷻവിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നു. സൃഷ്ടാവിനെ അറിയുന്നതിലും അവനെ ഏകനാക്കുന്നതിലും ഊട്ടപെട്ട നിലയിലാണ് പ്രകൃതി (ഫിത്വ്റത്).അല്ലാഹു ﷻ പറയുന്നു:

'നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക)(അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു:അതെ, ഞങ്ങൾ സാക്ഷ്യം വാഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു.എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.) അല്ലെങ്കിൽ മുമ്പ് തന്നെ ഞങ്ങളുടെ പൂർവ്വപിതാക്കൾ അല്ലാഹുവോട് പങ്കുചേർത്തിരുന്നു. ഞങ്ങൾ അവർക്കു ശേഷം സന്തതിപരമ്പരകളായി വന്നവർ മാത്രമാണ്. എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തിച്ചതിന്റെ പേരിൽ നീ ഞങ്ങളെ നശിപ്പിക്കുകയാണോ എന്ന് നിങ്ങൾ പറഞ്ഞേക്കും എന്നതിനാൽ.' (വി. ഖു: അൽ അഅ്റാഫ്: 172,173)

അല്ലാഹുവിന്റെ അസ്തിത്വത്തിന് മനുഷ്യൻ പ്രകൃതിയാൽ തന്നെ സാക്ഷിയാണെന്നത് അവന്റെ ശുദ്ധപ്രകൃതിയിൽ ഊട്ടപെട്ടതാണെന്ന് ഈ ആയത്ത് അറിയിക്കുന്നു.

നാല്: മതപരമായ തെളിവ്

സൃഷ്ടികൾക്കെല്ലാം അനുഗുണമാകുന്ന എല്ലാ കാര്യങ്ങളും ഉൾകൊള്ളുന്നതായ അല്ലാഹുവിﷻന്റെ മതനിയമങ്ങളുമായി പ്രവാചകന്മാർ വന്നു. ഇവയെ അയച്ചത് ലോകരക്ഷിതാവായ അല്ലാഹുവാകുന്നു. പ്രത്യേകിച്ച്, തതുല്ല്യമായത് കൊണ്ടുവരാൻ മനുഷ്യനെ അശക്തനാക്കിയ ഈ പരിശുദ്ധ ഖുർആൻ.

ജീവികൾ, ഭൂമിയെന്ന തൊട്ടിൽ, പർവ്വതങ്ങൾ, നദികൾ, സമുദ്രങ്ങൾ, ജനങ്ങളുടെ വ്യത്യസ്ത ഭാഷകൾ, വർണ്ണങ്ങൾ, ബുദ്ധിശക്തിയിലുള്ള അവരുടെ ഏറ്റവ്യത്യാസങ്ങൾ, അവരുടെ ചലനങ്ങൾ, സൗഭാഗ്യം, ദൗർഭാഗ്യം, അവയുടെ ശരീരഘടന ഇതെല്ലാം അല്ലാഹുവിന്റെ അസ്തിത്വത്തെ അറിയിക്കുന്നവയിൽപ്പെട്ടതാണ്. അല്ലാഹുﷻ പറയുന്നു.

'നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്.) എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലെ?' ( വി. ഖു അദ്ദാരിയാത്ത്: 21)

അല്ലാഹുവിന്റെ അസ്തിത്വത്തെകുറിച്ച് ഒരു അഅ്റാബിയോട് ചോദിക്കപെട്ടപ്പോൾ അദ്ദേഹം അതിനുപറഞ്ഞ മറുപടി എത്ര സുന്ദരമാണ്! അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ നീ പരമ പരിശുദ്ധൻ തീർച്ചയായും ഒട്ടകത്തിന്റെ കാഷ്ഠം ഒരുഒട്ടകത്തെ അറിയിക്കുന്നു. കാലടികൾ ഒരു സഞ്ചാരിയെ അറിയിക്കുന്നു. രാശികളുള്ള ആകാശങ്ങളും വഴികളുള്ള ഭൂമിയും തിരമാലകളുള്ള കടലുകളും സൂക്ഷമജ്ഞാനിയായ ഒരു സൃഷ്ടാവിനെ അറിയിക്കുന്നില്ലേ'?

**രണ്ട്: അല്ലാഹുവിലുള്ള വിശ്വാസം; അർത്ഥവും തേട്ടവും.**

അല്ലാഹുവാകുന്നു യാഥാർത്ഥത്തിലുള്ള ഏക ആരാധ്യനെന്നും ആരാധനയിൽ അവന് യാതൊരു പങ്കുകാരനുമില്ലെന്നും അവനുപുറമെയുള്ളവർക്കുള്ള ആരാധന വ്യർത്ഥമാണെന്നും

താങ്കൾ നാവുകൊണ്ട് സമ്മതിക്കുന്നതോടൊപ്പം മനസ്സ് കൊണ്ട് വിശ്വസിക്കലാണ് അല്ലാഹുവിലുള്ള വിശ്വാസം അർത്ഥമാക്കു ന്നതും തേടുന്നതും. അല്ലാഹു ﷻ പറയുന്നു:

'അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ള വൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥി ക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാ ഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.'(വി.ഖു: അ ൽ ഹജ്ജ്: 62)

അടിമ ആരാധനയുടെ ഒരിനവും അല്ലാഹുവല്ലാത്തവരിലേ ക്ക് തിരിച്ചുവിടരുത് എന്നും ആരാധിക്കാൻ അർഹനായിട്ടുള്ളവ ൻ അവൻ മാത്രമാണ് എന്നതും ആരാധന അല്ലാഹുവിന് മാ ത്രം എന്ന വിശ്വാസത്തിന്റെ തേട്ടമാണ്. അതിനാൽ അടിമ അവ ന്റെ മാനസാ വാചാ കർമ്മണായുള്ള ആരാധനകൾകൊണ്ട് അ ല്ലാഹുവിലേക്ക് മാത്രമേ തിരിയാവൂ. അല്ലാഹു ﷻ പറയുന്നു:

'ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃ ഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്.' (വി. ഖു: അൽബഖ്വറഃ: 21)

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാ തൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക' (വി.ഖു: അന്നി സാഅ്: 36)

'തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷി താവ് വിധിച്ചിരിക്കുന്നു.' ( വി. ഖു : അൽഇസ്റാഅ്: 23)

നബിﷺ പറഞ്ഞു: അല്ലാഹു ﷻ പറഞ്ഞു: ''പങ്കാളികളുടെ ശിര്‍ക്കില്‍ നിന്ന് ഞാന്‍ ധന്യനാണ്.അപ്പോള്‍ ആരെങ്കിലും മറ്റുള്ളവരെ എന്നോടൊപ്പം പങ്കുചേര്‍ത്താല്‍ അവനേയും അവന്റെ ശിര്‍ക്കിനേയും ഞാന്‍ ഉപേക്ഷിച്ചു''.5

നേര്‍ച്ച, അറവ്, പ്രാര്‍ത്ഥന, സഹായാഭ്യര്‍ഥന, സഹായ തേട്ടം, കീഴ്‌വണക്കം, ഭക്തി, പശ്ചാതാപം, നമസ്‌കാരം, ഹജ്ജ്, സകാത്ത് തുടങ്ങിയവയും അല്ലാത്തതുമായ ആരാധനകളുടെ ഇനങ്ങളില്‍ യാതൊന്നുകൊണ്ടും അല്ലാഹു അല്ലാത്തവരിലേക്ക് തിരിയുവാന്‍ ഒരു അടിമക്ക് പാടുള്ളതല്ല. അല്ലാഹു അല്ലാത്തവരിലേക്ക് അത് തിരിച്ചു വിടല്‍ ശിര്‍ക്ക് ആകുന്നു.

### മൂന്ന്: അല്ലാഹുവിന്റെ നാമവിശേഷണങ്ങളിലുള്ള വിശ്വാസം

അല്ലാഹു ﷻ അവന്റെ ഗ്രന്ഥത്തിലൂടെയോ പ്രവാചക തിരുമേനിﷺ തന്റെ വാക്കിലൂടെയോ അല്ലാഹുവിന് സ്ഥിരപ്പെടുത്തിയ നാമ വിശേഷണങ്ങള്‍ രൂപകല്‍പ്പന നല്‍കാതെയും എങ്ങിനെ എന്ന് ചോദിക്കാതെയും തള്ളികളയാതെയും,മാറ്റി തിരുത്താതെയും അല്ലാഹുവിന് അനുയോജ്യമായ രൂപത്തില്‍ സ്ഥിരീകരിക്കുക എന്നതാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്. അല്ലാഹു ﷻ പറയുന്നു:

'അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാല്‍ ആ പേരുകളില്‍ അവനെ നിങ്ങള്‍ വിളിച്ചുകൊള്ളുക'(വി.ഖു: അല്‍ അഅ്‌റാഫ്: 180)

5 മുസ്‌ലിം

ഈ നാമങ്ങളുടേയും വിശേഷണങ്ങളുടേയും മഹത്വം അറിയലും അവമൂലം അല്ലാഹുവിനെ ആരാധിക്കലും ഓരോ അടിമക്കും നിർബന്ധമാണ്. ഇവയിലുള്ള വിശ്വാസം തന്റെ ആരാധ്യനായ അല്ലാഹുവിനെ കുറിച്ചുള്ള സ്നേഹം, ഭയം, പ്രതീക്ഷ എന്നിവ നൽകുന്നു.

**അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ**

അല്ലാഹുവിലുള്ള വിശ്വാസത്തിന് ധാരാളം മഹത്തായ ഫലങ്ങൾ ഉണ്ട് അവയിൽ ചിലത് ഇവിടെ കുറിക്കുന്നു:

1. അല്ലാഹുവല്ലാത്തവരിൽ  ബന്ധിക്കപെടാത്ത വിധം അവനെ ഏകനാക്കുന്നതിന്റെ സാക്ഷാത്കാരം.

2.അല്ലാഹുവിന്റെ ഉത്തമവും ഉന്നതവുമായ നാമവിശേഷങ്ങളുടെ തേട്ടമനുസരിച്ച് അവനെ മഹത്വപെടുത്തുന്നതിന്റെയും സ്നേഹിക്കുന്നതിന്റെയും  സമ്പൂർണ്ണത.

3.അല്ലാഹു ﷻ കൽപ്പിച്ചത് പ്രവർത്തിച്ചുകൊണ്ടും വിരോധിച്ചത് വെടിഞ്ഞുകൊണ്ടും അവനുള്ള ആരാധനയുടെ സാക്ഷാത്കാരം.

4.സൃഷ്ടികളോടുള്ള അടിമത്വം, അവരോടുള്ള ബന്ധം, അവരിലുള്ള ഭയം,അവർക്കുവേണ്ടിയുള്ള കർമ്മാനുഷ്ഠാനം, അവയിൽ നിന്നെല്ലാം ദാസനുള്ള മോക്ഷം.സൃഷ്ടികളിൽനിന്നും ബന്ധമൂരി സൃഷ്ടാവിനോട് ബന്ധപ്പെടുന്നതിലത്രെ യഥാർത്ഥ പ്രതാപം.

**രണ്ട്: മലക്കുകളിലുള്ള വിശ്വാസം**

ആരാണ് മലക്കുകൾ?

അല്ലാഹു പ്രകാശത്താൽ സൃഷ്ടിച്ച അദൃശ്യ ലോകമാണ് മലക്കുകൾ. അല്ലാഹു അവരെ അവന് കീഴൊതുങ്ങുന്നവരും കീഴ്പ്പെടുന്നവരുമാക്കിയിരിക്കുന്നു. അവരിൽ ഓരോരുത്തർക്കും പ്രത്യേക ജോലികൾ ഉണ്ട്. ജിബ്‌രീൽ﷤ വഹ്‌യുമായി ഏൽപ്പിക്കപെട്ടിരിക്കുന്നു. ഇസ്‌റാഫീൽ﷤ കാഹളത്തിൽ ഊതാൻ ഏൽപ്പിക്കപെട്ടിരിക്കുന്നു. അതോടൊപ്പം അർശ് വാഹകരിൽ ഒരാളുമാണ് ഇസ്‌റാഫീൽ. ജലം, ചെടികൾ എന്നിവയെകൊണ്ട് ഏൽപ്പിക്കപെട്ടിരിക്കുന്നത് മീക്കാഈൽ﷤ ആണ്.മനുഷ്യരുടേയും ആത്മാവുള്ള സർവ്വതിന്റെയും ആത്മാക്കളെ പിടിക്കാൻ ഏൽപ്പിക്കപെട്ടവർ അവരുടെ കൂട്ടത്തിലുണ്ട്. മലക്കുൽ മൗത്തും അദ്ദേഹത്തിന്റെ സഹായികളുമാണവർ. കർമ്മങ്ങളും ഉത്തരവാദിത്തങ്ങളും നമ്മോട് അറിയിക്കപെട്ടവരല്ലാത്ത മലക്കുകളും ഉണ്ട്.

**എങ്ങിനെയാണ് മലക്കുകളിൽ വിശ്വസിക്കുക?**

1. ദൃശ്യഗോചരമല്ലാത്ത അദൃശ്യ ലോകമാണ് അവർ എന്ന് വിശ്വാസിക്കുക. അവർ ദൃഷ്ടിക്ക് ഗോചരമല്ല എന്നതാണ് അടിസ്ഥാനമെങ്കിലും ചിലപ്പോൾ അവർ കാണപെട്ടേക്കാം. പ്രകാശത്താൽ സൃഷ്ടിക്കപെട്ട, അല്ലാഹുവിന് പരിപൂർണ്ണമായി കീഴ്പെടുന്ന സൃഷ്ടികളാണവർ. അല്ലാഹുﷻ പറയുന്നു:

'അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.'(വി.ഖു:തഹ്‌രീം: 6)

2. മലക്കുകളിൽ നിന്ന് നാം പേര് അറിഞ്ഞവരുടെ പേരിലും ബാധ്യതകൾ അറിഞ്ഞവരുടെ ബാധ്യതകളിലും വിശ്വസിക്കുക.

**മലക്കുകളിലുളള വിശ്വാസത്തിന്റെ ഫലങ്ങൾ**

1. അല്ലാഹുവിന്റെ മഹത്വം, ശക്തി, അധികാരം എന്നിവയെ അറിയൽ.

2. ആദം സന്തതികളെ സംരക്ഷിക്കുവാൻ അല്ലാഹു ﷻ മലക്കുകളിൽ നിന്നും ചിലരെ ഏർപെടുത്തിയതിലൂടെ മനുഷ്യ വർഗ്ഗത്തെ അല്ലാഹു പരിഗണയിലെടുത്തു, അതിന് അവന് നന്ദി കാണിക്കുക.

3. മലക്കുകൾ അല്ലാഹു ﷻ വിന് ആരാധന നിർവ്വഹിക്കുന്നതിനാൽ അവരെ സ്നേഹിക്കുക.

**മൂന്ന്: വേദഗ്രന്ഥങ്ങളിലുളള വിശ്വാസം**

വ്യക്തമായ സത്യവുമായി അല്ലാഹുവിൽനിന്നും അവന്റെ അടിമകളിലേക്ക് ഇറക്കപ്പെട്ടതാണ് വേദഗ്രന്ഥങ്ങളെന്നും അവ അല്ലാഹുവിന്റെ വചനങ്ങളാണ് മറ്റുളളവരുടെ വചനങ്ങൾ അല്ല എന്നും അടിയുറച്ച് വിശ്വസിക്കുക.

വേദഗ്രന്ഥത്തിലുളള വിശ്വാസം താഴെ പറയുന്ന കാര്യങ്ങൾ ഉൾകൊളളുന്നു.

1. തീർച്ചയായും അവയുടെ അവതരണം അല്ലാഹുവിൽ നിന്നാണെന്ന് വിശ്വസിക്കുക.

2. മുഹമ്മദ് നബി ﷺ ക്ക് ഇറക്കപെട്ട ഖുർആൻ, മൂസാനബി ﵇ ക്ക് ഇറക്കപെട്ട തൗറാത്ത്, ഈസാ നബി ﵇ ക്ക് ഇറക്കപെട്ട ഇൻജീൽ, ദാവൂദ് നബി ﵇ ക്ക് ഇറക്കപെട്ട സബൂർ എന്നിവ പോലെ അവയിലെ പേരറിയുന്നവയിൽ വിശ്വസിക്കുക.എന്നാൽ നമുക്ക് പേരറിയാത്തവയിൽ മൊത്തത്തിൽ വിശ്വസിക്കുക.

3. ഖുർആനിലെ വൃത്താന്തങ്ങൾ, മുൻ വേദങ്ങളിൽ കൈകടത്തലുകൾക്കും മാറ്റത്തിരുത്തലുകൾക്കും വിധേയമാകാത്ത വാർത്തകൾ, എന്നിവപോലെ അവയിൽ ശരിയായി വന്ന വേദ ഗ്രന്ഥങ്ങളിലെ വൃത്താന്തങ്ങളെ സത്യപെടുത്തുക.

4.വേദഗ്രന്ഥങ്ങളിൽ ദുർബലപ്പെടാത്ത വിധികൾകൊണ്ട് കർമ്മാനുഷ്ഠാനം നടത്തുകയും അവക്ക് കീഴൊതുങ്ങുകയും അതിൽ തൃപ്തിപെടുകയും ചെയ്യുക വിശുദ്ധ ഖുർആൻ മുൻ വേദ ഗ്രന്ഥങ്ങളെയെല്ലാം ദുർബലപെടുത്തിയിരിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

'(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരി വെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്' (വി. ഖു: അൽമാഇദ: 48)

അതിനാൽ മുൻവേദങ്ങളിൽ ശരിയായി വരികയും ഖുർആൻ സ്ഥിരീകരിക്കുകയും ചെയ്തതൊഴിച്ച് അവയിലെ മറ്റുള്ള വിധികൾകൊണ്ട് കർമ്മാനുഷ്ഠാനം നടത്തൽ അനുവദനീയമല്ല.

**വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നതിന്റെ ഫലങ്ങൾ**

1. ഓരോ സമൂഹത്തിനും അവരെ നേർമാർഗത്തിലേക്ക് നയിക്കുന്ന ഒരു ഗ്രന്ഥം അവൻ ഇറക്കി കൊടുത്തു കൊണ്ട് അല്ലാഹു ﷻ തന്റെ അടിമകളെ അനുഗ്രഹിച്ചത് അറിയൽ.
2. ഓരോ സമൂഹത്തിനും അവരുടെ അവസ്ഥകൾക്ക് അനുയോജ്യമായ മതവിധികൾ അവൻ നൽകിയതിലുള്ള അല്ലാഹു ﷻ വിന്റെ യുക്തിയെ മനസ്സിലാക്കുക. അല്ലാഹു

ﷺ പറയുന്നു: 'നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമ ക്രമവും കർമ്മ മാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു.' (വി. ഖു: അൽമാഇദ: 48)

3. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുക

**നാല്: ദൈവദൂതൻമാരിലുള്ള വിശ്വാസം**

ആരാണ് പ്രവാചകൻമാർ?

അല്ലാഹുവിന്റെ മതനിയമങ്ങളും, അവനോട് സൃഷ്ടികൾക്ക് നിർബന്ധമായ കാര്യങ്ങളും മറ്റു ദിവ്യബോധനങ്ങളും അവരെ എത്തിച്ചു കൊടുത്തുകൊണ്ട് അല്ലാഹുവിന്റെയും അവന്റെ സൃഷ്ടികളുടേയും ഇടയിൽ മദ്ധ്യസ്ഥരാകുവാൻ അല്ലാഹുﷻ തെരഞ്ഞെടുത്ത വിഭാഗമാണ് പ്രവാചകൻമാർ. ഒന്നാമത്തെ റസൂൽ നൂഹുംعليه السلام അവസാനത്തെ ദൂതൻ മുഹമ്മദ് നബിﷺയുമാകുന്നു. അല്ലാഹുﷻ പറയുന്നു: ...

'മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു.' (വി.ഖു: അൽ അഹ്സാബ്: 40)

പ്രവാചകൻമാർ മനുഷ്യരാണ്. ആരാധനയുടേയോ സൃഷ്ടി സംരക്ഷണത്തിന്റെയോ പ്രത്യേകതകളിൽ യാതൊന്നും അവർക്കില്ല. സഹായം തേടുക, പ്രാർത്ഥിക്കുക, നേർച്ച നേരുക ബലിയർപ്പിക്കുക എന്നിങ്ങനെയുള്ള ആരാധനകൾ ഒന്നും തന്നെ അവർക്ക് അർപ്പിക്കൽ അനുവദനീയമല്ല. നബിﷺയെ കുറിച്ച് അല്ലാഹുﷻ പറയുന്നു:

'(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു.തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്.' (വി.ഖു: അൽഅഅ്റാഫ്: 188)

**പ്രവാചകൻമാരിലുള്ള വിശ്വാസം നാലുകാര്യങ്ങൾ അടങ്ങിയിരിക്കുന്നു**

1. അവരുടെ പ്രവാചകത്വം അല്ലാഹുവിൽനിന്നുള്ള സത്യമാകുന്നു. അവരിൽ ഒരാളുടെ പ്രവാചകത്വം ആരെങ്കിലും നിഷേധിച്ചാൽ മുഴുവൻ പ്രവാചകന്മാരെയും നിഷേധിച്ചതിനു തുല്ല്യമാണ്. മുഹമ്മദ് നബിﷺയെ കളവാക്കിയവരും പിന്തുടരാത്തവരുമാണ് കാരണം അദ്ദേഹം അവർക്ക് മുഹമ്മദ് നബിﷺയെ കുറിച്ച് സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു.

2. അവരിൽനിന്നും നമുക്ക് പേരറിയുന്നവരിൽ വിശ്വസിക്കുക. ഉദാഹരണമായി മുഹമ്മദ്ﷺ, ഇബ്റാഹീം(അ), ഈസാ(അ), മൂസാ(അ), നൂഹ്(അ) തുടങ്ങിയർ. അപ്രകാരം വിശുദ്ധ ഖുർആനിൽ പേരെടുത്തു പറഞ്ഞവരിലും വിശ്വസിക്കുക. നമുക്ക് പേരറിയാത്തവരിൽ മൊത്തത്തിൽ വിശ്വസിക്കുക.

3. അവരെക്കുറിച്ചുള്ള ചരിത്ര വൃത്താന്തങ്ങളിൽ ശരിയായത് സത്യപെടുത്തുക.

4. അവരിൽനിന്നും നമ്മിലേക്ക് അയക്കപ്പെട്ട മുഹമ്മദ് നബിﷺയുടെ ശരീഅത്തനുസരിച്ച് പ്രവർത്തിക്കുക. കാരണം അദ്ദേഹം അന്ത്യപ്രവാചകനാണ്.

**പ്രവാചകൻമാരിലുളള വിശ്വാസത്തിന്റെ ഫലങ്ങൾ**

1. അല്ലാഹുവിന് അടിമകളോടുളള കാരുണ്യത്തെകുറിച്ച് അറിയൽ. അല്ലാഹുവിലേക്കുളള വഴി തെളിയിക്കുവാനും അവനെ ആരാധിക്കൽ എങ്ങിനെ എന്ന് വ്യക്തമാക്കുവാനും മനുഷ്യരിലേക്ക് ദൂതന്മാരെ നിയോഗിക്കുകമൂലം അല്ലാഹു അടിയാറുകളെ പരിഗണിക്കുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്തു എന്ന് മനസ്സിലാക്കൽ.

2. ഈ അനുഗ്രഹത്തിന് അല്ലാഹുവിനോടുളള നന്ദി

3. തിരുദൂതരെ സ്നേഹിക്കുകയും മഹത്വപെടുത്തുകയും പുകഴ്ത്തുകയും ചെയ്യുക.

**അഞ്ച്: അന്ത്യനാളിലുളള വിശ്വാസം**

യൗമുൽ ആഖിർ കൊണ്ടുളള ഉദ്ദേശ്യം:

വിചാരണക്കും പ്രതിഫലത്തിനുമായി അല്ലാഹുﷻ മനുഷ്യരെ ഉയർത്തെഴുന്നേൽപ്പിക്കുന്ന ദിനമാണ് യൗമുൽ ആഖിർ. അതിന് യൗമുൽ ആഖിർ എന്ന് പേരുവെക്കുവാനുളള കാരണം അതിനുശേഷം ദിവസങ്ങൾ ഇല്ല. സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും നരകവാസികൾ നരകത്തിലും സ്ഥിരവാസം നേടും അല്ലാഹുﷻ പറയുന്നു:

‘എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, ...വിശ്വസിക്കുകയും,... ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ’ (വി. ഖു: അൽബഖറ: 177)

'നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശ ത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വ സിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്ന വർ)'.(വി. ഖു: അൽബഖറ:4)

ഈമാൻ കാര്യങ്ങളിലെ അഞ്ചാമത്തേതാകുന്നു അന്ത്യ നാ ളിലുള്ള വിശ്വാസം. ആരെങ്കിലും ഇത് കളവാക്കിയാൽ അവൻ കാഫിറായി. അല്ലാഹു ﷻ പറയുന്നു:

'തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവി ശ്വാസികൾ ജൽപിച്ചു. (നബിയേ,) പറയുക: അതെ; എന്റെ ര ക്ഷിതാവിനെ തന്നെയാണ,നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെ ടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവര മറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചി ടത്തോളം എളുപ്പമുള്ളതാകുന്നു.'(വി. ഖു: അത്തഗാബുൻ:7)

**അന്ത്യനാളിനെ സംബന്ധിച്ച വിശ്വാസം ഉൾകൊള്ളുന്ന കാര്യങ്ങൾ**

1. അടിമകളുടെ പ്രവർത്തനങ്ങൾ  അല്ലാഹു ﷻ വിചാരണ ചെ യ്യുകയും ഓരോരുത്തർക്കും അവരുടെ കർമങ്ങൾക്കനുസരിച്ച് അവൻ പ്രതിഫലം നൽകുകയും ചെയ്യുന്നു എന്നതാണ് വിചാ രണയേയും പ്രതിഫലത്തേയും സംബന്ധിച്ചുള്ള വിശ്വസം. അ ല്ലാഹു ﷻ പറയുന്നു:

'തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വി ചാരണ' (വി. ഖു: ഗാശിയ:25,26)

2. സ്വർഗ്ഗ നരകങ്ങളിലുള്ള വിശ്വാസം.

അത് സൃഷ്ടികൾക്ക് എന്നന്നേക്കുമുള്ള ജീവിതമാകുന്നു.വിശ്വാസികളും നിഷ്കളങ്കരും സത്യസന്ധരുമായ ദാസന്മാർക്ക് സ്വർഗ്ഗവും കപടവിശ്വാസികളും സത്യനിഷേധികളുമായ കുറ്റവാളികൾക്ക് നരകവും അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു. സത്യവിശ്വാസികളുടെ സങ്കേതത്തെകുറിച്ച് അല്ലാഹു ﷻ പറയുന്നു:...

'തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും;... (വി. ഖു: അൽബയ്യിന: 7,8)

നരകത്തെകുറിച്ച് അല്ലാഹു ﷻ പറയുന്നു: 'സത്യനിഷേധികൾക്ക് ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.' (വി. ഖു: ആലുഇംറാൻ: 131)

'തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ ശാശ്വതവാസികളായിരിക്കും. യാതൊരു രക്ഷാധികാരിയേയും സഹായിയേയും അവർ കണ്ടെത്തുകയില്ല.' (വി. ഖു: അൽഅഹ്സാബ്: 64,65)

മരണാനന്തരം ഉണ്ടാകുന്ന എല്ലാ കാര്യങ്ങളും അന്ത്യനാളിലുള്ള വിശ്വാസത്തോട് ചേർക്കപ്പെടുന്നതാണ്. ഉദാഹരണമായി:

1. ഖബ്റിലെ പരീക്ഷണം :

മയ്യിത്ത് മറമാടപ്പെട്ടാൽ ഉണ്ടാകുന്ന ചോദ്യമാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.അവന്റെ റബ്ബിനെകുറിച്ചും മതത്തെ കു

റിച്ചും ദൂതനെകുറിച്ചും ചോദിക്കപ്പെടുന്നു. എന്റെ രക്ഷിതാവ് അല്ലാഹുവും മതം ഇസ്‌ലാമും നബി മുഹമ്മദ് നബിﷺയുമാണ് എന്ന് വിശ്വാസി അതിന് ഉത്തരം പറയും.എന്നാൽ സത്യനിഷേധി പറയുക ഹാ,ഹാ എനിക്കറിയില്ല എന്നായിരിക്കും.

2. ഖബറിലെ രക്ഷാശിക്ഷകൾ:

വിശ്വാസികൾക്ക് അവരുടെ ഖബ്റുകളിൽ അനുഗ്രഹം ചൊരിയപ്പെടുകയും ഖബ്ർ അവർക്ക് ദൃഷ്ടിചെന്നെത്തുന്ന ദൂരമത്രയും വിശാലമാക്കപ്പെടുകയും ചെയ്യും.അവരോരുത്തർക്കും സ്വർഗ്ഗത്തിലുള്ള തങ്ങളുടെ സ്ഥാനങ്ങൾ ദർശിക്കുവാനാകും. എന്നാൽ സത്യനിഷേധികളും കപടവിശ്വാസികളും അക്രമികളും അവരുടെ ഖബറുകളിൽ ശിക്ഷിക്കപ്പെടും. അത് അവരെ ഇടുക്കി കളയുകയും അതിൽ അവർക്ക് അഗ്നി നിറക്കപ്പെടുകയും അവരോരുത്തരും നരകത്തിലുള്ള തങ്ങളുടെ വസതി കാണുകയും ചെയ്യും. അല്ലാഹുവേ നരകത്തെതൊട്ട് നിന്റെ കാവൽ.

**അന്ത്യനാളിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ.**

1. സൽകർമ്മം ചെയ്യുവാൻ താൽപര്യവും അത്യാഗ്രഹവും ഉണ്ടാകുകയും അത് നഷ്ടപെടുന്നതിൽ ഖേദിക്കുകയും ചെയ്യും.

2. തിന്മ ചെയ്യുന്നതിനെ സംബന്ധിച്ച് ഭയവും ഭീതിയും ഉണ്ടാകുന്നു.

3. ഭൗതികതയിൽനിന്ന് വല്ലതും നഷ്ടമായാലും പരലോക അനുഗ്രഹങ്ങളിൽ പ്രതീക്ഷ വെക്കുന്നതു കാരണത്താൽ വിശ്വാസി അതിലൂടെ സായൂജ്യമടയും.

## ആറ്: ഖദറിലുള്ള വിശ്വാസം

ഈമാൻ കാര്യങ്ങളിൽ ആറാമത്തേതാകുന്നു ഖദറിലുള്ള വിശ്വാസം. അനാദിയിൽ അല്ലാഹു മുഴുകാര്യങ്ങളും നിർണ്ണയിക്കു

കയും അവ നിർണ്ണിത സമയങ്ങളിൽ നർണ്ണിത സ്ഥലങ്ങളിൽ സംഭവിക്കുമെന്ന് അവൻ അറിയുകയും അവ അവൻ കണക്കാക്കിയതനുസരിച്ച് സംഭവിക്കുകയും ചെയ്യുന്നു എന്നതാണ് ഖദറിലുളള വിശ്വാസം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

**ഖദറിലുളള വിശ്വാസം ഉൾകൊളളുന്ന കാര്യങ്ങൾ:**

**ഒന്ന്:** അല്ലാഹുﷻഎല്ലാ കാര്യങ്ങളെകുറിച്ചും മൊത്തമായും വിശദമായും അനാദിയിൽ തന്നെ അറിവുളളവനാണെന്നും സംഭവിച്ചതും സംഭവിക്കാനുളളതും, സംഭവിക്കാത്തത് സംഭവിച്ചാൽ അത് എപ്രകാരമായിരിക്കുമെന്നും അവൻ അറിയുന്നവനാകുന്നു എന്നും വിശ്വസിക്കുക.

**രണ്ട്:** അവ അല്ലാഹുﷻ ലൗഹുൽ മഹ്ഫൂളിൽ എഴുതി എന്ന് വിശ്വസിക്കുക. അല്ലാഹുﷻ പറയുന്നു:

'ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ.' (വി. ഖു: അൽഹജ്ജ്: 70)

നബിﷺ പറഞ്ഞു: ''ആകാശ ഭൂമികളെ സൃഷ്ടിക്കുന്നതിന്റെ അൻപതിനായിരം വർഷങ്ങൾക്ക് മുമ്പുതന്നെ സൃഷ്ടികളുടെ വിധി നിർണ്ണയങ്ങൾ അല്ലാഹുﷻ രേഖപ്പെടുത്തി''[6].

**മൂന്ന്:** പ്രാപഞ്ചത്തിലുണ്ടാകാനുളളതെല്ലാം അവ അല്ലാഹുവിന്റെ പ്രവർത്തിയുമായി ബന്ധപ്പെട്ടതായാലും അടിമകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടതായാലും ശരി എല്ലാം അല്ലാഹു

[6] മുസ്‌ലിം

വിന്റെ ഉദ്ദേശാനുസരണം മാത്രമേ ഉണ്ടാകൂ എന്ന് വിശ്വസിക്കുക. അല്ലാഹു ﷻ പറയുന്നു:

'നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു.'(വി.ഖു:അൽ ഖസ്വസ്:68)

'ഗർഭാശയങ്ങളിൽ താൻ ഉദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ.' (വി.ഖു: ആലുഇംറാൻ: 6)

**നാല്:** മുഴു സൃഷ്ടിജാലങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും വാനത്തിലും ഭൂമിയിലും ഏതൊരു പരമാണുവാകട്ടെ, അതിന്റെ സൃഷ്ടാവും അതിന്റെ അടക്കത്തിന്റെയും അനക്കത്തിന്റെയും സൃഷ്ടാവും അല്ലാഹുവാണെന്നും അവനെകൂടാതെയാതൊരു സൃഷ്ടികർത്താവും രക്ഷകർത്താവുമില്ലെന്നും വിശ്വസിക്കുക. അല്ലാഹു ﷻ പറയുന്നു:

'അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു.' (വി. ഖു: അസുമർ 62)

'അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്.' (വി. ഖു: അസ്സ്വാഫ്ഫാത്ത്: 96)

**ഖദറിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ:**

1. ഒരു പ്രവർത്തനം ചെയ്യുമ്പോൾ അല്ലാഹുവിനെ അവലംബിക്കുക. ആ പ്രവർത്തനത്തെ മാത്രം അവലംബിക്കരുത്. കാരണം എല്ലാം അല്ലാഹുവിന്റെ നിർണ്ണയം അനുസരിച്ചാകുന്നു.

2. ഒരു അടിയാന് താൻ ആഗ്രഹിച്ചത് ലഭിക്കുമ്പോൾ അത് അവനെ അഹംഭാവിയാക്കാതിരിക്കുക. കാരണം അതെല്ലാം അല്ലാഹുവിൽ നിന്നാകുന്നു.

3. അല്ലാഹുവിന്റെ വിധികൾ തന്നിൽ സംഭവിക്കുമ്പോൾ അതിൽ സമാധാനമടയുക.പ്രിയപെട്ടത് നഷ്ടപെട്ടതിലോ വെറുക്കുന്നത് വന്നണഞ്ഞതിലോ അസ്വസ്തനാകാതിരിക്കുക, കാരണം അതെല്ലാം അല്ലാഹുവിന്റെ നിർണ്ണയം അനുസരിച്ചാകുന്നു.

## അഖീദയുടെ പ്രാധാന്യം

വിശ്വാസമാണ് അടിസ്ഥാന സ്തംബം എന്ന് മുൻ വിവരിച്ചതിൽ നിന്നും സുവ്യക്തമാണ്. മനുഷ്യൻ അഖീദയുടെ (ശരിയായ വിശ്വാസത്തിന്റെ) അഭാവത്തിൽ ബഹുദൈവ വിശ്വാസത്തിന്റെ അന്ധകാരങ്ങളിലും ഭൗതികതയുടെ തന്നിഷ്ടങ്ങളിലും വഴിയറിയാതെ അലഞ്ഞുതിരിയും മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാന ചാലകമാണത്.അതിന്റെ അഭാവം മനുഷ്യനെ മൃഗതുല്യനാക്കും. അപ്രകാരമുള്ളവരെ സംബന്ധിച്ച് അല്ലാഹു ﷻ പറയുന്നു:

'അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു.അല്ല, അവരാകുന്നു കൂടുതൽ വഴി പിഴച്ചവർ.' (വി.ഖു: ഫുർകാൻ: 44)

അന്നപാനീയങ്ങളേക്കാൾ ഏറ്റം ആവശ്യമായത് വിശ്വാസകാര്യങ്ങളായതിനാൽ ആളുകൾ അതിന് പ്രാമുഖ്യം നൽകൽ അനിവാര്യമായിത്തീരുന്നു.

**ഇസ്ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങൾ:**

1. നിയ്യത്തും ആരാധനയും അല്ലാഹുവിന് ആത്മാർത്ഥമാക്കുക. കാരണം അവനാകുന്നു സൃഷ്ടാവ് അവന് പങ്കുകാരില്ല, അതിനാൽ ഉദ്ദേശവും ആരാധനയും അവന് മാത്രമാക്കൽ അനിവാര്യമാണ്.

2. ഈ (യഥാർഥ) വിശ്വാസത്തിൽനിന്നും ഹൃദയം ശൂന്യമാകുമ്പോൾ ഉടലെടുക്കുന്ന അരാചകത്വത്തിന്റെ അലച്ചിലിൽ നിന്നും ബുദ്ധിയേയും ചിന്തയേയും മോചിപ്പിക്കുക. യഥാർഥ വിശ്വാസത്തിൽനിന്നും ഒരാൾ ഒഴിവായാൽ ഒന്നുകിൽ എല്ലാ വിശ്വാസത്തിൽനിന്നും ശൂന്യനായി പദാർത്ഥങ്ങളെ പൂജിക്കുന്നവനാകും. അതല്ലെങ്കിൽ വഴിപിഴച്ച വിശ്വാസത്തിലും അന്ധവിശ്വാസത്തിലും അവൻ അലഞ്ഞുതിരിയും.

3. മാനസികവും ചിന്താപരവുമായ ആശ്വാസം, മനസ്സിൽ ഒരു അസ്വസ്തതയോ ചിന്തയിൽ ഒരു കോളിളക്കമോ ഉണ്ടാകുകയില്ല. കാരണം ഈ വിശ്വാസം വിശ്വാസിയെ അവന്റെ സൃഷ്ടാവുമായി ബന്ധിപ്പിക്കുന്നു.

4. അല്ലാഹുവിനുള്ള ആരാധനയിൽ വ്യതിചലിക്കുന്നതിൽനിന്നും പ്രവർത്തനത്തിനും ഉദ്ദേശത്തിനുമുള്ള സുരക്ഷ. കാരണം ഈ വിശ്വാസം പ്രവാചകൻമാർ വിശദീകരിച്ചുതന്നു. അവരെ അനുഗമിക്കൽ വിശ്വാസകാര്യങ്ങളിലെ ഒരു ഘടകമാകുന്നു. പ്രവാചകൻമാരെ പിൻതുടരുന്നതിൽനിന്നും ആരെങ്കിലും വഴിപിഴച്ചാൽ അവൻ ഈ വിശ്വാസത്തിൽനിന്നും വ്യതിചലിച്ചു.

5. കാര്യങ്ങളിലുള്ള ദൃഢതയും കരുത്തും. സൽകർമ്മം പ്രവർത്തിക്കുവാനുള്ള അവസരത്തിലേക്ക് അടിമ ധൃതികാണിക്കുകയും തിന്മ ദർശിച്ചാൽ അതിൽനിന്നും അവൻ അകന്നു നിൽക്കുകയും ചെയ്യുന്നു.

6. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഏൽക്കേണ്ടിവരുന്ന വിപത്തുകൾ പരിഗണിക്കാതെ ദീനിനെ ഉറപ്പിക്കുവാൻ അമൂല്യവും നിസ്സാരവുമായതെല്ലാം ചിലവഴിക്കുന്ന ശക്തമായ ഒരു സമൂഹത്തിന്റെ രൂപീകരണം,

7. വ്യക്തികളേയും സമൂഹങ്ങളേയും നന്നാക്കികൊണ്ട് ഇഹപര സൗഭാഗ്യത്തിലേക്കും പ്രതഫലത്തിലേക്കും ആദരുവുകളിലേക്കും എത്തുന്നു.

നമുക്കും മുഴുമുസ്ലിംകൾക്കും ഇവകൾ സാക്ഷാത്കരിക്കുവാൻ ഞാൻ മേലായ രക്ഷിതാവിനോട് കേഴുന്നു.

**വലാഉം ബറാഉം**

ഇസ്ലാമിക വിശ്വാസത്തിൽ ഇവക്കുളള പ്രാധാന്യം

ഇസ്ലാമിക വിശ്വാസം വെച്ചുപുലർത്തുന്ന ഓരോ വിശ്വാസിയുംഅതിന്റെ വാക്താക്കളെ സ്നേഹിക്കലും അതിന്റെ ശത്രുക്കളോട് എതിരാവുകയും ചെയ്യുക എന്നത് ഇസ്ലാമിക അഖീദയുടെ അടിത്തറയിൽപ്പെട്ടതാണ്. തൗഹീദിന്റെ ആളുകളെ സ്നേഹിക്കുകയും ശിർക്കിന്റെ ആളുകളെ വെറുക്കുകയും വേണം. നമ്മോട് അനുധാവനം ചെയ്യാൻ നിർദ്ദേശിക്കപ്പെട്ട ഇബ്റാഹീം നബിﷺയുടേയും അദ്ദേഹത്തിന്റെ കൂടെയുളളവരുടേയും ആദർശം അതാണ്. അല്ലാഹുﷻ പറയുന്നു:

'നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്.അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന്പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളി

ൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു)' (വി.ഖു: അൽമുംതഹിന: 4)

മുഹമ്മദ് നബിﷺയുടെ പ്രവാചകത്വത്തെ അംഗീകരിച്ച വിശ്വാസികളെകുറിച്ച് അല്ലാഹു ﷻ പറഞ്ഞു:

'സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർ വഴിയിലാക്കുകയില്ല; തീർച്ച.' (വി. ഖു: അൽമാഇദ:51)

വലാഉം ബറാഉം മതത്തിന്റെ മഹത്തായ അടിസ്ഥാന ഘടകമാകുന്നു. ധാരാളമാളുകൾ ഈ അടിസ്ഥാനത്തെ സംബന്ധിച്ച് അജ്ഞരാണ് എന്നത് വേദനാജനകമാണ്. ഈ മതത്തിലേക്ക് ചേർക്കപ്പെടുന്നവർ തന്നെ മതങ്ങളുടെ ഐക്യത്തിനായി വാദങ്ങൾ നിരത്തുകയും ജൂത ക്രൈസ്തവർ നമ്മുടെ സഹോദരങ്ങളാണെന്ന് പറയുകയും ജൽപ്പിക്കുകയും ചെയ്യുന്നത് എത്രയാണ് നാം കേൾക്കുന്നത്. ഇതെല്ലാം മതത്തിൽനിന്നുള്ള പരിത്യാഗമാകുന്നു. അല്ലാഹു ﷻ പറയുന്നു: 'തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു.'(വി.ഖു: ആലുഇംറാൻ:19)

സത്യനിഷേധികൾ ഏറ്റവും അടുത്തവരായിരുന്നാൽ പോലും അവരോടുള്ള മുവാലാത്ത് അല്ലാഹു ﷻ നിരോധിച്ചു. അല്ലാഹു പറയുന്നു:

‘സത്യവിശ്വാസികളേ, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങളും സത്യവിശ്വാസത്തേക്കാൾ സത്യനിഷേധത്തെ പ്രിയങ്കരമായി കരുതുകയാണെങ്കിൽ അവരെ നിങ്ങൾ രക്ഷാകർത്താക്കളായി സ്വീകരിക്കരുത്. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ രക്ഷാകർത്താക്കളായി സ്വീകരിക്കുന്നപക്ഷം അവർ തന്നെയാണ് അക്രമികൾ.’ (വി. ഖു: തൗബ 23)

ഇസ്‌ലാമിക വിശ്വാസത്തിന്റെ ശത്രുകളായ സത്യനിഷേധികളോടുള്ള മുവാലാത്ത് അല്ലാഹു നിഷിദ്ധമാക്കിയതുപോലെ തന്നെ വിശ്വാസികളോടുള്ള മുവാലാത്ത് അവൻ നിർബന്ധമാകുകയും ചെയ്തു. അല്ലാഹു ﷻ പറയുന്നു:

‘അല്ലാഹുവും അവന്റെ ദൂതനും, താഴ്മയുള്ളവരായിക്കൊണ്ട് നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നസത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റ മിത്രങ്ങൾ. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും, സത്യവിശ്വാസികളെയും മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ.’ (വി. ഖു: അൽമാഇദ: 55,56)

**സത്യനിഷേധികളോടുള്ള മുവാലാത്തിന്റെ ചില രൂപങ്ങൾ**

1. വസ്ത്രധാരണം മുതലായവയിൽ അവരുമായി സദൃശ്യപ്പെടുക. താടി വടിക്കുക, മീശ നീട്ടുക, എന്നിങ്ങനെ ആരാധനകളിലും ആചാരങ്ങളിലും അവർക്ക് പ്രത്യേകമായ കാര്യങ്ങളിലും അവരോട് സദൃശ്യപ്പെടൽ നിഷിദ്ധമാകുന്നു.

2. (ആദർശം പണയപ്പെടുത്തേണ്ടി വരുമ്പോൾ) മതത്തിന്റെ സംരക്ഷണാർഥം മുസ്‌ലിം നാടുകളിലേക്ക് മാറി താമസിക്കാതെ അവരുടെ നാടുകളിൽ തന്നെ താമസിക്കുക.

3. ആസ്വാദനത്തിനും ഉല്ലാസത്തിനുമായി അവരുടെ നാടുകളിലേക്ക് യാത്രപോകുക.

4. മുസ്‌ലിംകൾക്കെതിരായി അവരെ സഹായിക്കുക.

5. അവരുടെ സഹായം തേടുകയും അവരെ ഉറച്ച് വിശ്വസിക്കുകയും മുസ്‌ലിംകളുടെ രഹസ്യങ്ങളുള്ള പദവികളിൽ അവരെ അവരോധിക്കുകയും അവരെ ആത്മ മിത്രങ്ങളും കൂടിയാലോചകരുമായി സ്വീകരിക്കുക.

6. അവരുടെ തിയ്യതികൾ സ്വീകരിക്കുക. പ്രത്യേകിച്ച് അവരുടെ ആഘോഷങ്ങളും ഉത്സവങ്ങളും അറിയിക്കുന്നവ. ക്രിസ്തു വർഷ കലണ്ടർ പോലെ.

7. അവരുടെ ആഘോഷങ്ങളിൽ പങ്കുകൊള്ളുകയോ അല്ലെങ്കിൽ അവയുടെ നടത്തിപ്പിനായി സഹായിക്കുകയോ അല്ലെങ്കിൽ അവയോടനുബന്ധിച്ച് ആശംസകൾ നേരുകയോ ചെയ്യുക.

8. മുസ്‌ലിം പേരുകൾ സ്വീകരിക്കാതെ അവരുടെ നാമകരണം സ്വീകരിക്കുക.

9. അവർക്ക് പാപമോചനത്തിനും കാരുണ്യത്തിനും വേണ്ടി പ്രാർത്ഥിക്കുക. അത് അവരെ സ്നേഹിക്കലും അവർ നിലകൊള്ളുന്നതിനെ സത്യപ്പെടുത്തലുമാകും.

## ശിർക്കും അതിന്റെ ഇനങ്ങളും

നിർവ്വചനം: നിന്നെ സൃഷ്ടിച്ചവൻ അല്ലാഹുവായിരിക്കെ അവന് പങ്കാളിയെ നിശ്ചയിക്കലാണ് ശിർക്ക്. ശിർക്ക് രണ്ട് ഇനമാണ്.

**ഒന്ന്: വലിയ ശിർക്ക്**

അല്ലാഹുവിന്, അവന്റെ രക്ഷാകർതൃത്വത്തിലും ആരാധനയിലും നാമവിശേഷണങ്ങളിലും പങ്കുകാരെ ഉണ്ടാക്കലാണ് വലിയ ശിർക്ക്. അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതുപോലെ പ്രാർത്ഥിച്ചുകൊണ്ടും അവനെ സ്നേഹിക്കുന്നതുപോലെ സ്നേഹിച്ചുകൊണ്ടും അവനെ ഭയപ്പെടുന്നതുപോലെ ഭയപ്പെട്ടുകൊണ്ടും അവനിൽ പ്രതീക്ഷയർപ്പിക്കുന്നതു പോലെ പ്രതീക്ഷയർപ്പിച്ചുകൊണ്ടും അല്ലെങ്കിൽ ആരാധനയുടെ ഏതെങ്കിലും ഇനങ്ങളിൽ വല്ലതും അല്ലാഹുവല്ലാത്തവരിലേക്ക് തിരിച്ചുവിട്ടുകൊണ്ടും അല്ലാഹുവിന് തുല്ല്യനെയുണ്ടാക്കുക എന്നും ശിർക്കിന്റെ നിർവ്വചനമായി പറയപ്പെടാറുണ്ട്.

സൃഷ്ടിപ്പ്, ഭക്ഷണം നൽകൽ, ജീവിപ്പിക്കൽ, മരിപ്പിക്കൽ തുടങ്ങിയ രക്ഷാകർതൃത്വവുമായി ബന്ധപെട്ട വിശേഷണങ്ങൾ അല്ലാഹുവല്ലാത്തവരിൽ ഉണ്ടെന്നു വിശ്വസിക്കുന്നതുപോലുള്ളതു കൊണ്ടാണ് റുബൂബിയ്യത്തിൽ അല്ലാഹുവിന് തുല്ല്യനെയുണ്ടാക്കലാകുന്നത്. റുകൂഅ് ചെയ്യുക, സുജൂദ് ചെയ്യുക, അറുക്കുക, നേർച്ചനേരുക, അല്ലാഹുവിനോടൊപ്പം ദുആ ചെയ്യുക തുടങ്ങി അല്ലാഹുവെ കൂടാതെ സമന്മാരെ ആരാധിക്കുന്നതു പോലുള്ളതുകൊണ്ട് ഇലൂഹിയ്യത്തിൽ സമന്മാരെ നിശ്ചയിക്കലുണ്ടാകും. അൽഇലാഹ് എന്നതിൽനിന്ന് 'ലാത്ത' എന്ന നാമവും അൽഅസീസ് എന്നതിൽനിന്ന് 'ഉസ്സ' എന്ന നാമവും വുത്പദിപ്പിച്ചതുപോലെ അല്ലാഹുവിന്റെ നാമങ്ങളിലും, സൃഷ്ടികളെ സൃഷ്ടാവിനോട് സദൃശ്യപ്പെടുത്തികൊണ്ട് അല്ലാഹുവിന്റെ സ്വിഫാത്തുകളിലും സമന്മാരെ നിശ്ചയിക്കലാണ് നാമവിശേഷണങ്ങളിൽ തുല്ല്യനെയുണ്ടാക്കൽ.

**വലിയ ശിർക്കിന്റെ അപകടം:**

തൗബ കൊണ്ട് മാത്രം അല്ലാഹു ﷻ പൊറുക്കുന്ന പാപമാണ് ശിര്‍ക്ക്. ശിര്‍ക്ക് ചെയ്തുകൊണ്ട് മരണപ്പെടുന്ന വ്യക്തി നരകത്തില്‍ ശാശ്വതനാണ്. അല്ലാഹു ﷻ പറയുന്നു:

'തന്നോട് പങ്കുചേര്‍ക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ പൊറുത്തുകൊടുക്കുന്നതാണ്. ആര്‍ അല്ലാഹുവോട് പങ്കുചേര്‍ത്തുവോ അവന്‍ തീര്‍ച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.' (വി.ഖു:അന്നിസാഅ്:48)

മതത്തിന്റെ അടിസ്ഥാനങ്ങള്‍ പഠിക്കുന്നതിലുള്ള വിമുഖതയും തൗഹീദിന്റെവിഷയത്തിലുള്ള നിസ്സംഗതയും തൗഹീദ് വെളിച്ചമേകുകയും അറിയിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നേടത്ത് നിലയുറപ്പിക്കാതിരിക്കുകയും കര്‍മ്മങ്ങളെ നിരര്‍ത്ഥകമാക്കുകയും ആളുകളെ നശിപ്പിക്കുകയും ചെയ്യുന്ന, ഇസ്‌ലാമിനെ ദുര്‍ബലപ്പെടുത്തുന്ന കാര്യങ്ങള്‍ പഠിച്ച് മനസ്സിലാക്കുന്നതില്‍ പുറംതിരിയുകയും ചെയ്തതാണ് ധാരാളമാളുകള്‍ ഈ ശിര്‍ക്കില്‍ അകപ്പെടുവാന്‍ കാരണമായത്.

**വലിയ ശിര്‍ക്കിന്റെ ഇനങ്ങള്‍**

1. ആരാധനയില്‍ ഉണ്ടാകുന്ന ശിര്‍ക്ക്: പ്രാര്‍ത്ഥന, നേര്‍ച്ച,അറവ് തുടങ്ങി ആരാധനയുടെ ഇനങ്ങള്‍ അല്ലാഹുവല്ലാത്തവരിലേക്ക് തിരിക്കുക.

2. സനേഹത്തില്‍ ഉണ്ടാകുന്ന ശിര്‍ക്ക്: അല്ലാഹുവിനെ കൂടാതെ സമന്‍മാരെ സ്വീകരിക്കുകയും അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവരെ സ്നേഹിക്കുകയും ചെയ്യുക.അല്ലാഹു ﷻ പറയുന്നു:

‘അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത്പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു’ (വി.ഖു: അൽബഖറ:165)

3. ദേഹേച്ഛയിലെ ശിർക്ക്; അല്ലാഹുവിന് വഴിപ്പെടുന്നതിനേക്കാൾ ഒരാൾ തന്റെ ഇച്ഛക്ക് പ്രാമുഖ്യം കൽപ്പിക്കുകയും പ്രസ്തുത ഇച്ഛ ശിർക്കും കുഫ്റും ആവുകയാണെങ്കിൽ അത് ‘ശിർക്കുൽഹവ’യും മില്ലത്തിൽനിന്ന് പുറത്താകുന്ന കുഫ്റുമാകുന്നു. തന്റെ ഇച്ഛയെ അല്ലാഹുവോടൊപ്പം പങ്കുചേർത്തുകൊണ്ട് പാപങ്ങളിലാണ് ഹവയെങ്കിൽ അതും ഒരിനം ശിർക്കു തന്നെയാണ്. എന്നാൽ അത് മില്ലത്തിൽനിന്നും പുറത്താകുകയില്ലെന്നുമാത്രം.പാപങ്ങളെല്ലാം ദേഹേച്ഛയുടെ മാർഗ്ഗേണയാണുണ്ടാകുന്നതെന്നുകൂടി (മനസ്സിലാക്കേണ്ടതുണ്ട്) അല്ലാഹു ﷻ പറയുന്നു:

‘തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കി മാറ്റിയവനെ നീ കണ്ടുവോ? എന്നിരിക്കെ നീ അവന്റെ കാര്യത്തിന് ചുമതലപ്പെട്ടവനാകുമോ?’ (വി. ഖു: അൽഫുർഖാൻ: 43)

ദേഹേച്ഛ മൂലമാണ് ശിർക്ക്, ബിദ്അത്ത് പോലുള്ള പാപങ്ങളിൽ മനുഷ്യൻ വീഴുന്നത്. അതിന്റെ ഉടമയാകട്ടെ തന്റെ ഹവ പകർന്നതല്ലാത്ത നന്മയല്ലാതെ ചെയ്യുകയോ തിന്മയിൽ നിന്നും വിട്ടുനിൽകുകയോ ചെയ്യുകയില്ല.

4. അനുസരണത്തിലുള്ള ശിർക്ക്; അല്ലാഹു നിഷിദ്ധമാക്കിയത് അനുവദനീയമാക്കുന്നതിലും അല്ലാഹു അനുവദനീയമാക്കിയത് ഹറാമാക്കുന്നതിലും മനുഷ്യരെ അനുസരിക്കുന്നതു കൊണ്ടാണ് ശിർക്കുത്ത്വാഅഃ ഉണ്ടാകുന്നത്. അല്ലാഹു ഹറാമാക്കിയത് ഹലാലാക്കുന്നതിലും അവൻ ഹലാലാക്കിയത് ഹറാമാക്കുന്ന

തിലുംഒരാളെ വഴിപ്പെടുന്നത് അല്ലാഹു ശിർക്കാക്കിയിരിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

'അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?' (വി. ഖു: അശൂറ : 21)

'അവരുടെ പണ്ഡിതന്മാരെയും പുരോഹിതൻമാരെയും...അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു.' (വി. ഖു: അതൗബ:31)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ''തീർച്ചയായും അദിയ്യ് ഇബ്നു ഹാതിം ﷺ പറഞ്ഞു:'ഓ അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അവരെ ആരാധിച്ചിട്ടില്ലല്ലോ''?. അപ്പോൾ നബി ﷺ പറഞ്ഞു:നിങ്ങൾക്ക് ഹറാമായത് അവർ ഹലാലാക്കുമ്പോൾ നിങ്ങൾ അത് ഹലാലായി ഗണിച്ചിരുന്നില്ലേ? നിങ്ങൾക്ക് ഹലാലായത് അവർ ഹറാമാക്കുമ്പോൾ നിങ്ങൾ അതിനെ ഹറാമാക്കിയിരുന്നില്ലേ? അദ്ദേഹം പറഞ്ഞു: അതെ. അപ്പോൾ തിരുമേനി ﷺ പറഞ്ഞു; അതാണ് അവർക്കുള്ള ഇബാദത്ത്.''[7]

**ചെറിയ ശിർക്കും അതിന്റെ ഇനങ്ങളും**

വലിയ ശിർക്കിന്റെ പരിധിയിലേക്ക് എത്താത്തതും എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങളിൽ ശിർക്ക് എന്ന് പേര് വന്നതുമായ കാര്യങ്ങൾക്കാണ് ചെറിയ ശിർക്ക് എന്ന് പറയുക.

**ചെറിയ ശിർക്കിന്റെ ഇനങ്ങൾ:**

അല്ലാഹുവിനെകൊണ്ടല്ലാതെ സത്യം ചെയ്യുക, നേരിയ തോതിലുള്ള ലോകമാന്യത,അല്ലാഹുവും നിങ്ങളും ഉദ്ദേശിച്ചാൽ എ

[7] തിർമിദി, ബൈഹഖി. അൽബാനി ഇതിനെ ഹസൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

ന്ന് പറയുക, അല്ലാഹുവും നിങ്ങളും ഇല്ലായിരുന്നുവെങ്കിൽ എന്ന് പറയുക, അല്ലാഹുവിന്റെ പ്രീതിക്കല്ലാതെ ബിരുദത്തിനും ഉദ്യോഗത്തിനും വേണ്ടി വിജ്ഞാനം തേടുക, അല്ലെങ്കിൽ പ്രശസ്തിക്കും ലോകമാന്യതക്കും വേണ്ടി അറിവ് സമ്പാദിക്കുക,തുടങ്ങിയ ഇഖ്ലാസിനെ നിരാകരിക്കുന്നതായ പ്രവർത്തനങ്ങൾ ചെറിയ ശിർക്കിന്റെ ഇനങ്ങളാണ്.

**ചെറിയ ശിർക്കിന്റെ അപകടം:**

ചെറിയ ശിർക്കിന്റെ ഉടമ നരകത്തിൽ ശാശ്വതനായിരിക്കുകയില്ല പക്ഷെ അവൻ താക്കീതിന് വിധേയനും വമ്പിച്ച അപകടത്തിലുമാണ്. അത് നിസ്സാരമായി കാണാൻ പാടില്ല. പൊതു ജനങ്ങൾ മാത്രമല്ല, പാണ്ഡിത്യം അവകാശപ്പെടുന്ന എത്ര ആളുകളാണ് അതിൽ അകപെട്ടിരിക്കുന്നത്.അത് മനുഷ്യനെ വലിയശിർക്കിൽ കൊണ്ടുചെന്നെത്തിച്ചേക്കാം.അതിനാൽ തന്നെ അതിൽ നിന്ന് സുരക്ഷിതനാകേണ്ടതുണ്ട്.

**ചെറിയ ശിർക്കിന്റെ ഇനങ്ങൾ**

ചെറിയ ശിർക്ക് രണ്ടായി വിഭജിക്കപെടുന്നു

1. പ്രകടമായ ശിർക്ക്
2. ഗോപ്യമായ ശിർക്ക്

**പ്രകടമായ ശിർക്ക്**

ഇതും രണ്ട് ഇനമാണ്

1. പ്രവർത്തനങ്ങളിലുള്ള ശിർക്ക്
2. വാക്കുകളിലുള്ള ശിർക്ക്

**പ്രവർത്തനങ്ങളിലുള്ള ശിർക്ക്**

നൂല്, ചരട് എന്നിവപോലുള്ളത് ധരിക്കുക, അപകടത്തിൽ നിന്നും രോഗത്തിൽനിന്നും ജിന്നിന്റെ ഉപദ്രവത്തിൽനിന്നും കണ്ണേറിൽനിന്നും രക്ഷനേടാൻവേണ്ടി ഏലസ്, കൂച്ചുമണികൾ,ത്വ

ൽസമാത്ത് എന്നിവ ബന്ധിക്കുക ഇവയെല്ലാം ചെറിയ ശിർക്കാകുന്നു. അവ സ്വയം ഉപദ്രവമോ ഉപകാരമോ ചെയ്യും എന്ന് വിശ്വസിച്ചാൽ അപ്പോൾ ഇവ വലിയ ശിർക്കായിതീരുന്നതാണ്.അത് കേവലം ഒരു കാരണമാണ് എന്ന് വിശ്വസിച്ചാൽ ചെറിയ ശിർക്കായിതീരും.കാരണമല്ലാത്തതിനെ അവൻ കാരണമാക്കിയതു കൊണ്ടാണത്.

**വാക്കിലുളള ശിർക്ക്:**

പിതാവിനെ കൊണ്ടോ പ്രപിതാവിനെ കൊണ്ടോ,കഅ്ബയെ കൊണ്ടോ, നബിﷺയെകൊണ്ടോ, ജീവിതം കൊണ്ടോ മറ്റോ അല്ലാഹുവല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നതു പോലുളളവയാണ് വാക്കുകളിൽ വരുന്നതായ ശിർക്ക്. ഇന്ന ഞാറ്റു വേല കൊണ്ട് ഞങ്ങൾക്ക് മഴലഭിച്ചു. അല്ലാഹുവും നീയും ഉദ്ദേശിച്ചാൽ, വീട്ടിൽ താറാവ് ഇല്ലായിരുന്നുവെങ്കിൽ കളളൻ വരുമായിരുന്നു, എന്നിവപോലുളള വാക്കുകൾ പറയലും മൊഴികളിൽ വരുന്നതായ ശിർക്കാകുന്നു.

**ഗോപ്യമായ ശിർക്ക്;**

നിയ്യത്തുകളിലും ഉദ്ദേശങ്ങളിലും സംഭവിക്കുന്ന ശിർക്കാണിത്. ഇത്തരത്തിലുളള ശിർക്കാണ് ഏറ്റവും കൂടുതൽ സംഭവിക്കുന്നതും.അതിൽപണ്ഡിതൻമാരെന്നോ പാമരൻമാരെന്നോ വ്യത്യാസമില്ല. കരയില്ലാ കടലാണത്.

**വലിയ ശിർക്കും ചെറിയ ശിർക്കും തമ്മിലുളള വിത്യാസം**

**വലിയ ശിർക്ക്**

അതിന്റെ ഉടമ ശാശ്വതനായി നരകത്തിലായിരിക്കും.
അവന്റെ കർമങ്ങൾ മുഴുവൻ നിഷ്ഫലമാകും
അവന്റെ ധനവും രക്തവും അനുവദനീയമാണ്.

മരിക്കുന്നതിനു മുമ്പായി തൗബ ചെയ്തില്ലെങ്കിൽ അല്ലാഹു ﷻ അവന് പൊറുത്തുകൊടുക്കില്ല.

**ചെറിയ ശിർക്ക്**

അവൻ നരകത്തിൽ ശാശ്വതനായിരിക്കുകയില്ല.

അവന്റെ കർമ്മങ്ങൾ മുഴുവനായി നിഷ്ഫലമായി പോകുകയില്ല.

അവന്റെ ധനവും രക്തവും അനുവദനീയമാകുകയില്ല.

അല്ലാഹുവിന്റെ ഉദ്ദേശത്തിന് കീഴിലായിരിക്കും അവൻ. അല്ലാഹു ഉദ്ദേശിച്ചാൽ അവനെശിക്ഷിക്കും അല്ലാഹു ഉദ്ദേശിച്ചാൽ പൊറുത്തു കൊടുക്കുകയും ചെയ്യും.

## ഖബർ സിയാറത്ത്.

അല്ലാഹുവിനെ കണ്ടുമുട്ടാനുള്ള ഒരുക്കത്തിനും മനുഷ്യർക്ക് ദുനിയാവിൽ സംഭവിക്കുന്ന (പ്രയാസങ്ങൾക്ക്) മനസമാധാനത്തിനുമായി അല്ലാഹുﷻ അടിമകൾക്ക് ഖബ്ർ സന്ദർശനം മതമായി നിശ്ചയിച്ചു. ഇതവർക്ക് മതമായി നിശ്ചയിച്ചപ്പോൾ തന്നെ മതപരമല്ലാത്ത സന്ദർശനത്തെക്കുറിച്ചും അവൻ വ്യക്തമാക്കി.എങ്കിൽ ഏതെല്ലാമാണ് മതപരമായ ഖബർ സന്ദർശനം? ഏതെല്ലാമാണ് മതപരമല്ലാത്ത ഖബ്ർ സിയാറത്ത്?

**ഖബ്ർ സന്ദർശനം മൂന്നായി വിഭജിക്കപെടുന്നു.**

1. മതപരമായ(ശറഈയായ) സന്ദർശനം
2. ബിദ്ഇയ്യായ സന്ദർശനം
3. ശിർക്കിയായ സന്ദർശനം

**ഒന്ന്: മതപരമായി സുന്നത്തായ സിയാറത്ത്.**

ബുറൈദത്തിൽനിന്നും നിവേദനം: നബിﷺ പറഞ്ഞു: ‘‘ഖബർ സന്ദർശനത്തിൽ നിന്നും ഞാൻ നിങ്ങളെ വിരോധിച്ചിരുന്നു.

എന്നാൽ നിങ്ങൾ ഖബ്റുകളെ സന്ദർശിക്കുക തീർച്ചയായുംഅത് പരലോകത്തെ ഓർമിപ്പിക്കും''8.

**ക്വബ്ർ സിയാറത്തിന്റെ മര്യാദകൾ:**

1. സന്ദർശിക്കുന്നവന്റെ ഉദ്ദേശം അതിലൂടെ പരലോക ബോധം ഉണ്ടാക്കിയെടുക്കലായിരിക്കണം.

2. തനിക്കും മരണപെട്ടവർക്കും വേണ്ടിയുള്ള പ്രാർത്ഥനയായിരിക്കണം സിയാറത്തിന്റെ ഉദ്ദേശം.

3. യാത്രകെട്ടി പുറപെട്ടുകൊണ്ടുള്ള സന്ദർശനമാകരുത്. കാരണം നബിﷺ അത് വിരോധിച്ചു.

അബൂസഈദ് അൽഖുദ്രിﷺയിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു: ''മൂന്ന് പള്ളികളിലേക്കല്ലാതെ യാത്രകെട്ടി പുറപ്പെടാൻ പാടില്ല, മസ്ജിദുൽ ഹറാം, എന്റെ ഈ മസ്ജിദ് (മസ്ജിദുന്നബവി), മസ്ജിദുൽ അഖ്സാ''.9

**രണ്ട്: ബിദ്അത്തായ സിയാറത്ത്**

നബിﷺയുടെ മാർഗ്ഗദർശനത്തിനനുസരിച്ചല്ലാതെ നടത്തുന്ന സിയാറത്താണ് ഇതുകൊണ്ടുള്ള ഉദ്ദേശം. ഖബ്റാളികളുടെ അടുക്കൽ പ്രാർത്ഥിക്കുവാനും അവരുടെ ക്വബ്റിനരികെ നമസ്കരിക്കുവാനും ഇഅ്തികാഫിരിക്കുവാനും അവരുടെ ജാഹു കൊണ്ട് അല്ലാഹുവിനോട് വസീല തേടുവാനുമാണ് സിയാറത്ത് യാത്ര നടത്തിയിരിക്കുന്നത്. ഇന്നാലിന്നയാളുടെ ജാഹ്കൊണ്ട് അല്ലാഹുവേ ഞാൻ നിന്നോട് തേടുന്നു എന്നാണവർ പ്രാർത്ഥിക്കുന്നത്; ഇടതേടപ്പെടുന്ന വ്യക്തി മരണപ്പെട്ടവനാകട്ടെ അടുത്തു

---

[8] മുസ്ലിം,തിർമിദി, നസാഇ.

[9] ബുഖാരി.

ളളവനോ അകന്നവനോ ആകട്ടെ അയാൾക്ക് അല്ലാഹുവിങ്കൽ സ്ഥാനവും പദവിയുമുണ്ട് എന്ന ധാരണയിലാണ് ഈ വസീല ത്തേട്ടം. ഇത്തരക്കാരൻ താൻ അല്ലാഹുവല്ലാത്തവരോട് തേടി യിട്ടില്ല, അല്ലാഹുവെയല്ലാതെ ആരാധിച്ചിട്ടില്ല എന്ന് അഭിപ്രായ പ്പെടുന്നവനാണെങ്കിലും അയാൾ അല്ലാഹുവിന്റെ നിയമമനുസ രിച്ചല്ല അല്ലാഹുവെ ആരാധിച്ചത്. മതത്തിൽ ഇല്ലാത്തത് അവൻ പുതുതായി ഉണ്ടാക്കുകയും പ്രാർത്ഥനയിൽ അതിരുവിടുകയും ചെയ്തു. അവനോട് കൽപ്പിച്ചതല്ലാത്തതുകൊണ്ട് അവൻ അല്ലാ ഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു.

**മൂന്ന്: ശിർക്കുളള സിയാറത്ത്**

ഖബ്റിൽ മറമാടപ്പെട്ടയാളെ ഉദ്ദേശിച്ചുകൊണ്ട് രോഗശമനം, മറഞ്ഞുപോയത് മടക്കികിട്ടൽ അല്ലെങ്കിൽ ഇതുപോലുള്ള മറ്റു ആവശ്യനിർവ്വഹണങ്ങൾ തുടങ്ങിയ ദുരിതങ്ങൾ തടുക്കുവാനും ഉപകാര ലബ്ദിക്കു വേണ്ടി അയാളോട് തേടലുമാണ് ശിർക്കി യായ ഖബ്ർ സിയാറത്ത്.അവൻ അല്ലാഹുവിൽ വലിയ ശിർക്ക് വെച്ചിരിക്കുന്നു. അതിൽനിന്നും പശ്ചാതപിച്ചാലല്ലാതെ അവന് പൊറുക്കപെടുകയില്ല.അല്ലാഹു ﷻ പറയുന്നു:

'അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നി നക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർ ത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും.നിനക്ക് അല്ലാഹു വല്ല ദോ ഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെ യ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല.' (വി. ഖു. യൂനുസ്: 106,107)

‘അല്ലാഹുവിനു പുറമെ,ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു.’(വി.ഖു. അൽഅഹ്ഖാഫ്:5)

## നിഫാഖും അതിന്റെ ഇനങ്ങളും

നന്മ പ്രകടമാക്കുകയും തിന്മ ഗോപ്യമാകുകയും ചെയ്യുക എന്നതാണ് നിഫാഖ് (കാപട്യം) എന്നതിന്റെ ഭാഷാപരമായ അർത്ഥം. അതായത് ഈമാൻ പ്രകടമാക്കുകയും സത്യനിഷേധം ഗോപ്യമാക്കുകയും ചെയ്യുക. കപടവിശ്വാസികളുടെ നിലപാടുകളെ സംബന്ധിച്ച് സൂറ അതൗബയിൽ വിവരിച്ചിരിക്കുന്നു. അവരുടെ തിന്മകളെ കുറിച്ചും മുസ്ലിംകളോടുള്ള അവരുടെ ശത്രുതയെ കുറിച്ചും വിശ്വാസികളെ താക്കീത് നൽകുകയും ചെയ്തിരിക്കുന്നു.

**നിഫാഖ് രണ്ട്  ഇനങ്ങളായി വിഭജിക്കപെട്ടിരിക്കുന്നു:**

**ഒന്ന്: വലിയ നിഫാഖ്.**

ഇതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് വിശ്വാസപരമായ കാപട്യമാണ്. ആറായി ഇത് ഭാഗിക്കപെട്ടിരിക്കുന്നു

ഒന്ന്: പ്രവാചകൻﷺയെ കളവാക്കൽ

രണ്ട്: പ്രവാചകൻ കൊണ്ടുവന്ന ചിലതിനെ കളവാക്കൽ

മൂന്ന്: പ്രവാചകനോടുള്ള കോപം

നാല്: പ്രവാചകൻ കൊണ്ടുവന്ന ചിലതിനോടുള്ള കോപം

അഞ്ച്: പ്രവാചകന്റെ മതത്തെ തരം താഴ്ത്തുന്നതിൽ സന്തോഷിക്കുക

ആറ്: പ്രവാചകന്റെ മതത്തിന്റെ വിജയത്തിൽ വെറുക്കുക.

**രണ്ട്: ചെറിയ നിഫാഖ്**

അതായത് പ്രവർത്തനത്തിൽ ഉണ്ടാകുന്ന കാപട്യം ഇത് വലിയ കുറ്റവും വൻപാപമാകുന്നു.പക്ഷെ ഈ കാരണത്താൽ ഇതിന്റെ ഉടമ മതത്തിൽ നിന്നും ഭൃഷ്ടനാകുകയില്ല.

**ചെറിയ നിഫാഖിന്റെ ഇനങ്ങൾ**

കളവ്, വഞ്ചന, ചതി, കരാർ ലംഘനം, തെറിയോടു കൂടിയുള്ള തർക്കം മുതലായവ ചെറിയ നിഫാഖിന്റെ ഇനങ്ങളാണ്.

നബിﷺ പറഞ്ഞു: ''കപടന്റെ അടയാളം മൂന്നെണ്ണമാകുന്നു: സംസാരിച്ചാൽ കളവ് പറയും, കരാർ ചെയ്താൽ ലംഘിക്കും, വിശ്വസിച്ചാൽ വഞ്ചിക്കും'' മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കൂടിയുണ്ട് പരസ്പരം തർക്കിച്ചാൽ തെറിവിളിക്കും. കാരാർ ചെയ്താൽ ലംഘിക്കും''10

അപ്രകാരം തന്നെ അകാരണമായി ഇശാഅ്, സുബ്ഹി എന്നീ നമസ്കാരങ്ങൾ സംഘടിതമായി നിർവഹിക്കുന്നതിൽ നിന്നും പിന്തി നിൽക്കുക.

നബിﷺ പറഞ്ഞു: ''കപട വിശ്വാസികൾക്ക് ഏറ്റവും ഭാരിച്ച നമസ്കാരങ്ങൾ ഇശാഉം സുബ്ഹിയുമാകുന്നു.അവയിലുള്ളത് (പ്രതിഫലം) അവർ അറിഞ്ഞിരുന്നുവെങ്കിൽ ഇഴഞ്ഞിട്ടെങ്കിലും അവയിലേക്കവർ വരുമായിരുന്നു''.11

## സിഹ്റും ആഭിചാരവും

### സിഹ്റിന്റെ യാഥാർത്ഥ്യം

---

[10] ബുഖാരി, മുസ്‌ലിം.

[11] ബുഖാരി, മുസ്‌ലിം.

സിഹ്റ് ഉണ്ട് എന്നതും അതിന്റെ സംഭവ്യതയും യാഥാർഥ്യമാണ്. അപ്രകാരം അല്ലായിരുന്നുവെങ്കിൽ അത് മതത്തിൽ നിരോധിക്കപെട്ട കാര്യങ്ങളിൽ വരികയോ, അത് ചെയ്യുന്നവനെതിരെ ശക്തമായ താക്കീത് വരികയോ അത് കൈകാര്യം ചെയ്യുന്നവർക്ക് ഇഹപര ശിക്ഷകളെ കുറിച്ചുള്ള താക്കീതുകൾ വരുകയോ അതിൽനിന്ന് രക്ഷതേടാൻ കൽപ്പിക്കപെടുകയോ ചെയ്യുമായിരുന്നില്ല. ഫിർഔനിന്റെ കാലത്ത് അത് ഉണ്ടായിരുന്നുവെന്നതും. അതുമുഖേന മൂസാനബിﷺയുടെ മുഅ്ജിസത്തിനെ എതിരിടാൻ അവൻ ഉദ്ദേശിച്ചുവെന്നതും അല്ലാഹുﷻഅറിയിച്ച് തന്നിരിക്കുന്നു

**സിഹ്റിന് സ്വാധീനിക്കുവാൻ കഴിയുമോ?**

അതെ സിഹിറിന് സ്വാധീനം ഉണ്ട്.രോഗം ഉണ്ടാക്കുന്നവ,കൊല്ലുന്നവ, ബുദ്ധിയെ ബാധിക്കുന്നവ, കാഴ്ച നഷ്ടപ്പെടുത്തുന്നവ, ഭാര്യഭർത്താക്കൻമാരെ ഭിന്നിപ്പിക്കുന്നവ മുതലായവയെല്ലാം സിഹ്റിലുണ്ട്. പക്ഷെ സിഹ്റിന് തനിയെ സ്വാധീന്യമില്ല. അല്ലാഹുﷻവിന്റെ ഖളാ ഖദ്ർ ഉണ്ടെങ്കിലേ അവയുടെ സ്വാധീനം ഉണ്ടാകുകയുള്ളൂ. കാരണം അല്ലാഹുവാണ് നന്മയുടേയും തിന്മയുടേയും സൃഷ്ടാവ്. സിഹ്റ് തിന്മയാണ്. അല്ലാഹുﷻ പറയുന്നു:

'എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതു കൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല.'(വി. ക്വു: അൽബക്വറ: 102)

സിഹ്റിന്റെ അപകടം വ്യക്തിയിലും സമൂഹത്തിലും

**മനുഷ്യനിൽ സിഹ്റിന്റെ അപകടം:**

സിഹ്റ് മനുഷ്യന്റെ മതപരവും പാരത്രികവുമായ ജീവിതത്തിൽ സ്വാധീനം ചെലുത്തും. അതായത് സൽകർമ്മങ്ങളിൽ ഉ

പേക്ഷ കാണിക്കുവാനും ലോകരക്ഷിതാവിനോട് ധിക്കാരം പ്രവർത്തിക്കുവാനും അതവനെ പ്രേരിപ്പിക്കുന്നു. അപ്പോൾ അതിന്റെ ശമനത്തിനുള്ള അനുയോജ്യമായ പരിഹാരത്തിനായി അവൻ ജോത്സ്യനെ സമീപ്പിക്കുന്നു. അങ്ങിനെ അവൻ ശിർക്കിൽ അകപ്പെടുകയും ചെയ്യുന്നു. നബിﷺ പറഞ്ഞു:

‘‘ആരെങ്കിലും ലക്ഷണം പറയുന്നയാളെയോ, ജോത്സ്യനേയോ സമീപ്പിക്കുകയും അവൻ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ മുഹമ്മദിന് ഇറക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു’’[12].

**ഭൗതികമായ സ്വാധീനം:**

സിഹ്റ് മനുഷ്യനെ രോഗിയാക്കുകയോ അവനെ കൊല്ലുകയോ, മനുഷ്യൻ അലക്ഷ്യവാനായി തന്റെ ജീവിതത്തിൽ തപ്പിത്തടയുന്നവനും വേദനയിലും ദുഃഖത്തിലും കഴിച്ചുകൂടുന്നവനായി അവനെ മാറ്റുംവിധം അത് അവനെ വിഭ്രാന്തിയിലാക്കുകയും ചെയ്യും.

**സമൂഹത്തിൽ സിഹ്റിനുള്ള സ്വാധീനം:**

വളരെ വ്യക്തവും പ്രകടവുമാണത്. കാരണം സമൂഹ നിർമ്മിതിയിൽ ഒരു ഇഷ്ടികയാണ് വ്യക്തി. സമൂഹത്തിലെ വ്യക്തികൾക്ക് ഈ വിപത്ത് ബാധിച്ചാൽ എങ്ങിനെയാണ് സമൂഹത്തിന് ഉന്നതിയും ഉദ്ധാരണവും ഉണ്ടാകുക?

സിഹ്റിന് സമൂഹത്തിലുള്ള സ്വാദീനം വളരെ പ്രകടമാണ്. അത് മനുഷ്യ മനസ്സുകളിൽ സംശയങ്ങളും സന്ദേഹങ്ങളും ഉളവാക്കുകയും അസൂയയും വിദ്വേഷവും സൃഷ്ടിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് ഇന്ന വ്യക്തിയാണ് തനിക്ക് ആഭിചാരം ചെ

[12] ഇബ്നുമാജ. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

യ്തത് എന്നറിഞ്ഞാൽ. അതോടെ സകലവഴികളിലൂടെയും അതിന് പ്രതികാരം ചെയ്യാൻ അവനെ പ്രേരിപ്പിക്കുന്നു. അങ്ങിനെ സമൂഹത്തിൽ ഛിദ്രത ഉടലെടുക്കുന്നു. ശത്രുതയും കൊലപാതകവും വ്യാപിക്കുകയും സമൂഹത്തിൽ ശാന്തിയും സമാധാനവും പരിലസിപ്പിക്കേണ്ട ഇസ്‌ലാമിക സ്വഭാവങ്ങൾ നഷ്ടപെടുകയും ചെയ്യുന്നു. അതിന് പകരമായി ഭയവും ഭീതിയും കുറ്റകൃത്യങ്ങളോടുള്ള ആഗ്രഹവും ഇറങ്ങുന്നു.

**സിഹ്റിന്റെ വിധി**

സിഹ്റ് പഠിക്കുന്നത് സത്യനിഷേധമാണെന്ന് അല്ലാഹു ﷻ അവന്റെ ഗ്രന്ഥത്തിലൂടെ വിധിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

‘എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ(ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപ്പെടരുത് എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല.’ (വി.ഖു: അൽബഖ:102)

സിഹ്റ് പഠിക്കൽ –അത് പ്രാവർത്തികമാക്കാനാകട്ടെ, അതിൽ നിന്നും രക്ഷപ്പെടാനാകട്ടെ –നിഷിദ്ധമാകുന്നു. നശിപ്പിച്ചു കളയുന്ന ഏഴ് വൻ പാപങ്ങളുടെ കൂട്ടത്തിലാണ് റസൂൽﷺ അതിനെ എണ്ണിയിരിക്കുന്നത്. നബിﷺ പറഞ്ഞു: നശിപ്പിച്ചു കളയുന്ന ഏഴ് വൻ പാപങ്ങളെ നിങ്ങൾ വെടിയുക .. സിഹ്ർ ..’’ [13]

**മാരണക്കാരന്റെ വിധിയെന്താണ്.**

ഇസ്‌ലാമിക ശരീഅത്തിൽ ജോത്സ്യനുള്ള ശിക്ഷാവിധി വധശിക്ഷയാണ് എന്നതിൽ ഭൂരിപക്ഷ പണ്ഡിതൻമാരും യോജിച്ചിരിക്കുന്നു. അപ്രകാരം തന്നെയാണ് സ്വഹാബികളിൽനിന്നും റി

[13] ബുഖാരി

പ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ജുൻദുബിﷺൽനിന്നും മൗഖൂഫാ യി ഇപ്രകാരം റിപ്പോർട്ട് ചെയ്യപെട്ടിരിക്കുന്നു ''സാഹിറിനുള്ള ശിക്ഷ വാളുകൊണ്ടുള്ള വെട്ടാകുന്നു''14

ബജാലത് ഇബ്നു അബ്ദﷺ പറഞ്ഞു: ''എല്ലാ ജോത്സ്യന്മാ രായ സ്ത്രീ പുരുഷൻമാരെയും വധിക്കുവാൻ ഉമർﷺ കൽപ്പി ച്ചു അങ്ങിനെ മൂന്ന് ജോത്സ്യൻമാരെ ഞങ്ങൾ കൊന്നു''15.

ഹഫ്സﷺയിൽ നിന്നു നിവേദനം; അവരെ സിഹ്റ് ചെയ്ത ഒരു സ്ത്രീയെ വധിക്കുവാൻ അവർ കൽപ്പിച്ചു. അങ്ങിനെ അവ ൾ കൊല്ലപ്പെട്ടു.16.

**സിഹ്റിൽ നിന്നും എങ്ങിനെ രക്ഷപ്പെടാം.**

താഴെ പറയുന്ന കാര്യങ്ങളിലൂടെ സിഹ്റിൽനിന്നും രക്ഷപ്പെടാം

1. തൗഹീദ് യാഥാവിധം സാക്ഷാൽകരിക്കുക.

അല്ലാഹുവല്ലാത്തവരിൽ ഹൃദയം ബന്ധിക്കപ്പെടുന്നതിൽനി ന്നും. ശിർക്കിന്റെ എല്ലാ ഇനങ്ങളിൽനിന്നും ശുദ്ധമാവുക. വൻ പാപങ്ങളിൽനിന്നും ചെറുദോഷങ്ങളിൽനിന്നും വിട്ടുനിൽക്കു ക.അല്ലാഹുവിന്റെ അനുമതിയാൽ മാരണക്കാർ വിതക്കുന്ന കെ ടുതികളെ ചെറുക്കുന്നതിൽ ഇവകളെല്ലാം ഗണ്യമായ സ്വാധീന മുണ്ട്.

2. ഇഖ്ലാസ്

പിശാചിൽനിന്നും രക്ഷപെടാനുള്ള ഒരു മാർഗ്ഗമാണ് ഇഖ്ലാ സ് യാഥാർത്യമാക്കൽ.അല്ലാഹു പറയുന്നു:'ഇബ്ലീസ് പറഞ്ഞു

---

14 തിർമിദി. അൽബാനി ളഈഫ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

15 അഹ്മദ്, മുസ്വനഫ് അബ്ദുറസാഖ്

16 ബുഖാരി താരീഖുൽ കബീറിൽ ഉദ്ധരിച്ചത്.

: എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ, ഭൂലോകത്ത് അവർക്കു ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച. അവരുടെ കൂട്ടത്തിൽ നിന്ന് നിന്റെ നിഷ്കളങ്കരായ ദാസൻമാരൊഴികെ.' (വി. ക്വു: അൽഹിജ്ർ:39,40)

3. സംഘത്തോടൊപ്പം ചേരൽ.

നബിﷺ പറഞ്ഞു: ''സ്വർഗ്ഗത്തിന്റെ മധ്യം ആരെങ്കിലും ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ സംഘത്തോടൊപ്പം ചേരട്ടെ. തീർച്ചയായും പിശാച് ഒരാളുടെ കൂടെയായിരിക്കും അവൻ രണ്ടുപേരിൽ നിന്നും വിദൂരനായിരിക്കും''[17].

4.നിർബന്ധ നമസ്കാരം സംഘടിതമായി നിർവ്വഹിക്കുന്നതിൽ സൂക്ഷമത പുലർത്തുക. പ്രത്യേകിച്ച് സുബ്ഹി നമസ്കാരം. സംഘടിത നമസ്കാരത്തിലുള്ള നിസ്സംഗത ആദം സന്തതിയെ വഴിപിഴപ്പിക്കുവാൻ പിശാചിന് എളുപ്പമേകും.

5. ഖുർആനും സുന്നത്തും മുറുകെ പിടിക്കുക.

പഠിച്ചും പ്രവർത്തിച്ചും ഖുർആനും സുന്നത്തും മുറുകെ പിടിക്കൽ പിശാചിൽനിന്നും രക്ഷനേടാനുള്ള ഏറ്റവും മഹത്തായ മാർഗ്ഗമാണ്. അവ രണ്ടും ജോത്സ്യന്റെയും സാഹിറിന്റെയും തിന്മകളിൽ നിന്നുള്ള രക്ഷാ കവചമാണ്. അഅ്മശ്ﷺപറഞ്ഞു:''ജിന്നിനോട് സംസാരിക്കാറുണ്ടായിരുന്ന ഒരാൾ നമ്മോട് പറഞ്ഞു: സുന്നത്ത് പിൻതുടരുന്നവനേക്കാൾ കഠിനമായി ഞങ്ങൾക്ക്(ജിന്നുകൾക്ക്) ആരും തന്നെയില്ല. എന്നാൽ ദേഹേച്ഛകളുടെ ഉടമകളോടാണ് ഞങ്ങളുടെ കളിയെല്ലാം.18.

[17] തിർമുദി. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

[18] തൽബീസു ഇബ്ലീസ്, ഇബ്നുൽ ജൗസി

6. അല്ലാഹുവിലേക്ക് മടങ്ങുക,

അല്ലാഹു ﷻ പറയുന്നു:

'വിശ്വസിക്കുകയും ധർമ്മനിഷ്ഠ പുലർത്തിക്കൊണ്ടിരിക്കുക യും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.' ( വി. ക്വു: ഫുസ്സിലത്:18)

7. പാപങ്ങളിൽ നിന്നും മോചിതനാകുക, ആത്മാത്ഥമായി പശ്ചാതപിക്കുക.

8. ദാനധർമ്മങ്ങൾ നിർവ്വഹിക്കുക, സുകൃതം പ്രവർത്തിക്കുക ജനങ്ങളുടെ ആവശ്യങ്ങൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കുക. അപ്രകാരം തന്നെ തിന്മകൾ തടുക്കുവാനുള്ള ഒരു മാർഗ്ഗം ദരിദ്രർക്കും ആവശ്യക്കാർക്കും ധനം ചെലവഴിക്കലാണ്. അതുമൂലം ധാരാളം തിന്മകൾ തടയപ്പെടുകയോ ലഘൂകരിക്കപ്പെടുകയോ ചെയ്യുന്നു.

**ഇസ്ലാമിക മന്ത്രത്തിന്റെ നിബന്ധനകൾ**

1. അല്ലാഹുവി ﷻ ന്റെ കലാം (വിശുദ്ധ ക്വുർആൻ) കൊണ്ടോ അല്ലെങ്കിൽ അവന്റെ നാമവിശേഷങ്ങൾകൊണ്ടോ ആയിരിക്കുക.

2. അറബി ഭാഷയിലോ അർത്ഥമറിയുന്ന മറ്റു ഭാഷകളിലോ ആയിരിക്കുക.

3. മന്ത്രം തനിയെ ഉപകരിക്കും എന്ന് വിശ്വസിക്കാതിരിക്കുക, മറിച്ച് അത് ഒരു കാരണമാണെന്നും അതിന്റെ ഫലം ഉണ്ടാക്കുന്നവൻ അല്ലാഹു ﷻ മാത്രമാണ് എന്നും വിശ്വസിക്കുക

## സത്യസാക്ഷ്യങ്ങൾ

**തൗഹീദ് വിജ്ഞാനം**

സമുന്നതവും സമ്പൂർണ്ണവുമായ വിശേഷങ്ങളിൽനിന്ന് അല്ലാഹുവിന് അനിവാര്യമായതിനെ കുറിച്ചും അല്ലാഹുവിന് അനുയോജ്യമല്ലാത്തതിനാൽ അവന്റെമേൽ അസംഭവ്യമായതിനെ കുറിച്ചും അവന് ആകാവുന്ന കർമ്മങ്ങളെകുറിച്ചും അവനോട് നിർബന്ധമായതായ നിഷ്കളങ്കമായ ഇബാദത്തിനെകുറിച്ചും അവന്റെ കൽപ്പനകൾ പ്രാവർത്തികമാക്കിയും വിരോധങ്ങൾ വർജ്ജിച്ചും അവനുള്ള അവകാശങ്ങൾ നിർവ്വഹിക്കുന്നതിനെകുറിച്ചും പ്രവാചകന്മാർക്ക് ബാധ്യതയായതിനെ കുറിച്ചും അവരുടെമേൽ അസംഭവ്യമായതിനെ കുറിച്ചും അവർക്ക് അനുവദനീയമായതിനെ കുറിച്ചും വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം,മലക്കുകളിലുള്ള വിശ്വാസം പ്രതിഫല വേദിയിലുള്ള വിശ്വാസം, വിധി വിശ്വാസം എന്നിവയെകുറിച്ചും ചർച്ചചെയ്യപ്പെടുന്ന വിജ്ഞാനമാണ് ഇൽമുത്തൗഹീദ് (തൗഹീദ് വിജ്ഞാനം).

വിശ്വാസം ശരിയാക്കുകയും പര്യവസാനം സുരക്ഷിതമാക്കുകയും ഇഹപരഗേഹങ്ങളിലും സൗഭാഗ്യം കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ് അതുകൊണ്ടുള്ള ഫലം.

**ഇസ്ലാം എന്നതിന്റെ അർത്ഥം:**

കീഴ്പ്പെടുക എന്നാണ് ഇസ്ലാം എന്നതിന്റെ ഭാഷാപരമായ അർത്ഥം.

മതപരമായി അതുകൊണ്ടുള്ള ഉദ്ദേശം;പ്രകടമായ പ്രവർത്തനങ്ങളാണ് അതായത്, തൗഹീദ് മുഖേന അല്ലാഹുവിന് കീഴടങ്ങുകയും അനുസരണത്തിലൂടെ അവന് കീഴ്പ്പെടുകയും ശിർക്കിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുക. അല്ലാഹു ﷻ പറയുന്നു:

'സദ്വൃതനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും, നേർമാർഗ്ഗത്തിലുറച്ച് നിന്ന് കൊണ്ട് ഇബ്രാ

ഹീമിന്റെ മാർഗ്ഗത്തെ പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്?' (വി. ക്വു: അനിസാഅ്: 125)

'വല്ലവനും സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്.' (വി. ക്വു: ലുഖ്മാൻ:22)

'നിങ്ങളുടെ ഇലാഹ് ഏകനായ ഇലാഹാണ് അതിനാൽ അവനു മാത്രം നിങ്ങൾ കീഴ്പ്പെടുക. (നബിയേ,) വിനീതന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.' (വി.ക്വു: അൽഹജ്ജ്: 34)

ഇസ്ലാം എന്ന വാക്ക് ഉപയോഗിച്ചാൽ അത് മതത്തെ മുഴുവനായി ഉൾകൊള്ളുന്നു അല്ലാഹു ﷻ പറയുന്നു

'തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്ലാമാകുന്നു.' (വി. ക്വു: ആലുഇംറാൻ: 19)

അത് അഞ്ച് ഘടകങ്ങളെയാണ് ഉൾകൊള്ളുന്നത്, ജിബ്രീൽ ﷺ ന്റെ ഹദീഥാണ് അതിനുള്ള തെളിവ്. നബി ﷺ പറഞ്ഞു: 'ഇസ്ലാം എന്നാൽ അല്ലാഹുവല്ലാതെ സാക്ഷാൽ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും നീ സാക്ഷ്യം വഹിക്കലും നമസ്കാരം നിലനിർത്തലും സകാത്ത് കൊടുക്കലും റമളാനിൽ നോമ്പനുഷ്ഠിക്കലും നിനക്ക് സാധിക്കുമെങ്കിൽ ഹജ്ജ് ചെയ്യലുമാണ്'[19].

**അടിമകളിൽനിന്നും അല്ലാഹുവിനുള്ള അവകാശം**

അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനിൽ ഒന്നിനേയും പങ്കുചേർക്കാതിരിക്കുക എന്നിവ അടിമകളിൽനിന്നും അ

[19] ബുഖാരി, മുസ്ലിം

ല്ലാഹുവിന് ലഭിക്കേണ്ട അവകാശമാണ്. അവനെ ആരാധിക്കുവാനാണ് അല്ലാഹു സൃഷ്ടികളെ പടച്ചത് തന്നെ. അല്ലാഹു ﷻ പറയുന്നു

'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.'(വി.ഖു:അദാരിയാത്:56) നബി ﷺ പറഞ്ഞു:'അടിമകളുടെമേൽ അല്ലാഹുവിനുള്ള അവകാശം അവർ അവനെമാത്രം ആരാധിക്കലും അവനിൽ ഒന്നിനേയും പങ്കുചേർക്കാതിരിക്കലുമാണ്'.[20]

പ്രാർത്ഥന, നമസ്കാരം, ഭയഭക്തി, നേർച്ച, അറവ്, ഭയം, പ്രതീക്ഷ മുതലായവപോലുള്ള അല്ലാഹു ഇഷ്ടപ്പെടുന്ന മുഴു വാക്കുകളുടേയും പ്രവർത്തനങ്ങളുടേയും സമഗ്രമായ പേരാണ് ഇബാദത്.

അല്ലാഹു ﷻ പറയുന്നു:

'പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോക രക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്.' (വി.ഖു: അൽ അൻആം: 162,163)

ഇബാദത്തിന് ധാരാളം ഇനങ്ങളുണ്ട്.പ്രാർത്ഥന, ഭയം, പ്രതീക്ഷ, ഭരമേൽപ്പിക്കൽ, ആഗ്രഹം, ഭീതി, അറവ്, നേർച്ച, റുകൂഅ്, സുജൂദ്, ത്വവാഫ്, സത്യം ചെയ്യൽ, ഭക്തി, സഹായതേട്ടം, മുതലായവ അവയിൽപ്പെട്ടതാണ്.

---

[20] ബുഖാരി, മുസ്ലിം

ക്വുർആനിലെ അധിക സൂറത്തുകളും അല്ല മുഴുവൻ തന്നെയും ഈ കാര്യം അംഗീകരിക്കുകയും അതിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ക്വുർആൻ മുഴുവനായിതന്നെ തൗഹീദിനെ സംബന്ധിച്ചും അതിനുള്ള പ്രതിഫലത്തെകുറിച്ചും ശിർക്കിനെ സംബന്ധിച്ചും അതിന്റെ ആളുകളെ കുറിച്ചും അവരുടെ പ്രതിഫലത്തെ സംബന്ധിച്ചുമാണ് പ്രതിപാതിക്കുന്നത്.

തൗഹീദിന്റെ സംസ്ഥാപനത്തിനും ഇതിലേക്ക് പ്രബോധനം ചെയ്യുവാനുമാണ് എല്ലാ പ്രവാചകൻമാരും അയക്കപെട്ടത്. അല്ലാഹു ﷻ പറയുന്നു:

'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന്(പ്രബോധനം ചെയ്യുന്നതിന് വേണ്ടി.'(വി: ക്വു: അന്നഹ്ൽ: 36)

ആരെങ്കിലും തൗഹീദ് യാഥാവിധമാക്കിയാൽ ദുനിയാവിൽ അവന് സൻമാർഗ്ഗം സാക്ഷാൽകൃതമാകുകയും അവന്റെ പാപങ്ങളും തെറ്റുകയും പൊറുക്കപ്പെടുകയും അന്ത്യനാളിലുള്ള നിത്യശിക്ഷയിൽനിന്ന് അവൻ നിർഭയനാകുകയും ചെയ്തു.അല്ലാഹു ﷻ പറയുന്നു:

'വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗ്ഗം പ്രാപിച്ചവർ.' (വി ക്വു: അൽഅൻആം:82)

നബിﷺ പറഞ്ഞു: ''അല്ലാഹുവിൽ നിന്നും അടിമകൾക്കുള്ള അവകാശം, അവനിൽ പങ്കുചേർക്കാത്തവരെ അവൻ ശിക്ഷിക്കുകയില്ല എന്നതാണ് ''.21

## തൗഹീദിന്റെ ഇനങ്ങൾ

തൗഹീദ് രണ്ട് വിഭാഗമാണ്.

**ഒന്ന്: അത്തൗഹീദുൽ ഇൽമി.**

സൂറത്തുൽ ഇഖ്‌ലാസ് അതാണ് അറിയിക്കുന്നത്. ഇത് തൗഹീദുറുബൂബിയ്യത്തിനേയും തൗഹീദുൽ അസ്മാഇ വസ്സ്വിഫാതിനേയും ഉൾകൊള്ളുന്നു.

**രണ്ട്: തൗഹീദുൽ ഇറാദത്തി വൽ ക്വസ്ദി.**

സൂറത്തുൽ കാഫിറൂൻ അതാണ് അറിയിക്കുന്നത്. ഇത് തൗഹീദു റുബൂബിയ്യത്തിനേയും തൗഹീദുൽ ഉലൂഹിയത്തിനേയും ഉൾകൊള്ളുന്നു.

അപ്പോൾ തൗഹീദിന്റെ ഇനങ്ങൾ മൂന്നാകുന്നു. തൗഹീദു റുബൂബിയ്യഃ, തൗഹീതുൽഉലൂഹിയ്യഃ, തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്.

**തൗഹീദുറുബൂബിയഃ:**

സൃഷ്ടിപ്പ്, ഭക്ഷണം നൽകൽ, നിയന്ത്രിക്കൽ, ജീവിപ്പിക്കൽ, മരിപ്പിക്കൽ, പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയ അല്ലാഹുﷻവിന്റെ പ്രവർത്തനങ്ങളിൽ അവനെ ഏകനാക്കലാകുന്നു തൗഹീദുറുബൂബിയ്യഃ. അപ്പോൾ അല്ലാഹു, അവനാകുന്നു സൃഷ്ടാവും അന്നദാതാവും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും കാര്യങ്ങൾ നിയന്ത്രിക്കുന്നവനും മഴ വർഷിപ്പിക്കുന്നവനും. ഈ കാര്യം മുശ്‌രിക്കുകൾ അംഗീകരിച്ചിരുന്നു. പക്ഷെ അത് അംഗീകരിക്കൽ

---

21 ബുഖാരി, മുസ്‌ലിം

അവർക്ക് ഉപകാരപ്പെടുകയോ അത് അവരെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുകയോ ചെയ്തില്ല. അല്ലാഹു ﷻ പറയുന്നു:

'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്.' (വി. ക്വു: അസുമർ; 38)

**തൗഹീദു റുബൂബിയ്യഃക്കുള്ള തെളിവ്:**

അല്ലാഹു പറയുന്നു: 'സ്തുതികൾ മുഴുവനും സർവ്വലോക പരിപാലകനായ അല്ലാഹുവിന് മാത്രം.'(വി.ക്വു: അൽഫാതിഹ:2)

അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിക്കലും അവനാണ് സൃഷ്ടാവും അന്നദാതാവും നിയന്താവും എന്ന് അംഗീകരിക്കലും ഒരാളെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുവാൻ പര്യാപ്തമല്ല. കാരണം ധാരാളം മുശ്‌രിക്കുകൾ തൗഹീദു റുബൂബിയ്യഃ അംഗീകരിച്ചിരുന്നു. അതോടൊപ്പം തൗഹീദുൽ ഉലൂഹിയഃ അംഗീകരിക്കാത്ത കാരണത്താൽ അതവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. അധികമാളുകളും ധരിച്ചിരിക്കുന്നത് പ്രവാചകൻമാർ നിയോഗിക്കപ്പെട്ടത് തൗഹീദു റുബൂബിയതിനുവേണ്ടിയാണ് എന്നും അല്ലാഹുവിനെ സ്ഥാപിച്ചാൽ അതവനെ ഏകനാക്കിയെന്നും അതാണ് യഥാർത തൗഹീദ് എന്നുമൊക്കെയാണ്. എന്നാൽ ഇത് തെറ്റാണ്. അതു കൊണ്ടുതന്നെ അല്ലാഹുവിനെയല്ലാതെ അവർ ആരാധിക്കുകയും അതോടൊപ്പം തങ്ങളുടെ പ്രവർത്തനം ശിർക്കല്ല എന്ന് അവർ വാദിക്കുകയും ചെയ്യുന്നു. അല്ലാഹുവിന് പുറമെ മറ്റൊരു സൃഷ്ടാവിനെ അംഗീകരിച്ചാൽ മാത്രമേ ശിർക്കാകുകയുള്ളൂ എന്നും വാദിക്കുന്നു. തൗഹീദിന്റെ വിഷയത്തിൽ അവരെ അല്ലാഹുവിൽ സുവ്യക്തമായ ശിർക്ക് ചെയ്യുന്നവരാക്കി മാറ്റി.

**തൗഹീദുൽ ഉലൂഹിയ്യഃ:**

ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാണ് തൗഹീദുൽ ഉലൂഹിയ്യഃ. അതിനാൽ അല്ലാഹുവിനോടൊപ്പം ഒരാളെയും പങ്കു ചേർക്കരുത്. പ്രാർത്ഥന, അറവ്, നേർച്ച, നമസ്കാരം, ഭയം, പ്രതീക്ഷ, ഭരമേൽപ്പിക്കൽ, സഹായതേട്ടം, തുടങ്ങിയ ആരാധനകൾ മുഴുവനും അവന് മാത്രം സമർപ്പിക്കൽ അനിവാര്യമാണ്. അതിൽ ഏതെങ്കിലും ഒന്ന് അല്ലാഹുവല്ലാത്തവരിലേക്ക് തിരിച്ചുവിട്ടാൽ അവൻ തൗഹീദുറുബൂബിയത്ത് അംഗീകരിച്ചാലും ശരി ഏകദൈവ വിശ്വാസി ആകുകയില്ല. അവൻ മുശ്രിക്കായിരിക്കും.

തൗഹീദുൽ ഉലൂഹിയ്യതിന് വേണ്ടിയാണ് പ്രവാചകൻമാർ നിയോഗിക്കപെട്ടതും വേദഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടതും.വല്ലവനും തൗഹീദുൽ ഉലൂഹിയ്യഃ വേണ്ടവിധം മനസ്സിലാക്കിയാൽ ഭൂരിപക്ഷം ജനങ്ങളും അതിനെ നഷ്ടമാക്കിയതും അതിലുള്ള അവരുടെ അവഗണനയും അജ്ഞതയും അറിയുവാൻ കഴിയും.

വിഗ്രഹങ്ങൾ, ബിംബങ്ങൾ എന്നിവക്കുള്ള ആരാധനയിൽ നിന്ന് മുക്തമാകുക എന്നതുമാത്രമല്ല തൗഹീദ്. മറിച്ച് അല്ലാഹുവല്ലാത്തവർക്കുള്ള സർവ്വ ആരാധനകളിൽനിന്നും മുക്തമാകുകയും അവയിൽനിന്നും അതിന്റെ ആളുകളിൽനിന്നും ഒഴിവാകുകയും ആരാധനകൾ മുഴുവനും അല്ലാഹുവിന് മാത്രം ആത്മാർത്ഥമായി സമർപ്പിക്കുകയും വേണം.

ഒരാൾ അല്ലാഹുവിനെ ആരാധിക്കുന്നു, എന്നാൽ അവന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിച്ചിട്ടില്ലെങ്കിൽ അവൻ ശക്തമായ പാശം (തൗഹീദ്) മുറുകെ പിടിച്ചവനാകുകയില്ല.അല്ലാഹു ﷻ പറയുന്നു:

‘ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു.’ (വി. ക്വു: അൽ ബക്വറ:256)

നബിﷺപറഞ്ഞു:‘അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് വല്ലവനും പറയുകയും അവന് പുറമെ ആരാധിക്കപ്പെടുന്നതിനെ നിഷേധിക്കുകയും ചെയ്താൽ അവന്റെ ധനവും രക്തവും നിഷിദ്ധമായി, അവന്റെ വിചാരണ അല്ലാഹുവിന്റെ മേൽ ബാധ്യതയാകുന്നു’.22

താഗൂത്തിനെ (ദുർമുർത്തികളെ) ആര് നിഷേധിച്ചിട്ടില്ലെയോ അവൻ ശക്തമായ പാശം (ലാഇലാഹ ഇല്ലല്ലാ) മുറുകെ പിടിച്ചവനാകുകയില്ല. മറിച്ച് അതിൽനിന്ന് ഒഴിവാകുകയും അതിനെ അവഗണിക്കുകയും പാഴാക്കുകയും ചെയ്തു.അവന്റെ ധനവും രക്തവും പവിത്രമായവനാവുകയുമില്ല. എന്നുമാത്രമല്ല പ്രവാചകൻമാർ പ്രബോധനം ചെയ്ത മതത്തിന്റെ കാതലും, ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലും അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയിൽനിന്നും ഒഴിവാകലുമാകുന്നു.ഇതാണ് ഇബ്റാഹീം നബിعليه السلامയുടെ ആദർശം. അല്ലാഹുﷻ പറയുന്നു:

‘നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹു

[22] മുസ്‌ലിം

വിൽ മാത്രം വിശ്വസിക്കുന്നതുവരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു' (വി. ക്വു: അൽമുംതഹിന: 4)

'ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവനൊഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നതാണ്. അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു.'(വി.ക്വു: അസ്സുഖുറുഫ്:26..28)

നമ്മുടെ ഈ കാലഘട്ടത്തിൽ തൗഹീദുൽ ഉലൂഹിയയുടെ അവസ്ഥ പരിശോധിച്ചാൽ അധികമാളുകളുടെ പക്കലും അതിന്റെ അവശിഷ്ടങ്ങളും അടയാളങ്ങളും നഷ്ടപെട്ടതായി നിനക്ക് കാണാം. അതിനുള്ള രണ്ട് ഉദാഹരണങ്ങൾ വിവരിക്കാം.

**ഒന്ന്: അറവ്**

മഹത്തായ ഒരു ആരാധനയാകുന്നു അറവ്.അല്ലാഹു ﷻ തന്റെ പ്രവാചകനോട് പറയുന്നു: 'ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക' (വി. ക്വു : അൽകൗഥർ: 2)

അറവ് ആരാധനയാണ് എന്ന് മനസ്സിലാക്കിയാൽ അത് അല്ലാഹുവല്ലാത്തവരിലേക്ക് തിരിക്കൽ ശിർക്കാകുന്നു. അലി رضي الله عنه വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു:'അല്ലാഹുവിന്റെ ദൂതൻ നാല് വചനങ്ങൾ എനിക്ക് പറഞ്ഞു തന്നു അതിൽ ഇപ്രകാ

രം ഉണ്ട്: അല്ലാഹുവല്ലാത്തവർക്ക് അറുത്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു''[23].

തൗഹീദുൽ ഉലൂഹിയ്യത്തിനെകുറിച്ചുള്ള അറിവില്ലായ്മ കാരണത്താൽ ഈകാലഘട്ടത്തിൽ അല്ലാഹുവല്ലാത്തവർക്കുള്ള അറവ് വർദ്ധിച്ചിരിക്കുന്നു.വിവരദോഷികളായ ചിലർ ഏതെങ്കിലും സ്ഥലത്ത് ഇറങ്ങുമ്പോൾ ജിന്നിന്റെ ഉപദ്രവം അവനെ ബാധിക്കാതിരിക്കുവാൻവേണ്ടി ജിന്നിന് സാമീപ്യമായി ഒരു ഉരുവിനെ ബലിയറുക്കുന്നു.ഇത്തരം ബലികൾ അല്ലാഹുവിൽ ശിർക്ക് വെക്കുന്നതിൽപെട്ടതാണല്ലോ.

**രണ്ട്: അല്ലാഹു ﷻ അല്ലാത്തവരോടുള്ള പ്രാർത്ഥന**

പ്രാർത്ഥന മഹത്തായ ആരാധനയാണ്. ഉപകാരം സാധിക്കാനും ഉപദ്രവം തടുക്കുവാനമുള്ള മഹത്തായ കാരണമാണിത്.അടിമക്ക് അല്ലാഹു ആവശ്യമാണ് എന്നതിന്റേയും അവൻ അല്ലാഹുവിലേക്ക് കൈ നീട്ടേണ്ടവനാണ് എന്നതിന്റേയും അടയാളവുമാണത്. അല്ലാഹു അവനോട് പ്രാർത്ഥിക്കുവാൻ അടിമകളെ കൽപ്പിച്ചു. അല്ലാഹു ﷻ പറയുന്നു:

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.' (വി. ഖുർ അൽ ഗാഫിർ: 60)

നബി ﷺ പറഞ്ഞു: 'പ്രാർത്ഥന അതുതന്നെയാണ് ആരാധന'[24].

പ്രാർത്ഥന ഏറ്റവും മഹത്തായ ആരാധനയാണെങ്കിൽ അത് അല്ലാഹുവല്ലാത്തവരിലേക്ക് തിരിക്കൽ ശിർക്കാകുന്നു.എന്നാൽ മുസ്ലിംകളാണെന്ന് പറയുന്ന നിരവധിയാളുകളുടെ അവസ്ഥ

---

[23] മുസ്ലിം

[24] തിർമിദി. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

നീ നോക്കുക, ക്വബറിൽ മറമാടപെട്ടവരോടുള്ള അവരുടെ അവസ്ഥയെന്താണ്? അവരുടെ പ്രാർത്ഥനകൾ മൺമറഞ്ഞവരിലേക്കും മരണപ്പെട്ടവരിലേക്കും തിരിച്ചിരിക്കുന്നു.അവർ കേൾക്കും എന്ന രൂപത്തിൽ അവരോട് പ്രാർത്ഥിക്കുന്നതായി നിനക്കവരെ കാണാം. അവർ ഹാജറുള്ളവരും കഴിവുറ്റവരുമാണ് എന്ന രൂപത്തിലാണ് അവരോടവർ സഹായം ചോദിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

'അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെനിനക്ക് വിവരം തരാൻ ആരുമില്ല.'(വി.ക്വു:അൽഫാത്വിർ :13,14)

മരണപ്പെട്ടവരോട് ശുപാർശക്ക് തേടലും ആഗ്രഹ സഫലീകരണത്തിന് തേടലും അല്ലാഹുവിൽ പങ്കുചേർക്കലാകുന്നു.തേടപ്പെടുന്നവർ അമ്പിയാക്കൻമാരായിരുന്നാലും ഔലിയാക്കന്മാരായിരുന്നാലും ശരി. അത് തൗഹീദുൽ ഉലൂഹിയത്തിന് വിരുദ്ധവുമാകുന്നു. തൗബ ചെയ്തില്ലെങ്കിൽ ആ പാപം അല്ലാഹു പൊറുക്കുകയില്ല. അപ്രകാരമാണ് അവൻ മരണപ്പെടുന്നത് എങ്കിൽ ശാശ്വതനായി നരകത്തിലായിരിക്കും. അല്ലാഹുവിൽ ശരണം.

## തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്

അല്ലാഹു തനിക്ക് പേരുവെച്ചതുകൊണ്ടും തന്നെ വിശേഷിപ്പിച്ചതു കൊണ്ടും അല്ലാഹുവിന്റെ റസൂൽ 'അല്ലാഹുവിന് പേ

രു വെച്ചതുകൊണ്ടും അവനെ വിശേഷിപ്പിച്ചതുകൊണ്ടും യാതൊരു വ്യാഖ്യാനമോ, കോട്ടിമാട്ടലുകളോ രൂപകൽപ്പനയോ എങ്ങിനെഎന്ന ചോദ്യമോ ഇല്ലാതെ അല്ലാഹുവിന് പേരുവെക്കുകയും വിശേഷിപ്പിക്കുകയും ചെയ്യുക എന്നാണ് തൗഹീദുൽ അസ്മാഇ വസ്സ്വിഫാത് എന്നതിന്റെ ആശയം.

**തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്തിനുള്ള തെളിവ്:**

അല്ലാഹു പറയുന്നു;

'അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ ദുആഅ് ചെയ്യുക.,' (വി. ക്വു: അൽ അഅ്റാഫ്: 180)

'അല്ലാഹു – അവനല്ലാതെ ഒരു ഇലാഹുമില്ല. അവന്റേതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ.' (വി. ക്വു. ത്വാഹ: 8)

നബിﷺ പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിന് തൊണ്ണൂറ്റി ഒൻപത് നാമങ്ങളുണ്ട് ആരെങ്കിലും അത് ക്ലിപ്തപ്പെടുത്തിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു'[25].

അല്ലാഹുവിന്റെ നാമവിശേഷങ്ങൾ നിഷേധിക്കൽ സൃഷ്ടാവിനെ നിഷേധിക്കലാണ്. അല്ലാഹുവിന്റെ നാമവിശേഷങ്ങളിൽ വിശ്വസിക്കുന്നതുവരെ ഒരു അടിമ ഇസ്ലാമിൽ പ്രവേശിക്കുകയില്ല.

തൗഹീദിന്റെ ഈ ഇനത്തെകുറിച്ച് പഠിക്കലും ചിന്തിക്കലും അനിവാര്യമാണ്.ചില പണ്ഡിതവേഷധാരികൾ ഈ വിഷയത്തിൽ തെറ്റിലകപ്പെട്ടിരിക്കുന്നു. ഒരു വിഭാഗം ആളുകൾ ഇതിൽ ഇടറിപ്പോയിരിക്കുന്നു. അല്ലാഹു ﷻ തന്നെക്കുറിച്ച് വിശേഷിപ്പിച്ചത് സൃഷ്ടികളുമായി സദൃശ്യപെടും എന്ന് ധരിച്ച് അവർ നിഷേധി

---

[25] ബുഖാരി, മുസ്ലിം

ച്ചു. അവരുടെ തെറ്റായ ധാരണമൂലം അവർ വഴിപിഴച്ചു. അങ്ങിനെ ക്വുർആനിനും സുന്നത്തിനും മുൻഗാമികളുടെ ഇജ്മാഇനും അവർ എതിരായി.

## തൗഹീദിന്റെ സ്വാധീനം

1. ആരെങ്കിലും തൗഹീദ് യാഥാർത്ഥ്യമാക്കിയാൽ വിചാരണയും ശിക്ഷയും കൂടാതെ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും.

2. പാപങ്ങൾ പൊറുക്കുവാനുള്ള കാരണമാണ് തൗഹീദ്.

3. നരകത്തിൽ ശാശ്വതനാകുന്നതിനെ അത് തടയും

4. തൗഹീദിന്റെ വാക്താവിന് ഇഹപരജീവിതത്തിൽ പരിപൂർണ്ണമായ നിർഭയത്വവും സന്മാർഗ്ഗവും ലഭിക്കും.

5. എല്ലാ വാക്കുകളും പ്രവർത്തികളും തൗഹീദിന്റെ അടിസ്ഥാനത്തിലാണ് സ്വീകരിക്കപ്പെടുക.

6. തൗഹീദ് വേദനകളെ കുറക്കുകയും പ്രയാസങ്ങൾ ലഘൂകരിക്കുകയും ചെയ്യും.

7. തൗഹീദിന്റെ വാക്താക്കളെ വിജയിപ്പിക്കലും സഹായിക്കലും അല്ലാഹു ﷻ ബാധ്യതയായി ഏറ്റിരിക്കുന്നു.

### ലാഇലാഹ ഇല്ലല്ലയുടെ ആശയം

ക്വുർആനും സുന്നത്തും അറിയിക്കുന്ന ലാഇലാഹ ഇല്ലല്ലയുടെ ആശയം യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ യാ തൊരുവിധ ആരാധ്യനുമില്ല എന്നാകുന്നു. മഹത്തായ ഈ വാചകത്തിന് നൽകിയ നിർവ്വചനത്തിൽ ഒരു സ്ഥിരീകരണവും ഒരു നിരാകരണവും നാം ഒരുമിച്ചുകൂട്ടിയിരിക്കുന്നു. അല്ലാഹുവല്ലാത്ത സർവ്വരിൽ നിന്നും ആരാധനയെ നിരാകരിക്കലാണ് നിരാകരണം കൊണ്ടുള്ള വിവക്ഷ. സ്ഥിരീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്

ആരാധന അല്ലാഹുവിന് മാത്രം സ്ഥാപിക്കലാണ്. ആധിപത്യ ത്തിൽ അവന് ഒരു പങ്കാളിയും ഇല്ലാത്തതുപോലെ ആരാധന യിൽ അവന് ഒരു പങ്കാളിയുമില്ല.

അല്ലാഹു ﷻ പറയുന്നു:

'അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ള വൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥി ക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാ ഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.' (വി. ക്വു: അൽഹജ്ജ് 62)

**മുഹമ്മദുൻ റസൂലുല്ല എന്നതിന്റെ അർത്ഥം:**

മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ തിരുദാസനും മനുഷ്യ ജി ന്ന് വർഗ്ഗങ്ങളിൽപെട്ട മുഴുലോകരിലേക്കും സാക്ഷിയും സുവി ശേഷകനും മുന്നറിയിപ്പുകാരനും പ്രബോധകനും വഴി തെളി യിക്കുന്ന മാർഗ്ഗദീപവുമായുള്ള അല്ലാഹുവിന്റെ തിരുദൂതനുമാ ണെന്ന് നാവുകൊണ്ട് മൊഴിയുന്നതോടൊപ്പം ഹൃദയത്തിൽ ഉറ ച്ച് സാക്ഷ്യപ്പെടുത്തലാണ് മുഹമ്മദുൻ റസൂലുല്ലാഹ് സാക്ഷ്യവ ചനം അർത്ഥമാക്കുന്നത്. കഴിഞ്ഞുപോയതും വരാനിരിക്കുന്ന തുമായി അദ്ദേഹം അറിയിച്ചുതന്ന സർവ്വകാര്യങ്ങളേയും, അദ്ദേ ഹം ഹലാലാക്കിയ കാര്യങ്ങളേയും ഹറാമാക്കിയവയേയും സ ത്യപെടുത്തൽ നിർബന്ധമാണ്. അദ്ദേഹം കൽപ്പിച്ചതിന് കീഴൊ തുങ്ങുക, അവ നിറവേറ്റുക, അദ്ദേഹം വിരോധിച്ച തിൽനിന്ന് ഒ ഴിവാകുക, അദ്ദേഹത്തിന്റെ മതനിയമം അനുധാവനം ചെയ്യുക യും അദ്ദേഹം പറഞ്ഞത് തൃപ്തിപെട്ടുകൊണ്ടും അതിന് കീഴ് പെട്ടുകൊണ്ടും അദ്ദേഹത്തിന്റെ സുന്നത്ത് മുറുകെ പിടിക്കുക എന്നതും നിർബമാണ്.

ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് പറഞ്ഞു: ‘ശഹാദത്തു അന്ന മുഹമ്മദൻ റസൂലുള്ള എന്നാൽ, അദ്ദേഹം കൽപ്പിച്ചത് അനുസരിക്കുകയും അറിയിച്ചത് സത്യ പെടുത്തുകയും വിരോധിച്ചതിൽനിന്ന് വിട്ടുനിൽക്കുകയും അ ദ്ദേഹം മതപരമാക്കിയതനുസരിച്ചുമാത്രം അല്ലാഹുവിനെ ആരാ ധിക്കലുമാണ്’26.

## ഇബാദത്ത്

അല്ലാഹുﷻ പറയുന്നു: ‘ജിന്നുകളെയും മനുഷ്യരെയും എ ന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.’ (വി. ക്വു: അദ്ദാരിയാത്ത്: 56)

ഈ മഹത്തായ സൂക്തത്തെകുറിച്ച് പരിചിന്തനം നടത്തുന്ന വന് എന്തൊരു മഹത്തായ കാര്യത്തിനാണ് നാം സൃഷ്ടിക്കപ്പെ ട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുന്നതായി കാണാം. അല്ലാഹുവി ന്റെ ഭൂമിയിൽഅവനുള്ള ആരാധന യാഥാർത്ഥ്യമാക്കലാണ് ആ ലക്ഷ്യം.ഈ മഹത്തായ ധർമ്മം ആരെങ്കിലും നിർവ്വഹിച്ചാൽ അ വന്റെ ഉണ്മയുടെ ഉദ്ദേശം അവൻ സഫലമാക്കി.ആരെങ്കിലും അ തിൽ വീഴ്ചവരുത്തിയാൽ അവന്റെ ജീവിതം ലക്ഷ്യമുക്തവും അടിസ്ഥാന ആശയത്തിൽനിന്നും നഷ്ടമായതാവുകയും ചെയ്തു.

അല്ലാഹുﷻ ഇഷ്ടപെടുകയും തൃപ്തിപെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ വാക്കുകളും പ്രവർത്തനങ്ങളും അനുഷ്ഠിക്കുന്നതിന്റേയും അവക്ക് എതിരാകുന്നവയിൽനിന്ന് ഒ ഴിവാകുന്നതിന്റേയും മൊത്തത്തിലുള്ള നാമമാണ് ആരാധന.

**ഇബാദത്തിന്റെ നിബന്ധനകൾ**

26 ഉഥൂലു അസ്സലാഥ.

ഇബാദത്ത് ശരിയാകണമെങ്കിൽ മൂന്ന് നിബന്ധനകൾ അനിവാര്യമായിരിക്കണം

**ഒന്ന്: സത്യസന്ധമായ ഉറച്ച തീരുമാനം**

അതായത് വാക്ക് പ്രവർത്തനവുമായി സത്യസന്ധമാകാൻ പരിശ്രമിക്കുകയും അലസതയും മടിയും ഒഴിവാക്കുകയും ചെയ്യുക. അല്ലാഹു ﷻ പറയുന്നു:

'സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു.' (വി. ക്വു: അസ്സ്വഫ്ഫ്:2,3)

**രണ്ട്: ഇഖ്ലാസ്**

അടിമയുടെ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകളും പ്രവർത്തനങ്ങളും അല്ലാഹുവിന്റെ പ്രീതി ലക്ഷ്യം വെച്ചായിരിക്കണം എന്നതാണ് ഇഖ്ലാസ്വിന്റെ ആശയം. അല്ലാഹു ﷻ പറയുന്നു:

'കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജു മനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല.' ( വി. ക്വു: അൽബയ്യിന: 5)

**മൂന്ന്: അല്ലാഹു ﷻ കൽപ്പിച്ച മതനിയമങ്ങളോട് യോജിച്ചു വരിക.**

അല്ലാഹു മതമാക്കിയതനുസരിച്ചല്ലാതെ അവൻ ആരാധിക്കപ്പെടാൻ പാടില്ല എന്നത് ഇസ്‌ലാം ദീനാകുന്നു. ഇസ്‌ലാമല്ലാത്ത മറ്റൊരു മതവും അല്ലാഹു സ്വീകരിക്കുകയില്ല. അല്ലാഹു പറയുന്നു:

‘ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.’ (വി. ക്വു: ആലുഇംറാൻ: 85)

ആയിശ(റ)യിൽനിന്നും നിവേദനം അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: ‘നമ്മുടെ കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്’[27].

ആരാധനയുടെ മൂന്ന് നിബന്ധനകളാണവ. ഇവകൊണ്ടല്ലാതെ ആരാധനക്ക് നിലനിൽപ്പില്ല. സത്യസന്ധമായ ഉറച്ച തീരുമാനം അതിന്റെ ആരംഭത്തിലുള്ള നിബന്ധനയാണ്. ഇഖ്‌ലാസും അല്ലാഹു കൽപ്പിച്ച മതനിയമങ്ങളോട് യോജിച്ചുവരിക എന്നതും ആരാധന സ്വീകരിക്കപ്പെടാനുള്ള നിബന്ധനകളാണ്. അവ മൂന്നും ചേർന്നുവന്നാലല്ലാതെ ആരാധന സ്വീകരിക്കപ്പെടുകയില്ല.

**ഇബാദത്തിന്റെ അടിസ്ഥാന ഘടകങ്ങൾ**

**ഒന്ന്: പരിപൂർണ്ണ സ്നേഹം.**

**രണ്ട്: പരിപൂർണ്ണമായ കീഴൊതുക്കം.**

ഇവ രണ്ടും ഒത്തിണങ്ങാതെ ഇബാദത്ത് ഉപകരിക്കുകയില്ല. ചില സലഫുകൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘കേവല സ്നേഹം കൊണ്ട് മാത്രം ഒരാൾ അല്ലാഹുവിനെ ആരാധിച്ചാൽ അവൻ സിൻദീക്വായി (നിർമ്മതവാദി).പ്രതീക്ഷയർപ്പിച്ച് മാത്രം ഒരാൾ അല്ലാഹുവിനെ ആരാധിച്ചാൽ അവൻ മുർജിഅ്[28] ആയി.ഭയ

[27] ബുഖാരി, മുസ്‌ലിം

[28] ഈമാൻ ഒരാളിൽ ഉണ്ടെങ്കിൽ അയാളുടെ പാപങ്ങൾ അയാൾക്ക് ഉപദ്രവമാകുകയില്ല, അപ്രകാരം കുഫ്റ് ഒരാളിൽ ഉണ്ടെങ്കിൽ സൽകർമ്മങ്ങൾ കൊണ്ട് അയാൾക്ക് യാതൊരു ഫലവുമുണ്ടാകില്ല എന്ന് വാദിക്കുന്നവരാണ് മുർജിയാക്കൾ (വിവഃ)

ത്തോട്കൂടി മാത്രം ഒരാൾ അല്ലാഹുവിനെ ആരാധിച്ചാൽ അവൻ ഹറൂറിയായി[29]. ആരെങ്കിലും സനേഹത്തോടും ഭയപ്രതീക്ഷകളോടും അല്ലാഹുവിനെ ആരാധിച്ചാൽ അവൻ മുവഹിദായ വിശ്വാസിയാണ്[30].

വിശ്വാസികളുടെ വിശേഷണമായി അല്ലാഹു ﷻ പറയുന്നു: ‘എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ’ (വി. ക്വു: അൽബക്വറ:165)

‘തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ,’ (വി. ക്വു: അൽമുഅ്മിനൂൻ: 57)

‘തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു.അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.’ (വി.ക്വു അൽ അമ്പിയാഅ്: 90)

## ത്വഹാറത്ത് (ശുദ്ധി)

ക്വുർആനിന്റേയും ഹദീഥിന്റെയും അടിസ്ഥാനത്തിൽ ത്വഹാറത്ത് (ശുദ്ധി) നിർബന്ധമാകുന്നു. അല്ലാഹു ﷻ പറയുന്നു:

---

[29] മുസ്ലിം സമൂഹത്തിലെ അവാന്തര വിഭാഗമായ ഖവാരിജുകളുടെ മറ്റൊരു നാമമാണ് ഹറൂറിയാക്കൾ. അലി ﵁ വിന്റെ നേതൃത്വത്തിന് കീഴിൽ മുസ്ലിം സമൂഹത്തോടൊപ്പം നിൽക്കാതെ ഇറാക്കിലെ ഹറൂറ എന്ന സ്ഥലത്ത് അവർ ഒരു പ്രത്യേക വിഭാഗമായി ഒരുമിച്ചു കൂടുകയും മുസ്ലിം സമൂഹത്തിനെതിരെ ഒരുങ്ങിപുറപ്പെടുകയും ചെയ്തു. പാപങ്ങൾ ചെയ്യുന്നവർ കാഫിറാണെന്നും അവർ ശാശ്വതരായി നരകത്തിലായിരിക്കുമെന്നും അവരുടെ രക്തവും ധനവും അനുവദനുയമാണ് എന്നും അവർ വാദിച്ചു.(മആരിജുൽ കബൂൽ) (വിവഃ)

[30] മആരിജുൽ ക്വബൂൽ, ഹാഫിള് അൽഹകമി.

‘തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു’ (വി. ക്വു. അൽബക്വറ: 222)

നബിﷺപറഞ്ഞു:‘നമസ്കാരത്തിന്റെ താക്കോൽ ശുദ്ധി കൈവരിക്കലാകുന്നു’31.

ശുദ്ധി രണ്ട് ഇനമാകുന്നു. ഒന്ന്: ആത്മീയമായ ശുദ്ധി രണ്ട്: ഭൗതികമായ ശുദ്ധി.

**ഒന്ന്: ആത്മീയ ശുദ്ധി.**

സത്യസന്ധമായ തൗബ കൊണ്ട് പാപങ്ങളിൽനിന്നും കുറ്റങ്ങളിൽ നിന്നും ശരീരത്തെ ശുദ്ധീകരിക്കുക, ശിർക്ക്, സംശയം, അസൂയ, പക, വിദ്വേഷം, വഞ്ചന, അഹങ്കാരം, സ്ഥാനമോഹം തുടങ്ങിയ മ്ലേഛതകളിൽനിന്ന് ഹൃദയത്തെ ശുദ്ധമാകുക എന്നാണ് ഇതിന്റെ ഉദ്ദേശം. ഇഖ്ലാസ്, നന്മയോടുള്ള സ്നേഹം, വിനയം, സത്യസന്ധത, കർമ്മങ്ങളിൽ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുക എന്നിവയിലൂടെയല്ലാതെ ഈ ശുദ്ധീകരണം ഉണ്ടാകുകയില്ല.

**രണ്ട്: ഭൗതികമായ ശുദ്ധി.**

മ്ലേഛതയിൽനിന്നും അശുദ്ധിയിൽനിന്നുമുള്ള ശുദ്ധിയാണ് ഇതിന്റെ ഉദ്ദേശം. നമസ്കരിക്കുന്നവന്റെ വസ്ത്രം, ശരീരം, നമസ്കാര സ്ഥലം എന്നിവയിൽ നിന്ന് നജസുകളെ ത്വഹൂറായ വെള്ളംകൊണ്ട് നീക്കലാണ് മ്ലേഛതയിൽനിന്നുള്ള ശുദ്ധീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. അശുദ്ധിയിൽനിന്നുള്ള ശുദ്ധീകരണം എന്നാൽ വുദ്വു, കുളി, തയമ്മും എന്നിവയാണ്.

---

[31] തിർമിദി, ഇബ്നുമാജഃ, അഹ്മദ്. അൽബാനി ഹസൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

## മലമൂത്രവിസർജ്ജന മര്യാദകൾ

മലമൂത്ര വിസർജ്ജനത്തിന് ഉദ്ദേശിക്കുന്നവർ താഴെ പറയുന്ന മര്യാദകൾ പാലിച്ചിരിക്കണം.

1. ജനങ്ങളുടെ ദൃഷ്ടിയിൽനിന്നും വിദൂരമായ വിജനമായ സ്ഥലം അന്വേഷിക്കുക.

2. അല്ലാഹുവിന്റെ നാമമുള്ള ഒന്നും കൂടെ പ്രവേശിപ്പിക്കാതിരിക്കുക.

3. വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഇടതു കാൽ മുന്നോട്ടു വെക്കുക.

4. പ്രവേശിക്കാൻ ഉദ്ദേശിക്കുമ്പോൾ

باسم الله  اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْخُبُثِ وَالْخَبَائِثِ

അല്ലാഹുവിന്റെ നാമത്തിൽ, (അല്ലാഹുവേ എല്ലാവിധ ആൺ പെൺ പിശാചുകളിൽനിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു) എന്ന് പ്രാർത്ഥിക്കുക.

5. ഇരിക്കുവാൻ നിലത്തോടടുക്കുമ്പോൾ മാത്രം വസ്ത്രം ഉയർത്തുക.

6. ക്വിബ്‌ലക്ക് മുന്നിട്ടോ പിന്നിട്ടോ ഇരിക്കാതിരിക്കുക.

7. ഫലം കായ്ക്കുന്ന വൃക്ഷം, ജനങ്ങളുടെ വഴി, തണൽ സ്ഥലം വെള്ളമുള്ള സ്ഥലം എന്നിവിടങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്താതിരിക്കുക.

8. മലമൂത്ര വിസർജ്ജന സമയത്ത് സംസാരിക്കാതിരിക്കുക.

### മലമൂത്ര വിസർജ്ജനം കഴിഞ്ഞശേഷം പാലിക്കേണ്ട മര്യാദകർ

1. ഭക്ഷണ പദാർത്ഥങ്ങൾ, കാഷ്ടം,എല്ല് മുതലായവ ശൗച്യം ചെയ്യാൻ ഉപയോഗിക്കാതിരിക്കുക.

2. വലതുകൈകൊണ്ട് ശൗച്യം ചെയ്യുകയോ, ലിംഗം പിടിക്കുകയോ ചെയ്യാതിരിക്കുക.

3. കല്ല് കൊണ്ട് ശൗച്യം ചെയ്യുമ്പോൾ ഒറ്റയാക്കി അവസാനിപ്പിക്കുക. ഉദാഹരണമായി മൂന്ന് കല്ലുകൾകൊണ്ട് വൃത്തിയാക്കുക അവകൊണ്ട് വൃത്തിയായില്ലെങ്കിൽ അഞ്ചെണ്ണം കൊണ്ട് വൃത്തിയാക്കുക.

4. കല്ലുകൊണ്ടും വെള്ളംകൊണ്ടും വൃത്തിയാക്കുകയാണെങ്കിൽ ആദ്യം കല്ല് ഉപയോഗിക്കുക ശേഷം വെള്ളം ഉപയോഗിക്കുക.അവയിൽ ഏതെങ്കിലും ഒന്നുപയോഗിച്ചാലും മതിയാകുന്നതാണ്.

5. പുറത്തുവരുമ്പോൾ വലതുകാൽ മുന്തിക്കുകയും. غفرانك (അല്ലാഹുവേ) നിന്നോട് ഞാൻ പാപമോചനം തേടുന്നു) എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.

## വുദ്വൂഅ്

അടിമ നമസ്കാരത്തിൽ പ്രവേശിക്കുന്നതിന് മുമ്പായി ചെറിയ അശുദ്ധിയിൽനിന്നും വലിയ അശുദ്ധിയിൽനിന്നും ശുദ്ധിയായിരിക്കണം. വലിയ അശുദ്ധി കുളിയിലൂടെയും ചെറിയ അശുദ്ധി വുദ്വൂവിലൂടെയും നീങ്ങുന്നതാണ്.വെള്ളം ലഭിക്കാതിരിക്കുക, ഉപയോഗിക്കാൻ പറ്റാതിരിക്കുക എന്നീ സന്ദർഭങ്ങളിൽ കുളിക്കും വുദുവിനും പകരമായി തയമ്മും ചെയ്യാവുന്നതാണ്.

ശുദ്ധമായ വെള്ളം നാല് അവയവങ്ങളിൽ (മുഖം, ഇരുകൈകൾ, തല, കാലുകൾ) പ്രത്യേകമായ രൂപത്തിൽ ഉപയോഗിക്കുന്നതിനാണ് വുദു എന്ന് പറയുക. ക്വുർആനിലും സുന്നത്തിലും അതിന് തെളിവുകൾ വന്നിരിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

‘സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക.’ (വി. ഖു. അൽമാഇദ:6)

നബിﷺ പറഞ്ഞു: “നിങ്ങളിൽ ഒരാളുടെ വുദു നഷ്ടപ്പെട്ടാൽ അവൻ (വീണ്ടും) വുദു എടുക്കുന്നതുവരെ അവന്റെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല’ 32.

**വുദൂഇന്റെ ശ്രേഷ്ഠത:**

വുദുവിനെ സംബന്ധിച്ച് അല്ലാഹുﷻ പറയുന്നു: ‘നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു.നിങ്ങൾ നന്ദിയുള്ളവരായേക്കാം.’(വി.ഖു:അൽമാഇദ:6)

അബൂഹുറൈറ رضي الله عنه പറഞ്ഞു: റസൂൽﷺ ഇപ്രകാരം പറഞ്ഞതായി ഞാൻ കേട്ടു:‘വുദുവിന്റെ അടയാളങ്ങൾ കാരണം (കൈകാലുകളും മുഖങ്ങളും) വെളുത്തവരായ നിലയിൽ എന്റെ സമുദായം നാളെ പരലോകത്ത് വിളിക്കപ്പെടും. അതിനാൽ നിങ്ങളിൽ ആർക്കെങ്കിലും അവ നീട്ടി കഴുകാൻ സാധിക്കുന്നുവെങ്കിൽ അവൻ അപ്രകാരം ചെയ്യട്ടെ’’33.

[32] ബുഖാരി, മുസ്ലിം

[33] ബുഖാരി, മുസ്ലിം

ഉഥ്മാൻ ഇബ്നു അഫ്ഫാൻﷺൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ ഇപ്രകാരം പറഞ്ഞു:'ഒരാൾ വുദൂഅ് ചെയ്യുകയും വുദൂഅ് നന്നാക്കുകയും ചെയ്താൽ അവന്റെ ശരീരത്തിൽ നിന്ന് അവന്റെ പാപങ്ങൾ പുറത്തുപോകും; അവന്റെ നഖങ്ങൾക്കിടയിൽ നിന്നുവരെ അവ പുറത്തുപോകും''[34].

അബൂഹുറൈറﷺയിൽ നിന്നും നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: ഒരു മുസ്ലിമായ അല്ലെങ്കിൽ മുഅ്മിനായ അടിമ വുദുവെടുക്കുകയും അവന്റെ മുഖം കഴുകുകയും ചെയ്താൽ ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ കണ്ണുകൊണ്ട് നോക്കിയ പാപങ്ങൾ അവന്റെ മുഖത്തുനിന്ന് പുറത്തുപോകും. അവന്റെ ഇരു കൈകളും കഴുകിയാൽ ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ കൈകൾകൊണ്ട് അവൻ പിടിച്ച പാപങ്ങൾ പുറത്തുപോകും.അവൻ ഇരു കാലുകളും കഴുകിയാൽ അവകൊണ്ട് അവൻ നടന്നുപോയ എല്ലാ പാപങ്ങളും ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം പുറത്തു പോകും. അങ്ങിനെ പാപങ്ങളിൽ നിന്നും ശുദ്ധനായി അവൻ പുറത്തുവരും'[35].

ഉമർﷺവിൽനിന്നും നിവേദനം: നബിﷺപറഞ്ഞു: 'നിങ്ങളിൽ ഒരാൾ പരിപൂർണ്ണമായി വുദുവെടുക്കുകയും പിന്നീട് ഇപ്രകാരം പറയുകയും ചെയ്താൽ

أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

---

[34] മുസ്ലിം

[35] മുസ്ലിം

(അല്ലാഹു, അവനല്ലാതെ ഒരു ആരാധ്യനുമില്ല, അവൻ ഏകനാണ്, അവന് പങ്കുകാരില്ല, മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു)

അവന് സ്വർഗ്ഗത്തിലെ എട്ട് കവാടങ്ങളും തുറക്കപെടാതിരിക്കുകയില്ല. അതിൽ അവന് ഇഷ്ടമുളളതിലൂടെ പ്രവേശിക്കാം'36.

തിർമിദിയുടെ റിപ്പോർട്ടിൽ ഇത്രകൂടിയുണ്ട്

اللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِين

(അല്ലാഹുവേ നീ എന്നെ പശ്ചാത്തപിക്കുന്നവരിലും ശുദ്ധിവരുത്തുന്നവരിലും ഉൾപ്പെടുത്തേണമേ) 37

**വുദുവിന്റെ ഫർളുകൾ,സുന്നത്തുകൾ,മക്റൂഹായ കാര്യങ്ങൾ.**

**വുദ്വുഇന്റെ ഫർദ്വുകൾ ആറാകുന്നു.**

ഒന്ന്: ഒരു ചെവികുറ്റി മുതൽ അടുത്ത ചെവിക്കുറ്റി വരെ (മുഖം) കഴുകുക. അല്ലാഹു ﷻ പറയുന്നു:

'നിങ്ങളുടെ മുഖങ്ങളും, .. കഴുകുകയും ചെയ്യുക.' (വി.ക്വു: അൽമാഇദ: 6) വായിൽ വെള്ളം ചുഴറ്റിത്തുപ്പലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും അതിൽ ഉൾപ്പെടുന്നതാണ്. കാരണം മൂക്കും വായയും മുഖത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. നബി ﷺ പറഞ്ഞു: 'നിങ്ങളിൽ ആരെങ്കിലും വുദ്വുവെടുക്കുകയാണെങ്കിൽ അവൻ മൂക്കിൽ വെളളമാക്കുകയും പിന്നീട് അത് ചീറ്റിക്കളയുകയും ചെയ്യട്ടെ'38.

---

36 മുസ്ലിം

37 തിർമിദി. അൽബാനി ദഈഫാണെന്ന് വിശേഷിപ്പിച്ചു.

38 മുസ്ലിം

രണ്ട്: കൈമുട്ടുകൾ ഉൾപടെ ഇരു കൈകളും കഴുകുക. അല്ലാഹു ﷻ പറയുന്നു: 'മുട്ടുവരെ രണ്ടു കൈകളും കഴുകുക' (വി. ക്വു: അൽമാഇദ: 6)

മൂന്ന്: നെറ്റിമുതൽ പിരടിവരെ തല തടവുക

അല്ലാഹു ﷻ പറയുന്നു: 'നിങ്ങളുടെ തല തടവുകയും ചെയ്യുക' (വി. ക്വു: അൽമാഇദ: 6)

നാല്: ഇരു കാലുകളും നെരിയാണി ഉൾപ്പടെ കഴുകുക. അല്ലാഹു ﷻ പറയുന്നു: 'നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക' (വി. ക്വു: അൽമാഇദ: 6)

അഞ്ച്: ക്രമപ്രകാരം ചെയ്യുക:

അല്ലാഹുവിന്റെ കൽപ്പനയിൽ ഈ അവയവങ്ങൾ കൃമീകൃതമായിട്ടാണ് വന്നിരിക്കുന്നത് എന്നതിനാൽ ആയത്തിൽ വന്ന പ്രകാരം ക്രമമായി കഴുകുകയും തടവുകയും ചെയ്യുക.

ആറ്: തുടർച്ചയായി ചെയ്യുക:

വുദൂഅ് ചെയ്യുന്നത് വിടവില്ലാത്ത രൂപത്തിൽ ഒരു സമയത്തു തന്നെ ചെയ്യുകയാണ് അതുകൊണ്ടുള്ള ഉദ്ദേശം. എന്നാൽ കുറഞ്ഞ വിടവാണെങ്കിൽ അത് പൊറുക്കപ്പെടുന്നതാണ്.

## വുദൂഇന്റെ സുന്നത്തുകൾ

1. ദന്തശുദ്ധി വരുത്തുക

2. ഇരു കൈപടങ്ങളും മൂന്നുപ്രാവശ്യം കഴുകുക. എന്നാൽ രാത്രി ഉറക്കിൽനിന്നും എഴുന്നേറ്റ ശേഷമാണെങ്കിൽ അവ പാത്രത്തിൽ പ്രവേശിപ്പിക്കുന്നതിനുമുമ്പ് കഴുകൽ നിർബന്ധമാണ്. നബി ﷺ പറഞ്ഞു: 'നിങ്ങളിൽ ഒരാൾ ഉറക്കിൽനിന്നും ഉണർന്നാൽ അവൻ പാത്രത്തിൽ കൈ പ്രവേശിപ്പിക്കുന്നതിന് മുമ്പായി

മൂന്ന് പ്രാവശ്യം കഴുകട്ടെ. കാരണം അവന്റെ കൈ എവിടെയാണ് രാത്രി കഴിച്ചുകൂട്ടിയിരുന്നത് എന്ന് അവന് അറിയുകയില്ല'39.

3. മുഖം കഴുകുന്നതിനു മുമ്പായി വായിൽ വെള്ളം കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക.

4. തിക്കുള്ള താടി ചികറ്റി കഴുകുക.

5. വലതു ഭാഗംകൊണ്ട് ആരംഭിക്കുക. അതായത് ആദ്യം വലതു ഭാഗത്തുള്ള അവയവങ്ങൾ കഴുകുക ശേഷം ഇടതുഭാഗത്തുള്ള അവയവങ്ങൾ കഴുകുക.

6. വുദുഇൽ നിന്നും വിരമിച്ചശേഷം പ്രാർത്ഥിക്കുക.

7. വുദുഇന് ശേഷം വുദുഇന്റെ രണ്ട് റക്അത്ത് നമസ്കരിക്കുക.

**വുദുഇൽ വെറുക്കപ്പെട്ട കാര്യങ്ങൾ.**

1. നജസുള്ള സ്ഥലത്തുവെച്ച് വുദ്വൂഅ് എടുക്കുക;കാരണം ഒരുവേള നജസ് അവിടെനിന്നും തന്നിലേക്ക് തെറിച്ചേക്കാം.

2. അവയവങ്ങൾ കഴുകുന്നത് മൂന്നിൽ കൂടുതൽ അധികരിപ്പിക്കുക.

3. വെള്ളം ഉപയോഗിക്കുന്നതിൽ അമിതവ്യയം കാണിക്കുക.

4. വുദുവിന്റെ സുന്നത്തുകൾ ഉപേക്ഷിക്കുക. കാരണം അത് പ്രതിഫലം നഷ്ടപ്പെടുത്താൻ കാരണമാണ്

5. സ്ത്രീ ഉപയോഗിച്ച വെള്ളത്തിന്റെ ബാക്കികൊണ്ട് വുദു ചെയ്യുക.

**വുദ്വുവിന്റെ രൂപം**

---

[39] ബുഖാരി, മുസ്ലിം

വുദുവിന് രണ്ട് രൂപമുണ്ട്. ഒന്ന് പര്യാപ്തമായ രൂപം രണ്ട്: പരി പൂർണ്ണമായ രൂപം

ഒന്ന്: പര്യാപ്തമായ രൂപം

വുദുവിനെ കരുതുകയും പിന്നീട് ബിസ്മി ചൊല്ലുകയും ശേഷം വായിൽ വെള്ളം ചുഴറ്റിത്തുപ്പുകയും മൂക്കിൽ വെള്ളം കയറ്റിചീറ്റുകയും മുഖം കഴുകുകയും ചെയ്യുക. തുടർന്ന് ഇരു കൈകൾ മുട്ടുവരെ കഴുകുകയും തലയും ചെവിയും തടവുക യും ചെയ്യുക. പിന്നീട് കാൽ രണ്ടും നെരിയാണി ഉൾപ്പടെ കഴു കുക. ഈ അവയവങ്ങളെല്ലാം ഓരോ പ്രാവശ്യം കഴുകുക.

രണ്ട്: പരിപൂർണ്ണമായ രൂപം

വുദുവിനെ കരുതുകയും പിന്നീട് ബിസ്മി ചൊല്ലുകയും ശേഷം മുൻകൈകൾ രണ്ടും മൂന്നു പ്രാവശ്യം കഴുകുക. മൂന്ന് കോരൽ വെള്ളം കൊണ്ട് മൂന്ന് പ്രാവശ്യം വായിൽ വെള്ളം ചുഴറ്റിത്തുപ്പുകയും മൂക്കിൽ വെള്ളം കയറ്റിചീറ്റുകയും ചെയ്യുക. ശേഷം മുഖം മൂന്ന് പ്രാവശ്യം കഴുകുക. വലതുകൈ മുട്ടുൾപ്പ ടെ മൂന്ന് പ്രാവശ്യം കഴുകുക. അപ്രകാരം ഇടതുകൈയും മൂ ന്ന് പ്രാവശ്യം കഴുകുക. തലയുടെ മുൻ ഭാഗത്തുനിന്ന് തുടങ്ങി പിരടിവരേയും തുടർന്ന് ആരംഭിച്ച ഭാഗത്തേക്ക് മടക്കികൊണ്ടു വരികയും ചെയ്യുക അങ്ങിനെ തല ഒരു പ്രാവശ്യം തടവുക. കൈകൾ ചെവികുറ്റിയിൽ പ്രവേശിപ്പിക്കുകയും തള്ളവിരൽകൊ ണ്ട് ചെവിയുടെ പുറംഭാഗം തടവുകയും ചെയ്യുക വലതുകാൽ നെരിയാണി ഉൾപ്പടെ മൂന്ന് പ്രാവശ്യം തടവുക. അപ്രകാരം ഇ ടതുകാലും കഴുകുക. അവയിൽനിന്നെല്ലാം വിരമിച്ചാൽ ഇപ്ര കാരം പ്രാർത്ഥിക്കുക

أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُ اللَّهِ وَرَسُولُهُ

(അല്ലാഹുവല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണ് എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.)

### വുദു മുറിയുന്ന കാര്യങ്ങൾ

1. മുൻ, പിൻ ദ്വാരങ്ങളിലൂടെ മലം, മൂത്രം, അധോവായു എന്നിവ പോലുള്ളത് പുറപ്പെടുക.

2. ഭ്രാന്ത്, മത്ത്, ബോധക്ഷയം എന്നീ കാരണങ്ങളാൽ ബുദ്ധി നീങ്ങുക.

3. സ്വബോധമില്ലാതെ ഉറങ്ങുക.

4. വിരൽ, മുൻകൈയ്യിന്റെ പള്ളഭാഗം എന്നിവകൊണ്ട് വികാരത്തോടുകൂടി ലിംഗം സ്പർശിക്കുക.

5. മതഭ്രഷ്ടനാകുക

6. ഒട്ടകത്തിന്റെ മാംസം കഴിക്കുക

7. സ്ത്രീ പുരുഷൻമാർ വികാരത്തോടുകൂടി സ്പർശിക്കുക.

### സുപ്രധാന വിഷയങ്ങൾ

ഒന്ന്: ശുദ്ധിയുണ്ട് എന്നത് ഉറപ്പുവരികയും ശുദ്ധിയില്ല എന്നതിൽ സംശയിക്കുകയും ചെയ്താൽ ഉറപ്പിന്റെയടിസ്ഥാനത്തിൽ (ശുദ്ധിയുണ്ട്) പ്രവർത്തിക്കുക.

രണ്ട്: ശുദ്ധിയുണ്ട് എന്നത് ഉറപ്പുവരികയും ശുദ്ധിയില്ല എന്നതിൽ സംശയിക്കുകയും ചെയ്താൽ ഉറപ്പിന്റെയടിസ്ഥാനത്തിൽ (അശുദ്ധിയുണ്ട്) പ്രവർത്തിക്കുക.

മൂന്ന്: ഭക്ഷ്യയോഗ്യമായ ജീവികളുടെ മൂത്രവും ചാണകവും മനുഷ്യന്റെ ഇന്ദ്രിയവും ത്വാഹിറാണ് (സ്വയം ശുദ്ധമാണ് എന്നാൽ മറ്റൊന്നിനെ ശുദ്ധമാക്കുവാൻ പര്യാപ്തമല്ല).

നാല്: വുദു എടുക്കുന്നവെള്ളം ശുദ്ധമോ അശുദ്ധമോ എന്ന തിൽ സംശയിച്ചാൽ ഉറപ്പുള്ളതിനനുസരിച്ച് പ്രവർത്തിക്കുക.എല്ലാ വസ്തുകളും ശുദ്ധമാണ് എന്നതാണ് അടിസ്ഥാനം.

അഞ്ച്: ശുദ്ധവെള്ളവും അശുദ്ധവെള്ളവും കൂടികലർന്നാൽ വെള്ളത്തിന്റെ നിറവും മണവും ഗുണവും മാറിയോ എന്ന് സൂഷ്മമായി നിരീക്ഷിക്കുക. ഉണ്ടെങ്കിൽ ഒഴിവാക്കുക ഇല്ലെങ്കിൽ അതുകൊണ്ട് വുദൂഅ് ചെയ്യുക.

**ഖുഫ്ഫയിൽ തടവൽ**

1. തോൽ, ചണം, കമ്പിളി തുടങ്ങിയവകൊണ്ട് ഉണ്ടാക്കപ്പെട്ട പാദരക്ഷകൾക്കാണ് ഖുഫ്ഫ എന്ന് പറയുന്നത്. ഖുഫ്ഫയിൽ തടവുന്നത് സംബന്ധിച്ച് ധാരാളം ഹദീഥുകൾ വന്നിരിക്കുന്നു.

സഅദ് ഇബ്നു അബീ വക്വാസി﵁ൽനിന്നും അബ്ദുല്ലാഹ് ഇബ്നു ഉമർ﵁ നിവേദനം ചെയ്യുന്നു: നബിﷺ തന്റെ ഖുഫ്ഫകളിൽ തടവി. അബ്ദുല്ല ഇബ്നു ഉമർ﵁ അതിനെ സംബന്ധിച്ച് ഉമർ﵁നോട് ചോദിച്ചു അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ സഅ്ദ് നബിﷺയിൽ നിന്നും വല്ലതും അറിയിച്ചുതന്നാൽ അതിനെ സംബന്ധിച്ച് നീ മറ്റുള്ളവരോട് ചോദിക്കേണ്ടതില്ല' 40.

അംറ് ഇബ്നു ഉമയ്യ അള്വമ്രി﵁ൽ നിന്നും നിവേദനം അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻﷺ അവിടത്തെ തലപ്പാവിലും ഖുഫ്ഫകളിലും തടവുന്നത് ഞാൻ കണ്ടു41.

മുഗീറഃ ഇബ്നു ശുഅ്ബഃ﵁യുടെ ഹദീഥിൽ ഇപ്രകാരം ഉണ്ട് 'പിന്നീട് പ്രവാചകന്റെ ഖുഫ്ഫ അഴിക്കുവാനായി ഞാൻ

[40] ബുഖാരി
[41] ബുഖാരി

കുനിഞ്ഞു അപ്പോൾ അദ്ദേഹം പറഞ്ഞു: അവരണ്ടും വിട്ടേക്കൂ ഞാൻ അവ ശുദ്ധിയോടുകൂടിയാണ് ധരിച്ചിരിക്കുന്നത്. അങ്ങിനെ തിരുമേനി ഖുഫ്ഫകളിൽ തടവുകയും നമസ്കരിക്കുകയും ചെയ്തു'42.

## ഖുഫ്ഫകളിൽ തടവാനുളള നിബന്ധനകൾ

ഒന്ന്: ശുദ്ധിയോടുകൂടിയായിരിക്കണം അണിയേണ്ടത്.

മുഗീറഃ ഇബ്നു ശുഅ്ബഃﷺയിൽ നിന്നും അദ്ദേഹം പറഞ്ഞു:'ഞാൻ ഒരു യാത്രയിൽ നബിﷺയുടെ കൂടെയാ യിരുന്നു. അങ്ങിനെഅവിടത്തെ ഖുഫ്ഫ അഴിക്കുവാൻവേണ്ടി ഞാൻ കുനിഞ്ഞു: അപ്പോൾ അദ്ദേഹം പറഞ്ഞു: വേണ്ട അഴിക്കേണ്ടതില്ല കാരണം അവ ശുദ്ധിയോടുകൂടിയാണ് ഞാൻ ധരിച്ചിരിക്കുന്നത്. അങ്ങിനെ അതിൻമേൽ തടവി'43

രണ്ട്: ഖുഫ്ഫ ശുദ്ധിയുളളതായിരിക്കണം.

അശുദ്ധിയുളളതാണെങ്കിൽ അതിൻമേൽ തടവാൻ പാടില്ല.

മൂന്ന്: നിർബന്ധമായ ഭാഗം മറച്ചിരിക്കണം.44

### തടവേണ്ട സമയപരിധി

നാട്ടിൽ താമസിക്കുന്നവനാണെങ്കിൽ ഒരു രാപ്പകലും യാത്രകാരനാണെങ്കിൽ മൂന്ന് ദിനരാത്രങ്ങളും തടവാം. തടവേണ്ട സമയം ആരംഭിക്കുന്നത് ഒന്നാമത് തടവിയതുമുതൽക്കാണ്.45

---

42 ബുഖാരി

43 ബുഖാരി

44 കാൽ കഴുകേണ്ട ഭാഗം ഖുഫ്ഫ ധരിക്കുമ്പോൾ മറച്ചിരിക്കണം (വിവഃ)

45 ഉദാഹരണമായി ളുഹ്റിന് ഒരാൾ വുദ്വുവെടുത്ത് ഖുഫ്ഫ ധരിച്ചു. അസറിന് വുദ്വു മുറിഞ്ഞിട്ടില്ല മഗ്രിബ്ന് മുമ്പായിട്ടാണ് വുദ്വു നഷ്ടപ്പെട്ടതെങ്കിൽ അവിടെ മുതലാണ് ഖുഫ്ഫ തടവുന്ന സമയ പരിധി ആരംഭിക്കുക. അല്ലാതെ ഖുഫ്ഫ ധരിക്കാൻ വുദ്വുവെടുത്ത ളുഹ്റിന്റെ സമയം മുതൽ അല്ല സമയം ആരംഭിക്കുന്നത്.(വിവഃ)

**തടവേണ്ട രൂപം**

കൈ വെള്ളത്തിൽ പ്രവേശിപ്പിക്കുകയും ഖുഫ്ഫയുടെ മുകൾഭാഗം വിരൽ മുതൽ കണങ്കാൽ വരെ ഒരു പ്രാവശ്യം തടവുക. അടിഭാഗവും മടമ്പും തടവേണ്ടതില്ല.

**ഖുഫ്ഫ തടവൽ ബാത്വിലാക്കുന്ന സംഗതികൾ**

ഖുഫ്ഫ അഴിക്കുക
വലിയ അശുദ്ധിയാൽ കുളി നിർബന്ധമാകുക.
തടവേണ്ട സമയപരിധി അവസാനിക്കുക.

## കുളി

കുളി നിർബന്ധമാക്കുന്ന കാര്യങ്ങൾ

1. ജനാബത്ത്.

സംയോഗം, ഇൻസാൽ (ഇന്ദ്രിയ സംഖലനം) എന്നിവയാണ് ജനാബത്തിൽ ഉൾപെടുക. ഇന്ദ്രിയ സ്ഖലനം സംഭവിച്ചിട്ടില്ലെങ്കിലും സംയോഗം നടന്നാൽ കുളി നിർബന്ധമാകും. ഉറക്കത്തിലോ ഉണർച്ചയിലോ സ്ത്രീ പുരുഷൻമാരിൽനിന്ന് ആസ്വാദനത്തോടുകൂടി ഇന്ദ്രിയം പുറപെടുന്നതിനാണ് ഇൻസാൽ (സ്ഖലനം) എന്ന് പറയുന്നത്. അല്ലാഹു ﷻ പറയുന്നു:

'നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക' (വി. ക്വു. അൽമാഇദ: 6)

നബിﷺ പറഞ്ഞു: 'രണ്ട് ലൈംഗികാവയവങ്ങൾ ഒരുമിച്ചാൽ കുളി നിർബന്ധമായി'46

2 ആർത്തവ, പ്രസവ രക്തം അവസാനിക്കുക.

---

[46] തിർമിദി, ഇബ്നു മാജഃ, അഹ്മദ്. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

അല്ലാഹുﷻപറയുന്നു: ‘അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക.’ (വി. ക്വു: അൽ ബക്വറ: 222)

ഉമ്മു ഹബീബ നബിﷺയോട് (ഇസ്തിഹാളത്) രക്തത്തെ സംബന്ധിച്ച് ചോദിച്ചു.ആയിശപറയുന്നു അവരുടെ അലക്കു പാത്രം രക്തം നിറഞ്ഞായി ഞാൻ കണ്ടു അപ്പോൾ അവരോട് നബിﷺപറഞ്ഞു:‘...നിന്നെ (ആർത്തവം) പിടികൂടിയിരുന്ന അത്രയും (ദിവസം നമസ്കരിക്കാതെ)[47] നീ കഴിച്ചുകൂട്ടുക. പിന്നീട് നീ കുളിക്കുക’[48]

## കുളിയുടെ രൂപം

വലിയ അശുദ്ധിയിൽനിന്ന് ശുദ്ധിയാകണം എന്ന ഉദ്ദേശത്തോടെ ബിസ്മി ചൊല്ലിക്കൊണ്ട് മുൻകൈ മൂന്ന് പ്രാവശ്യം കഴുകുക. പിന്നീട് ശൗച്യം ചെയ്യുക. ഗുഹ്യഭാഗത്തുള്ള അഴുക്കുകൾ നീക്കം ചെയ്യുകൊണ്ട് ശുചി വരുത്തുക കാലൊഴിച്ചുള്ള അവയവങ്ങളിൽ വുദ്വുഅ് ചെയ്യുക. വുദ്വുവിന്റെ കൂടെയോ അല്ലെങ്കിൽ കുളി കഴിഞ്ഞശേഷമോ കാൽ കഴുകാം. പിന്നീട്

---

[47] രക്തസ്രാവമുള്ള സ്ത്രീകൾ, മുമ്പ് അവർക്ക് ആർത്തവ രക്തമുണ്ടായിരുന്നത് എത്ര ദിവസമായിരുന്നോ അത്രയും ദിവസം ആർത്തവമായി കാണുകയും ബാക്കി ദിവസങ്ങൾ ശുദ്ധിയായി പരിഗണിക്കുകയും ആരാധനാ കർമങ്ങളിലേർപ്പെടുകയും വേണം ഭർത്താവുമായി ബന്ധപെടുന്നതും അനുവദനീയമാണ്. നമസ്കാരവേളയിൽ ഗുഹ്യഭാഗം തുണികൊണ്ടോ മറ്റോ ഭദ്രമായി കെട്ടുകയും ഓരോ സമയത്തുള്ള സമസ്കാരത്തിനും പ്രത്യേകം വുദ്വു എടുക്കുകയും വേണം.(വിവഃ)

[48] അബൂദാവൂദ്, ഇബ്നു മാജഃ, ദാറഖുത്വ്നി. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

ചെവിയുൾപ്പടെ തല മൂന്ന് പ്രാവശ്യം മൂന്ന് കോരൽവെള്ളം കൊണ്ട് കഴുകുക. ശേഷം ശരീരത്തിന്റെ മുകൾ മുതൽ താഴെ വരെ വലതുഭാഗം കഴുകുക.പിന്നീട് ഇടതുഭാഗവും അപ്രകാരം കഴുകുക. പൊക്കിൾ, കക്ഷം, കൈമുട്ടുകൾ മുതലായ ഗോപ്യ ഭാഗങ്ങൾ നന്നായി കഴുകുക.

**തയമ്മും**

ടവെള്ളം കൊണ്ടുള്ള ശുദ്ധീകരണത്തിന് പകരമാണ് തയമ്മും. മുസ്ലിം സമുദായത്തിന് മാത്രമുള്ള ഒരു പ്രത്യേകതയാണ്. ശുദ്ധമായ ഭൂമിയുടെ ഉപരിതലം കൊണ്ട് മുഖവും മുൻ കൈകളും തടവിക്കൊണ്ടുള്ള ഇബാദത്തിനെയാണ് തയമ്മും അർത്ഥമാക്കുന്നത്.

എപ്പോഴാണ് തയമ്മും ചെയ്യൽ മതപരമായി സാധുതയുള്ളതാവുക?

1. വെള്ളം കിട്ടിയില്ലെങ്കിൽ

2. രോഗം, മുറിവ് എന്നിവയുള്ളവർ വെള്ളം ഉപയോഗിക്കുന്നത് ഉപദ്രവകരമാകുമെന്ന് ഭയപ്പെട്ടാൽ.

3. തണുത്തവെള്ളം ചൂടാക്കാൻ സാഹചര്യം ഇല്ലാതിരിക്കുകയും തണുത്തത് ഉപയോഗിച്ചാൽ പ്രയാസം നേരിടും എന്ന് ഭയപ്പെടുകയും ചെയ്താൽ.

4. തനിക്കോ മറ്റുള്ളവർക്കോ കുടിക്കുവാൻ വെള്ളം ആവശ്യമാവുകയും ദാഹം ഭയപ്പെടുകയും ചെയ്താൽ.

**തയമ്മുമിനെ നിഷ്ഫലമാക്കുന്ന കാര്യങ്ങൾ**

വെള്ളം ഉണ്ടാകുക

വുദ്വുഇനെ ബാത്വിലാക്കുന്ന കാര്യങ്ങൾ ഉണ്ടാകുക

**തയമ്മുമിന്റെ രൂപം**

നിയ്യത്തോടുകൂടി ബിസ്മി ചൊല്ലുകയും കൈകളുടെ പള്ള കൊണ്ട് മണ്ണിൽ ഒരു പ്രാവശ്യം അടിക്കുകയും ശേഷം മുഖവും ഇരു മുൻകൈകളും തടവുകയും ചെയ്യുക.

## ആർത്തവ രക്തം, പ്രസവരക്തം, ഇസ്തിഹാളത്ത്

### ഹയ്ദ് (ആർത്തവ രക്തം)

പ്രായപൂത്തിയായാൽ നിശ്ചിത സമയങ്ങളിൽ ഗർഭാശയത്തിൽനിന്നും യോനിയിലൂടെ പുറപ്പെടുന്ന രക്തമാണ് ഹയ്ദ് (ആർത്തവം). അതിന്റെ കുറഞ്ഞ സമയപരിധി ഒരു രാപ്പകലാണ്. കൂടിയാൽ പതിനഞ്ച് ദിവസം..

### നിഫാസ് (പ്രസവ രക്തം)

പ്രസവം മൂലം യോനിയിലൂടെ പുറപ്പെടുന്ന രക്തമാണ് നിഫാസ്. അതിന് കുറഞ്ഞ സമയപരിധിയില്ല. പ്രസവ രക്തമുള്ളവൾ എപ്പോൾ ശുദ്ധിയായോ അപ്പോൾ മുതൽ കുളിക്കുകയും നമസ്കാരം ആരംഭിക്കുകയും വേണം

### ഇസ്തിഹാളത്ത്

പതിനഞ്ച് ദിവസത്തിൽ കൂടുതലായി രക്തം നിലക്കാതെ തുടരുകയാണെങ്കിൽ അത് ഇസ്തിഹാള്വത്താണ്.

ആർത്തവകാരിയുമായും പ്രസവരക്തമുള്ളവളുമായും ബന്ധപ്പെട്ട ഏതാനും മതവിധികൾ.

1. ആർത്തവകാരിയേയും പ്രസവരക്തമുള്ളവളേയും സംയോഗം ചെയ്യൽ നിഷിദ്ധമാണ്. അല്ലാഹു ﷻ പറയുന്നു.

‘ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല.’ (വി ഖു അൽബഖറ: 222)

2. നമസ്കാരം, നോമ്പ് എന്നിവ അവർക്ക് നിഷിദ്ധമാണ്. എന്നാൽ ശുദ്ധിയായ ശേഷം നോമ്പ് മടക്കി വീട്ടണം നമസ്കാരം വീട്ടേണ്ടതില്ല.

3. ശുദ്ധിയായി കുളിച്ച ശേഷമല്ലാതെ അവർക്ക് ത്വവാഫ് ചെയ്യാൻ പാടില്ല.

4. കൈയ്യുറ പോലുള്ളത് ഉപയോഗിച്ച് മറയുണ്ടായാലല്ലാതെ അവർക്ക് മുസ്ഹഫ് സ്പർശിക്കുവാൻ പാടില്ല.

**ഇസ്തഹാളത്ത് രക്തമുള്ള സ്ത്രീയുടെ അവസ്ഥകൾ**

1. ആർത്തവ സമയപരിധി അറിയുന്നവളാണെങ്കിൽ, ആ കാലയളവ് ആർത്തവമായി പരിഗണിച്ച് ശേഷം കുളിക്കുകയും നമസ്ക്കരിക്കുകയും ചെയ്യുക..

2. ആർത്തവ സമയം അറിയാതിരിക്കുകയോ ആർത്തവ രക്തം തിരിച്ചറിയാതിരിക്കുകയോ ചെയ്യുക, അവൾ തന്റെ കുടുംബത്തിലുള്ള സ്ത്രീകളുടെ ആർത്തവ സമയം കണക്കാക്കുക അടുത്ത ബന്ധുക്കൾ  ഇല്ലെങ്കിൽ മിക്കവാറും ആർത്തവമുണ്ടാകാറുള്ള സമയപരിധി അഥവാ ആറോ ഏഴോ ദിവസം ആർത്തവമായി പരിഗണിക്കുക.

3. ക്രൃത്യമായി ആർത്തവ സമയം ഇല്ലാത്തവൾ, പക്ഷെ ആർത്തവ രക്തത്തെ മറ്റു രക്തങ്ങളിൽനിന്ന് അവൾക്ക് തിരിച്ചറിയാം. എങ്കിൽ വ്യതിരിക്തമായ ആർത്തവരക്തം നിലച്ചാൽ കുളിച്ച് നമസ്കാരം ആരംഭിക്കുക

ഇസ്തിഹാളത്തുള്ളവൾ കുളിക്കുകയും നോമ്പനുഷ്ഠിക്കുകയും നമസ്ക്കരിക്കുകയും വേണം. എന്നാൽ അവൾ ഒരോ നമസ്കാരത്തിനും വുദ്വുഅ് എടുക്കുക.ഭർത്താവിന് അവളുമായി ബന്ധപ്പെടുന്നതിന് കുഴപ്പമില്ല. ചുരുക്കത്തിൽ ആർത്തവ സമയത്ത് നിഷിദ്ധമായിരുന്ന കാര്യങ്ങളെല്ലാം അവൾക്ക് പ്രവർത്തിക്കൽ അനുവദനീയമാകും.

## നമസ്കാരം

അല്ലാഹുവിന്റെയും അടിമയുടെയും ഇടയിലുള്ള ബന്ധമാണ് നമസ്കാരം. തന്റെ രക്ഷിതാവിനോടുള്ള അനുസരണം, സ്നേഹം,കീഴ്വണക്കം, വിധേയത്വം എന്നിവ ഇതിൽ അടിമ പ്രകടിപ്പിക്കുന്നു.ശഹാദത്ത് കഴിഞ്ഞാൽ ഇസ്ലാം കാര്യങ്ങളിൽ ഏറ്റവും മഹത്തായതും നമസ്കാരം തന്നെയാണ്.ദീനിന്റെ നെടും തൂണും പ്രകാശവുമാണത്. മനശുദ്ധി,ഹൃദയ വിശാലത, ആത്മ ശാന്തി എന്നിവ ഇതിലൂടെ ലഭിക്കുന്നു. വെറുക്കപെട്ട പ്രവർത്തങ്ങളിൽ നിന്ന് അകറ്റുന്നതും പാപങ്ങൾ പൊറുക്കാൻ കാരണമാകുന്നതും നമസ്കാരമാണ്.

### രണ്ട്: നമസ്കാരം ഉപേക്ഷിക്കുന്നവന്റെ വിധി

നമസ്കാരം നിർബന്ധമാണെന്നതിനെ നിഷേധിക്കുന്നവൻ, നമസ്കരിക്കുന്നവനാണെങ്കിലും തന്റെ നിഷേധം കാരണത്താൽ അവൻ കാഫിറും ഒഴിവുകഴിവില്ലാത്തവനുമാണ്. മതത്തിൽ അനിവാര്യമായി അറിയപ്പെട്ട കാര്യത്തെ അവൻ നിഷേധിച്ചതിനാലും അല്ലാഹുവേയും തിരുദൂതനേയും അവൻ കളവാക്കിയതിനാലുമാണത്. അവൻ വധിക്കപ്പെടും കാരണം അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞു: 'ആരെങ്കിലും തന്റെ മതം മാറ്റി മറിച്ചാ

ൽ അപ്പോൾ നിങ്ങൾ അവനെ വധിക്കുക'[49]. മുർത്തദ്ദിന്റെ (മത പരിത്യാഗി)യുടെ വിധികൾ അവനിൽ നടപ്പാക്കപ്പെടും. .

എന്നാൽ അതിന്റെ നിർബന്ധം അംഗീകരിക്കുന്നതോടൊപ്പം അലസത കാരണം നമസ്കാരസമയം കഴിയുന്നതു വരെ ഉപേക്ഷിക്കുകയാണെങ്കിൽ അതിൽ പണ്ഡിതൻമാർക്കിടയിൽ വീക്ഷണ വ്യത്യാസങ്ങളുണ്ട്.

1. അത്തരക്കാരൻ മില്ലത്തിൽനിന്ന് പുറത്തുപോകും വിധം കുഫ്റുള്ള കാഫിറാണ്. അയാൾ തൗബ ചെയ്യുകയും നമസ്കരിക്കുകയും ചെയ്തില്ലെങ്കിൽ (മുർത്തദ്ദ് എന്ന നിലയിൽ) വധിക്കപ്പെടണം എന്ന് ഒരു വിഭാഗം അഭിപ്രായപ്പെട്ടിരിക്കുന്നു.

2. അത്തരക്കാർ കാഫിറാകുകയില്ല ഫാസികാാകും. തൗബ ചെയ്തില്ലെങ്കിൽ വധശിക്ഷയർഹിക്കുന്ന ഒരുപാപം ചെയ്ത മുസ്ലിമെന്ന നിലക്ക് (ഹദ്ദായി) അവൻ വധിക്കപ്പെടണം.

3. അത്തരക്കാർ കാഫിറാകുകയില്ല. വധശിക്ഷ അർഹിക്കുന്നുമില്ല പ്രസ്തുത, ജഡ്ജി അവന്റെ വിഷയത്തിൽ തീരുമാനമെടുക്കുകയും നമസ്കരിക്കുന്നതുവരേക്കും അല്ലെങ്കിൽ മരിക്കുന്നതുവരേയും തടങ്കലിൽ വെക്കണം എന്ന അഭിപ്രായക്കാരുമുണ്ട്.

## മൂന്ന്: നമസ്കാരത്തിന്റെ റുക്നുകൾ

റുക്നുകൾ നിർവഹിച്ചില്ലെങ്കിൽ നമസ്കാരം ശരിയാകുകയില്ല അവ പതിനാലെണ്ണമാകുന്നു.

1. കഴിവുള്ളതോടൊപ്പം നിൽക്കുക
2. തക്ബീറത്തുൽ ഇഹ്റാം
3. ഫാതിഹഃ ഓതുക

---

[49] ബുഖാരി

4. റുകൂഅ്

5. ഇഅ്തിദാൽ

6. ഏഴ് അവയവങ്ങളിൽ (മുഖം, രണ്ട് കൈകൾ, രണ്ട് മുട്ടിൻ കാലുകൾ, രണ്ട് പാദങ്ങൾ) സുജൂദ് ചെയ്യുക.

7. സുജൂദിൽനിന്നും നിവരൽ

8. രണ്ട് സുജൂദുകൾക്കിടയിലുള്ള ഇരുത്തം.

9. മുൻ പറയപെട്ടവയെല്ലാം അടങ്ങിയൊതുങ്ങി ചെയ്യുക

10. അവസാനത്തെ തശഹ്ഹുദ്

11. അവസാനത്തെ തശഹ്ഹുദിന് വേണ്ടിയുള്ള ഇരുത്തം

12. നബിﷺയുടെ മേലുള്ള സ്വലാത്ത്

13. ഈ ഘടകങ്ങളെല്ലാം ക്രമാനുസരണം ചെയ്യുക.

14. സലാം വീട്ടൽ

**നാല്: നമസ്കാരത്തിന്റെ ശർത്വുകൾ**

അവ ഒമ്പതെണ്ണമാകുന്നു.

1. ഇസ്ലാം, കാഫിറിന്റെ നമസ്കാരം ശരിയാകുകയില്ല. എന്നാൽ പരലോകത്ത് കാഫിർ നമസ്കാരത്തിന്റെ വിഷയത്തിൽ വിചാരണക്ക് വിധേയനാക്കപ്പെടുന്നതാണ്.

2. ബുദ്ധി

ബുദ്ധിയില്ലാത്തവൻ മതശാസനകൾക്ക് വിധേയനല്ല

3. വകതിരിവ്

4. സമയമാവുക

5. അശുദ്ധിയിൽനിന്നും ശുദ്ധിയാകുക

6. നജസിൽനിന്നും മുക്തമാകുക

7. നഗ്നത മറക്കുക

8. ക്വിബ്ലക്ക് മുന്നിടുക

9. നിയ്യത്ത്

### അഞ്ച്: നമസ്കാരത്തിന്റെ വാജിബുകൾ

നിർബന്ധമായ നിലയിൽ ചെയ്യാൻ കൽപ്പിക്കപ്പെട്ട കാര്യങ്ങളാണ് വാജിബുകൾ. മനഃപ്പൂർവ്വം അവ ഉപേക്ഷിച്ചാൽ നമസ്കാരം നഷ്ടപ്പെടും. മറന്നതാണെങ്കിൽ മറവിയുടെ സുജൂദ് ചെയ്താൽ അത് പരിഹരിക്കപ്പെടും.

അവ എട്ടെണ്ണമാകുന്നു.

1. തക്ബീറത്തുൽ ഇഹ്റാം ഒഴിച്ചുള്ള മറ്റു തക്ബീറുകൾ
2. سَمِعَ اللهُ لِمَنْ حَمِدَه എന്ന് പറയുക
3. رَبَّنَا وَلَكَ الْحَمْدُ എന്ന് ചൊല്ലുക
4. റുകൂഇൽ سُبْحَانَ رَبِّيَ الْعَظِيم എന്ന് പറയുക.
5. സുജൂദിൽ سُبْحَانَ رَبِّيَ الْأَعْلَى എന്ന് പറയുക
6. രണ്ട് സുജൂദുകൾക്കിടയിൽ മഗ്ഫിറത്തിനു വേണ്ടിയുള്ള പ്രാർത്ഥന
7. ഒന്നാമത്തെ തശഹ്ഹുദ്
8. ഒന്നാമത്തെ തശഹ്ഹുദിനുള്ള ഇരുത്തം.

### ആറ്: നമസ്കാരത്തിന്റെ സുന്നത്തുകൾ

മറവികാരണത്താലോ മനഃപ്പൂർവമോ ഉപേക്ഷിച്ചാൽ നമസ്കാരം ബാത്വിലാകാത്ത മതപരമായ കർമ്മങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അവ ധാരാളമുണ്ട് അവയിൽ ചിലത്,

1. തക്ബീറത്തുൽ ഇഹ്റാമിന്റെ സന്ദർഭത്തിൽ കൈ ഉയർത്തുക
2. റുകൂഇന്റെ സന്ദർഭത്തിൽ കൈ ഉയർത്തുക

3. റകൂഇൽനിന്നും ഉയരുമ്പോൾ കൈകൾ ഉയർത്തുക

4. ഇടതു കൈയ്യിനുമുകളിൽ വലതു കൈ വെച്ച് നെഞ്ചിൻ മേൽ വെക്കുക.

5. സുജൂദിന്റെ ഭാഗത്തേക്ക് നോക്കുക

6. പ്രാരംഭ പ്രാർത്ഥന

7. ഇസ്തിആദത്ത് (അഊദു) ചൊല്ലുക

ഇതല്ലാത്ത സുന്നത്തുകളും ഉണ്ട്.

## ജമാഅത്ത് നമസ്കാരം.

### ജമാഅത്ത് നമസരക്കാരത്തിന്റ ശ്രേഷ്ഠത.

അബ്ദുല്ല ഇബ്നു ഉമറിﷺൽ നിന്നും നിവേദനം: റസൂൽﷺപറഞ്ഞു: 'സംഘടിത നമസ്കാരം ഒറ്റക്കുളള നമസ്കാരത്തേക്കാൾ ഇരുപത്തിയേഴ് പദവി ശ്രേഷ്ഠമാണ്'[50].

അബൂഹുറയ്റﷺയിൽ നിന്നും നിവേദനം: റസൂൽﷺ പറഞ്ഞു: 'സംഘടിതമായുളള ഒരാളുടെ നമസ്കാരം അവന്റെ വീട്ടിലോ അങ്ങാടിയിലോ ഉളള നമസ്കാരത്തേക്കാൾ ഇരുപത്തിയഞ്ച് ഇരട്ടിയാകുന്നു'[51].

അബൂ ഹുറയ്റﷺയിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: പ്രവാചകന്റെയടുക്കൽ ഒരു അന്ധൻ വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു അല്ലാഹുവിന്റെ ദൂതരേ, പളളിയിലേക്ക് എന്നെ നയിച്ചുകൊണ്ടുപോകുവാൻ ഒരാൾ എനിക്കില്ല, അതിനാൽ വീട്ടിൽ വെച്ച് നമസ്കരിക്കുവാൻ അദ്ദേഹം പ്രവാചകനോട് ഇളവ് ചോദിച്ചു. അങ്ങിനെ പ്രവാചകൻﷺ അദ്ദേഹത്തിന് ഇളവുനൽ

[50] ബുഖാരി, മുസ്ലിം

[51] ബുഖാരി, മുസ്ലിം

കി. അദ്ദേഹം പിൻതിരിഞ്ഞ് പോയപ്പോൾ തിരുമേനി അദ്ദേഹത്തെ വിളിച്ചു. ശേഷം ചോദിച്ചു: ''നമസ്കാരത്തിനുള്ള ബാങ്ക് നിങ്ങൾ കേൾക്കാറുണ്ടോ?'' അദ്ദേഹം പറഞ്ഞു: അതെ. പ്രവാചകൻﷺപറഞ്ഞു:എങ്കിൽ താങ്കൾ അതിന് ഉത്തരം നൽകണം'[52].

**ജമാഅത്ത് നമസ്കാരത്തിന്റെ വിധി**

യാത്രക്കാനാകട്ടെ നാട്ടിൽ താമസിക്കുന്നവനാകട്ടെ ജമാഅത്ത് നമസ്കാരം പുരുഷന്മാർക്ക് നിർബന്ധമാണ്. അല്ലാഹുﷻ പറയുന്നു:

'(നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും,അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ' (വി.ഖു: അനിസാഅ്:102)

'ശറഹ് അൽ മുൻതഹാ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'കൽപ്പന നിർബന്ധത്തെയാണ് കുറിക്കുന്നത്. ഭയമുണ്ടാകുമ്പോൾ നമസ്കരിക്കേണ്ട രൂപം ഇങ്ങനെയാണെങ്കിൽ അപ്പോൾ നിർഭയാവസ്ഥയിൽ (ജമാഅത്ത് നമസ്കാരം) ഇതിനേക്കാൾ അനിവാര്യമാണ്. കൂടാതെ അബൂഹുറയ്റﷺവിൽ നിന്നും നബി ﷺ പറഞ്ഞതായി ഉദ്ധരിക്കപെടുന്ന ഹദീഥും ജമാഅത്തായി നമസ്ക്കരിക്കൽ നിർബന്ധമാണെന്നറിയിക്കുന്നു... 'കപടവിശ്വാസികൾക്ക് ഏറ്റവും ഭാരമുള്ള നമസ്കാരം ഇശാ, സുബ്ഹി നമസ്കാരങ്ങളാണ്. അവ രണ്ടിലുമുള്ളത് (പ്രതിഫലം) അവർ അറിഞ്ഞിരുന്നുവെങ്കിൽ ഇഴഞ്ഞാണെങ്കിലും അവർ അതിന് വരുമായിരുന്നു. നമസ്കാരത്തിന് ഇഖാമത്ത് വിളിക്കുവാൻ (ഒരാളോട്) കൽപ്പിക്കുവാനും പിന്നീട് ജനങ്ങൾക്ക് (ഇമാമായി)

---

[52] മുസ്ലിം

നമസ് കരിക്കുവാൻ ഒരാളോട് കൽപ്പിക്കുവാനും, ശേഷം ഞാൻ വിറകിൻകെട്ടുകളുള്ള ഒരുകൂട്ടം ആളുകളുമായി നമസ്കാരത്തിന് പങ്കെടുക്കാത്തവരിലേക്ക് പോയി അവരുടെ വീടുൾപ്പടെ കരിച്ചുകളയുവാനും ഞാൻ ഉദ്ദേശിച്ചു'[53].

വീട്ടിൽവെച്ച് നമസ്കരിക്കുവാൻ ആനുകൂല്യം ചോദിച്ച അന്ധനോട് നബിﷺ പറഞ്ഞു:'നീ ബാങ്ക് കേൾക്കാറുണ്ടോ? അദ്ദേഹം അതെ എന്ന് പറഞ്ഞു.അപ്പോൾ അതിന് ഉത്തരം ചെയ്യണം എന്ന് അവിടുന്ന് പറഞ്ഞു'[54].'' ഈ ഹദീഥും ജമാഅത്തായുള്ള നമസ്ക്കാരം നിർബന്ധമാണ് എന്ന് അറിയിക്കുന്നു.

**മൂന്ന്: ജമാഅത് സംഘടിപ്പിക്കുവാൻ ആവശ്യമായ ആളുകളുടെ എണ്ണം**

രണ്ടുപേരുണ്ടെങ്കിൽ ജമാഅത്ത് സംഘടിതമാകും ഇമാമും ഒരു മഅ്മൂമും. അത് സ്ത്രീയായിരുന്നാലും ശരിയാകുന്നതാണ്. റസൂൽﷺ മാലിക് ഇബ്നു ഹുവൈരിഥിﷺനോട് പറഞ്ഞു: 'നിങ്ങൾ രണ്ടുപേരിൽ നിങ്ങളിൽ വലിയവൻ ഇമാമത്ത് നിൽക്കട്ടെ''[55].

**നാല്: ജമാഅത്ത് ഒഴിവാക്കാനുള്ള ഒഴിവുകഴിവുകൾ**

രോഗം ഉണ്ടാകുമോ എന്ന് ഭയപ്പെടുക, മലമൂത്ര വിസർജ്ജനത്തിന് ആവശ്യം നേരിടുക, നഷ്ടപ്പെട്ടുപോയത് പ്രതീക്ഷിച്ചിരിക്കുക, സമ്പത്ത് നഷ്ടപ്പെടുമെന്നോ അതിന് അപകടം നേരിടുമെന്നോ ഭയപ്പെടുക, അല്ലെങ്കിൽ സൂക്ഷിക്കുവാൻ വേണ്ടി ഏൽപ്പിക്കപ്പെട്ടതിൽ (കൂലിക്ക്) ഭയപ്പെടുക.

---

[53] ബുഖാരി, മുസ്ലിം

[54] മുസ്ലിം

[55] ബുഖാരി, മുസ്ലിം

**അഞ്ച്: മഅ്മൂമുമായി ബന്ധപ്പെട്ട ചില നിയമങ്ങൾ**

ഔദ്യോഗിക ഇമാമിന്റെ അനുവാദമില്ലാതെ മറ്റൊരാൾക്ക് ഇമാമായി നിൽക്കൽ ഹറാമാകും, എന്നാൽ സമയത്തിന്റെ ഞെരുക്കം അനുഭവപ്പെട്ടാൽ അനുവദനീയമാണ്. ഫർദ് നമസ്കാരം തുടങ്ങിക്കഴിഞ്ഞാൽ സുന്നത്ത് നമസ്കാരം ആരംഭിക്കൽ അനുവദനീയമല്ല. നബിﷺപറഞ്ഞു: 'നമസ്കാരത്തിന് ഇക്വാമത് വിളിച്ചാൽ ഫറദ്വല്ലാതെ മറ്റ് യാതൊരു നമസ്കാരമില്ല'[56].

ഇമാമിനെ മുൻകടന്ന് റുകൂഅ് സുജൂദ് എന്നിവ നിർവഹിക്കുവാൻ മഅ്മൂമിന് പാടില്ല. അപ്രകാരം ചെയ്താൽ അവന് മടങ്ങൽ അനിവാര്യമാകും.മറവി കാരണത്താലോ അറിവില്ലാത്ത കാരണത്താലോ അല്ലാതെ നമസ്കാരത്തിന്റെ കർമ്മങ്ങളിൽ ഏതെങ്കിലുമൊന്നിൽ മഅ്മൂമ് ഇമാമിനെ മുൻകടന്നാൽ പാപിയായി തീരും

സ്വഫ്ഫ് പരിപൂർണ്ണമാകുകയും പിന്നീട് സ്ഥലം ഇല്ലാതിരിക്കുകയോ ചെയ്താലല്ലാതെ സ്വഫിന് പിന്നിൽ ഒറ്റക്ക് നമസ്കരിക്കുന്ന മഅ്മൂമിന്റെ നമസ്കാരം ശരിയാകുകയില്ല. നബിﷺ പറഞ്ഞു: 'സ്വഫ്ഫിന് പിന്നിൽ തനിയെ നമസ്കരിക്കുന്നവന് നമസ്കാരമില്ല'[57].

**ആറ്: ഇമാമുമായി ബന്ധപെട്ട ചില നിയമങ്ങൾ**

ഇമാമത്തിന് ഏറ്റവും അർഹൻ ക്വുർആൻ നന്നായി ഓതു (അറിയു)ന്നവൻ, പിന്നീട് സുന്നത്ത് കൂടുതൽ അറിയുന്നവൻ, ശേഷം ഹിജ്റ കൊണ്ട് മുന്നിട്ടവൻ ശേഷം ഇസ്ലാംകൊണ്ട് മുൻകടന്നവൻ പിന്നീട് വയസ്സിന് മൂത്തയാൾ എന്നീ രൂപത്തിലാണ്.

---

[56] മുസ്ലിം

[57] അബൂദാവൂദ്, തിർമുദി. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

രോഗികൾ, വാർദ്ധക്യം പ്രാപിച്ചവർ, ആവശ്യക്കാർ എന്നിവരെ പരിഗണിച്ച് ഇമാം നമസ്കാരം ലഘുവാക്കൽ സുന്നത്താണ്.

## രോഗിയുടെ നമസ്കാരം

ചുമർ,വടി എന്നിവയിലേക്ക് ചാരി നിന്നിട്ടെങ്കിലും രോഗി നിർബന്ധ നമസ്കാരങ്ങൾ നിന്ന് നമസ്കരിക്കണം.അതിന് സാധ്യമല്ലെങ്കിൽ ഇരുന്ന് നമസ്കരിക്കുക. ഇരുന്ന് നമസ്കരിക്കുമ്പോൾ ചമ്രം പടിഞ്ഞിരിക്കലാണ് ഉത്തമം. അതിന് സാധ്യമല്ലെങ്കിൽ ചെരിഞ്ഞു കിടന്നുകൊണ്ടും അതിനും സാധ്യമല്ലെങ്കിൽ കഴിയുന്നതുപോലെ മലർന്ന് കിടന്നുകൊണ്ടെങ്കിലും നമസ്കരിക്കണം അല്ലാഹുﷻ പറയുന്നു:

'അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക' (വി. ക്വു: തഗാബുൻ16)

'അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല' (വി. ക്വു: അൽബക്വറ: 286)

അതിന് സാധ്യമല്ലെങ്കിൽ തലകൊണ്ട് ആഗ്യം കാണിക്കുക. അതിനും സാധ്യമല്ലെങ്കിൽ കണ്ണുകൊണ്ട് ആഗ്യം കാണിക്കുക. മനസ്സിൽ നമസ്കരിക്കുകയാണ് എന്ന് കരുതുകയും ചെയ്യുക.

നമസ്കാരം അതിന്റെ സമയങ്ങളിൽ നിർവ്വഹിക്കുവാൻ രോഗിക്ക് പ്രയാസം നേരിട്ടാൽ ദ്വുഹ്റും അസ്വ്റും ഒരുമിച്ചും മഗ്രിബും ഇശാഉം ഒന്നിച്ചും ഒരു നമസ്കാര സമയത്ത് നിർവ്വഹി

ക്കാവുന്നതാണ്. ജംഉതഖ്ദീമോ ജംഉതഅ്ഖീറോ[58] ചെയ്യുന്നതിൽ രോഗിക്ക് ആയാസകരമായത് എടുക്കുന്നതാണ് ഉത്തമം.

വുദ്വുവെടുക്കാൻ രോഗിക്ക് പ്രയാസമാണെങ്കിൽ മറ്റൊരാൾക്ക് വുദുവെടുത്തുകൊടുക്കാവുന്നതാണ്. വെള്ളമോ മണ്ണോ ലഭിക്കാത്ത സ്ഥലമാണെങ്കിൽ അവ കൊണ്ടുവന്നുതരാൻ ആരും ഇല്ലാത്ത അവസ്ഥയുമാണെങ്കിൽ അവന്റെ അവസ്ഥക്കനുസരിച്ച് നമസ്കരിക്കാവുന്നതാണ്. നമസ്കാരം അതിന്റെ സമയത്തിൽ നിന്ന് മാറ്റിവെക്കുവാൻ പാടില്ല. കഴിയുന്ന രൂപത്തിൽ മുഖവും ഇരു കാലുകളും ഖിബ്ലക്ക് അഭിമുഖമാക്കിയാണ് അവൻ നമസ്കരിക്കേണ്ടത്. അതിന് സാധ്യമല്ലെങ്കിൽ കഴിയുന്ന തന്റെ അവസ്ഥക്കനുസരിച്ച് നമസ്കരിക്കുക.

## ജുമുഅഃ നമസ്കാരം.

ഒന്ന്: ജുമുഅഃ നമസ്ക്കാരത്തിന്റെ മതവിധി

ജുമുഅ: നമസ്കാരം ഓരോ വ്യക്തിയുടെമേലും നിർബന്ധമാണ്. ജുമുഅ നമസ്കാരം ഫർദ് എന്നത് ക്വുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നിവകൊണ്ട് സ്ഥിരപെട്ടതാണ്. ഏതെങ്കിലും ഒഴിവു കഴിവിനാൽ ജുമുഅ നഷ്ടപ്പെട്ടാൽ പകരം ദ്വുഹർ നമസ്കരിക്കണം.

രണ്ട്: ആർക്കാണ് ജുമുഅ നിർബന്ധം

എട്ട് നിബന്ധനകൾ കൊണ്ട് ജുമുഅ നിർബന്ധമാകും

1. മുസ്ലിമായിരിക്കുക
2. പ്രായപൂർത്തിയെത്തുക

[58] ഒരുമിച്ച് നമസ്കരിക്കുന്ന രണ്ട് നമസ്കാരങ്ങൾ ആദ്യ സമസ്കാരത്തിന്റെ സമയത്ത് നിർവ്വഹിക്കുന്നതിന് ജംഉതഖ്ദീം എന്നും രണ്ടാമത്തെ നമസ്കാരത്തിന്റെ സമയത്ത് നിർവ്വഹിക്കുന്നതിന് ജംഉ തഅ്ഖീർ എന്നും പറയുന്നു.(വിവഃ)

3. ബുദ്ധിയുണ്ടാകുക

4. പുരുഷനാകുക

5. സ്വാതന്ത്രനാകുക

6. നാട്ടിൽ താമസിക്കുന്നവനാകുക

7. ജമുഅക്ക് തടസ്സമാകുന്ന ഒഴിവുകഴിവുകൾ ഇല്ലാതാകുക

8. ജുമുഅ നടക്കുന്ന സ്ഥലത്തോ അതിന്റെ പരിസരത്തോ താമസിക്കുന്നവനാകുക

മൂന്ന്: അത് നിയമമാക്കിയതിലുള്ള യുക്തി

സൃഷ്ടികളുടെ മേലുള്ള അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം അവരെ ഓർമിപ്പിക്കുവാൻ അല്ലാഹു ജുമുഅ മതപരമാക്കി നിശ്ചയിച്ചു.അതിനെ ഓർമിപ്പിക്കുകയും അതിന് നന്ദി രേഖപ്പെടുത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഖുതുബയും അതിൽ ഉൾപ്പെടുത്തി. ജുമുഅഃ നമസ്കാരത്തിൽ മാർഗ്ഗദർശനവും സാരോപദേശവും അല്ലാഹുവിനോടുള്ള കരാർ പുതുക്കലും സാഹോദര്യം ഊട്ടിയുറപ്പിക്കലും ഐക്യം ദൃഢപ്പെടുത്തലും ശക്തി പ്രകടിപ്പിക്കലുമുണ്ട്.

നാല്: ജുമുഅഃ ശരിയാകുവാനുള്ള നിബന്ധനകൾ

1. ജുമുഅഃയുടെ സമയത്തിന് മുമ്പോ ശേഷമോ അത് നടത്തിയാൽ ശരിയാകുകയില്ല എന്നത് ഇജ്മാഅ് ആണ്.

2. ജമാഅത്തായിരിക്കുക. ഒറ്റക്ക് നിർവഹിക്കുവാൻ പാടില്ല.

3. നാട്ടിൽ താമസിക്കുക

4. ജുമുഅക്ക് മുമ്പായി രണ്ട് ഖുതുബ ഉണ്ടായിരിക്കുക.

## പെരുന്നാൾ നമസ്കാരങ്ങൾ

പെരുന്നാൾ നമസ്കാരം മതപരമായ കാര്യമാണ് എന്നതിൽ പണ്ഡിതൻമാർ യോജിക്കുന്നുവെങ്കിലും അതിന്റെ മതവിധിയെ സംബന്ധിച്ച് വിവിധ വീക്ഷണങ്ങളാണ് അവർക്കുള്ളത്.ഒരു വിഭാഗം പണ്ഡിതൻമാരുടെ അഭിപ്രായം അത് ഫർദ് ഐൻ (ഓരോരുത്തർക്കും നിർബന്ധമാണ്) എന്നാണ്. മറ്റൊരു വീക്ഷണം അത് ഫർള് കിഫയാണ് എന്നാകുന്നു.മറ്റു ചിലർ പറയുന്നത് അത് ശക്തമായ സുന്നത്താണ് എന്നാണ്. അവരുടെയെല്ലാം തെളിവുകൾ കർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

**പെരുന്നാൾ നമസ്കാര സമയം:**

ഭൂരിപക്ഷം പണ്ഡിതൻമാരുടെ അഭിപ്രായമനുസരിച്ച് സൂര്യൻ ഉദിച്ച് ഒരു കുന്തത്തിന്റെ അത്ര ആയതുമുതൽ സൂര്യൻ മദ്ധ്യത്തിൽ നിന്നും തെറ്റുന്നതുവരേയാണ് പെരുന്നാൾ നമസ്കാര സമയം. സൂര്യോദയ സമയത്ത് നമസ്കാരം നിഷിദ്ധവും അത് ഉദിച്ച് ഒരു കുന്തത്തിന്റെയത്രയാകുന്നതുവരെയുള്ള സമയം നമസ്കാരം വെറുക്കപെട്ടതുമാണ്.

**സ്ഥലം:**

ഒഴിവു കഴിവുകൾ ഇല്ലാത്ത കാലത്തോളം നാടിന് പുറത്ത് മൈതാനത്താണ് പെരുന്നാൾ നമസ്കരിക്കൽ സുന്നത്ത്. കാരണം നബിﷺയുടെ ചര്യ അപ്രകാരമാണ്

**പെരുന്നാൾ നമസ്കാരത്തിന്റെ രൂപം**

പെരുന്നാൾ നമസ്കാരം രണ്ട് റക്അത്താണ്.മറ്റു നമസ്കാരങ്ങളെ പോലെ തന്നെ ആദ്യം തക്ബീറത്തുൽ ഇഹ്റാം. ശേഷം ആറ് തക്ബീറുകൾ തുടർന്ന് സൂറത്തുൽ ഫാതിഹയും സൂറത്തുൽ അഅ്ലയോ, ഖാഫോ പാരായണം ചെയ്യുക. പാരായണം ക

ഴിഞ്ഞാൽ തക്ബീർ ചൊല്ലി റുകൂഇൽ പോകുക.ഒരു റക്അത്ത് പൂർത്തീകരിച്ച് സുജൂദിൽനിന്നും തക്ബീർ ചൊല്ലി എഴുന്നേറ്റ് തുടർച്ചയായി അഞ്ച് തക്ബീറുകൾ ചൊല്ലുക ശേഷം ഫാതിഹ യും അതിനെ തുടർന്ന് സൂറത്തുൽ ഗാശിയയും പാരായണം ചെയ്യുക.സൂറത്തുൽ ക്വമർ ഓതുന്നതും സുന്നത്തുതന്നെയാണ്. ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ അഅ്ലയാണ് പാരായണം ചെയ്തതെങ്കിൽ രണ്ടാമത്തേതിൽ സൂറത്തുൽ ഗാശിയയും അ ല്ലെങ്കിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ക്വാഫാണ് പാരാ യണം ചെയ്തതെങ്കിൽ രണ്ടാമത്തേതിൽ സൂറത്തുൽ ക്വമറുമാ ണ് പാരായണം ചെയ്യേണ്ടത്.

## ഗ്രഹണ നമസ്കാരം:

ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും അല്ലാഹുവിന്റെ രണ്ട് ദൃ ഷ്ടാന്തങ്ങളാണ്. അല്ലാഹുവിലേക്ക് മടങ്ങുവാനും അവനിലേക്ക് പശ്ചാതപിക്കുവാനും വേണ്ടി ഇതുമുഖേന അവൻ തന്റെ അടി മകളെ ഭയപ്പെടുത്തുകയാകുന്നു. അല്ലാഹുവിന്റെ മഹത്തായ ക ഴിവിന്റെ പ്രകടനവുമാണത്.

ഒരാളുടെ ജനനം കൊണ്ടോ മരണം കൊണ്ടോ അല്ല അത് സംഭവിക്കുന്നത് മനുഷ്യൻ അല്ലാഹുവിനോട് ചെയ്തു കൂട്ടിയ തെറ്റുകളും പാപങ്ങളും കാരണമായി അവ സംഭവിക്കുന്നു.

### നമസ്കാരത്തിന്റെ രൂപം

ഇമാം തക്ബീർ ചൊല്ലിയ ശേഷം സൂറത്തുൽ ഫാതിഹയും ദീർഘമായ ഒരു സൂറത്തും ഉച്ചത്തിൽ പാരായണം ചെയ്യുക.ശേ ഷം ദീർഘമായി റുകൂഅ് ചെയ്യുക വീണ്ടും റുകൂഇൽ നിന്ന് എ ഴുന്നേറ്റ് ഫാതിഹയും ആദ്യം പാരായണം ചെയ്തതിനേക്കാൾ അൽപം ചെറിയ സൂറത്തും ഓതുക.ശേഷം ആദ്യത്തെ റുകൂഇ നേക്കാൾ അൽപം ലഘുവായ റൂകൂഅ് ചെയ്യുക. ശേഷം രണ്ട്

സുജൂദ് ചെയ്യുക. ആദ്യത്തെ സുജൂദ് രണ്ടാമത്തെ സുജൂദിനേക്കാൾ ദീർഘമാക്കുക.ശേഷം രണ്ടാമത്തെ റക്അത്തിലേക്ക് എഴുന്നേറ്റ് ഇപ്രകാരം തന്നെ ചെയ്യുക. ഒന്നാമത്തെ റക്അത്തിനേക്കാൾ രണ്ടാമത്തെ റക്അത്ത് ലഘുവാക്കുക.

## മഴക്കു വേണ്ടിയുള്ള നമസ്കാരം

ഭൂമിയിൽ വരൾച്ച ബാധിക്കുകയും മഴപെയ്യാതിരിക്കുകയും ചെയ്താൽ അല്ലാഹുവിലേക്ക് വിനയാന്വിതരായി മടങ്ങുവാനും അവനോട് മഴക്കുവേണ്ടി തേടുവാനും അല്ലാഹു കൽപ്പിച്ചു.സംഘമായിട്ടും ഒറ്റയായും ജുമുഅയിൽ ഖുതുബക്കിടയിലും അത് നിർവഹിക്കാവുന്നതാണ്. മനുഷ്യന് അല്ലാഹുവിന്റെ ആവശ്യകതയാണ് അതെല്ലാം അറിയിക്കുന്നത്. അല്ലാഹു ﷻ പറയുന്നു:

'മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു.' (വി. ക്വു: ഫാത്വിർ:15)

### മഴക്കു വേണ്ടിയുള്ള നമസ്കാരത്തിന്റെ വിധി

ശക്തമായ സുന്നത്തും പ്രവാചകന്റേയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും പ്രവർത്തനത്താൽ സ്ഥിരപ്പെട്ടതുമാണത്.അത് മതപരമാണ് എന്നതിൽ മുസ്ലിംകൾ ഏകോപിക്കുകയും ചെയ്തിരിക്കുന്നു.

### മഴക്കുവേണ്ടിയുള്ള നമസ്കാരത്തിന്റെ രൂപം:

മഴക്കുള്ള നമസ്കാരം രണ്ട് റക്അത്താണ്. മുസ്വല്ലയിലാണ് (പള്ളിക്കു വെളിയിലുള്ള നമസ്കാര സ്ഥലത്ത്)അത് നിർവ്വഹിക്കുക, ഉച്ചത്തിൽ ക്വുർആൻ പാരായണം ചെയ്യുക, ഖുതുബക്ക്

മുമ്പ് നമസ്കരിക്കുക എന്നീ രൂപങ്ങളിൽ പെരുന്നാൾ നമസ്കാരം പോലെതന്നെയാണ് മഴക്കുവേണ്ടിയുള്ള നമസ്കാരവും.

## ഐച്ഛിക (സുന്നത്ത്) നമസ്കാരങ്ങൾ

സൃഷ്ടികളോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിലും യുക്തിയിലും പെട്ടതാണ് അവൻ ഐച്ഛിക നമസ്കാരങ്ങൾ മതപരമാക്കിയത്.ഓരോ നിർബന്ധ ആരാധനകൾക്കും അതേ ഇനത്തിൽ പെട്ട ഐച്ഛിക ആരാധനകളും അവൻ ഉണ്ടാക്കി. നിർബന്ധ കർമ്മത്തിൽ സംഭവിക്കുന്ന പോരായ്മകൾ നികത്തുവാനാണത്.അടിമയുടെമേൽ നിർബന്ധം ചെലുത്തി കൽപ്പിക്കുന്നതല്ല സുന്നത്ത് നമസ്കാരം. മറിച്ച് അത് നന്മയുടെ വർദ്ധനവാണ്.

**സുന്നത്തു നമസ്കാരം രണ്ടായി വേർതിരിക്കാം.**

ശക്തമായ റവാതിബ് നമസ്കാരം
അത്ര ശക്തമല്ലാത്ത റവാതിബ് നമസ്കാരം

നാട്ടിൽ താമസിക്കുമ്പോൾ നബിﷺ തിരുമേനി പതിവാക്കുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്തതാണ് ശക്തമായ റവാതിബ് നമസ്കാരം.പക്ഷെ അപൂർവ്വമായേ അവിടുന്ന് അത് ഉപേക്ഷിച്ചിരുന്നുള്ളൂ. പന്ത്രണ്ട് റക്അത്താണത്. ദ്വുഹ്റിന് മുമ്പ് നാല് റക്അത്. ശേഷം രണ്ട്, മഗ്‌രിബിന് ശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, ഫജ്റിന് മുമ്പ് രണ്ട്.

എന്നാൽ കൂടുതലായി നബിﷺ ഉപേക്ഷിക്കുകയും അപൂർവ്വമായി അവിടുന്ന് നിർവഹിക്കുകയും ചെയ്തിരുന്നവയാണ് അത്ര ശക്തമല്ലാത്ത നമസ്കാരം.അസ്വ്റിന് മുമ്പ് രണ്ടോ അല്ലെങ്കിൽ നാലോ നിർവ്വഹിക്കുക, മഗ്‌രിബ്ന് മുമ്പ് രണ്ട്, ഇശാഇന് മുമ്പ് രണ്ട്, ഇവയെല്ലാം തന്നെ അത്ര ശക്തമല്ലാത്ത സുന്നത്തു നമസ്കാരങ്ങളാണ്.

## മയ്യിത്ത് നമസ്കാരം.

കർമ്മങ്ങളുടെ ലോകത്തുനിന്നും വിചാരണയുടെ ഭവനത്തിലേക്ക് നീങ്ങുന്നതായ മുസ്‌ലിംകളുടെ ആത്മാക്കളെ ആദരിക്കുവാനായി മയ്യിത്ത് നമസ്കാരം അല്ലാഹു ﷻ മതപരമാക്കി. അല്ലാഹുവിൽനിന്നും വിശ്വാസികൾക്കുള്ള മതപരമായ വലിയ ഒരു ചിഹ്നമാണത്. മുസ്‌ലിംകൾ പരസ്പരമുള്ള സാഹോദര്യം അത് വിളിച്ചോതുന്നു. കാരണം സാഹോദര്യത്തിന്റെ അദ്യുന്നതമായ ആശയം അത് ഉൾകൊള്ളുന്നു. ഒരു മുസ്‌ലിം സഹോദരനുവേണ്ടി അയാളുടെ അസാനിദ്ധ്യത്തിലുള്ള പ്രാർത്ഥനയും, മറമാടുന്നതു വരെ മയ്യിത്തിനെ പിൻതുടരലും അതിലുണ്ട്. അതാകട്ടെ, മതപരമായ ശക്തമായ ബന്ധത്തിന്റെ അടയാളമാണ്. എന്തൊരു നല്ല മതചിഹ്നം! എത്ര മഹത്തരമാണത്! മുസ്‌ലിംകളിൽ മരണമടഞ്ഞവർക്ക് അല്ലാഹു ﷻ പൊറുത്തു കൊടുക്കട്ടെ,

### രണ്ട്: മയ്യിത്ത് നമസ്കാരത്തിന്റെ വിധി.

മയ്യിത്ത് നമസ്കാരം ഫർദ് കിഫായയാണ്. ചില ആളുകൾ അത് നിർവ്വഹിച്ചാൽ മറ്റുള്ളവർ പാപത്തിൽ നിന്നും ഒഴിവായി. അതത്രേ പ്രവാചകൻ ﷺ യുടെ വാക്കിൽ നിന്നും പ്രവൃത്തിയിൽ നിന്നും സ്ഥിരപ്പെട്ടു വന്നിരിക്കുന്നത്.

### മയ്യിത്ത് നമസ്കാരത്തിന്റെ നിബന്ധനകൾ

നിർബന്ധ നമസ്കാരങ്ങൾക്കുള്ള നിബന്ധനകൾ തന്നെയാണ് മയ്യിത്ത് നമസ്കാരത്തിനുമുള്ളത്.

മയ്യിത്തിനുള്ള നിബന്ധന,

മുസ്‌ലിമായിരിക്കണം, ശുദ്ധിയുള്ളതായിരിക്കണം, നമസ്കരിക്കുന്നവന്റെ മുമ്പിൽ ഉണ്ടായിരിക്കണം എന്നിവയാണ്.

**നാല്: മയ്യിത്ത് നമസ്കാരത്തിന്റെ റുക്നുകൾ**

1. കഴിവുള്ളതോടൊപ്പം നിൽക്കുക
2. നാല് തക്ബീറുകൾ
3. ഒന്നാമത്തെ തക്ബീറിനു ശേഷം ഫാതിഹ ഓതുക.
4. രണ്ടാമത്തെ തക്ബീറിന് ശേഷം നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലുക.
5. മൂന്നാമത്തെ തക്ബീറിനു ശേഷം മയ്യിത്തിനുവേണ്ടി പ്രാർത്ഥിക്കുക.
6. റുക്നുകൾ ക്രമപ്രകാരം ചെയ്യുക.
7. സലാം വീട്ടുക.

**മയ്യിത്ത് നമസ്കാരത്തിന്റെ രൂപം**

മയ്യിത്ത് പുരുഷനാണെങ്കിൽ മയ്യിത്തിന്റെ തല ഭാഗത്തും സ്ത്രീയാണെങ്കിൽ മധ്യഭാഗത്തുമാണ് ഇമാം നിൽക്കേണ്ടത്.പിന്നീട് അദ്ദേഹത്തിന്റെ പിന്നിൽ മഅ്മൂമീങ്ങൾ നിൽക്കുക. ഒന്നാമത്തെ തക്ബീർ ചൊല്ലി സൂറത്തുൽ ഫാതിഹ ഓതുക, തുടർന്ന് രണ്ടാമത്തെ തക്ബീറിനുശേഷം നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലുക, മൂന്നാമത്തെ തക്ബീറിനു ശേഷം മയ്യിത്തിനും സ്വന്തത്തിനും മാതാപിതാകൾക്കും മുസ്ലിംകൾക്കും വേണ്ടി പ്രാർത്ഥിക്കുക. നാലാമത്തെ തക്ബീർ ചൊല്ലി അൽപസമയം നിൽക്കുക,പിന്നീട് വലതുഭാഗത്തേക്ക് ഒരുതവണ സലാം വീട്ടുക.

**മയ്യിത്ത് നമസ്കാരവുമായി ബന്ധപെട്ട ചില സുപ്രധാന വിധികൾ**

1. മയ്യിത്ത് നമസ്കരിക്കുമ്പോൾ ചില തക്ബീറുകൾ നഷ്ട്ടപെട്ടാൽ അതേ രൂപത്തിൽതന്നെയാണ് അത് വീട്ടേണ്ടത്. അത്

വീട്ടാതെ ഇമാമിന്റെ കൂടെതന്നെ സലാം വീട്ടിയാലും നമസ്കാരം ശരിയാകുന്നതാണ്.

2. മുസ്ലിമിന്റെയും കാഫിറിന്റെയും മയ്യിത്ത് കൂടികലർന്നതാണെങ്കിൽ എല്ലാവരുടെമേലും നമസ്കരിക്കാം. നമസ്കരിക്കുന്നത് മുസ്ലിമിനാണ് എന്ന് കരുതിയാൽ മതിയാകും.

3. മയ്യിത്ത് നാല് മാസം പ്രായമായ ചാപിള്ളയാണെങ്കിൽ കുളിപ്പിക്കുകയും നമസ്കരിക്കുകയും വേണം.

4. മയ്യിത്ത് കരിയുകയോ, ചിന്നിച്ചിതറുകയോ ചെയ്താൽ തയമ്മം ചെയ്തുകൊടുക്കാവുന്നതാണ്, മയ്യിത്തിന്റെ ചില അവയവങ്ങളുടെ മേൽ നമസ്കാരം അനുവദനീയമാണ്.

5. നമസ്കരിക്കപ്പെടുന്നതിനുമുമ്പായി മറമാടപ്പെട്ടുവെങ്കിൽ ഖബറിനടുത്തുവെച്ച് നമസ്കരിക്കണം.

## സകാത്ത്

സകാത്തിന്റെ നിർവ്വചനം

അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനും ശരീരവും സമ്പത്തും സമൂഹവും ശുദ്ധമാക്കുവാനുമായി പ്രത്യേക വിഭാഗം ആളുകൾക്ക് പ്രത്യേക സമയത്ത് പ്രത്യേക സമ്പത്തിലുള്ള നിർബന്ധ ബാധ്യതയാണ് സകാത്ത്

പ്രാധാന്യവും അത് നിയമമാക്കിയതിലുള്ള യുക്തിയും

സകാത്തിന് ഇസ്ലാമിൽ വലിയ പ്രാധാന്യമുണ്ട്. അത് നിയമമാക്കിയതിലെ യുക്തി അതിന്റെ പ്രാധാന്യത്തെ അറിയിക്കുന്നു. അതിന്റെ ചില യുക്തികൾ താഴെ:

1. അത്യാർത്തി, പിശുക്ക് എന്നീ നീചത്വത്തിൽ നിന്നും മനുഷ്യ മനസ്സിനെ ശുദ്ധമാക്കുക

2. പാവപ്പെട്ടവരെ ആശ്വസിപ്പിക്കുകയും അവരുടെ ആവശ്യങ്ങൾ പരിഹരിച്ചു കൊടുക്കുകയും ചെയ്യുക.

3. സമൂഹത്തിന്റെ സൗഭാഗ്യവും ജീവിതവും കുടികൊള്ളുന്നതായ പൊതുനന്മകൾ നിർവഹിക്കുക.

4. ഒരു പ്രത്യേക വിഭാഗത്തിന്റെയടുക്കൽ മാത്രം പണം പരിമിതപ്പെടാതിരിക്കുകയും പണക്കാർക്കിടയിൽമാത്രം പണംചുറ്റിതിരിയാതിരിക്കുവാനും വേണ്ടി പണക്കാർ, കച്ചവടക്കാർ, വ്യവസായികൾ തുടങ്ങിയവരുടെ അടുക്കൽ പണം കുമിഞ്ഞു കൂടുന്നതിന് പരിധി നിശ്ചയിക്കുക.

5. കഴിവുള്ളവൻ അശക്തരോടും പണക്കാരൻ പ്രയാസം അനുഭവിക്കുന്നവരോടും അനുകമ്പ കാണിക്കുക വഴി മുസ്ലിം സമൂഹത്തെ ഒരൊറ്റ സമൂഹം പോലെയാക്കിത്തീർക്കുന്നു.

6. പണക്കാരോടുള്ള ദരിദ്രരുടെ പകയുടേയും വിപ്ലവത്തിന്റേയും ചൂട് അണക്കുന്നു.

7. കവർച്ച, മോഷണം പോലുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ അത് തടയുന്നു.

8. പണത്തെ അത് പരിപോഷിപ്പിക്കുന്നു.

9. അനുഗ്രഹങ്ങൾ വർഷിക്കാൻ അത് കാരണമായിതീരുന്നു.

### സകാത്ത് നിർബന്ധമാണ് എന്നതിനുള്ള തെളിവ്

സകാത്ത് നിർബന്ധമാണ് എന്നതിന് ക്വുർആനിലും നബിﷺയുടെ ചര്യയിലും വ്യക്തമായ തെളിവുകൾ വന്നിരിക്കുന്നു. ഇസ്ലാമിന്റെ നെടും തൂണുകളിൽ ഒരു തൂണുമാണ് സകാത്ത്എ

ന്ന് നബിﷺ വ്യക്തമാക്കിയിരിക്കുന്നു. അതിനാൽ തന്നെ ഇസ്ലാം കാര്യങ്ങളിൽ മൂന്നാമത്തേത് സകാത്ത് ആയിത്തീർന്നു.

അല്ലാഹുﷻ പറയുന്നു:

നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, (അല്ലാഹുവിന്റെ മുമ്പിൽ) തലകുനിക്കുന്നവരോടൊപ്പം നിങ്ങൾ തലകുനിക്കുകയും ചെയ്യുവിൻ. (വി. ക്വു: അൽബകറ: 43)

നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുക. നിങ്ങളുടെ സ്വന്തം ഗുണത്തിനായി നിങ്ങൾ നല്ലതായ എന്തൊന്ന് മുൻകൂട്ടി ചെയ്താലും അതിന്റെ ഫലം അല്ലാഹുവിങ്കൽ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്. (വി: ക്വു: അൽ ബകറ: 110)

ഇനി അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കി കൊടുക്കുക. (വി. ക്വു: അത്തൗബ: 5)

പ്രസിദ്ധമായ ജിബ്രീലിന്റെ ഹദീഥിൽ ഇപ്രകാരം കാണാം: 'ഇസ്ലാമെന്നാൽ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല എന്ന് നീ സാക്ഷ്യം വഹിക്കലും നമസ്കാരം നിലനിർത്തലും സകാത്ത് കൊടുക്കലും റമളാനിൽ നോമ്പനുഷ്ഠിക്കലും നീ ഹജ്ജ് ചെയ്യലുമാണ്'59

ഇബ്നു ഉമറി رضي الله عنهല്‍ നിന്നും നിവേദനം; റസൂൽﷺ പറഞ്ഞു: 'അഞ്ചെണ്ണത്തിൻ മേലാണ് ഇസ്ലാം നിർമിക്കപ്പെട്ടിരിക്കുന്നത്

[59] ബുഖാരി

അല്ലാഹുവല്ലാതെ ആരാധനാർഹനില്ല എന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക,നമസ്കാരം നിലനിർത്തുക സകാത്ത് കൊടുക്കുക റമളാനിൽ നോമ്പനുഷ്ഠിക്കുക ഹജ്ജ് ചെയ്യുക എന്നിവയാണവ.'[60]

സകാത്ത് ഇസ്ലാം കാര്യങ്ങളിൽ പെട്ടതാണ് എന്ന് അറിയിക്കുന്ന ചില തെളിവുകളാണ് മേൽ പറയപെട്ടത്.

### സകാത്തും ടാക്സും തമ്മിലുള്ള വിത്യാസം

1. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ടാണ് സകാത്ത് കൊടുക്കുന്നത്. എന്നാൽ ഈ ആശയം ടാക്സിൽ കാണുകയില്ല. അത് തികച്ചും സ്വത്ത് സംബന്ധമായ നിർബന്ധിപ്പിക്കലും നിർബന്ധിതനായി തീരലുമാണ്.

2. അല്ലാഹു കണക്കാക്കിയ ബാധ്യതയാണ് സകാത്ത്. എന്നാൽ ടാക്സ് നേരെമറിച്ചാണ്,ഭരണാധികാരിയാണ് അത് കണക്കാക്കുന്നത്. ഭരണാധികാരി മസ്ലഹത്ത് കാണുന്നതിനനുസരിച്ച് അദ്ദേഹം ഉദ്ദേശിക്കുമ്പോൾ ഉദ്ദേശിക്കുന്നതിനനുസരിച്ച് അതിൽ വർദ്ധിപ്പിക്കുന്നു.

3. അല്ലാഹുﷺ നിശ്ചയിച്ച ആളുകൾക്കാണ് സകാത്ത് വിതരണം ചെയ്യേണ്ടത്. എന്നാൽ ടാക്സ് രാജ്യത്തിന്റെ ഖജനാവിൽ ശേഖരിക്കപ്പെടുകയും രാജ്യത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് ചിലവഴിക്കപെടുകയും ചെയ്യുന്നു.

4. ഭൂമിയിൽ ഇസ്ലാമും മുസ്ലിംകളും ഉള്ള കാലത്തോളം സകാത്ത് നിർബന്ധ ബാധ്യതയാണ്. എന്നാൽ ടാക്സിന് നൈതികതയെന്ന ഒരു വിശേഷണം ഇല്ല.

---

[60] ബുഖാരി

അഞ്ച്: സകാത്തിന് പകരം ടാക്സ് മതിയാകുമോ?

ടാക്സ് സകാത്തിന് പകരമാകുകയില്ല എന്ന് മുമ്പ് സൂചിപ്പിച്ചതിൽ നിന്നും മനസ്സിലാകാം. അത് അനുവദനീയമാക്കിയാൽ ഇസ്‌ലാമിന്റെ ഒരു ഘടകം നാം ഇല്ലാതെയാക്കിയതു പോലെയായിത്തീരും.അതിനാൽ ടാക്സ് ഒരിക്കലും സകാത്തിന്റെ സ്ഥാനത്ത് നിൽക്കുകയില്ല. പ്രത്യേക വിഭാഗങ്ങൾക്ക് മാത്രമേ സകാത്ത് ചിലവഴിക്കാൻ പാടുള്ളൂ, അവരല്ലാത്തവർക്ക് ചിലവഴിക്കാൻ പാടില്ല. ആർക്കാണ് നിർബന്ധം, എങ്ങിനെ ശേഖരിക്കണം തുടങ്ങിയ കാര്യങ്ങളിൽ ചില നിയമങ്ങൾക്ക് വിധേയമാണ് സകാത്ത്.

ടാക്സ് സകാത്തിന് പകരമാകുകയില്ല, ഇതാണ് പ്രാമാണികരായ പണ്ഡിതൻമാരുടെ അഭിപ്രായം. കാരണം സകാത്ത് അല്ലാഹുവിന്റെ മതവും ടാക്സ് മനുഷ്യ നിർമ്മിതിയുമാകുന്നു.

**സകാത്തിന്റെ നിബന്ധനകൾ**

സകാത്ത് കൊടുക്കുന്നവനുമായി ബന്ധപെട്ട നിബന്ധനകൾ

1. മുസ്‌ലിമായിരിക്കുക.
2. മതശാസനകൾക്ക് (തക്‌ലീഫിന്) വിധേയനായവനാകുക.
3. സ്വതന്ത്രനാകുക.
4. നിയ്യത്ത് ഉണ്ടായിരിക്കുക.

**സകാത്തിന്റെ സമ്പത്തുമായി ബന്ധപെട്ട നിബന്ധനകൾ**

1 ധനത്തിന്റെ പൂർണ്ണ അധികാരം ഉണ്ടായിരിക്കുക.
2 ധനത്തിൽ വളർച്ചയുണ്ടാകുക.
3 ധനത്തിൽ നിസാബ് എത്തുക.
4 വർഷം തികയുക.
5 അടിസ്ഥാന ആവശ്യങ്ങൾ കഴിഞ്ഞുള്ളതാകുക.

### സകാത്ത് കൊടുക്കാത്തവന്റെ വിധി

സകാത്ത് കൊടുക്കാത്തവർ രണ്ട് രൂപത്തിലായിരിക്കാം.

ഒന്ന്: അതിന്റെ നിർബന്ധത്തെ നിഷേധിച്ചു കൊണ്ട് കൊടുക്കാതിരിക്കുക അതും രണ്ട് രീതിയിലായിരിക്കാം.

ഒന്ന്: പുതുതായി ഇസ്ലാമിലേക്ക് കടന്നു വന്നവനോ,(ഇസ്ലാമിനെ കുറിച്ച് വേണ്ടവിധം പഠിക്കാൻ അവസരം ലഭിക്കാത്ത) ഗ്രാമ പ്രദേശത്ത് ജീവിക്കുന്നവനോ ആയിരിക്കുക അത്തരത്തിലുള്ള ആളുകൾക്ക് തെളിവ് നൽകിയതിന് ശേഷമല്ലാതെ അയാളുടെമേൽ കുഫ്റ് വിധിക്കാൻ പാടില്ല. സകാത്ത് നിർബന്ധമാണെന്ന് അറിയിക്കുകയും ശേഷം നിർബന്ധമായി പിടിച്ചെടുക്കുകയും വേണം. അതിന് ശേഷം അയാൾ നിഷേധിച്ചാൽ അയാളുടെമേൽ കുഫ്റ് ആരോപിക്കാം സകാത്ത് പിടിച്ചെടുക്കുന്നതു വരെ അവരോട് യുദ്ധം ചെയ്യണം.

രണ്ട്: ഇസ്ലാമിക നാട്ടിൽ താമസിക്കുന്നു എന്നതുപോലുള്ള കാരണങ്ങളാൽ സകാത്ത് നിർബന്ധമാണ് എന്നത് അയാൾക്ക് ഗോപ്യമാവാതിരിക്കുക.ഇത്തരം അവസ്ഥയിൽ അവന്റെ മേൽ കുഫ്റ് വിധിക്കുകയും അത് തടഞ്ഞ കാരണത്താൽ അയാളോട് യുദ്ധം ചെയ്യുകയും വേണം.

രണ്ട്: സകാത്ത് നിർബന്ധമാണ് എന്ന് അറിയുന്നതോടൊപ്പം പിശുക്ക് കാരണത്താൽ കൊടുക്കാതിരിക്കുക.

അയാളുടെമേൽ കുഫ്റ് വിധിക്കാൻ പാടില്ല. നിർബന്ധപൂർവം അയാളിൽനിന്നും എടുക്കുകയും ഭരണാധികാരി നീതിമാനാണെങ്കിൽ, അയാളെ ശിക്ഷിക്കുകയും സകാത്തിന് അർഹരായവർക്ക് അത് വിതരണം നടത്തുകയും ചെയ്യണം. അധികം എടുക്കരുത്. എന്നാൽ ഭരണാധികാരി അനീതിക്കാരനാണെങ്കിൽ

അവൻ ശിക്ഷിക്കപെടുകയില്ല, അവനിൽനിന്നും സകാത്ത് പിടിച്ചെടുക്കപ്പെടും.

### എട്ട്: സകാത്ത് നിർബന്ധമാകുന്ന സമ്പത്തുകൾ:

നാല് വസ്തുവകകളിലാണ് സകാത്ത് നിർബന്ധം

1. സ്വർണ്ണവും വെള്ളിയും അവയുടെ സ്ഥാനത്ത് നിൽക്കുന്നവയും

സ്വർണ്ണത്തിന് സകാത്തിന്റെ നിബന്ധന, വർഷം തികയലും നിസാബ് എത്തലുമാണ്. സ്വർണ്ണത്തിന്റെ നിസ്വാബ് ഇരുപത് ദീനാറാണ്. പത്തിലൊന്നിന്റെ നാലിലൊന്നാണ്(രണ്ടര ശതമാനം) അതിന്റെ സകാത്ത്. ഇരുപത് ദീനാറിന് അര ദീനാർ സകാത്ത് കൊടുക്കണം.

ഇരുപത് ദീനാറ് എഴുപത് ഗ്രാം സ്വർണ്ണത്തിനോട് തുല്ല്യപ്പെടുമെന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. അപ്പോൾ അതിന് കൊടുക്കേണ്ട സകാത് 1.75 ഗ്രാം സ്വർണ്ണമാണ്.

**വെള്ളി;**

വെള്ളിക്ക് സകാത്ത് നിർബന്ധമാകുന്ന നിബന്ധന, വർഷം തികയലും നിസാബ് എത്തലുമാണ്.വെള്ളിയുടെ നിസ്വാബ് അഞ്ച് ഊഖിയയാണ്. ഒരു ഊഖിയ നാൽപത് ദിർഹമാണ്.അപ്പോൾ അതിന്റെ നിസ്വാബ് ഇരുനൂറ് ദിർഹമായിരിക്കും.സ്വർണ്ണത്തെപോലെതന്നെ അതിന്റെ സകാത്ത് പത്തിലൊന്നിന്റെ നാലിൽ ഒന്നാണ് (രണ്ടര ശതമാനം) അതായത് ഇരുന്നൂറ് ദിർഹമിന് അഞ്ച് ദിർഹം.അതിൽ കൂടുതലാണെങ്കിൽ അതിന്റെ കണക്കനുസരിച്ചും. വെള്ളിയുടെ നിസാബ് നാനൂറ്റി അറുപത് ഗ്രാം (വെള്ളിയോട്)സമമാണ് എന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്.നാനൂറ്റി അറുപത് ഗ്രാം വെള്ളിയുടെ സകാത് 11.5 ഗ്രാമാണ്.

സ്വർണ്ണത്തിന്റെയും വെള്ളിയുടേയും സകാത്ത് പണമായി കൊടുക്കുകയാണെങ്കിൽ.

സ്വർണ്ണത്തിന്റെയോ വെള്ളിയുടേയോ നിസ്വാബ് ഉടമ പെടുത്തിയവൻ അവയുടെ സകാത്ത് കറൻസിയായി കൊടുക്കാൻ ഉദ്ദേശിച്ചാൽ താഴെ പറയുന്ന കാര്യങ്ങൾ അയാൾക്ക് അനിവാര്യമാകും.

1. അയാൾക്ക് സകാത്ത് നിർബന്ധമാകുമ്പോഴുള്ള സ്വർത്തിന്റെയും വെള്ളിയുടേയും ഗ്രാമുകൾക്കുള്ള വില ചോദിച്ചറിയുക.

2. ഒരു ഗ്രാമിന്റെ വില തന്റെ കയ്യിലുള്ളവയുടെ പത്തിലൊന്നിന്റെ നാലിൽ ഒന്നുമായി (രണ്ടര ശതമാനം)ഗുണിച്ച് ലഭിക്കുന്നത് (സകാത്തായി) നൽകുക.

**കറൻസിയുടെ നിസ്വാബ്:**

സ്വർണ്ണവും വെള്ളിയും താൻ ഉടമപ്പെടുത്തുന്നില്ല അതിനാൽ തനിക്ക് സകാത്ത് നിർബന്ധമില്ല, കാരണം പ്രമാണങ്ങളിൽ സ്വർണ്ണം വെള്ളി എന്നിവക്ക് സകാത്തുള്ളതായിട്ടാണ് വന്നിരിക്കുന്നത് എന്ന് ചില ആളുകൾ വിചാരിക്കുന്നുണ്ട്. അത് തെറ്റായ ധാരണയാണ്, എഴുപത് ഗ്രാം സ്വർണ്ണത്തോടോ അല്ലെങ്കിൽ നാനൂറ്റിയറുപത് ഗ്രാം വെള്ളിയോടോ സമാനമായ(കറൻസി) ഉടമപ്പെടുത്തുന്നവർക്ക് സകാത്ത് നിർബന്ധമായി. തന്റെ കയ്യിലുള്ള നിസാബെത്തിയ പണത്തിന്റെ രണ്ടര ശതമാനം അയാൾ സകാത്ത് കൊടുക്കണം.

**കാലി സമ്പത്തിലെ സകാത്ത്.**

കാലിസമ്പത്തുകൊണ്ടുള്ള വിവക്ഷ ആട് മാട് ഒട്ടകം എന്നിവയാണ്.

കാലിസമ്പത്തിന്റെ സാകാത്തിന്റെ നിബന്ധന

1.നിസ്വാബ് എത്തുക.

ഒട്ടകത്തിന്റെ നിസ്വാബ് അഞ്ചും ആടിന്റെ നിസ്വാബ് നാൽപ്പതും. മാടിന്റെ നിസ്വാബ് മുപ്പതുമാകുന്നു. അതിൽ കുറവുള്ളവക്ക് സകാത്തില്ല.

2. അവയെ ഉടമപ്പെടുത്തിയ വ്യക്തിയുടെ അടുക്കൽ അവക്ക് വർഷം തികയുക

3. മേഞ്ഞ് തിന്നുന്നവയാകുക അതായത് വർഷത്തിൽ അധികവും മേഞ്ഞു തിന്നുന്നവയായിരിക്കണം.

4. കൃഷി തുടങ്ങിയ ജോലികൾക്കുവേണ്ടി ഉപയോഗിക്കുന്നതാകരുത്.

**കന്നുകാലികളുടെ സകാത്തിന്റെ പട്ടിക**

**ഒട്ടകത്തിന്റെ സകാത്ത്**

| ഇത്ര മുതൽ | ഇത്ര വരെ | കൊടുക്കേണ്ടത് |
|---|---|---|
| 5 | 9 | ഒരു ആട് |
| 10 | 14 | രണ്ട് ആട് |
| 15 | 19 | മൂന്ന് ആട് |
| 20 | 24 | നാല് ആട് |
| 25 | 35 | ഒരു വയസ് കഴിഞ്ഞ ഒരു പെണ്ണൊട്ടകം |
| 36 | 45 | രണ്ട് വയസ് കഴിഞ്ഞ ഒരു ഒട്ടകം |
| 46 | 60 | മൂന്ന് വയസ് കഴിഞ്ഞ ഒരു ഒട്ടകം |
| 61 | 75 | നാല് വയസ് കഴിഞ്ഞ ഒട്ടകം |
| 76 | 90 | രണ്ട് വയസ് കഴിഞ്ഞ രണ്ട് ഒട്ടകം |
| 91 | | മൂന്ന് വയസ് കഴിഞ്ഞ രണ്ട് ഒട്ടകം |

**പശുവിന്റെ സകാത്ത്**

| ഇത്ര മുതൽ | ഇത്ര വരെ | കൊടുക്കേണ്ടത് |
|---|---|---|
| 30 | 39 | ഒരു വയസ് തികഞ്ഞ ഒരു പശുകുട്ടി |
| 40 | 59 | രണ്ട് വയസ് തികഞ്ഞ ഒരു പശു |
| 60 | 69 | ഒരു വയസ് തികഞ്ഞ രണ്ട് പശുകുട്ടികൾ |
| 70 | 79 | രണ്ട് വയസ് തികഞ്ഞ രണ്ട് പശുക്കൾ |

**ആടിന്റെ സകാത്ത്**

| ഇത്ര മുതൽ | ഇത്ര വരെ | കൊടുക്കേണ്ടത് |
|---|---|---|
| 40 | 120 | ഒരു ആട് |
| 121 | 200 | രണ്ട് ആട് |
| 201 | 399 | മൂന്ന് ആട് |
| 400 | 499 | നാല് ആട് |
| 500 | 599 | അഞ്ച് ആട് |

**കച്ചവടച്ചരക്കുകൾ**

ലാഭം ഉദ്ദേശിച്ചുകൊണ്ട് നടത്തപ്പെടുന്ന ക്രയവിക്രയമാണ് കച്ചവടം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

**നിബന്ധന:**

1. കച്ചവടച്ചരക്കുകളുടെ പരിപൂർണ്ണ ഉടമാവകാശം.
2. നിസ്വാബ് എത്തുക.

സ്വർണ്ണത്തോടോ വെള്ളിയോടോ(മൂല്യനിർണ്ണയം) ചെയ്തു കൊണ്ടാണ് അതിന്റെ നിസ്വാബ് കണക്കാക്കൽ.

3. കച്ചവടച്ചരക്കുകൾക്ക് വർഷം തികയുക.

**സകാത്തിന്റെ തോത്**

രണ്ടര ശതമാനമാണ് അവയുടെ സകാത്ത്.

**കച്ചവടച്ചരക്കുകളുടെ ഇനങ്ങൾ**

കച്ചവടച്ചരക്കുകൾ രണ്ട് ഇനമാകുന്നു:

1.വിലയുടെ ഉയർച്ച നോക്കാതെ കച്ചവടം ചെയ്യുന്നവ.

2. വിലയുടെ ഉയർച്ച പ്രതീക്ഷിച്ച് കച്ചവടം നടത്തുന്നവ.

ഇവയിൽ ഒന്നാമത്തേതിന്റെ സകാത്ത് കൊടുക്കേണ്ടത് മുമ്പ് സൂചിപിക്കപെട്ടതുപോലെ(വർഷത്തിൽ)യാണ്. എന്നാൽ രണ്ടാമത്തേതാണെങ്കിൽ വിൽപന നടത്തുന്ന അന്ന് ഒരു വർഷത്തെ സകാത്ത് കൊടുക്കുക. വിലയുടെ വർദ്ധന പ്രതീക്ഷിക്കുന്നത്

**കൃഷിയുൽപന്നങ്ങളുടേയും ഫലവർഗ്ഗങ്ങളുടേയും സകാത്ത്.**

ഗോതമ്പ്, ബാർളി, ഉണക്കമുന്തിരി, കാരക്ക എന്നിവക്ക് സകാത്ത് നിർബന്ധമാണ്. ഈ നാല് ഉൽപന്നങ്ങളല്ലാത്ത കൃഷിയുൽപന്നങ്ങളിൽ സകാത്ത് നിർബന്ധമാണോ എന്നതിൽ അഭിപ്രായ വ്യത്യാസം ഉണ്ട്. ഭൂരിപക്ഷ പണ്ഡിന്മാരുടേയും അഭിപ്രായത്തിൽ ഈ നാല് ഇനങ്ങൾക്കല്ലാത്തവക്കും സകാത്ത് നിർബന്ധമുണ്ട് എന്നാണ്.എന്നാൽ നമ്മുടെ അഭിപ്രായത്തിൽ ഭക്ഷണമായി സൂക്ഷിച്ചുവെക്കുന്നവക്ക് സകാത്ത് വേണം അവയല്ലാത്തവക്ക് സകാത്ത് നിർബന്ധമില്ല എന്നാണ് 61.

**നിസ്വാബ്:**

ഫലവർഗ്ഗങ്ങളുടെ നിസ്വാബ് അഞ്ച് വസ്ഖ് ആണ്. അതിൽ കുറവുള്ളവക്ക് സകാത്ത് ഇല്ല. നബിﷺപറഞ്ഞു:'അഞ്ച് വസ്വഖി

---

[61] സൂക്ഷിച്ചുവെക്കാൻ കഴിയുന്നതും ഭക്ഷണമായി ഉപയോഗിക്കുന്നതുമായ ഗോതമ്പ്, അരി, കാരക്ക, ബാർളി മുതലായ എല്ല ഫലവർഗങ്ങ ൾക്കാണ് സകാത്ത് നിർബന്ധമായിട്ടുള്ളത്.(വിവഃ)

ന് താഴെയുള്ള കാരക്കക്ക് സകാത്ത് ഇല്ല'62. അഞ്ച് വസ്ഖ് 675 കിലോഗ്രാമിന് സമാനമായിരിക്കും.

**ഫലവർഗ്ഗങ്ങളുടെ സകാത്തിൽ ശ്രദ്ധിക്കേണ്ടവ**

1. ഫലവർഗ്ഗങ്ങൾക്ക് മൂപ്പെത്തൽ നിബന്ധനയാണ്. ധാന്യം തൊലി കളഞ്ഞതും മുന്തിരിയും സൈതൂനും പാകമായതുമായിരിക്കണം

2. ചിലവില്ലാതെ പുഴ, അരുവി എന്നിവയിൽനിന്നും നനക്കപ്പെടുന്ന കൃഷിയാണെങ്കിൽ അതിന്റെ സകാത്ത് പത്തിലൊന്നാണ്. എന്നാൽ ചിലവ് കൊടുത്തുകൊണ്ടാണ് നനക്കുന്നത് എങ്കിൽ അതിന്റെ സകാത്ത് അഞ്ച് ശതമാനമാണ്. നബിﷺപറഞ്ഞു: 'തോട്, മഴ എന്നിവയാൽ നനച്ചുണ്ടാക്കിയതാണെങ്കിൽ പത്തിലൊന്നാണ്. കാലിയെ ഉപയോഗിച്ച് നനച്ചതാണെങ്കിൽ പത്തിലൊന്നിന്റെ പകുതിയാണ്.63.

3. ചിലപ്പോൾ യന്ത്രം കൊണ്ടും മറ്റുചിലപ്പോൾ അവ ഉപയോഗിച്ചല്ലാതെയും നനക്കുന്ന കൃഷിയാണെങ്കിൽ പത്തിന്റെ നാലിൽ മൂന്നാണ് സകാത്തായി കൊടുക്കേണ്ടത്.

**സകാത്തുമായി ബന്ധപെട്ട ചില പൊതുവായ വിഷയങ്ങൾ;**

ഒന്ന്: ഒരാൾക്ക് ഒരു ധനികനിൽനിന്നും കടം തിരിച്ചുകിട്ടാനുണ്ടെങ്കിൽ അത് ലഭിക്കുമ്പോൾ കഴിഞ്ഞുപോയ(വർഷങ്ങളുടെ) സകാത്ത് കൊടുക്കണം. അത് ലഭിക്കുന്നതിനുമുമ്പായി കൊടുക്കലാണ് ഉത്തമം. ഞെരുക്കക്കാരിൽനിന്നും കടം തിരിച്ചു കിട്ടാനുണ്ടെങ്കിൽ അത് തിരിച്ചുലഭിച്ചാൽ ഒരു വർഷം തികഞ്ഞതാണെങ്കിൽ ഒരു വർഷത്തെ സകാത്ത് കൊടുക്കണം.

---

[62] മുസ്ലിം

[63] ബുഖാരി

രണ്ട്: പള്ളി, മദ്രസ തുടങ്ങിയ പൊതു നന്മക്കായി വഖ്ഫ് ചെയ്തവക്ക് സകാത്ത് ഇല്ല.

മൂന്ന്: വീടുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഉപകരണങ്ങൾ, തുടങ്ങിയവ കച്ചവടത്തിനുവേണ്ടിയുള്ളതാണെങ്കിൽ അതിന്റെ വില കണക്കാക്കി വർഷം തികഞ്ഞാൽ അവയുടെ രണ്ടര ശത മാനം സകാത്ത് കൊടുക്കണം.എന്നാൽ വാടകക്കു വേണ്ടിയുള്ള താണെങ്കിൽ അപ്പോൾ സകാത്ത് അവയുടെ വാടകക്കായിരിക്കും. വർഷം തികഞ്ഞാൽ വാടകക്ക് രണ്ടരശതമാനം കൊടുക്കണം.

നാല്: പ്രകടമായ ധനത്തിന് (ഉദാ: കന്നുകാലികൾ, കാർഷി ക വസ്തുകൾ) കടം തടസമാകുകയില്ല.

അഞ്ച്: സകാത്ത് കൊടുക്കുന്നതിനു മുമ്പായി ഒരാൾ മരണ മടഞ്ഞാൽ അദ്ദേഹത്തിന്റെ ധനം ഓഹരി വെക്കുന്നതിനു മു മ്പായി അനന്തരവകാശികൾ ആ ധനത്തിൽ നിന്നും സകാത്ത് കൊടുത്തു വീട്ടണം.

ആറ്: ഒരാളുടെ കയ്യിൽ നിസ്വാബ് എത്താത്ത സ്വർണ്ണം ഉ ണ്ട് അപ്രകാരംതന്നെ നിസ്വാബ് എത്താത്ത വെള്ളിയുമുണ്ടെങ്കി ൽ അവ ഒരുമിച്ചുകൂട്ടുകയും അങ്ങിനെ നിസ്വാബ് എത്തിയാൽ ഒരുമിച്ച് ഓരോന്നിന്റേയും സകാത്ത് കൊടുക്കുകയും വേണം. സ്വർണ്ണ നാണയത്തിന് പകരമായി വെള്ളിനാണയമോ വെള്ളി നാണയത്തിന് പകരമായി സ്വർണ്ണ നാണയമോ സകാത്ത് കൊ ടുക്കൽ അനുവദനീയമായതുപേലെതന്നെ. സ്വർണ്ണവും വെള്ളി യും ഒരുമിച്ച് ചേർകേണ്ടതില്ല എന്ന ഒരു അഭിപ്രായവും പറയ പെട്ടിരിക്കുന്നു.ശൈഖ് ഉഥൈമീൻﷺന്റെ അഭിപ്രായം അതാണ്.[64]

[64] അൽമുംതിഅ് ഫീ ശറഹി സാദിൽമുസ്തഖ്നഅ്: 6: 107,108

**ഏഴ്: രികാസ്;**

രികാസ് (ജാഹിലിയത്തിൽ കുഴിച്ചിട്ട ധനം) ആരെങ്കിലും തന്റെ വീട്ടിൽ കണ്ടെത്തിയാൽ അതിന്റെ അഞ്ചിലൊന്ന് സകാത്തായി ദരിധ്രർക്ക് നൽകണം. നബിﷺ പറഞ്ഞു:'രികാസിൽ അഞ്ചിലൊന്നാണ്(സകാത്ത്)'65.

എട്ട്: രികാസിന് നിസാബ് എത്തുക, വർഷം തികയുക എന്നീ നിബന്ധനകൾ ഉണ്ടോ?

പ്രമാണങ്ങൾ ബലപ്പെടുത്തുന്നത് മറ്റു സകാത്തുകളെപോലെ തന്നെ നിസ്വാബ് പരിഗണിക്കണം എന്നാണ്. ഒരു പ്രാവശ്യമാണ് അത് ലഭിക്കുന്നത് എന്ന കാരണത്താൽ വർഷം തികയുക എന്നത് പരിഗണിക്കേണ്ടതില്ല. അപ്പോൾ അത് (സകാത്തിന്റെ വിഷയത്തിൽ) കാർഷിക വസ്തുക്കളെപ്പോലെയായി.

**ഓഹരികളുടേയും കടത്തിന്റേയും സകാത്**

ഓഹരി: ഒരു കമ്പനിയിലോ ട്രസ്റ്റിലോ ഉള്ള വ്യക്തികൾ ഉടമപ്പെടുത്തുന്ന സാമ്പത്തിക അവകാശത്തിനാണ് അസ്ഹും(ഓഹരി) എന്ന് പറയുന്നത്. കമ്പനിയുടെ നിയമമനുസരിച്ച് അതിന്റെ ലാഭവിഹിതം അവർക്ക് ലഭിക്കുന്നു.

സനദാത്ത്: കൃത്യമായ ഒരു തിയ്യതിക്ക് നിർണ്ണിതമായ ഒരു സംഖ്യ കടമായി നൽകിയാൽ അതിന് പകരമായ ഒരു നിശ്ചിത ബെനിഫിറ്റ് നൽകാം എന്ന് എഴുതി രേഖപെടുത്തുന്ന കരാറിനാണ് സനദാത്ത് എന്ന് പറയുക.

**ഓഹരിയുടെ സകാത്ത് എങ്ങിനെയാണ് കൊടുക്കേണ്ടത്?**

ഓഹരിയുടമക്ക് തെരഞ്ഞെടുക്കുവാൻ രണ്ട് മാർഗ്ഗങ്ങൾഉണ്ട്

---

65 ബുഖാരി, മുസ്‌ലിം

1. ഓരോ വർഷവും മൂലധനത്തിന്റെ സകാത്ത് കൊടുക്കുക. ലാഭവിഹിതം ലഭിച്ചാൽ മുൻകഴിഞ്ഞ വർഷങ്ങളുടേയോ അല്ലെങ്കിൽ ഒരു വർഷത്തിന്റെയോ (പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വിത്യാസം ഉണ്ട്) സകാത്ത് കൊടുക്കുക.

2. ഓരോ വർഷാരംഭത്തിലും തന്റെ ഓഹരിയുടെ വില കമ്പനിയോടോ പരിചയമുള്ളവരോടോ ചോദിച്ചറിഞ്ഞ് കമ്പനി അല്ലെങ്കിൽ സ്ഥാപനം ലാഭത്തിലായിരുന്നാലും നഷ്ടത്തിലായിരുന്നാലും അവയുടെ രണ്ടര ശതമാനം സകാത്തായി കൊടുക്കുക.

സ്വർണ്ണം വെള്ളി എന്നിവയുടെ നിസാബ് ഇവക്ക് എത്തിയാൽ രണ്ടര ശതമാനമാണ് സകാത്തായി കൊടുക്കേണ്ടത്.

**ഒൻപത്: സനദിന്റെ സകാത്ത്.**

ലഭിക്കാനിരിക്കുന്ന കടത്തിനാണ് സനദാത്ത് എന്ന് പറയുക അതിനാൽ കടത്തിന്റെ സകാത്തുപോലെയാണ് ഇതിനെയും പരിഗണിക്കേണ്ടത്.അതായത് ധനികനിൽനിന്നും ലഭിക്കുവാനുള്ള കടമാണെങ്കിൽ മറ്റു സമ്പത്തുപോലെതന്നെ വർഷം തികയുമ്പോൾ സകാത്ത് കൊടുക്കുക,എന്നാൽ പ്രയാസപെട്ടവരിൽനിന്നും ലഭിക്കുവാനുള്ള കടമാണെങ്കിൽ അത് ലഭിക്കുമ്പോൾ കഴിഞ്ഞുപോയ വർഷങ്ങളുടെ സകാത്തോ അല്ലെങ്കിൽ ഒരു വർഷത്തെ സകാത്തോ കൊടുക്കുക.

**പത്ത്: ലാഭത്തിന്റെ സകാത്ത്**

ഇവിടെ ലാഭം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് കച്ചവടത്തിന്റെ ലാഭം, കാലികളുടെ കിടാങ്ങൾ (ഉൽപനങ്ങൾ) എന്നിവയാണ്.അവയുടെ സകാത്തിന് വർഷം തികയേണ്ടതില്ല, അവയുടെ അടിസ്ഥാനങ്ങളുടെ സകാത്തിനോടൊപ്പമാണ് നൽകേണ്ടത്.ക

ച്ചവടത്തിന്റെ ലാഭം, കാലികളുടെ കിടാങ്ങൾ തുടങ്ങിയവയുടെയല്ലാത്ത ലാഭമാണെങ്കിൽ നിസ്വാബെത്തുകയും വർഷം തികയുകയും ചെയ്താൽ അവക്ക് സകാത്ത് കൊടുക്കണം. അപ്പോൾ ആർക്കെങ്കിലും പണം സമ്മാനമായി ലഭിക്കുകയോ, അനന്തരാവകാശം ലഭിക്കുകയോ ചെയ്താൽ വർഷം തികഞ്ഞാൽ സകാത്ത് കൊടുക്കണം.

**പതിനൊന്ന്: സകാത്ത് പെട്ടന്ന് കൊടുക്കേണമോ?**

സകാത്ത് പെട്ടെന്ന് കൊടുക്കൽ നിർബന്ധമാണ് എന്ന അഭിപ്രായമാണ് ഏറ്റവും ശരിയായത്. നിസാബ് എത്തുകയും വർഷം തികയുകയും ചെയ്താൽ പെട്ടെന്ന് തന്നെ സകാത്ത് കൊടുക്കണം. കാരണം (നിദാന ശാസ്ത്ര പ്രകാരം) കൽപ്പനകളുടെ അടിസ്ഥാനം അവ പെട്ടെന്ന് നിർവ്വഹിക്കുക. എന്നതാണ്.

പക്ഷെ ഇവിടെ മെറ്റാരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട് അതായത് ഉപദ്രവത്തിനല്ലാതെ ഒരു നന്മ ഉദ്ദേശിച്ചുകൊണ്ട് സകാത്ത് പിന്തിപ്പിക്കാവുന്നതാണ്.ഉദാഹരണമായി റമദ്വാനിൽ അധികപേരും സകാത്ത് കൊടുക്കുന്നു. എന്നാൽ റമളാനുമായി യോജിച്ചു വരാത്ത അതിശൈത്യമുളള ദിനങ്ങളിൽ ദരിദ്രർ അത്യാവശ്യക്കാരായി തീരുകയും സകാത്ത് കൊടുക്കുന്നവർ കുറയുകയും ചെയ്യുന്നു.അതിനാൽ നന്മ ഉദ്ദേശിച്ച് രണ്ട് നിബന്ധ നകളോടുകൂടി സകാത്ത് കൊടുക്കൽ ആ സമയത്തേക്ക് പിന്തിപ്പിക്കാവുന്നതാണ്.

ഒന്ന്: സകാത്ത് തന്റെ ധനത്തിൽ നിന്നും മാറ്റിവെക്കുക
രണ്ട്: അത് വ്യക്തമായി എഴുതി വെക്കുക.

സകാത്തിന്റെ യഥാർത്ഥ അവകാശികളെ കണ്ടെത്തുന്നതിൽ സൂക്ഷ്മത പുലർത്തുവാൻ കാലതാമസം നേരിട്ടാൽ അതി

നും കുഴപ്പമില്ല. നമ്മുടെ ഈ വർത്തമാന കാലഘട്ടത്തിൽ വിശ്വസ്തതയുടെ നഷ്ടമായതാണ് അതിന് കാരണം.66

**സകാത്ത് ആർക്ക് വിതരണം ചെയ്യണം**

എട്ട് വിഭാഗം ആളുകൾക്കാണ് സകാത്ത് വിതരണം ചെയ്യേണ്ടത്.

1. ദരിദ്രൻ (ഫകീർ)
2. അഗതി (മിസ്ക്കീൻ)
3. സകാത്തിന്റെ ജോലിക്കാർ
4. പുതുവിശ്വാസികൾ (ഇസ്ലാമിലേക്ക് ഹൃദയം ഇണക്കപെട്ട അവിശ്വാസികളും പുതുവിശ്വാസികളും)
5. അടിമ മോചനം
6. കടബാധിതർ
7. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (ജിഹാദിന്)
8. വഴിയാത്രക്കാർക്ക്

**ദരിദ്രൻ**

അടിസ്ഥാനപരമായി ഒന്നും ഇല്ലാത്തവനാണ് ദരിദ്രൻ.അൽപ്പമെന്തെങ്കിലും; ഉണ്ട് പക്ഷെ അത് അവന് മതിയാകുകയില്ല ഇത്തരക്കാരനാണ് ദരിദ്രൻ എന്നും പറയപ്പെട്ടിട്ടുണ്ട്.

ദാരിദ്രത്തിന്റെ പരിഗണനയിൽ ഒരു വ്യക്തിയെ മാത്രമല്ല നോക്കുക.മറിച്ച് അവനെയും അവന്റെ ചിലവിന് കീഴിൽ ജീവിക്കുന്നവരേയും പരിഗണിക്കപ്പെടണം.അപ്രകാരം തന്നെ അവന് ആവശ്യമായ ഭക്ഷണപാനീയങ്ങൾ, താമസം, വസ്ത്രം, എന്നിവ മാത്രമല്ല പരിഗണിക്കുക. എല്ലാം പരിഗണിക്കണം. ഒരാൾക്ക് വിവാഹം കഴിക്കണം എന്ന് സങ്കൽപ്പിക്കുക അതിന് ആവശ്യമായ ഭക്ഷണ പാനീയങ്ങൾ, വസ്ത്രം താമസം എന്നിവയുണ്ട് പക്ഷെ

---

66 അൽമുംതിഅ്ഃ 6: 189 ശൈഖ് ഉസൈമീൻ

മഹ്റ് ഇല്ലെങ്കിൽ എത്ര വലിയ മഹ്റായിരുന്നാലും അത് സകാത്തിൽ നിന്നും കൊടുക്കണം[67].

അദ്ധ്വാനിക്കാൻ കഴിവുള്ള ഒരാൾ, അയാളുടെ പക്കൽ ധനമില്ല പഠനത്തിനുവേണ്ടി സമയം വിനിയോഗിക്കുവാൻ അയാൾ ഉദ്ദേശിക്കുന്നുവെങ്കിൽ സകാത്തിൽ നിന്നും അയാൾക്ക് കൊടുക്കൽ അനുവദനീയമാണോ?

അതെ, കാരണം ദീനീ പഠനം അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജീഹാദിന്റെ ഒരു വകുപ്പ് തന്നെയാണ്.[68]

**മിസ്കീൻ**

ഫഖീറിനേക്കാൾ അൽപ്പം മെച്ചപെട്ട അവസ്ഥയുള്ളവനാണ് മിസ്കീൻ. പക്ഷെ തന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുവാൻ അയാൾക്കത് മതിയാകുകയില്ല. മിസ്കീനിനെകുറിച്ച് നബി ﷺ പറഞ്ഞു: 'ഒന്നോ രണ്ടോ ഉരുളക്കു വേണ്ടിയോ ഒന്നോ രണ്ടോ കാരക്കക്ക് വേണ്ടിയോ ജനങ്ങൾക്കിടയിൽ ചുറ്റിനടക്കുന്നവനല്ല മിസ്കീൻ, മതിയായ ധനം ഇല്ലാത്തവനും, ഇയാളെ കണ്ടാൽ മിസ്കീനാണെന്ന് (മറ്റുള്ളവർക്ക്) കണ്ടറിഞ്ഞ് ദാന ധർമ്മം ചെയ്യാൻ കഴിയാത്തവനും, ജനങ്ങളോട് ചോദിക്കാത്തവനുമാണ് മിസ്കീൻ'[69] നിയമത്തിൽ ഫഖീറിനെപോലെ തന്നെയാണ് മിസ്കീനും.

**സകാത്തിന്റെ ജോലിക്കാർ**

സകാത്ത് ശേഖരിക്കുവാൻവേണ്ടി ഭരണാധികാരി നിയോഗിക്കുന്നവരാണവർ. സകാത്ത് ശേഖരിക്കുവാൻ വേണ്ടി പോകു

---

67 അൽമുംതിഅ്ഃ 6: 220

68 അറൗളുൽ മുർബിഅ്: 3: 310

69 ബുഖാരി, മുസ്ലിം

കയും വരികയും ചെയ്യുന്ന കാലയളവിൽ അവർക്കും അവരുടെ സഹായികൾക്കും ആവശ്യമായ ചിലവ് ഭരണാധികാരി കൊടുക്കണം.പണത്തിന് ആവശ്യമില്ലാത്ത ധനികരായിരുന്നാലും ശരി അവരുടെ ജോലിയുടെ വേതനം അവർക്ക് കൊടുക്കണം.

**മുഅല്ലഫത്തുൽ ക്വുലൂബ്.(ഹൃദയങ്ങൾ ഇണക്കപെട്ടവർ)**

സമൂഹത്തിൽ ആദരിക്കപ്പെടുന്ന നേതാക്കൻമാരാണവർ മൂന്ന് രൂപത്തിലുടെ അവരുടെ ഹൃദയങ്ങൾ (ഇസ്‌ലാമിലേക്ക്) ഇണക്കപ്പെടാം.

1. അവിശ്വാസിയാണവൻ എന്നാൽ മുസ്‌ലിമാകുമെന്ന് പ്രതീക്ഷയുണ്ട്. മുസ്‌ലിമാകും എന്ന് പ്രതീക്ഷയില്ലാത്തവർക്ക് സകാത്ത് കൊടുക്കുവാൻ പാടില്ല. സാഹചര്യ തെളിവുകളിൽ നിന്നാണ് അത് മനസിലാകുക. ഉദാഹരണമായി മുസ്‌ലിംകളിലേക്ക് ചായുക, അല്ലെങ്കിൽ പഠിക്കുവാൻ പുസ്തകം ആവശ്യപെടുക തുടങ്ങിയവ.

2. മുസ്‌ലിംകളോടും അവരുടെ ധനം അഭിമാനം എന്നിവയോടും കഠിന ശത്രുതയുള്ളവൻ; അവന് എന്തെങ്കിലും നൽകിയാൽ അവന്റെ തിന്മ തടയാൻ കഴിയുമെങ്കിൽ അതിനുവേണ്ടി സകാത്തിൽ നിന്ന് കൊടുക്കാവുന്നതാണ്.

3 വിശ്വാസ സ്ഥൈര്യം പ്രതീക്ഷിക്കപെടുക; അതായത് ഒരാൾ ദുർബലവിശ്വാസിയാണ്, ചില നിർബന്ധ കർമ്മങ്ങളിൽ ചില അലം ഭാവം ഉണ്ട് എങ്കിൽ അയാളുടെ വിശ്വാസ ദൃഢീകരണത്തിനു വേണ്ടി സകാത്ത് നൽകാം.

**അടിമത്വ മോചനം**

അടിമത്വ മോചനം പല തരത്തിലാണ്.

1. മോചന പത്രം എഴുതപ്പെട്ടവർ:

യജമാനൻമാരിൽ നിന്നും സ്വന്തത്തെ വിലകൊടുത്തു വാങ്ങിയവരാണവർ അതിനാൽ അവരുടെ സ്വാതന്ത്ര്യത്തിനായി അയാൾക്ക് സകാത്തിൽ നിന്നും കൊടുക്കാവുന്നതാണ്.

2. ശത്രുകളുടെ പക്കലുള്ള മുസ്ലിമായ ബന്ധനസ്ഥൻ; അയാളുടെ മോചനത്തിനുവേണ്ടി സകാത്തിൽനിന്നും കൊടുക്കാവുന്നതാണ്.

3. അടിമയെ വിലക്കു വാങ്ങി മോചിപ്പിക്കുക

**കടക്കാർ**

അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള ധിക്കാരത്തിന്റെ കാരണത്താലല്ലാതെ കടം പേറേണ്ടിവന്നവരാണവൻ. അത് വീട്ടാൻ അവന് പ്രയാസകരമായാൽ ആവശ്യമായത് സകാത്തിൽ നിന്നും കൊടുക്കാവുന്നതാണ്.

**കടക്കാർ രണ്ട് വിഭാഗമാണ്.**

ഒന്ന്: ശത്രുതയും പകയുമായി കഴിയുന്ന രണ്ട് വിഭാഗങ്ങൾക്കിടയിലുള്ള രഞ്ജിപ്പിനുവേണ്ടി നിലകൊണ്ടതിനാൽ കടക്കാരനായവൻ. ചിലപ്പോൾ ആ രഞ്ജിപ്പ് ധനം ചിലവഴിച്ചുകൊണ്ടായിരിക്കും നിങ്ങൾ തമ്മിൽ നന്നായാൽ ഓരോരുത്തർക്കും ഇത്ര ധനം ഞാൻ നൽകാം എന്ന് അയാൾ പറയുകയും അങ്ങിനെ അവർ അതിൽ യോജിക്കുകയും ചെയ്യും. ധനികനാണെങ്കിലും അവന് സകാത്തിൽനിന്ന് കൊടുക്കാവുന്നതാണ്.

രണ്ട്: ദാരിദ്രത്താൽ കടക്കാരനായവൻ. അത് കാരണത്താൽ കടം വീട്ടാൻ അശക്തനാണയാൾ അവനും അവന്റെ കുടുംബത്തിനും മതിയായത് ഉണ്ടായിരുന്നാലും സകാത്തിൽ നിന്നും കൊടുക്കാവുന്നതാണ്.

സകാത്തിന്റെ നിയ്യത്തിൽ ഉത്തമർണൻ അധമർണ്ണന് കടത്തിൽനിന്നും വിട്ടുവീഴ്ച ചെയ്യുന്നത് സകാത്തായി പരിഗണിക്കുമോ?

അതിന്റെ രൂപം: ഒരാൾക്ക് മറ്റൊരു ദരിദ്രനായ വ്യക്തി ഒരു സംഖ്യ കടം കൊടുക്കാനുണ്ട്, കടം കൊടുത്തവനാകട്ടെ അത്രതന്നെ സംഖ്യ സകാത്തായി നൽകാനുമുണ്ട്. എങ്കിൽ ദരിദ്രനിൽ നിന്നും ലഭിക്കാനുള്ളത് സകാത്തിന്റെ നിയ്യത്തിൽ വിട്ടൊഴിവാക്കിയാൽ അത് താൻ കൊടുക്കാനുള്ള സകാത്തായി പരിഗണിക്കുമോ?

അത് അനുവദനീയമോ മതിയായതോ ആവില്ല എന്നതാണ് ശരിയായ അഭിപ്രായം കാരണം സകാത്ത് എന്നത് സ്വീകരിക്കലും കൊടുക്കലുമാണ്. ശുദ്ധമായതിൽനിന്നും മോശമായതിനെ പുറത്താക്കലുമാണ് സകാത്ത്.

**സബീലില്ലാ**

യോദ്ധാക്കൾ, അവരുടെ ആയുധങ്ങൾ, തുടങ്ങി അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദിനെ സഹായിക്കുന്ന എല്ലാ കാര്യങ്ങളുമാണ്  സബീലില്ല. അവർക്ക് സകാത്തിൽനിന്ന് നൽകപ്പെടുന്നതാണ്.

ചില പണ്ഡിതൻമാർ ക്ഷേമപ്രവർത്തനങ്ങൾ സബീലില്ലാ(അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.അത് ചിന്തിക്കേണ്ട വിഷയമാണ്.അത് ശരിയായിരുന്നുവെങ്കിൽ ഖുർആനും പ്രവാചകﷺന്റെ സുന്നത്തും വിവരിച്ചു തരുമായിരുന്നു. ധർമ്മയോദ്ധാകളിലും അവരെ സഹായിക്കുന്ന മുഴു കാര്യങ്ങളി

ലും പരിമിതപെടുത്തുകയും അവയല്ലാത്തത് ഇതിൽ ഒഴിവാക്ക ലുമാണ് ഏറ്റവും ശരിയായ അഭിപ്രായം.[70]

## ഇബ്നുസ്സബീൽ (വഴിയാത്രക്കാരൻ)

തന്റെ നാട്ടിൽ എത്തിചേരാൻ ആവശ്യമായത്(സൗകര്യം) ഇ ല്ലാത്ത യാത്രക്കാരനാണ് ഇബ്നുസ്സബീൽ. അയാൾ നാട്ടിൽ ധ നികനാണെങ്കിലും ശരി അയാളുടെ ആവശ്യ പൂർത്തീകരണത്തി ന്(നാട്ടിൽ എത്തിചേരാൻ)ആവശ്യമായത് സകാത്തിൽ നിന്നും കൊടുക്കപ്പെടും. യാത്രയിൽ അയാൾ ദരിദ്രനാണ് എന്ന് പരിഗ ണിച്ചു കൊണ്ടാണ് അയാൾക്ക് സകാത്ത് കൊടുക്കുന്നത്. അ തോടൊപ്പം അനുവദനീയമായ യാത്രയുമായിരിക്കണം.തിന്മക്കു വേണ്ടിയുള്ള യാത്രയാണെങ്കിൽ അത് തിൻമയിൽ സഹായിക്ക ലായിരിക്കും.

## സകാത് നൽകപ്പെടുവാൻ പാടില്ലാത്തവർ

1. ധനികർ

2. കാഫിർ, കാരണം അവർക്ക് സകാത്ത് കൊടുത്താൽ അ വരുടെ കുഫ്റിനെ അംഗീകരിക്കലും അതിനെ സഹായിക്കലു മായിത്തീരും.

3. ഭാര്യ, മാതാപിതാക്കൾ, പിതാമഹൻമാർ, വല്ലിമമാർ അതു പോലെതന്നെ മക്കൾ, മക്കളുടെ മക്കൾ മുതലായ താൻ ചിലവി ന് കൊടുക്കൽ നിർബന്ധമായവർ.

4. നബിﷺയുടെ കുടുംബങ്ങൾക്ക്.

ബനൂ ഹാശിം, ബനൂ അബ്ദിൽ മുത്ത്വലിബ് എന്നിവരാണവ ർ. ബനൂ ഹാശിം മാത്രമാണ് എന്നും പറയപെട്ടിട്ടുണ്ട്.

---

[70] അൽ മുംതിഅ്ഃ: 6: 241

## സകാത്തുൽ ഫിത്വർ

ഓരോ മുസ്‌ലിമായ വ്യക്തിയുടെ മേലും അത് നിർബന്ധമാണ്. ഇബ്നു ഉമർ‎ﷺ പറഞ്ഞു: 'മുസ്‌ലിംകളിൽപെട്ട അടിമ, സ്വതന്ത്രൻ, സ്ത്രീ, പുരുഷൻ ചെറിയവർ, വലിയവർ തുടങ്ങിയ എല്ലാവരുടെമേലും ഒരു സ്വാഅ് കാരക്കയോ അല്ലെങ്കിൽ ഒരു സ്വാഅ് ബാർളിയോ റമദ്വാനിലെ സകാത്തുൽ ഫിത്വ്റായി റസൂൽﷺ നിർബന്ധമാക്കി'[71].

## അത് മതപരമാക്കിയതിലുള്ള യുക്തി

1. പാവപെട്ടവരോടുള്ള നന്മ:

പെരുന്നാൾ ദിനത്തിൽ അവർ യാചന നടത്തുന്നത് തടയുക,പണക്കാരോടൊപ്പം സന്തോഷത്തിലും ആഹ്ളാദത്തിലും അവർ പങ്കെടുക്കുക എന്നീ കാരണത്താൽ, മതപരമാക്കി.

2. നോമ്പുകാരനിൽ സംഭവിച്ച കുറവും അരുതായ്മയും അശ്രദ്ധയും ശുദ്ധമാക്കുക.

## ഫിത്വ്റ് സകാത്ത് കൊടുക്കേണ്ട സമയം

പെരുന്നാൾ രാവ് പിറയോടുകൂടി അത് കൊടുക്കൽ നിർബന്ധമായി. അനുവദനീയമായ സമയം, ശ്രേഷ്ഠമായ സമയം എന്നീ രണ്ട് സമയങ്ങൾ അത് നൽകുന്നതിനുണ്ട്.

പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് കൊടുക്കുന്നതാണ് അനുവദനീയമായ സമയം. എന്നാൽ ശ്രേഷ്ഠമായ സമയം, പെരുന്നാളിന്റെ അന്ന് സുബ്ഹി നമസ്കാരശേഷം പെരുന്നാൾ നമസ്കാരത്തിന്റെ അൽപം മുമ്പുവരേയാണ്.

## ആർക്ക് കൊടുക്കണം.

---

[71] ബുഖാരി, മുസ്‌ലിം

ഫഖീർ, മിസ്കീൻ എന്നിവർക്കാണ് സകാത്തുൽ ഫിത്വർ കൊടുക്കേണ്ടത്.

ചോദ്യം: സകാത്ത് കൊടുക്കുന്നയാളിന്റെ നാട്ടിലുള്ള പാവ പെട്ടവർക്കു തന്നെ അത് വിതരണം ചെയ്യേണമോ?

ഉത്തരം: ഏറ്റവും ശരിയായ അഭിപ്രായം; മുസ്ലിംകളുടെ പൊതു നന്മ ഉദ്ദേശിച്ച് അത് മറ്റിടങ്ങളിലേക്ക് നീക്കം ചെയ്യാം എന്നതാണ്.

ചോദ്യം: സകാതുൽ ഫിത്വ്റിന് പകരമായി അതിന്റെ തുക വിതരണം ചെയ്യൽ അനുവദനീയമാണോ?

ഉത്തരം: അനുവദനീയമല്ല എന്നതാണ് ശരിയായ അഭിപ്രായം. കാരണം നിശ്ചിത ഇനത്തിലുള്ള നിർബന്ധമായ ആരാധനയാണത്. അതിനാൽ ആ നിശ്ചിത ഇനത്തിൽ നിന്നല്ലാതെ വിതരണം ചെയ്യൽ അനുവദനീയമല്ല.

## നോമ്പ്

നോമ്പ് അല്ലാഹു ﷻ മതപരമാക്കി അതിനെ ഇസ്ലാം കാര്യങ്ങളിൽ നാലാമത്തേത് ആക്കുകയും ചെയ്തു. അതിന്റെ അടയാളങ്ങളും വിധികളും വ്യക്തമാക്കുന്ന ഖണ്ഡിതമായ ധാരാളം തെളിവുകളും ക്വുർആനിലും ഹദീഥിലും വന്നിരിക്കുന്നു.നട്ടുച്ച സമയത്തുള്ള സൂര്യനെപ്പോലെ അവ വ്യക്തമാണ്. നോമ്പുമായി ബന്ധപെട്ടചില വിധികൾ വരും താളുകളിൽ ചേർക്കുകയാണ്.

**നോമ്പിന്റെ നിർവചനം:**

തടയുക, ഉപേക്ഷിക്കുക എന്നൊക്കെയാണ് صَوْم എന്ന പദത്തിന്റെ ഭാഷാപരമായ അർത്ഥം.മർയം عليها السلام പറയുന്നതായി അല്ലാഹു ﷻ പറയുന്നു:

'പരമകാരുണികന് വേണ്ടി ഞാൻ ഒരു വ്രതം നേർന്നിരിക്കയാണ് അതിനാൽ ഇന്നു ഞാൻ ഒരു മനുഷ്യനോടും സംസാരിക്കുകയില്ല തന്നെ.' (വി. ക്വു: മറിയം 27)

ഭാഷാ പണ്ഡിതൻമാർ പറയുന്നു: صَامَ صَوْمًا صِيَامًا എന്നാൽ അന്നപാന്നീയാങ്ങൾ, ലൈംഗീകബന്ധം എന്നിവയെ തടഞ്ഞു വെക്കലാണ്. തീറ്റ കഴിക്കാത്ത കുതിരയെ 'സ്വാഇം' എന്ന് പറയാറുണ്ട്.

അല്ലാഹുവിനുളള ആരാധന എന്ന ഉദ്ദേശത്തോടുകൂടി പ്രത്യേക വസ്തുകളെ നിർണ്ണിതമായ സമയത്ത് ചില പ്രത്യേക നിബന്ധനകളോടു കൂടി പ്രത്യേക ആളുകൾ തടയുന്നതിനാണ് സാങ്കേതികമായി നോമ്പ് എന്നുപറയുക. അല്ലാഹു ﷻ പറയുന്നു:

'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക' (വി. ക്വു: അൽബക്വറ: 187)

നിയ്യത്തില്ലാതെ നോമ്പ് ശരിയാകുകയില്ല. സൂര്യോദയം മുതൽ സൂര്യാസ്ഥമനം വരെ പ്രത്യേക നിബന്ധനകളും അനിവാര്യമാണ് ആ നിബന്ധനകളില്ലെങ്കിലും നോമ്പ് ശരിയാകുകയില്ല.

**നോമ്പിന് ഇസ്ലാമിലുളള സ്ഥാനം:**

1. ഇസ്ലാമിന്റെ അഞ്ചു തൂണുകളിൽ ഒരു തൂണാണ് നോമ്പ്. അതുപോലെ ശ്രേഷ്ഠകരമായ ഒരു ആരാധനയുമാണ്. കാരണം അല്ലാഹു അതിനെ തന്നിലേക്ക് പ്രത്യേകമാക്കിയിരിക്കുന്നു. ഒരു ഖുദുസിയായ ഹദീഥിൽ അല്ലാഹു ﷻ പറയുന്നു: 'ആദം സ

ന്തതിയുടെ എല്ലാ കർമ്മങ്ങളും അവനുതന്നെയാണ് നോമ്പൊഴിച്ച് അത് എന്നിക്കുളളതാണ് അതിനുള്ള പ്രതിഫലം കൊടുക്കുന്നത് ഞാനാണ്'72.

2. സൃഷ്ടാവിനും സൃഷ്ടിക്കും ഇടയിലുള്ള ഒരു രഹസ്യമാണ് നോമ്പ്. വിശ്വാസിയുടെ മനസ്സിൽ താൻ അല്ലാഹുവിന്റെ നിരീക്ഷണത്തിനു കീഴിലാണെന്ന സത്യസന്ധമായ ഭാഗം നോമ്പിൽ തെളിയുന്നു. ഒരിക്കലും അതിൽ ലോകമാന്യത കടന്നുവരുന്നില്ല. വിശ്വാസിയിൽ അല്ലാഹുവിനെ സംബന്ധിച്ചുള്ള ഭയവും അല്ലാഹുവിന്റെ മേൽനോട്ടത്തിലാണ് താനെന്ന ബോധവും അത് വളർത്തുന്നു. ഉന്നതമായ ലക്ഷ്യമാണത്. അധിക ആളുകളുടെ ആർത്തികളും അതിനു മുമ്പിൽ ചുരുങ്ങിപോകുന്നു.

3. നോമ്പ്, സമൂഹത്തെ വ്യവസ്ഥ, ഐക്യം, നീതി, സമത്വം, എന്നിവക്ക് പ്രാപ്തനാക്കുന്നു. വിശ്വാസികളിൽ കാരുണ്യത്തോടുള്ള വികാരവും പുണ്യം പ്രവർത്തിക്കുവാനുള്ള സ്വഭാവവും അത് ഉണ്ടാക്കുന്നു. അപ്രകാരം തന്നെ സമൂഹം തിന്മയിൽ നിന്നും കുഴപ്പത്തിൽ നിന്നും സംരക്ഷിക്കപ്പെടുന്നു.

4. നോമ്പ് മുസ്‌ലിമിനെ തന്റെ സഹോദരന്റെ വേദനകൾ മനസ്സിലാക്കുവാൻ പ്രാപ്തനാക്കുന്നു സാധുകൾക്ക് നന്മചെയ്യുവാനും,അവർക്ക് ചിലവഴിക്കുവാനും അവനെ പ്രേരിപ്പിക്കുന്നു. അതുമുഖേന മുസ്‌ലിം സാഹോദര്യവും സ്നേഹവും സാക്ഷാൽകൃതമാകുന്നു.

5. ശരീരത്തെ നിയന്ത്രിക്കുവാനും ഉത്തരവാദിത്തം വഹിക്കുവാനും പ്രയാസങ്ങൾ സഹിക്കുവാനും ഉളള ഒരു ക്രിയാത്മക പരിശ്രമം കൂടിയാണ് നോമ്പ്.

72 ബുഖാരി, മുസ്‌ലിം

## നോമ്പിന്റെ ശ്രേഷ്ഠത

ഒരു മുസ്ലിം തന്റെ രക്ഷിതാവിനെ ആരാധിക്കുന്ന ഏതൊരു ആരാധനയാകട്ടെ അവയൊന്നും തന്നെ ശ്രേഷ്ഠതകളിൽ നിന്നും മുക്തമല്ല എന്നതിനാൽ നാം അല്ലാഹുﷻവിനെ സ്തുതിക്കുകയാണ്. നമസ്കരത്തിനും സകാത്തിനും ശ്രേഷ്ഠതയുണ്ട്, അപ്രകാരം തന്നെയാണ് ഹജ്ജും നോമ്പും.

## നോമ്പിന്റെ മഹത്വങ്ങൾ:

1. പാപങ്ങളിൽ ചെന്നുവീഴാതിരിക്കുവാനുള്ള സുരക്ഷയാണ് നോമ്പ്. അതിലൂടെ ധാരാളം നന്മ പ്രതിഫലമായി ലഭിക്കുകയും ചെയ്യുന്നു.

അബൂ ഹുറയ്റ رضي الله عنهയിൽ നിന്നും നിവേദനം; അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞു: 'നോമ്പ് ഒരു പരിചയാകുന്നു. നിങ്ങളിൽ ഒരാൾ നോമ്പിന്റെ ദിവസത്തിലായാൽ അവൻ വിവരകേടും അശ്ലീലവും പ്രവർത്തിക്കരുത്. ഒരാൾ അവനോട് ഏറ്റുമുട്ടാൻ വരികയോ അസഭ്യം പറയുകയോ ചെയ്താൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ രണ്ടുപ്രാവശ്യം പറയട്ടെ, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻതന്നെയാണ സത്യം നോമ്പുകാരന്റെ വായിലെ ഗന്ധം അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയുടെ ഗന്ധത്തേക്കാൾ സൗരഭ്യമാകുന്നു. (അല്ലാഹു പറയുന്നു) എനിക്കുവേണ്ടി അവൻ അവന്റെ അന്നപാന്നീയങ്ങൾ ഒഴിവാക്കുന്നു. നോമ്പ് എനിക്കുള്ളതാകുന്നു ഞാനാകുന്നു അതിന് പ്രതിഫലം കൊടുക്കുന്നത്, ഒരു നന്മക്ക് പത്തിരട്ടിയാകുന്നു (പ്രതിഫലം)'[73].

---

[73] ബുഖാരി, മുസ്ലിം

2. പാപങ്ങൾക്കും കുറ്റങ്ങൾക്കുമുള്ള പ്രായശ്ചിത്തമാണ് നോമ്പ്.

ഹുദൈഫﷺയിൽ നിന്നും നിവേദനം; അദ്ദേഹം പറഞ്ഞു; നബിﷺ ഇപ്രകാരം പറഞ്ഞതായി ഞാൻ കേട്ടിരിക്കുന്നു; 'ഒരു മനുഷ്യന്, അദ്ദേഹത്തിന്റെ കുടുംബത്തിലും ധനത്തിലും അയൽവാസികളിലും ഉള്ള പരീക്ഷണത്തെ നമസ്കാരവും നോമ്പും ദാനധർമങ്ങളും മുഖേന പൊറുക്കുന്നു' [74]

3. നോമ്പുകാർക്ക് മാത്രം പ്രവേശിക്കാവുന്ന ഒരു കവാടം സ്വർഗ്ഗത്തിൽ അല്ലാഹു പ്രത്യേകം ഒരുക്കിയിരിക്കുന്നു.

സഹ്ൽﷺവിൽ നിന്നും; നബിﷺപറഞ്ഞു: 'തീർച്ചയായും സ്വർഗ്ഗത്തിൽ റയ്യാൻ എന്നപേരിൽ ഒരു വാതിൽ ഉണ്ട്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നു,അവരല്ലാത്ത ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല;ചോദിക്കപ്പെടും: നോമ്പുകാർ എവിടെ? അപ്പോൾ അവർ എഴുന്നേൽക്കുന്നു. അവരല്ലാത്ത മറ്റൊരാളും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല. അവർ പ്രവേശിച്ചു കഴിഞ്ഞാൽ അത് അടക്കപ്പെടുന്നു. മറ്റാരും അതിലൂടെ പ്രവേശിക്കുകയില്ല'[75].

## നോമ്പ് നിർബന്ധമാണ് എന്നതിനുള്ള തെളിവുകൾ

ഇസ്ലാം കാര്യങ്ങളിൽപെട്ട പ്രധാനമായ ഒന്നാണ് നോമ്പ്,മതത്തിൽ അനിവാര്യമായും അറിയപ്പെട്ട നിർബന്ധ കാര്യമാണത് എന്നതിൽ മുസ്ലിംകൾ യോജിച്ചിരിക്കുന്നു. ഖുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നിവ അത് നിർബന്ധമാണെന്ന വിധിയെ അറിയിച്ചിരിക്കുന്നു. പ്രസ്തുത തെളിവുകൾ:

---

[74] ബുഖാരി, മുസ്ലിം

[75] ബുഖാരി, മുസ്ലിം

**ഖുർആനിൽ നിന്ന്:**

'സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) (ഞെരുങ്ങിക്കൊണ്ട് മാത്രം)അതിന്നു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്.എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മചെയ്താൽ അതവന്ന് ഗുണകരമാകുന്നു.നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കചന്റ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം. ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും,നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്.ആരെങ്കിലും രോഗിയാവുകയോ,യാത്രയിലാവുകയോ ചെയ്താൽ പകരം മറ്റു ദിവസങ്ങളിൽനിന്ന് എണ്ണം പൂർത്തിയാക്കണം.നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചു തന്നിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്.) (വി. ഖു: അൽ ബഖറ: 183,185)

**സുന്നത്തിൽ:**

അബ്ദുല്ലാഹ് ഇബ്നു ഉമറിൽ നിന്നും നിവേദനം;അല്ലാഹുവിന്റെ ദൂതൻﷺപറഞ്ഞു: 'ഇസ്ലാം നിർമ്മിക്കപെട്ടിരിക്കുന്നത് അഞ്ച് കാര്യങ്ങളിലാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബിﷺഅല്ലാഹുവിന്റെ ദൂതനാണ് എന്ന സാക്ഷ്യവചനം, നമസ്കാരം നിലനിർത്തുക, സകാത്ത് കൊടുക്കുക, റമളാനിൽ നോമ്പനുഷ്ഠിക്കുക, മാർഗം സാധ്യമായവൻ (ഹജ്ജും ഉംറയും) ഉദ്ദേശിച്ച് അല്ലാഹുവിന്റെ പരിശുദ്ധമായ ഭവനത്തിലേക്ക് (കഅ്ബാലയം) പോവുക'[76]

**ഇജ്മാഅ്:**

ഇസ്ലാം കാര്യങ്ങളിലെ ഒരു ഘടകമാണ് നോമ്പ് എന്നതിലും അത് മതത്തിൽ അനിവാര്യമായും അറിഞ്ഞിരിക്കേണ്ട കാര്യവുമാണ് എന്നതിലും സമുദായം ഏകോപിച്ചിരിക്കുന്നു. മാത്രമല്ല അതിന്റെ നിർബന്ധത്തെ ആരെങ്കിലും നിഷേധിച്ചാൽ അവൻ കാഫിറാകുന്നതാണ് എന്നതിലും സമുദായം ഏകോപിച്ചിരിക്കുന്നു.

**ആർക്കാണ് നോമ്പ് നിർബന്ധം?**

പ്രായപൂർത്തിയായ, ബുദ്ധിയുള്ള, നാട്ടിൽ താമസിക്കുന്ന, കഴിവുള്ള, തടസങ്ങളിൽ നിന്ന് മുക്തമായ എല്ലാ മുസ്ലിമിനും നോമ്പ് നിർബന്ധമാണ്.

ഇവിടെ എല്ലാ മുസ്ലിമിനും എന്ന് പറയുമ്പോൾ അതിൽ നിന്നും കാഫിർ പുറത്തുപോയി അവന് നോമ്പ് നിർബന്ധമില്ല അവനിൽ നിന്നത് ശരിയാകുകയുമില്ല. കാരണം ഇബാദത്തെടു

---

[76] ബുഖാരി, മുസ്ലിം

ക്കുവാൻ അവൻ അർഹനല്ല. ഒരാൾ മുസ്ലിമായാൽ ആ സമയം മുതൽ നോമ്പനുഷ്ഠിക്കൽ നിർബന്ധമായി മുൻകഴിഞ്ഞ നോമ്പുകൾ വീട്ടേണ്ടതില്ല.

ബുദ്ധിയുള്ള എന്നു പറയുമ്പോൾ ബുദ്ധിയില്ലാത്തവർ അതിൽ നിന്നും പുറത്തുപോയി. അഥവാ ഭ്രാന്ത്, പ്രായാദിക്യം തുടങ്ങിയ കാരണങ്ങളാൽ ബുദ്ധി നഷ്ടപെട്ടവർ, വയസ്സായി ചന്നിബാധിച്ചവരും ഇപ്രകാരമാണ്

പ്രായപൂർത്തിയായവൻ എന്ന് പറയുമ്പോൾ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഒഴിവായി. പ്രായപൂർത്തിയാകുന്നതുവരെ അവനിൽ നിന്നും പേനകൾ (വിധിവിലക്കുകൾ) ഉയർത്തപെട്ടിരിക്കുന്നു.

മൂന്നിൽ ഒരു കാരണത്താൽ പ്രായപൂർത്തിയാകുന്നതാണ്.

ഇന്ദ്രിയ സ്ഖലനം സംഭവിക്കുക.

ഗുഹ്യരോമം ഉണ്ടാകുക.

പതിനഞ്ച് വയസ് പൂർത്തിയാകുക.

നാട്ടിൽ താമസിക്കുന്നവൻ എന്ന് പറയുമ്പോൾ യാത്രക്കാരൻ ഒഴിവായി. അവന് നോമ്പ് നിർബന്ധമില്ല. നോമ്പനുഷ്ഠിക്കേണമോ നോമ്പ് ഒഴിവാക്കേണമോ എന്നത് അവന് തെരഞ്ഞെടുക്കാവുന്നതാണ്. തനിക്ക് ഏറ്റവും എളുപ്പമുള്ളത് സ്വീകരിക്കലാണ് ഉത്തമം.

കഴിവുള്ളവൻ എന്നതിൽ രോഗം, വാർദ്ധക്യം എന്നിവമൂലം കഴിവില്ലാത്ത രോഗി ഒഴിവായി. അവന് നോമ്പ് നിർബന്ധമില്ല. പകരം രോഗി റമളാനിന് ശേഷം അവ നോറ്റുവീട്ടേണ്ടതാണ്.എന്നാൽ നോമ്പനുഷ്ഠിക്കാൻ കഴിയാത്ത വൃദ്ധൻമാർ ഓരോ ദിവസത്തിനും പകരമായി ഒരു സാധുവിന് ഭക്ഷണം നൽകണം.

തടസങ്ങൾ ഇല്ല എന്ന് പറയുമ്പോൾ നോമ്പനുഷ്ഠിക്കുവാൻ തടസ്സമുള്ള ഋതുമതികളും പ്രസവരക്തമുള്ള സ്ത്രീകളും ഒഴിവായി.

### മാസം കാണലും അതിന്റെ വിധികളും

റമളാൻ സമാഗതമായി എന്ന് എങ്ങിനെ സ്ഥിരീകരിക്കും?

രണ്ടാൽ ഒരു കാര്യത്താൽ റമളാൻ സമാഗതമായി എന്ന് സ്ഥിരീകരിക്കാം.

ഒന്ന്: റമളാനിന്റെ ചന്ദ്രിക കാണൽ

രണ്ട്: ശഅബാൻ മുപ്പത് പൂർത്തിയാകുക.

നീതിമാനായ ഒരാളുടെ സാക്ഷ്യം കൊണ്ടാണ് റമളാൻ മാസം സ്ഥിരീകരിക്കുക. റമളാൻ വിടപറഞ്ഞു എന്നത് സ്ഥിരീകരിക്കുവാൻ രണ്ടുപേരുടെ സാക്ഷ്യം വേണം. സാക്ഷ്യം പറയുന്നവൻ പ്രായപൂർത്തിയെത്തിയവനും ബുദ്ധിയുള്ളവനും മുസ്ലിമും വിശ്വാസ്യതയുടേയും കാഴ്ചയുടേയും വിഷയത്തിൽ വിശ്വസ്ഥനുമായിരിക്കണം.

### സംശയമുള്ള ദിവസത്തിലെ നോമ്പ്

മേഘം, പൊടിപടലങ്ങൾ, എന്നീ തടസങ്ങളാൽ ശഅബാൻ മുപ്പതാം രാവിൽ ചന്ദ്രനെ കണ്ടില്ലെങ്കിൽ അതിനെ സംശയമുള്ള ദിവസം എന്ന് പറയുന്നു. മേഘം, പൊടിപടലങ്ങൾ, എന്നീ അവസ്ഥകളാണെങ്കിൽ അന്ന് നോമ്പ് എടുക്കരുതെന്നാണ് പണ്ഡിതൻമാരുടെ അഭിപ്രായങ്ങളിൽ ഏറ്റവും ശരിയായത്. നബിﷺ പറഞ്ഞു: 'നിങ്ങൾക്ക് (മേഘം) മൂടപെട്ടാൽ നിങ്ങൾ അതിനെ(മാസം മുപ്പതായി) കണക്കാക്കുക'[77]. നബിﷺ പറഞ്ഞു: 'ശഅ്ബാൻ മുപ്പത് നിങ്ങൾ പൂർത്തിയാക്കുക'[78].

---

[77] ബുഖാരി, മുസ്ലിം

[78] ബുഖാരി, മുസ്ലിം

**നോമ്പ് ഒഴിവാക്കൽ അനുവദനീയമാകുന്ന ഒഴിവുകഴിവുകൾ**

1. യാത്ര: അല്ലാഹുﷻ പറയുന്നു:

'നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്' (വി. ക്വു: അൽബഖറ: 184)

യാത്രക്കാരന് നോമ്പ് ഒഴിവാക്കാം എന്നതിനുള്ള വ്യക്തമായ രേഖയാണിത്. അവൻ ഒഴിവാക്കിയ നോമ്പിന് പകരമായി പിന്നീട് നോറ്റുവീട്ടേണ്ടതാണ്.

2. നോമ്പനുഷ്ഠിക്കുവാൻ കഴിയാത്ത നിത്യ ബലഹീനർ:

അല്ലാഹുﷻ പറയുന്നു:

'അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക' (വി. ക്വു: അതഗ്വാബുൻ 16)

'അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല.' (വി. ക്വു: അൽബഖറ:186) എന്നാൽ ഒഴിവാക്കിയ ഓരോ നോമ്പിനും പകരമായി ഒരു സാധുവിന് ഒരു നേരത്തെ ഭക്ഷണം നൽകണം.

3 രോഗം ശമനമാകും എന്ന് പ്രതീക്ഷിക്കപ്പെടുന്ന രോഗി.

അയാൾക്ക് നോമ്പ് ഒഴിവാക്കുവാൻ അല്ലാഹു ഇളവ് നൽകിയിരിക്കുന്നു പക്ഷെ അയാൾ പിന്നീട് അത് നോറ്റു വീട്ടണം.

ഇത്തരക്കാർക്ക് മൂന്ന് അവസ്ഥകളുണ്ട്:

ഒന്ന്: നോമ്പ് അനുഷ്ഠിച്ച കാരണത്താൽ പ്രയാസം നേരിടാതിരിക്കുക. നോമ്പെടുത്താൽ ക്ലേശമോ ഉപദ്രവമോ ഇല്ല. അവന് നോമ്പെടുക്കൽ നിർബന്ധമാണ്.

രണ്ട്: നോമ്പെടുത്താൽ ക്ലേശകരമാണ് എന്നാൽ അത് അവന് ഉപദ്രവമാകുകയില്ല. അയാൾ നോമ്പ് ഒഴിവാക്കണം നോമ്പനുഷ്ഠിക്കാൻ പാടില്ല. കാരണം അത് അല്ലാഹുവിന്റെ ഇളവിൽ നിന്ന് പുറത്തുപോകലും ശരീരത്തെ പീഡിപ്പിക്കലുമാണ്.

മൂന്ന്: നോമ്പ് അനുഷ്ഠിച്ചാൽ ഉപദ്രവം നേരിടുക, അയാൾ നോമ്പ് ഒഴിവാക്കൽ നിർബന്ധമാണ്. നോമ്പനുഷ്ഠിക്കാൻ പാടില്ല. അല്ലാഹു ﷻ പറയുന്നു:

'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.' (വി. ക്വു: അന്നിസാഅ്: 29)

4. ആർത്തവകാരികളും പ്രസവരക്തമുള്ള സ്ത്രീകളും:

ആർത്തവകാരിക്കും, പ്രസവരക്തമുള്ള സ്ത്രീക്കും നോമ്പ് നിഷിദ്ധമാണ്. അവർ നോമ്പനുഷ്ഠിച്ചാൽ അത് ശരിയാകുകയില്ല. ഒഴിവാക്കിയ നോമ്പിന് പകരമായി പിന്നീടവർ നോമ്പ് നോറ്റു വീട്ടേണ്ടതാണ്.

അബൂസഈദ് അൽഖുദ്രിയി رضي الله عنه ൽനിന്നും നിവേദനം; അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: ''..അവൾക്ക് ആർത്തവമുണ്ടായാൽ അവൾ നമസ്കരിക്കുകയോ നോമ്പനുഷ്ഠിക്കുകയോ ചെയ്യാറില്ലല്ലോ, അതാണ് മതത്തിലുള്ള അവരുടെ കുറവ്'[79].

നോമ്പ് പിന്നീട് വീട്ടണം എന്നതിനുള്ള രേഖ; അല്ലാഹു ﷻ പറയുന്നു:'പകരം മറ്റു ദിവസങ്ങളിൽ നിന്ന് എണ്ണം പൂർത്തിയാക്കണം' (വി. ക്വു: അൽബക്വറ: 185)

---

[79] ബുഖാരി.

ആഇശ(റ)യിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂലിന്റെ കാലത്ത് ഞങ്ങൾ ആർത്തവകാരികളാകുമായിരുന്നു; അപ്പോൾ നോമ്പ് മടക്കി വീട്ടാൻ ഞങ്ങൾ കൽപ്പിക്കപ്പെടുമായിരുന്നു. നമസ്കാരം മടക്കാൻ ഞങ്ങൾ കൽപ്പിക്കപ്പെടാറുണ്ടായിരുന്നില്ല'[80]

5: ഗർഭിണിയും മുലയൂട്ടുന്നവളും

അവർക്ക് മൂന്ന് അവസ്ഥകളാണ് ഉള്ളത്

ഒന്ന്: തങ്ങൾക്കും തങ്ങളുടെ കുഞ്ഞുങ്ങൾക്കും നോമ്പനുഷ്ഠിക്കൽ മൂലം പ്രയാസമുണ്ടാകുമെന്ന് ഭയപെട്ടാൽ അവർക്ക് നോമ്പ് ഒഴിവാക്കുകയും ക്വളാഅ് വീട്ടുകയും ചെയ്യണം.

നബി(സ) പറഞ്ഞു: 'തീർച്ചയായും യാത്രക്കാരന് നമസ്കാരത്തിന്റെയും നോമ്പിന്റെയും പകുതി വിട്ടു കൊടുത്തിരിക്കുന്നു. ഗർഭിണിക്കും മുലയൂട്ടുന്നവൾക്കും നോമ്പും (വിട്ടു കൊടുത്തിരിക്കുന്നു.)'[81].

രണ്ട്: തങ്ങളുടെ കുട്ടികളുടെ കാര്യത്തിൽ മാത്രം ഭയം നേരിടുകയാണെങ്കിൽ ക്വളാഅ് വീട്ടുന്നതോടൊപ്പം പ്രായശ്ചിത്തവും നൽകണം ഇതാണ് ശരിയായ പണ്ഡിതാഭിപ്രായം.

മൂന്ന്: തങ്ങളുടെ  കാര്യത്തിൽ മാത്രം ഭയപെടുകയാണെങ്കിൽ നോമ്പ് ക്വളാഅ് വീട്ടിയാൽ മാത്രം മതിയാകും[82].

**നോമ്പ് ദുർബലപ്പെടുത്തുന്ന കാര്യങ്ങൾ**

1. സ്ത്രീ പുരുഷ ലൈംഗിക ബന്ധം.

---

[80] ബുഖാരി

[81] അബൂദാവൂദ്, തിർമിദി, നസാഇ,അൽബാനി ഇതിനെ ഹസൻ എന്ന് പറഞ്ഞിരിക്കുന്നു.

[82] അൽ മുംതിഅ്ഃ 6: 360

2. ഇന്ദ്രിയം സ്ഖലിപ്പിക്കൽ.

3. മനഃപ്പൂർവം അന്നപാനീയങ്ങൾ കഴിക്കുക.

4. ഭക്ഷണ പാനീയങ്ങൾക്ക് തുല്യമായ ഇഞ്ചക്ഷൻ, രക്തം കയറ്റുക മുതലായവ.

5. മനഃപ്പൂർവമുളള ഛർദ്ദി. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ഛർ ദ്ദിയുണ്ടായാൽ അത് നോമ്പിനെ ബാധിക്കുകയില്ല.

6. കൊമ്പുവെക്കുക. ഞരമ്പിലൂടെയല്ലാതെ തൊലിയറുത്തു കൊണ്ട് രക്തം പുറത്തെടുക്കുന്നതിനാണ് കൊമ്പുവെക്കുക എ ന്ന് പറയുക.

7. ആർത്തവ, പ്രസവ രക്തം പുറപ്പെടുക.

**നോമ്പിന്റെ മര്യാദകൾ**

നിർബന്ധമായും പാലിക്കേണ്ട മര്യാദകൾ

1. നോമ്പുകാരൻ കളവ് പറയുന്നതിൽനിന്നും വിദൂരനായിരി ക്കണം. അത് എല്ലാ സമയത്തും നിഷിദ്ധമാണ് നോമ്പ് സമയ ത്ത് പ്രത്യേകിച്ചും.

2. പരദൂഷണം പറയുന്നതിൽ നിന്നും ഒഴിവാകുക.

3. നമീമത്തിൽ നിന്നും വിട്ടുനിൽക്കുക. കുഴപ്പം ഉദ്ദേശിച്ച് ഒ രാളുടെ വാക്ക് അയാളുടെ അസാനിധ്യത്തിൽ മറ്റൊരാളോട് പ റയുന്നതിനാണ് നമീമത്ത് എന്ന് പറയുന്നത്.അത് വൻപാപമാണ്.

4. കച്ചവടം, വ്യവസായം തുടങ്ങിയുള്ള എല്ലാ ഇടപാടുകളി ലും വഞ്ചന ഒഴിവാക്കുക.

5. കള്ളസത്യം വർജ്ജിക്കുക. കാരണം അത് നോമ്പിനെ ഇ ല്ലാതെയാക്കുന്നു. നബിﷺ പറഞ്ഞു: 'വ്യർത്ഥമായ വാക്കുകളും സംസാരങ്ങളും ഒരാൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ ഭക്ഷ

ണപാനീയങ്ങൾ ഒഴിവാക്കുകയെന്നത് അല്ലാഹുവിന് ആവശ്യമി ല്ല' 83.

**നോമ്പുകാരന് സുന്നത്തായ മര്യാദകൾ**

1. അത്താഴം കഴിക്കുക

നബിﷺ പറഞ്ഞു:'നിങ്ങൾ അത്താഴം കഴിക്കുക കാരണം അ ത്താഴത്തിൽ ബർക്കത്തുണ്ട്'84.

2. അത്താഴം കഴിക്കുന്നത് പിന്തിപ്പിക്കുക. കാരണം അത് ന ബിﷺയുടെ ചര്യയാണ്.

സൈദ് ഇബ്നു ഥാബിതിﷺൽ നിന്നും നിവേദനം; അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിന്റെ ദൂതന്റെകൂടെ ഭക്ഷണം കഴി ച്ചു. ശേഷം നമസ്കാരത്തിന് എഴുന്നേറ്റ് പോയി. അനസ്ﷺ അ ദ്ദേഹത്തോട് ചോദിച്ചു: ബാങ്കിന്റെയും അത്താഴത്തിന്റെയും ഇട യിൽ എത്ര (സമയം) ഉണ്ടായിരുന്നു? അദ്ദേഹം പറഞ്ഞു: അൻ പത് ആയത്തുകളുടെ തോത്'85.

3. നോമ്പ് തുറക്കുന്നതിൽ ധൃതി കാണിക്കുക.

നബിﷺ പറഞ്ഞു: 'നോമ്പ് തുറക്കുന്നതിൽ ജനങ്ങൾ ധൃതി കാണിക്കുമ്പോഴെല്ലാം അവർ നന്മയിലായിരിക്കും'86.

4. അനാവശ്യ സംസാരങ്ങളിൽനിന്നും നാവിനെ നിയന്ത്രി ക്കുക.

5. നിഷിദ്ധങ്ങളിൽനിന്നും കണ്ണിനെ നിയന്ത്രിക്കുക. മറ്റ് അവ യവങ്ങൾക്കെന്ന പേലെതന്നെ കണ്ണിനും നോമ്പ് ഉണ്ട്. നിഷിദ്ധ

---

[83] ബുഖാരി

[84] ബുഖാരി, മുസ്‌ലിം

[85] ബുഖാരി, മുസ്‌ലിം

[86] ബുഖാരി, മുസ്‌ലിം

ങ്ങളിൽനിന്നും കണ്ണടക്കേണ്ടവയും കണ്ണടക്കൽ പ്രതിഫലാർഹ മായവയും അതിലുണ്ട്.

6. ക്വുർആൻ പാരായണം, ദിക്ർ, ദുആ, നമസ്കാരം, ദാനധ ർമങ്ങൾ എന്നിവ അധികരിപ്പിക്കുക.

## തറാവീഹ് നമസ്കാരം.

തറാവീഹ് നമസ്കാരം സ്ത്രീകൾക്കും പുരുഷൻമാർക്കും സുന്നത്താണ്. ഇശാ നമസ്കാരശേഷമാണ് അത് നിർവഹിക്ക പ്പെടുക. രാത്രിയുടെ അവസാനംവരെ അതിന്റെ സമയം നീണ്ടു നിൽക്കുന്നു. ഒറ്റയായും ജമാഅത്തായും നിർവഹിക്കപ്പെടാവു ന്നതാണ്. ജമാഅത്തായി നിർവ്വഹിക്കലാണ് ഉത്തമം.

നബിﷺ പറഞ്ഞു: 'വിശ്വാസത്തോടു കൂടിയും പ്രതിഫലേഛ യോടു കൂടിയും റമളാനിൽ ഒരാൾ നിന്നു (രാത്രി നമസ്കരിച്ചാ ൽ)അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്'87.

എന്നാൽ തറാവീഹ് നമസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണം: ഏറ്റവും ശരിയായ അഭിപ്രായം ദീർഘമായ റുകൂഅ്, സുജൂദ്, നിർത്തം എന്നിവയോടൊപ്പം പതിനൊന്നോ പതിമൂന്നോ റക്അത്തുകളാണ്. നബിﷺയുടെ റമളാനിലുള്ള നമസ്കാരത്തെ സംബന്ധിച്ച് ആയിശ رضي الله عنهاയോട് ചോദിക്കപെട്ടപ്പോൾ അവർ പറ ഞ്ഞു: 'റമളാനിലോ അല്ലാത്തപ്പോഴോ പതിനൊന്നിൽ കൂടുതൽ അദ്ദേഹം അധികരിപ്പിച്ചിരുന്നില്ല. തിരുമേനി നാല് (റക്അത്തുക ൾ) നമസ്കരിക്കും അതിന്റെ മേൻമയെ കുറിച്ചും ദൈർഘ്യ ത്തെ കുറിച്ചും നീ ചോദിക്കേണ്ടതില്ല. ശേഷം നാല് (റക്അത്തു കൾ) നമസ്കരിക്കും അതിന്റെ മേന്മയെ കുറിച്ചും ദൈർഘ്യ

87 ബുഖാരി, മുസ്ലിം

ത്തെകുറിച്ചും നീ ചോദിക്കേണ്ടതില്ല ശേഷം മൂന്ന്(റക്അത്തുകൾ) നമസ്കരിക്കും' 88.

**പതിമൂന്ന് റക്അത്താണ് എന്നതിനുള്ള തെളിവ്:**

ഇബ്നു അബ്ബാസിﷺൽ നിന്നും. അദ്ദേഹം പറഞ്ഞു; 'നബിﷺയുടെ നമസ്കാരം പതിമൂന്ന് റക്അത്ത് ആയിരുന്നു അതായത് രാത്രി നമസ്കാരം'89.

## സുന്നത്ത് നോമ്പുകൾ

**1. ശവ്വാൽ മാസത്തിലെ ആറ് നോമ്പുകൾ**

നബിﷺ പറഞ്ഞു: 'ആരെങ്കിലും റമളാനിലെ നോമ്പ് അനുഷ്ഠിക്കുകയും അതിനെ തുടർന്ന് ശവ്വാലിൽനിന്ന് ആറെണ്ണം തുടർത്തുകയും ചെയ്താൽ അത് കാലം മുഴുവൻ നോമ്പനുഷ്ഠിച്ചതു പോലെയായി'90.

**2. ഹാജിമാരല്ലാത്തവർക്കുള്ള അറഫാ നോമ്പ്**

നബിﷺ പറഞ്ഞു: 'അറഫാ ദിവസമുള്ള നോമ്പ് മുൻകഴിഞ്ഞ ഒരു വർഷത്തേയും ബാക്കിയുള്ള ഒരു വർഷത്തേയും പാപങ്ങൾ പൊറുക്കും'91.

**3. ആശൂറാ നോമ്പ്:**

അതിന്റെ മുമ്പോ ശേഷമോ ഉള്ള ഒരു ദിവസത്തെ നോമ്പിനോടൊപ്പം. ആശൂറാഅ് നോമ്പിനെ കുറിച്ച് നബിﷺ പറഞ്ഞു: 'കഴിഞ്ഞ ഒരു വർഷത്തെ (പാപങ്ങൾ) പൊറുക്കും'92.

---

88 ബുഖാരി

89 ബുഖാരി, മുസ്‌ലിം

90 മുസ്‌ലിം

91 മുസ്‌ലിം

**4. അയ്യാമുൽ ബീളിലെ നോമ്പുകൾ:**

അറബി മാസത്തിലെ പതിമൂന്ന്, പതിനാല് പതിനഞ്ച് ദിവസങ്ങളിലെ നോമ്പുകൾക്കാണ് അയ്യാമുൽബീളിലെ നോമ്പുകൾ എന്ന് പറയുന്നത്. അതിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് നബിﷺ പറഞ്ഞു:'എല്ലാ ഓരോ മാസത്തിലുമുള്ള മൂന്ന് ദിവസത്തെനോമ്പ് വർഷം മുഴുവൻ നോമ്പനുഷ്ഠിക്കുന്നതിന് തുല്യമാണ്'[93].

**5. തിങ്കളാഴ്ചയും വ്യാഴാഴ്ചയുമുള്ള നോമ്പ്**

നബിﷺ പറഞ്ഞു: 'തിങ്കളാഴ്ചയും വ്യാഴാഴ്ചയും പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കപെടുന്നു. നോമ്പുകാരനായിരിക്കെ എന്റെ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കപ്പെടുവാൻ ഞാൻ ഇഷ്ടപെടുന്നു'[94].

**6. മുഹററം, ശഅബാൻ മാസങ്ങളിൽ** നോമ്പ് അധികരിപ്പിക്കൽ.നബിﷺ പറഞ്ഞു: 'റമളാൻ മാസത്തിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പുകൾ അല്ലാഹുവിന്റെ മാസമായ മുഹർറമിലാകുന്നു'[95].

ആഇശﷺ പറയുന്നു: 'ശഅബാനിനേക്കാൾ അധികമായി ഒരു മാസത്തിലും റസൂൽﷺ നോമ്പ് അനുഷ്ഠിക്കാറുണ്ടായിരുന്നില്ല'[96].

**7. ഒന്നിടവിട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുക.**

നബിﷺ പറഞ്ഞു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള നോമ്പ് ദാവൂദ് നബിعليه السلامയുടെ നോമ്പാണ്. അദ്ദേഹം ഒന്നിടവിട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിച്ചിരുന്നു'[97].

---

[92] മുസ്‌ലിം

[93] ബുഖാരി, മുസ്‌ലിം

[94] തിർമുദി

[95] മുസ്‌ലിം

[96] ബുഖാരി, മുസ്‌ലിം

## സുന്നത്ത് നോമ്പിന്റെ ഫലങ്ങൾ

1. അല്ലാഹുവുമായി അടിമയെ അടുപ്പിക്കുന്ന കാര്യമാണ്. റമളാനിന് ശേഷം നോമ്പ് പതിവാക്കൽ കർമങ്ങൾ സ്വീകരിച്ചു എന്നതിന്റെ അടയാളവുമാണ്.

2. റമളാനിന് ശേഷമുള്ള നോമ്പനുഷ്ഠിക്കൽ അടിമക്ക് രക്ഷിതാവിനോടുള്ള നന്ദിയുടെ അടയാളമാണ്.കാരണം പ്രതിഫലേച്ഛയോടെയും വിശ്വാസത്തോടുകൂടിയും ഉള്ള റമളാനിലെ നോമ്പ് മുമ്പുള്ള പാപങ്ങൾ പൊറുക്കാൻ കാരണമാണ്. ആ അനുഗ്രഹത്തിനുള്ള നന്ദിയായിട്ടാണ് ശേഷം നോമ്പ് മതപരമാക്കപ്പെട്ടത്.

3. സുന്നത്തായ നോമ്പുകൾ രക്ഷിതാവിനോടുള്ള അടിമയുടെ ഉടമ്പടിയാണ്. കാരണം അല്ലാഹുവിനോടുള്ള അടിമയുടെ അനുസരണത്തിന്റെ സമയം അവസാനിക്കുന്നില്ല. ജീവിതം മുഴുവൻ ആരാധനയാണ്.

4. സുന്നത്ത് നോമ്പ് അല്ലാഹുവിന് അടിമയോടുള്ള സ്നേഹത്തിനും അവന്റെ പ്രാർത്ഥന സ്വീകരിക്കുന്നതിനും പാപങ്ങൾ പൊറുക്കുന്നതിനും കാരണമായിത്തീരുന്നു.

നമുക്ക് പ്രതിഫലം ഇരട്ടിപ്പിച്ചു തരുവാനും അല്ലാഹു ﷻ വിന്റെ അനുഗ്രഹം വർഷിപ്പിക്കുവാനും ഞാൻ പ്രാർത്ഥിക്കുന്നു. അവൻ സമീപസ്ഥനും എല്ലാം കേൾക്കുന്നവനും ഉത്തരം നൽകുന്നവനുമാണല്ലോ.

## ഹജ്ജ്

പ്രത്യേകമായ സമയത്ത് ത്വവാഫ്, സഅ്യ്, അറഫയിൽ നിൽക്കൽ തുടങ്ങിയുള്ള ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുവാ

---

[97] ബുഖാരി, മുസ്‌ലിം

ൻ അല്ലാഹുവിന്റെ പവിത്രമായ വീട് ഉദ്ദേശിക്കുന്നതിനാണ് ഹ ജ്ജ് എന്ന് പറയുന്നത്. ഹജ്ജ് നിർബന്ധമാണ് എന്നതിന് ക്വുർ ആൻ, സുന്നത്ത് എന്നിവയിൽ ഖണ്ഡിതമായ രേഖകൾ വന്നിരി ക്കുന്നു. മുസ്‌ലിം ഉമ്മത്തിന്റെ ഏകോപിച്ച അഭിപ്രായവും അതി നുണ്ട്.

**ക്വുർആനിൽനിന്നും**

അല്ലാഹു ﷻ പറയുന്നു:

'ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതി ലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോ ടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു.'(വി.ക്വു:ആലു ഇംറാൻ: 97)

**ഹദീഥിൽനിന്നും:**

അബ്ദുല്ലാ ഇബ്നു ഉമർ رضي الله عنه വിൽ നിന്നും; അല്ലാഹുവിന്റെ ദൂത ൻ ﷺ പറഞ്ഞു: 'അഞ്ച് കാര്യങ്ങളിലാണ് ഇസ്‌ലാം നിർമിക്കപ്പെ ട്ടിരിക്കുന്നത്. അതിൽ ഹജ്ജിനെ സംബന്ധിച്ചും പറയപ്പെട്ടിരി ക്കുന്നു.[98]

അബൂ ഹുറയ്റ رضي الله عنه വിൽ നിന്നും നിവേദനം അദ്ദേഹം പറ ഞ്ഞു: അല്ലാഹുവിന്റെ ദൂതൻ ﷺ ഒരിക്കൽ ഞങ്ങളോട് പ്രസംഗി ച്ചു അദ്ദേഹം പറഞ്ഞു: 'ജനങ്ങളേ അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ ഹജ്ജ് ചെയ്യു ക. അപ്പോൾ ഒരാൾ ചോദിച്ചു: എല്ലാ വർഷവുമോ റസൂലേ. അ പ്പോൾ തിരുമേനി ﷺ മിണ്ടാതിരുന്നു.അയാൾ മൂന്ന് പ്രാവശ്യം അ

---

[98] ബുഖാരി, മുസ്‌ലിം

ത് ആവർത്തിച്ചു അപ്പോൾ അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: ഞാൻ അതെ എന്ന് പറഞ്ഞിരുന്നുവെങ്കിൽ നിങ്ങൾക്കത് നിർബന്ധമാകുമായിരുന്നു. പിന്നീട് നിങ്ങൾക്കത് (പ്രാവർത്തികമാക്കാൻ) സാധിക്കുകയില്ല'[99].

ഈ വിഷയവുമായി ക്വുർആനിലും ഹദീഥിലും നിരവധി തെളിവുകളാണ് ഉള്ളത്.

ഹജ്ജ് നിർബന്ധമാണ് എന്നതിന് ഒന്നിലധികം പണ്ഡിതന്മാർ ഇജ്മാഅ് ഉദ്ധരിച്ചിരിക്കുന്നു. 'ഇമാം കാസാനി' തന്റെ 'ബദാഇഅ് അസ്വനാഇഅ്ലും' 'ഇമാം ഇബ്നു ഖുതാമ' തന്റെ 'അൽ മുഗ്നി'യിലും അത് ഉദ്ധരിച്ചിരിക്കുന്നു.

## ഹജ്ജിന്റെ ശ്രേഷ്ഠതകൾ

ഹജ്ജിന്റെ ശ്രേഷ്ഠതയായി ക്വുർആനിലും ഹദീഥിലും വന്ന ചിലതാണ് താഴെ ചേർക്കുന്നത്.

1. മുമ്പ് പ്രവർത്തിച്ച കുഫ്ർ, ശിർക്ക് മറ്റുപാപങ്ങൾ തുടങ്ങിയവയെ ഹജ്ജ് തകർത്തു കളയുന്നു.

അംറ് ഇബ്നു ആസിﷺൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു; '.....എന്റെ മനസ്സിൽ അല്ലാഹു ഇസ്ലാമിനെ എത്തിച്ചപ്പോൾ ഞാൻ നബിﷺയുടെ അടുക്കൽ വന്നു. ഞാൻ പറഞ്ഞു: താങ്കളുടെ കരം നീട്ടിയാലും ഞാൻ താങ്കൾക്ക് ബൈഅത്ത് ചെയ്യട്ടെ അപ്പോൾ തിരുമേനിﷺ വലതുകൈ നീട്ടി അപ്പോൾ ഞാൻ എന്റെ കൈ ചുരുട്ടി. അദ്ദേഹം ചോദിച്ചു എന്തു സംഭവിച്ചു അംറ്? ഞാൻ പറഞ്ഞു: ചില ഉപാധികൾ വെക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.തിരുമേനിﷺ ചോദിച്ചു എന്ത് ഉപാധിയാണ് താങ്കൾ വെക്കുന്നത്? ഞാൻ പറഞ്ഞു: എനിക്ക് (പാപങ്ങൾ) പൊറുക്കുവാ

[99] മുസ്ലിം

ൻ. തിരുമേനിﷺപറഞ്ഞു: ഇസ്‌ലാം മുമ്പുള്ളത്(പാപങ്ങൾ) പൊളിച്ചു കളയും എന്നും. ഹിജ്റഃ അതിന്റെ മുമ്പുണ്ടായിരുന്നത് പൊളിച്ചു കളയുമെന്നും എന്ന് ഹജ്ജ് അതിന്റെ മുമ്പുണ്ടായിരുന്നത് പൊളിച്ചു കളയുമെന്നും താങ്കൾക്കറിയില്ലേ?'[100].

2. ഉമ്മ അവനെ പ്രസവിച്ച നാളിലേതുപോലെ (പാപ സുരക്ഷിതനായി) ഹാജി മടങ്ങുന്നു.

അബൂ ഹുറയ്റﷺവിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: 'ആരെങ്കിലും ഈ വീട് ലക്ഷ്യം വെച്ച് വരികയും സ്ത്രീ പുരുഷ സംസർഗമോ ദുർവൃത്തിയോ ചെയ്യാതിരിക്കുകയും ചെയ്താൽ അവൻ ഉമ്മ പ്രസവിച്ച ദിവസത്തെ പോലെ മടങ്ങുന്നതാണ്'[101].

3. ഹജ്ജ് ജിഹാദിന്റെ ഏറ്റവും ശേഷ്ഠമായ ഒരു ഇനമാണ്.

ആയിശﷺൽ നിന്നും നിവേദനം അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ജിഹാദ് ഉത്തമ പ്രവർത്തനമായി താങ്കൾ കാണുന്നു. അതിനാൽ ഞങ്ങളും (സ്തീകൾ) ജിഹാദ് ചെയ്യട്ടെയോ? തിരുമേനിﷺ പറഞ്ഞു വേണ്ട എന്നാൽ ഉത്തമമായ ജിഹാദ് പുണ്യകരമായ ഹജ്ജാകുന്നു'[102].

4. സ്വർഗ്ഗം കരസ്ഥമാക്കാം.

അബൂഹുറയ്റﷺയിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: 'പുണ്യകരമായ ഹജ്ജിന് സ്വർഗ്ഗമല്ലാതെ പ്രതിഫലമില്ല'[103]

---

[100] മുസ്‌ലിം

[101] ബുഖാരി, മുസ്‌ലിം

[102] ബുഖാരി

[103] മുസ്‌ലിം

**ഹജ്ജിന്റെ ലക്ഷ്യം**

ഹജ്ജ് മതപരമാക്കിയതിൽ മഹത്തായ ലക്ഷ്യങ്ങളുണ്ട് അവ ക്ലിപ്തപ്പെടുത്താൻ നമുക്ക് സാധ്യമല്ല, അതിനാൽ അവയിൽ ചിലതാണ് നാം ഇവിടെ ഉണർത്തുന്നത്.

1. ഹജ്ജിൽ അല്ലാഹുവിന്റെ കൽപ്പന പ്രാവർത്തികമാക്കലും അവന്റെ വിളിക്ക് ഉത്തരം നൽകലുമാണ് ഉള്ളത്. ഈ ഉത്തരം നൽകലിലും പ്രാവർത്തികമാക്കലിലും നിഷ്കളങ്കമായ അനുസരണവും യഥാർഥ ഇസ്ലാമും പ്രകടമാകുന്നു.

2. വഹ്യിന്റെ ആത്മാവുമായി ഹജ്ജിന് ബന്ധമുണ്ട്. അതായത് പരിപാവനമായ സ്ഥലങ്ങളിലാണ് വഹ്യ് ഇറങ്ങിയത്. പരിശുദ്ധ പ്രദേശവുമായി മുസ്ലിംകൾ ബന്ധപെടുമ്പോഴെല്ലാം ഈ മതം എത്തിച്ചുതരികയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുകയുംചെയ്ത ഒന്നാമത്തെ തലമുറയോട് അവർ അടുക്കുന്നു.

3. ജനങ്ങൾക്കിടയിലുള്ള സമത്വത്തിന്റെ പ്രാവർത്തികമായ ഒരു വിളംബരം ഹജ്ജിലുണ്ട്. ജനങ്ങളെല്ലാം അറഫാ മൈതാനിയിൽ ഒരുമിച്ച് കൂടുമ്പോൾ അവിടെ ദുനിയാവിന്റെ ഏതൊരു പ്രകട ഭാവത്തിലും അവർക്കിടയിൽ യാതൊരു ഏറ്റ വിത്യാസവുമില്ല.

4. പരിചയപ്പെടൽ ശക്തിപ്പെടുകയും കൂടിയാലോചന പൂർണ്ണമാവുകയും അഭിപ്രായങ്ങൾ അന്യോന്യം കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നതോടെ പരസ്പരം സഹകരിക്കുക, അന്യോന്യം അറിയുക എന്നീ അടിസ്ഥാനങ്ങളെ ഹജ്ജ് ദൃഢവൽക്കരിക്കുന്നു; സമൂദായത്തിന്റെ സമുദ്ധാരണത്തിനും നേതൃസ്ഥാനം ഉയരുന്നതിനും അതത്രേ വേണ്ടതും.

**ഹജ്ജിന്റെ നിബന്ധനകൾ**

1. ഇസ്‌ലാം:

കാഫിറിൽ നിന്നും ഹജ്ജ് ശരിയാകുകയില്ല, ഇരു സത്യസാക്ഷ്യവചനങ്ങൾ ഉച്ചരിച്ചവനാണ് അല്ലാഹു ﷻ മതശാസനകൾ നിർബന്ധമാക്കിയിരിക്കുന്നത്.

2 ബുദ്ധി:

ഭ്രാന്തനിൽ നിന്നും ഹജ്ജ് സ്വീകരിക്കപ്പെടുകയില്ല. ബുദ്ധിയുണ്ടായിരിക്കുക എന്നത് മതശാസനകൾ ബാധകമാകുന്നതിനുള്ള നിബന്ധനയാണ്. ഭ്രാന്തന് മതശാസനകൾ ഇല്ല. അതിനാൽ അവന് ഹജ്ജ് നിർബന്ധമില്ല.

3. പ്രായപൂർത്തിയാകുക:

പ്രായപൂർത്തിയെത്താത്ത കുട്ടിക്ക് ഹജ്ജ് നിർബന്ധമില്ല.അവൻ ഹജ്ജ് ചെയ്താൽ ശരിയാകുന്നതാണ്. പക്ഷെ ഇസ്‌ലാമിലെ നിർബന്ധമായ ഹജ്ജായി അത് മതിയാകുകയില്ല.

4. സ്വതന്ത്രനായിരിക്കുക:

അടിമക്ക് ഹജ്ജ് നിർബന്ധമില്ല,അടിമത്വത്തിലായിരിക്കെ ഹജ്ജ് ചെയ്താൽ ഐച്ഛികമായ രൂപത്തിൽ അത് ശരിയാകുന്നതാണ്.എന്നാലും ഇസ്‌ലാമിലെ നിർബന്ധ ഹജ്ജ് അവന് ബാധകമാണ്. ഇതാണ് അധിക പണ്ഡിതൻമാരുടേയും അഭിപ്രായം.ഇസ്‌ലാമിൽ നിർബന്ധമായ ഹജ്ജായി അത് പരിഗണിക്കപ്പെടും എന്ന അഭിപ്രായവുമുണ്ട്.

5. കഴിവുണ്ടായിരിക്കുക. :

ഹജ്ജ് നിർബന്ധമാകുവാനുള്ള നിബന്ധനയാണത്.അല്ലാഹു പറയുന്നു: 'കഅ്ബത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു.' (വി. ക്വു: ആലു ഇംറാൻ 97)

**കഴിവുണ്ടാകുക എന്നത് രണ്ട് രൂപത്തിലാണ്:**

ഒന്ന്: സ്ത്രീയും പുരുഷനും ഈ നിബന്ധനയിൽ പങ്കാളിക ളാണ്.

രണ്ട്: സ്ത്രീകൾക്ക് പ്രത്യേകമായത്

സ്ത്രീയും പുരുഷനും പങ്കാളികളാകുന്ന നിബന്ധനകൾ:യാ ത്ര ഭക്ഷണം, വാഹനം എന്നിവക്ക് കഴിവുണ്ടായിരിക്കുക, ശാരീ രികമായ കഴിവുണ്ടാകുക, വഴി നിർഭയമായിരിക്കുക, സഞ്ചരി ക്കുവാൻ സാധ്യമാവുക എന്നിവയാണ്.

സ്ത്രീകൾക്ക് മാത്രമായ നിബന്ധനകൾ:

മുൻ പറഞ്ഞ നിബന്ധനകൾക്ക് പുറമേ രണ്ട് നിബന്ധനകൾ കൂടിയുണ്ട് അവളോടൊപ്പം മഹ്റമ് ഉണ്ടായിരിക്കുക, ഇദ്ദയിൽ ഇരിക്കുന്നവളാകരുത്.

**ഹജ്ജിന്റെ മീഖാത്**

ഹജ്ജിനും ഉംറക്കും ഉള്ള മീഖാത് രണ്ട് ഇനമാണ്.

ഒന്ന്: സമയബന്ധിതമായ മീകാത് (മീകാത്തുൽ സമാനി)

ഇതിൽ ഹജ്ജ് ഉംറയിൽനിന്നും വിത്യാസപെട്ടിരിക്കുന്നു. ശ വ്വാൽ മാസം മുതൽ ദുൽഹജ്ജ് പത്തുവരേയാണ് ഹജ്ജിന്റെ സമയം. അല്ലാഹു പറയുന്നു:

'ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു.ആ മാസങ്ങളി ൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പവേശിച്ചാൽ പിന്നീട് സ് ത്രീ–പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിട യിൽ പാടുള്ളതല്ല.' (വി. ക്വു: അൽബക്വറ: 197)

എന്നാൽ ഉംറ കർമ്മത്തിന് പ്രത്യേക സമയമില്ല. ഉദ്ദേശിക്കു ന്ന ഏത് സമയത്തും നിർവഹിക്കാവുന്നതാണ്.

രണ്ട്: സ്ഥലവുമായി ബന്ധപെട്ട മീകാത് (മീകാത്തുൽമകാനി)

ഹജ്ജിനും ഉംറക്കും ഇത് ബാധകമാണ്. ഹജ്ജും ഉംറയും ഉദ്ദേശിക്കുന്ന വ്യക്തി ഇഹ്റാമിൽ പ്രവേശിച്ചുകൊണ്ടല്ലാതെ വിട്ടു കടക്കൽ അനുവദനീയമല്ലാത്ത സ്ഥല പരിധികൾക്കാണ് മീകാത്തുൽ മകാനി എന്ന് പറയുന്നത്. അവ താഴെ പറയുന്നവയാണ്

1. ദുൽഹുലൈഫ:
   ഇത് മദീനക്കാരുടെ മീഖാതാണ്.

2. ജുഹ്ഫ:
   സിറിയ, ഈജിപ്ത്, മൊറോക്കോ എന്നിവിടങ്ങളിൽ നിന്നുള്ളവരുടെ മീഖാത്ത്.

3. ഖർനുൽ മനാസിൽ:
   നജ്ദുകാരുടെ മീഖാതാണിത് ഇന്ന് ഇതിനെ സൈലുൽ കബീർ എന്നാണ് വിളിക്കപ്പെടുന്നത്.

4. യലംലം:
   അത് യമൻകാരുടെ മീഖാത്ത്.

5. ദാതു ഇർഖ്:
   ഇറാക്കുകാരുടെ മീഖാത്ത്.

**മീഖാതുമായി ബന്ധപെട്ട ചില സുപ്രധാന വിധികൾ**

ഒന്ന്: മുൻ സൂചിപ്പിക്കപെട്ട മീഖാത്തുകളിൽവെച്ച് ആ നാട്ടുകാരും ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് അതിലൂടെ കടന്നുപോകുന്നവരും ഇഹ്റാം ചെയ്യണം.

രണ്ട്: ആരുടെയെങ്കിലും വീട് ഈ മീഖാത്തുകൾക്കുളളിലാണെങ്കിൽ അവർ ഹജ്ജിനും ഉംറക്കും വേണ്ടി അവരുടെ വീട്ടി

ൽ നിന്നാണ് ഇഹ്റാം ചെയ്യേണ്ടത്. മക്കക്കാർ ഹജ്ജിനുവേണ്ടി മക്കയിൽനിന്ന് ഇഹ്റാം ചെയ്യണം. ഹജ്ജിന് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് ഹറമിന് പുറത്തുള്ള മീഖാത്തിലേക്ക് അവർ പേകേണ്ടതില്ല.എന്നാൽ ഉംറ നിർവ്വഹിക്കുവാനാണെങ്കിൽ ഏറ്റവും അടുത്തുള്ള ഹറമിന്റെ വെളിയിലേക്ക് അവർ പോകേണ്ടതുണ്ട്.

മൂന്ന്: വിമാനയാത്രക്കാരാണെങ്കിൽ മീഖാത്തിന് നേരെയുള്ള വാനാന്തരീക്ഷത്തിൽ നിന്നും ഇഹ്റാം ചെയ്യേണ്ടതാണ്. ചില ഹാജിമാർ ചെയ്യുന്നതുപോലെ ജിദ്ദ എയർപോർട്ടിൽ ഇറങ്ങുന്നതുവരെ ഇഹ്റാം വൈകിപ്പിക്കാൻ പാടില്ല.കാരണം ജിദ്ദ മീകാത്തോ ഇഹ്റാമിനുള്ള സ്ഥലമോ അല്ല.ആരെങ്കിലും അപ്രകാരം ചെയ്താൽ അവൻ ഹജ്ജിന്റെ വാജിബ് നഷ്ടപ്പെടുത്തിയവനായി അതുകാരണത്താൽ അവന് ഫിദിയഃ നിർബന്ധമാകുകയും ചെയ്തു.

നാല്: ഇഹ്റാമിൽ പ്രവേശിക്കാതെ ഒരാൾ മീഖാത്ത് വിട്ടുകടന്നാൽ മീഖാത്തിലേക്ക് മടങ്ങൾ അനിവാര്യമാണ്;ശേഷം അവിടെ നിന്നും ഇഹ്റാം ചെയ്യണം. കാരണം അത് അവനെക്കൊണ്ട് ചെയ്യാൻ കഴിയും. അത് ഉപേക്ഷിക്കുവാൻ പാടില്ല ഇനി അവൻ മീകാത്തിലേക്ക് മടങ്ങിയില്ലെങ്കിൽ ഫിദിയഃ അനിവാര്യമായി.

**ഹജ്ജ് കർമ്മങ്ങൾ**

ഇഹ്റാം

ഹജ്ജിന്റെ ഒന്നാമത്തെ നിർബന്ധ ഘടകമാണ് ഇഹ്റാം. ഹജ്ജ് കർമ്മത്തിൽ പ്രവേശിക്കുന്നുവെന്ന നിയ്യത്തിനാണ് ഇഹ്റാം എന്നു പറയുന്നത്. ഇതിന് ഇഹ്റാം എന്ന് പേരു പറയുവാനുള്ള കാരണം, ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പ് അനുവദനീയമായിരുന്ന നികാഹ്, സുഗന്ധം ഉപയോഗിക്കൽ,നഖം മുറിക്കൽ,

തല മുണ്ഡനം ചെയ്യൽ, തുടങ്ങിയവ ഇഹ്റാമിന്റെ നിയ്യത്തോടു കൂടി ഒരു മുസ്ലിമിന് നിഷിദ്ധമായിത്തീരുന്നു.

ഇഹ്റാമിന്റെ ഇനങ്ങൾ

**ഇഹ്റാമിന് മൂന്ന് ഇനങ്ങൾ ഉണ്ട്:**

1. തമത്തുഅ്:

ഹജ്ജിന്റെ മാസങ്ങളിൽ ഉംറ മാത്രം ഉദ്ദേശിക്കുകയും പിന്നീട് അതിൽ നിന്നും വിരമിച്ചാൽ അതേ വർഷം തന്നെ ഹജ്ജിനും ഇഹ്റാം ചെയ്യുക ഇതിനാണ് തമത്തുഅ് എന്ന് പറയുന്നത്. തമത്തുആയ ഇഹ്റാമിൽ  ഇപ്രകാരം പറയണം:

لَبَّيْكَ عُمْرَةً مُتَمَتِّعًا بِهَا إِلَى الْحَجِّ

2 ഖിറാൻ:

ഹജ്ജ് ഉംറയുമായി ചേർത്ത് ചെയ്യുന്നതിനാണ് ഖിറാൻ എന്ന് പറയുന്നത്. അതായത് ഒരു യാത്രയിൽ ഒരു ഇഹ്റാമിൽ തന്നെ അവ രണ്ടും നിർവ്വഹിക്കുവാൻ നിയ്യത്ത് ചെയ്യുക.ഈ അവസ്ഥയിൽ لَبَّيْكَ عُمْرَةً وَحَجًا എന്ന് പറയണം.

3. ഇഫ്റാദ്:

ഹജ്ജ് മാത്രം നിർവ്വഹിക്കുവാൻ നിയ്യത്ത് ചെയ്യുക, അപ്പോൾ لَبَّيْكَ حَجّاً എന്ന് പറയണം. മുതമത്തിആയും ഖിറാനായും കർമ്മങ്ങൾ ചെയ്യുന്നവർക്ക് ബലി അനിവാര്യമാണ്. എന്നാൽ മുഫ്രിദിന് (ഹദ്യോ പകരം നോമ്പോ) യാതൊന്നുമില്ല.

**ഇഹ്റാമിന്റെ വാജിബാത്തുകൾ**

ഇഹ്റാമിന് രണ്ട് വാജിബുകൾ ഉണ്ട്,അതിൽ ഒന്ന് പുരുഷൻ മാർക്ക് മാത്രം പ്രത്യേകമാണ്. സ്ത്രീകൾക്ക് ഒന്നാമത്തേതാണ് നിർബന്ധം.

1. മീഖാത്തിൽവെച്ച് ഇഹ്റാം ചെയ്യുക.

പ്രവാചകൻﷺയുടെ കൽപ്പനയും പ്രവർത്തനവും ഇതിനുണ്ട്.

2. പുരുഷൻമാർ തുന്നിയ വസ്ത്രം ഒഴിവാക്കുക.

രണ്ടാമത് സൂചിപ്പിക്കപെട്ട വാജിബ് ആരെങ്കിലും ഒഴിവാക്കി യാൽ അവന് ഫിദിയ അനിവാര്യമായി. മൂന്ന് നോമ്പനുഷ്ഠിക്കു ക, ആറ് പാവപ്പെട്ടവരെ ഭക്ഷിപ്പിക്കുക, ഒരു ആടിനെ അറുത്ത് ഹറമിലെ പാവപെട്ടവർക്ക് വിതരണം ചെയ്യുക.ഇവയിൽ ഏതെ ങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഒന്നാമത്തെ വാജിബ് ഒഴിവാക്കിയാൽ അറവല്ലാതെ മറ്റൊന്നും ഫിദ്‌യയായി ഇല്ല.

**ഇഹ്റാമിന്റെ സുന്നത്തുകൾ**

1. കുളിക്കുക,

ഇഹ്റാം ഉദ്ദേശിക്കുന്നവർ കുളിക്കൽ സുന്നത്താണ്. ആർ ത്തവ, പ്രസവ രക്തമുള്ളവരാണെങ്കിൽപോലും അവർ കുളിക്ക ണം.

2. നഖം മുറിക്കുക, കക്ഷരോമം പറിക്കുക, മീശ വെട്ടുക,ഗു ഹ്യ രോമം വടിക്കുക, ഇഹ്റാമിന് മുമ്പായി സുഗന്ധം ഉപയോ ഗിക്കുക.

3. (പുരുഷൻമാർ) വെളുത്ത ഒരു തുണിയും മേൽമുണ്ടും ഇ ഹ്റാമിന് ഉപയോഗിക്കുക.

4. ഇഹ്റാമിൽ പ്രവേശിച്ചതു മുതൽ കഅ്ബഃ ത്വവാഫ് ചെയ്യുന്നതുവരെ തൽബിയത്ത് ചൊല്ലുക.

5. ഇഹ്റാം ഒരു നമസ്കാരത്തിന് ശേഷമായിരിക്കുക, ഏറ്റവും ഉത്തമം ഫർള് നമസ്കാര ശേഷമായിരിക്കലാണ്.

**ഇഹ്റാമിലെ നിഷിദ്ധങ്ങൾ**

സ്ത്രീക്കും പുരുഷനും നിഷിദ്ധമായവ

1. തലയിൽ നിന്നും ശരീരത്തിന്റെ ഇതര ഭാഗങ്ങളിൽനിന്നും മുണ്ഡനം ചെയ്തോ അല്ലാതെയോ മുടി നീക്കം ചെയ്യുക.

2. കൈകാലുകളിലെ നഖം മുറിക്കുക.

3. ഇഹ്റമിന് ശേഷം വസ്ത്രത്തിലോ ശരീരത്തിലോ സുഗന്ധം ഉപയോഗിക്കുക.

4. സംയോഗം, അതിന്റെ പ്രേരകങ്ങളായ വൈകാരിക നോട്ടം, വിവാഹം കഴിക്കുക മുതലായവ.

5. കയ്യുറ ധരിക്കുക.

6. കരയിൽ വേട്ടയാടുക.

പുരുഷൻമാർക്ക് മാത്രം നിഷിദ്ധമായവ

1. തുന്നിയ വസ്ത്രം ധരിക്കുക

2. തൊപ്പി,തലപ്പാവ്,തട്ടം തുടങ്ങിയവ കൊണ്ട് തല മറക്കുക.

സ്ത്രീകൾക്ക് മാത്രം നിഷിദ്ധമായവ

നിഖാബ്, ബുർഖുഅ് തുടങ്ങിയവ ധരിക്കുക. സ്ത്രീ മുഖം മൂടാൻ ഉപയോഗിക്കുന്നതാണിവ. കണ്ണിന്റെ ഭാഗത്ത് മാത്രമായി ഇതിന് രണ്ട് ദ്വാരങ്ങൾ ഉണ്ടായിരിക്കും. അതിനാൽ സ്ത്രീകൾ ഇവ ഉപയോഗിക്കരുത് പകരം മുഖം മറക്കേണ്ടി വരികയാണെങ്കിൽ)ശിരോവസ്ത്രം, മൂടുപടം, എന്നിവ കൊണ്ട് മുഖം മൂടുക.

**തൽബിയത്ത്:**

ഹാജിയോ ഉംറഃ നിർവഹിക്കുന്നവനോ താഴെവരും പ്രകാരം പറയുന്നതിനാണ് തൽബിയത്ത് എന്ന് പറയുന്നത്.

لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لَا شَرِيكَ لَكَ لَبَّيْـكَ إِنَّ الْحَمْـدَ وَالنِّعْمَـةَ لَـكَ وَالْمُلْـكَ لَا شَرِيكَ لَكَ

'അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു.നിന്റെ വിളി കേട്ടെത്തിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവികൊണ്ടിരിക്കുന്നു. നിനക്കു യാതൊരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാനുത്തരം നൽകിയിരിക്കുന്നു. മുഴു സ്തുതിയും അനുഗ്രഹവും നിനക്കുമാത്രം,രാജാധികാരവും നിനക്കു തന്നെ തീർച്ച. നിനക്ക് യാതൊരു പങ്കാളിയുമില്ല'.

**തൽബിയത്തിന്റെ വിധി**

ഇഹ്റാമിന് ശേഷം തൽബിയത് സുന്നത്താണ്. ഹജറുൽ അസ്വദ് ചുംബിക്കുകയും ത്വവാഫ് ആരംഭിക്കുകയും ചെയ്യുന്നതോടെ തൽബിയത് അവസാനിക്കും.

**ത്വവാഫ്:**

അല്ലാഹുവിനുള്ള ആരാധനയായി ഹാജിയും ഉംറ ചെയ്യുന്നവനും കഅ്ബയെ ഇടതു ഭാഗത്താക്കി അതിന് ചുറ്റും ഏഴ് പ്രാവശ്യം വലയം വെക്കുന്നതിനാണ് ത്വവാഫ് എന്ന് പറയുന്നത്.ഇത് ഹജറുൽ അസ്വദിൽ നിന്നും ആരംഭിക്കുകയും അവിടെ തന്നെ അവസാനിപ്പിക്കുകയും ചെയ്യുന്നു.

**ത്വവാഫിന്റെ വിധി**

ത്വവാഫിന്റെ ഇനമനുസരിച്ച് അതിന്റെ വിധി വിത്യാസപ്പെടുന്നു.

1. ത്വവാഫുൽ ഖുദൂം:

മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചവന് സുന്നത്തായ ത്വവാഫാണിത്.

2. ഉംറയുടെ ത്വവാഫ് ഉംറയുടേയും, ത്വവാഫുൽ ഇഫാദഃ ഹജ്ജിന്റേയും റുക്നുകളിൽപ്പെട്ടതാണ്. ഇവ രണ്ടും ഹജ്ജിന്റെയും ഉംറയുടേയും റുക്നുകളാകുന്നു.

3. ത്വവാഫുൽ വിദാഅ്:

ഇത് ഹജ്ജിന്റെ വാജിബാത്തുകളിൽ പെടുന്നു.

**ത്വവാഫിന്റെ നിബന്ധനകൾ**

1. ത്വവാഫ് ആരംഭിക്കുമ്പോൾ നിയ്യത്ത് ഉണ്ടായിരിക്കണം.

2. ചെറിയ, വലിയ അശുദ്ധികളിൽനിന്നും നജസുകളിൽ നിന്നും ശുദ്ധമാകുക.

3. നഗ്നത മറക്കുക.

4. മസ്ജിദുൽ ഹറാമിന്റെ ഉള്ളിലായിരിക്കുക.

5. കഅ്ബക്ക് ചുറ്റുമായിരിക്കുക. ഹിത്ത്വീമിലൂടെ[104] ഒരാൾ ത്വവാഫ് ചെയ്താൽ അത് ശരിയാകുകയില്ല.

6. ത്വവാഫ് ചെയ്യുമ്പോൾ കഅ്ബയെ ഇടതുഭാഗത്താക്കുക. കഅ്ബയെ വലതു ഭാഗത്താക്കി ത്വവാഫ് ചെയ്താൽ അത് ശരിയാകുകയില്ല.

7. ഹജറുൽ അസ്വദിന്റെ മൂലയിൽ നിന്നും ആരംഭിക്കുക, ആ മൂലയിൽ നിന്നല്ലാതെ ആരംഭിച്ചാൽ ത്വവാഫ് ശരിയാകുകയി

---

[104] റുക്നുൽ ഇറാഖിയുടെയും റുക്നുശാമിയുടെയും ഇടയിലായുള്ള അരമതിനുള്ളിലുള്ള സ്ഥലമാണ് ഹിത്ത്വീം. ഇത് കഅ്ബയുടെ ഉള്ളിൽപ്പെട്ട സ്ഥലമാണ്. ഈ സ്ഥലത്തെ ഹിജ്റ് എന്ന് വിളിക്കുന്നു.(വിവഃ)

ല്ല. ഹജറുൽ അസ്‌വദിന്റെ മുമ്പായി ആരംഭിച്ചാൽ അവിടം മുതലുള്ള ത്വവാഫ് മാത്രമേ പരിഗണിക്കുകയുള്ളൂ.

8. ത്വവാഫ് ഏഴ് ചുറ്റായിരിക്കുക.

9. തുടർച്ചയായി ചെയ്യുക. നിർബന്ധ നമസ്കാരം ക്ഷീണം തുടങ്ങിയ കാരണങ്ങളാലല്ലാതെ (പിന്തിപ്പിക്കാതിരിക്കുക)

**ത്വവാഫിന്റെ സുന്നത്തുകൾ**

1. റംല്: (അൽപം വേഗത്തിൽ നടക്കുക)

അത് പുരുഷൻമാർക്ക് സുന്നത്താണ്.ത്വവാഫുൽ ഖുദൂമിലെ ആദ്യത്തെ മൂന്ന് ചുറ്റലിലാണ് റംല് വേണ്ടത്.

2. ത്വവാഫുൽ ക്വുദൂമിൽ ഇദ്ത്വിബാഅ്[105] ചെയ്യുക.

3. ഹജറുൽ അസ്‌വദ് ചുംബിക്കുക.

4. അനാവശ്യമായി ത്വവാഫിനിടയിൽ സംസാരിക്കാതിരിക്കുക.

5. ദുആയും, ദിക്റും.

6. റുക്നുൽ യമാനി കൈകൊണ്ട് ഇസ്തിലാം ചെയ്യുക (സ്പർശിക്കുക). ചുംബിക്കരുത്.

7. ത്വവാഫിന് ശേഷം രണ്ട് റക്അത്ത് നമസ്കരിക്കുക.

8. രണ്ട് റക്അത്ത് നമസ്കാരശേഷം സംസം വെള്ളം കുടിക്കുക.

**സഅ്‌യ്**

**സഅ്‌യിന്റെ വിധി**

ഹജ്ജിന്റെ ഒരു റുക്നാണ് സഅ്‌യ് അതില്ലാതെ ഹജ്ജ് ശരിയാകുകയില്ല.

---

[105] പുരുഷൻമാർ ത്വവാഫിൽ മേൽമുണ്ട് വലതു കക്ഷത്തിനു താഴെയാക്കി രണ്ടറ്റങ്ങളും ഇടതു ചുമലിൻമേലായി പുതക്കുന്നതിനാണ് ഇദ്ത്വിജിബാഅ് എന്ന് പറയുന്നത്.(വിവഃ)

## സഅ്യിന്റെ നിബന്ധനകൾ

സഅ്യ് ശരിയാകണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമാണ്.

1. ത്വവാഫിന് ശേഷമായിരിക്കുക.

2. സഫയിൽനിന്നും ആരംഭിച്ച് മർവയിൽ അവസാനിക്കുന്ന രൂപത്തിൽ ക്രമപ്രകാരമായിരിക്കുക.

3. പരിപൂർണ്ണമായ ഏഴ് ചുറ്റ് ആയിരിക്കുക.

## അറഫയിൽ നിൽക്കൽ

അറഫയിൽ നിൽക്കൽ ഹജ്ജിന്റെ ഒരു റുകുനാണ്. ഒരു മുസൽമാന്റെ ഹജ്ജ് അത് കൂടാതെ ശരിയാകുകയില്ല. നബിﷺ പറഞ്ഞു: 'ഹജ്ജ് എന്നാൽ അറഫയാകുന്നു.'[106]

അറഫയിൽ നിൽക്കൽ നഷ്ടമായവന്റെ വിധി

അറഫയിൽ നിൽക്കൽ നഷ്ടമായവൻ ഉംറ കർമ്മം ചെയ്ത് ഇഹ്റാമിൽ നിന്നുംമോചിതനാകണം.അതായത് അവന്റെഹജ്ജ് ഉംറയാക്കി മാറ്റണം.അറഫയിൽ നിൽക്കലിനെ തുടർന്നുവരുന്ന മുസ്ദലിഫയിൽ നിൽക്കുക, മിനായിൽ താമസിക്കുക,ജംറയിൽ എറിയുക ഇവപോലുള്ളവ അവന് ഇല്ലാതാകും.ത്വവാഫ് ചെയ്യുക, സഅ്യ് നടത്തുക, തലമുടി വെട്ടുകയോ കളയുകയോ ചെയ്യുക. നഷ്ടപെട്ട ഹജ്ജിന് പകരം പിന്നീട് ഹജ്ജ് ചെയ്യണം. നഷ്ടപെട്ട ഹജ്ജ് സുന്നത്തായതാണെങ്കിലും ശരി. ഒരു ആടിനെ അറക്കൽ അവന്റെമേൽ നിർബന്ധമാണ്,അതിന് സാധ്യമല്ലെങ്കിൽ ഹജ്ജിൽവെച്ച് മൂന്ന് നോമ്പും നാട്ടിലേക്ക് മടങ്ങിയ ശേഷം ഏഴ് നോമ്പും അനുഷ്ഠിക്കുക എന്നിവ അവന് ബാധ്യതയാണ്.

---

[106] അബൂദാവൂദ്. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

**അറഫയിൽ നിൽക്കലുമായി ബന്ധപെട്ട ചില വിധികൾ**

ഒന്ന്:

സൂര്യാസ്തമനത്തിന് മുമ്പ് ആരെങ്കിലും അറഫയിൽനിന്ന് മടങ്ങിയാൽ വാജിബ് നഷ്ടപെടുത്തിയ കാരണത്താൽ അവൻ ഒരു ബലി കൊടുക്കൽ നിർബന്ധമാണ്.

രണ്ട്:

ഒരാൾ വൈകിയ കാരണത്താൽ രാത്രിയിലാണ് അറഫയിൽ നിൽക്കാൻ സാധ്യമായത് എങ്കിൽ അവന്റെമേൽ കുറ്റമൊന്നുമില്ല, കാരണം അവൻ ഒഴിവുകഴിവുള്ളവനാണ്.

മൂന്ന്:

അശുദ്ധിയുള്ളവൻ, ആർത്തവകാരി, പ്രസവരക്തമുള്ളവൾ എന്നിവർ അറഫയിൽ നിന്നാൽ അത് ശരിയാകും കാരണം അറഫയിൽ നിൽക്കുന്നതിന് ശുദ്ധി നിബന്ധനയല്ല.

**മുസ്ദലിഫയിൽ രാപാർക്കൽ**

മുസ്ദലിഫയിൽ രാപാർക്കൽ ഹജ്ജിന്റെ വാജിബാത്തിൽ പെട്ടതാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവന് അറവ് നിർബന്ധമാണ്.

ഒരാൾക്ക് രാത്രിയുടെ അവസാനത്തിലല്ലാതെ അറഫയിൽ നിൽക്കാൻ കഴിഞ്ഞില്ല, എന്നതുപോലുള്ള പ്രതിബന്ധങ്ങൾ ഉള്ളവർ മുസ്ദലിഫയിൽ രാത്രി താമസിക്കുന്നത് ഒഴിവാക്കിയാൽ അവന് പ്രശ്നമൊന്നുമില്ല. അവന്റെ ഹജ്ജ് ശരിയാകുന്നതാണ്. ഒഴിവുകഴിവുകളില്ലാതെ ഒരാൾ ഇത് ഒഴിവാക്കിയാൽ അവന് ഫിദിയ നിർബന്ധമാണ്. ഭൂരിപക്ഷ പണ്ഡിതന്മാരുടെ അഭിപ്രായം അപ്രകാരമാണ്.

**ജംറയിൽ എറിയൽ**

ജംറയിൽ എറിയൽ ഹജ്ജിന്റെ വാജിബിൽ പെട്ടതാണ് എന്ന അഭിപ്രായമാണ് ഭൂരിപക്ഷ പണ്ഡിതൻമാർക്കുമുള്ളത്. ആരെങ്കിലും അത് ഒഴിവാക്കുകയോ അതിൽ ചിലത് ഒഴിവാക്കുകയോ ചെയ്താൽ അവന് ഒരു ബലി കൊടുക്കൽ നിർബന്ധമാണ്.

**ജംറയിൽ എറിയുന്ന സമയം:**

ജംറത്തുൽ അക്വബയിൽ എറിയുന്നതിന്റെ സമയം, ബലി ദിവസം (ദുൽഹജ്ജ് പത്ത്) സൂര്യോദയത്തിന് ശേഷമാണ് ആരംഭിക്കുക. സൂര്യോസ്തമനം വരെ അത് നീണ്ടുനിൽക്കും. ഒഴിവുകഴിവ് ഇല്ലാത്തവർക്കാണിത്. എന്നാൽ ഒഴിവുകഴിവുകളുള്ളവർക്ക് പെരുന്നാൾരാവിൽ ചന്ദ്രൻ അസ്തമിക്കുന്നതോടു കൂടി ജംറയിലുള്ള ഏറ് ആരംഭിക്കാവുന്നതാണ്. അയ്യാമു തശ്രീക്വിന്റെ ദിവസങ്ങളിൽ, സൂര്യൻ മദ്ധ്യത്തിൽനിന്നും തെറ്റിയതു മുതലാണ് ഏറ് ആരംഭിക്കുക. അതിന്റെ മുമ്പ് അനുവദനീയമല്ല. സൂര്യാസ്തമനം വരെ അത് തുടരുന്നതാണ്.

പെരുന്നാൾ ദിവസവും, അയ്യാമു തശ്രീക്വിന്റെ രണ്ട് ദിവസങ്ങളിലും രാത്രിയിലും എറിയാവുന്നതാണ്. ജനങ്ങളുടെ ആധിക്യവും ശക്തമായ തിരക്കും കാരണത്താലാണത്. ഇപ്പോൾ ഈ ഫത്‌വയുടെ അടിസ്ഥാനത്തിലാണ് ജംറയിൽ ഏറ്.

**ജംറകളിൽ എറിയുന്നതിന്റെ നിബന്ധനകൾ**

1. ഓരോ ജംറയിലും എറിയുന്നത് ഏഴ് കല്ലുകൾ വീതമായിരിക്കുക.

2. ഏഴ് ഏറുകളായിരിക്കണം. അവൻ അത് ഒറ്റ പ്രാവശ്യമായോ അല്ലെങ്കിൽ രണ്ട് പ്രാവശ്യമായോ എറിഞ്ഞാൽ അത് ഒന്നായി മാത്രമേ പരിഗണിക്കുകയുള്ളൂ.

3. ചെറിയ കല്ലുകൾകൊണ്ടായിരിക്കണം എറിയേണ്ടത്. അവയല്ലാത്തതുകൊണ്ട് എറിയൽ അനവദനീയമല്ല.

4. എറിയുന്ന കല്ല് ഏറ് പതിക്കാനുള്ള ഹൗളിൽ പതിച്ചെന്ന് ഉറപ്പു വരുത്തണം.

5. ജംറകളിൽ ക്രമപ്രകാരം എറിയുക. ആദ്യം ചെറിയ ജംറയിലും തുടർന്ന് മദ്ധ്യത്തിലുള്ളതിലും ശേഷം വലിയ ജംറയിലും എറിയുക.

**എറിയുന്നതിന് പകരക്കാരെ വെക്കുന്നതിന്റെ വിധി**

1. തിരക്ക് ഭയപെടുകയാണെങ്കിൽ ചെറിയ കുട്ടികളുടെ രക്ഷിതാക്കൾക്ക് പകരം എറിയാവുന്നതാണ്.

2. ഗർഭം, രോഗം, വാർദ്ദക്യം തുടങ്ങിയ കാരണത്താൽ അശക്തരായവർക്ക് മറ്റുള്ളവരെ ഏൽപ്പിക്കാവുന്നതാണ്. ഏൽപ്പിക്കപെട്ടവൻ ഹാജിയായിരിക്കണം എന്ന നിബന്ധനയുണ്ട്.

**മുടി കളയലും വെട്ടലും.**

ഇവ ഹജ്ജിന്റെ വാജിബാത്തിൽ പെട്ടതാണ്.അത് നടത്തിയില്ലെങ്കിൽ അറവ് കൊടുത്ത് ബാധ്യത വീട്ടണം. അല്ലാഹു: പറയുന്നു:‘അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സമാധാനചിത്തരായി കൊണ്ട് തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയികൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ മസ്ജിദിൽ (ഭവനത്തിൽ) പ്രവേശിക്കുക തന്നെ ചെയ്യുന്നതാണ്’ (വി.ക്വു: അൽ ഫത്ഹ്: 27)

**സമയം:**

ബലി ദിവസമാണ് മുടിയെടുക്കാനുള്ള സമയം. അയ്യാമു തശ്രീകിന്റെ അവസാന ദിവസം വരെ മുടിയെടുക്കുന്നത് പിന്തിപ്പിക്കാവുന്നതാണ്.

**ചില വിധികൾ**

ഒന്ന്: ഹജ്ജ് കർമ്മം സാക്ഷാൽകൃതമാകുന്നതിന് തല മുണ്ഡനം ചെയ്യുകയോ മുടി എടുക്കുകയോ ചെയ്യൽ അനുവദനീയവും മതിയായതുമാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

രണ്ട്: മുതമത്തിഅ് അല്ലാത്തവർക്ക് തല മുണ്ഡനം ചെയ്യലാണ് ഉത്തമം എന്നതിൽ പണ്ഡിന്മാർ ഏകോപിച്ചിരിക്കുന്നു. എന്നാൽ മുതമത്വിഅ്ഃ,മുടി വെട്ടുകയും തലമുടി വടിക്കൽ ഹജ്ജിലേക്ക് പിന്തിപ്പിക്കുകയും ചെയ്യണം.

മൂന്ന്: തലമുടി വെട്ടുമ്പോഴും വടിക്കുമ്പോഴും തല മുഴുവനായി ചെയ്യണം എന്നതാണ് പ്രബലമായ അഭിപ്രായം.കാരണം ആരാധനയുടെ നിർവ്വഹണത്തിൽ ഏറ്റവും സൂക്ഷ്മത അതിലാണ്. നബിﷺ അപ്രകാരമാണ് ചെയ്തതും.

**ബലിയറുക്കൽ**

ഹാജിയോ ഉംറ നിർവഹിക്കുന്നവനോ അല്ലാഹു ﷻ വിലേക്കുള്ള സാമീപ്യമായി സമർപ്പിക്കുന്ന ഒട്ടകം, ആട് മാട്, തുടങ്ങിയ കന്നുകാലികളാണ് ബലികൊണ്ട് ഉദ്ദേശിക്കപെടുന്നത്.

ഇവ രണ്ട് ഇനമുണ്ട്. ഒന്ന്: ഹദ്‌യ് ശുക്റാൻ രണ്ട്: ഹദ്‌യ് ജുബ്റാൻ

**ഹദ്‌യ് ശുക്റാൻ:**

ഖാരിനായും മുതമത്തിആയും ഹജ്ജ് നിർവ്വഹിക്കുന്നവന് നിർബന്ധമായ അറവാണത്.ഈ മഹത്തായ ആരാധനാ കർമ്മം നിർവ്വഹിക്കാൻ അല്ലാഹു തൗഫീക്ക് ചെയ്തുതന്നതിന് നന്ദിയായിട്ടാണ് ബലിയറുക്കുന്നത്. അത് നിർബന്ധവുമാണ്.

**ഹദ്‌യ് ജുബ്റാൻ:**

ഹജ്ജിലോ ഉംറയിലോ സംഭവിച്ച കുറവുകൾ പരിഹരിക്കുവാനാണ് ഈ അറവ്. ഹജ്ജിന്റെ വാജിബാത്തുകളിൽ ഒന്ന് ഒഴിവാക്കുകയോ, നിഷിദ്ധമായവ പ്രവർത്തിക്കുകയോ ചെയ്താലാണ് ഇഹ്റാമിൽ അറവ് നിർവ്വഹിക്കേണ്ടത്. ഇഹ്റാമിൽ പ്രവേശിച്ച് കർമ്മം നിർവഹിക്കുവാൻ കഴിയാതെ തടയപെടുകയാണെങ്കിലുള്ള അറവും അപ്രകാരം തന്നെയാണ്. ബലിയിലുള്ള ഈ വകുപ്പും നിർബന്ധമാണ്.ശുക്റിന്റെ ബലിയും ജുബ്റിന്റെ ബലിയും തമ്മിൽ വിത്യാസമുണ്ട്. ശുക്റിന്റെ ബലിയിൽനിന്നും മാംസം കഴിക്കൽ അനുവദനീയമാണെന്നു മാത്രമല്ല സുന്നത്തു കൂടിയാണ്. എന്നാൽ ജബ്റിന്റെ ബലിയിൽ നിന്നും അത് സമർപ്പിച്ചവൻ ഭക്ഷിക്കാൻ പാടില്ല. അത് ഹറമിലെ പാവങ്ങൾക്കാണ് വിതരണം ചെയ്യേണ്ടത്.

**ബലിമൃഗത്തിന്റെ നിബന്ധനകൾ**

1. ആട്, മാട്, ഒട്ടകം എന്നീ കന്നുകാലികളിൽ നിന്നായിരിക്കണം

2. ന്യൂനതയില്ലാത്തതായിരിക്കണം.

3. ഒട്ടകത്തിന് അഞ്ചു വയസും മാടിന് രണ്ടുവയസ്സും ആടിന് ഒരു വയസ്സും ചെമ്മരിയാടിന് ആറു മാസവും തികഞ്ഞിരിക്കണം.

**മിനയിൽ രാപാർക്കൽ**

മിനയിൽ രാപാർക്കൽ ഹജ്ജിന്റെ വാജിബാണ് എന്നതാണ് ഭൂരിപക്ഷ പണ്ഡിതൻമാരുടേയും അഭിപ്രായം.അതിനാൽ തന്നെ മിനയിൽ രാപാർക്കുന്നത് ആരെങ്കിലും ഒഴിവാക്കിയാൽ ഫിദിയഃ നിർബന്ധമാണ്. ഒഴിവാക്കിയത് ഒരു രാത്രിയായാലും മുഴുവൻ രാത്രികളായിരുന്നാലും ശരി.

**മിനയിൽ രാപാർക്കുന്നതിൽ ഇളവുള്ളവർ;**

രോഗിയും അവരെ പരിചരിക്കുന്നവർ, പ്രാമാണികരായ പണ്ഡിതന്മാർ നിശ്ചയപ്പെടുത്തുന്നതനുസരിച്ചുള്ള ഹാജിമാരുടെ നന്മകളുമായി ബന്ധപ്പെട്ട ഔദ്യേഗിക മേഖലകളിൽ സേവനം ചെയ്യുന്നവർ എന്നിവർക്ക് മിനായിൽ രാപാർക്കുന്നതിൽ ഇളവുണ്ട്.

**എത്ര സമയമാണ് രാപാർക്കേണ്ടത്:**

ദുൽഹജ്ജ് പതിനൊന്നിന്റെ രാവിന്റെയും പന്ത്രണ്ടിന്റെ രാവിന്റെയും അധികഭാഗവും ഹാജി മിനയിൽ കഴിച്ചുകൂട്ടണം ധൃതിയുള്ളവർ ഇപ്രകാരമാണ് ചെയ്യേണ്ടത് ഒരു ദിവസം കൂടി പിന്തിപ്പിക്കുന്നവർ  പതിമൂന്നിന്റെ രാവിന്റെ അധികസമയവും കൂടി മിനയിൽ കഴിച്ചു കൂട്ടണം.

**ചില ഹാജിമാരിൽ സംഭവിക്കുന്ന തെറ്റുകൾ**

1. ഹജ്ജു കൊണ്ട്  സമ്പാദനം, ലോകമാന്യത, പ്രൗഢി എന്നിവ ലക്ഷ്യമാക്കുക.

2. സ്ത്രീകൾ മഹ്റമില്ലാതെ യാത്രചെയ്യുക. മഹ്റമില്ലാതെ വീട്ടു ജോലിക്കു വരുന്ന സ്ത്രീകളിൽ അധികവും ഇപ്രകാരം സംഭവിക്കുന്നു പിന്നീട് മഹ്റമില്ലാതെ അവർ ഹജ്ജ് നിർവഹിക്കുന്നു.

3.സംഗീതോപകരണങ്ങൾ, ക്യാമറ പോലുള്ളവ കൂടെ കരുതുക

4. ഹാജിക്ക് ആവശ്യമായ ചെരുപ്പ്, വാച്ച്, കണ്ണട തുടങ്ങിയവ ധരിക്കൽ അനുവദനീയമല്ല എന്ന് വിശ്വസിക്കുക. ഈ ധാരണ തെറ്റാണ്. അവകൊണ്ട് കുഴപ്പമില്ല എന്നതാണ് ശരി.

5. ഇഹ്റാമിന്റെ വസ്ത്രം ധരിക്കുന്നതോടുകൂടി ഇഹ്റാമിൽ പ്രവേശിച്ചു എന്ന് ചില ഹാജിമാർ ധരിക്കുകയും ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങളിൽനിന്നും അവർ വിട്ടുനിൽക്കുകയും ചെയ്യുന്നു.എന്നാൽ നിയ്യത്തോടൊപ്പമാണ് ഇഹ്റാമിൽ പ്രവേശിക്കുക അല്ലാതെ കേവലം വസ്ത്രം ധരിക്കുന്നതോടു കൂടിയല്ല.

6. ത്വവാഫ് ചെയ്യുമ്പോൾ ചില ഹാജിമാർ അവർ ഒറ്റക്കായിരുന്നാലും കൂട്ടമായിരുന്നാലും പ്രത്യേക പ്രാർത്ഥനകൾ ചെല്ലുന്നു. ഇത് തെറ്റാണ്. ത്വവാഫിന് പ്രത്യേകമായ പ്രാർത്ഥന ഇല്ല.[107]

7. ചില ഹാജിമാർ റുക്നുൽയമാനി ചുംബിക്കാറുണ്ട്. ഇത് തെറ്റാണ്. റുക്നുൽയമാനി തൊട്ടുതടവാനാണ് അനുവാദമുള്ളത്. അതിന് സാധ്യമല്ലെങ്കിൽ അതിലേക്ക് കൈ ചൂണ്ടേണ്ടതില്ല.

8. തിരക്കുള്ളപ്പോൾ ചില ഹാജിമാർ ഹിത്തീമിൽ(ഹിജ്ർ) പ്രവേശിച്ച് ത്വവാഫ് ചെയ്യുന്നു. അവർ തങ്ങളുടെ ത്വവാഫിൽ പിഴവ് വരുത്തിയിരിക്കുന്നു. കാരണം ഹിജ്ർ കഅ്ബയിൽപ്പെട്ടതാണ്.

9. ചില ഹാജിമാർ ത്വവാഫും കഴിഞ്ഞ് അതിന്റെ രണ്ട് റക്അത്ത് നമസ്കരിക്കുന്നതുവരെ ഇദ്ത്ത്വിബാഇൽ തന്നെ നിലകൊള്ളുന്നു. അത് ശരിയല്ല. ത്വവാഫ് കഴിഞ്ഞാൽ തോൾ ഭാഗം മറക്കൽ അനിവാര്യമാണ്.

10. ത്വവാഫിന്റെ രണ്ട് റക്അത്ത് നമസ്കാരം മക്വാമ് ഇബ്റാഹീമിന്റെ പിന്നിൽ നിന്ന് തന്നെയായിരിക്കണം എന്ന് ചില ഹാജിമാർ ധരിച്ചിരിക്കുന്നു. അത് ശരിയല്ല. പള്ളിയുടെ ഏത് ഭാഗത്തും നമസ്കരിക്കാവുന്നതാണ്.ഈ രണ്ട് റകഅത്ത് നമസ്കരി

---

[107] റുക്നുൽ യമാനിയുടേയും ഹജറുൽ അസ്വദിന്റെയും ഇടയിൽ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ എന്ന് പ്രാർത്ഥിക്കൽ സുന്നത്താണ്.(വിവഃ)

ക്കുക എന്ന ലക്ഷ്യത്തിൽ തങ്ങളുടെ സഹോദരങ്ങളെ തിക്കി ത്തിരക്കി ബുദ്ധിമുട്ടിക്കൽ അനുവദനീയമല്ല..

## ഉംറയും അതിന്റെ വിധികളും.

ത്വവാഫ്, സഫ മർവകൾക്കിടയിലുള്ള സഅ്യ്, മുടി വെട്ടു ക അല്ലെങ്കിൽ കളയുക എന്നിവകൊണ്ട് അല്ലാഹുവിന് ഇബാദ ത്തെടുക്കുന്നതിനാണ് ഉംറ എന്ന് പറയുന്നത്. ഉംറ വാജിബാകു ന്നു എന്നതാണ് ശരിയായ പണ്ഡിതാഭിപ്രായം.സ്ത്രീകൾക്ക് ജി ഹാദുണ്ടോ എന്ന് ആയിശ ചോദിച്ചപ്പോൾ നബിﷺ ഇപ്രകാരം പറഞ്ഞു: 'അതെ അവർക്ക് ജിഹാദുണ്ട് പക്ഷെ അതിൽ സായു ധ പോരാട്ടമില്ല. ഹജ്ജും ഉംറയുമാകുന്നു അത്'[108].

## ഉംറയുടെ രൂപം.

ഉംറക്കായി ഇഹ്റാമിൽ പ്രവേശിക്കുവാൻ ഒരു മുസ്ലിം ത യ്യാറായാൽ അവൻ ചെയ്യേണ്ടത്.

കുളിക്കുകയും വൃത്തിയാകുകയും കക്ഷരോമം, ഗുഹ്യരോ മം,എന്നിവ നീക്കുകയും നഖം മുറിക്കുകയും സുഗന്ധം പൂശു കയും ചെയ്യുക. ആർത്തവ, പ്രസവരക്തമുള്ള സ്ത്രീകൾ പോ ലും ഇപ്രകാരമാണ് ചെയ്യേണ്ടത്.പക്ഷെ സ്ത്രീകൾക്ക് സുഗന്ധം ഉപയോഗിക്കാൻ പാടില്ല. ആർത്തവ, പ്രസവ രക്തമുള്ള സ്ത്രീ കൾ ഒഴികെയുള്ളവർ ശേഷം നമസ്കരിക്കുക.

لَبَّيْكَ عُمْرَةً എന്ന് ചൊല്ലികൊണ്ട് ഇഹ്റാമിൽ പ്രവേശിക്കുന്നു എന്ന് നിയ്യത്ത് ചെയ്യുക. പിന്നീട് തൽബിയത്ത് ചൊല്ലുക. പുരു ഷൻമാർ ശബ്ദമുയർത്തുകയും സ്ത്രീകൾ ശബ്ദമുയർത്താതെ യും തൽബിയത്ത് ചൊല്ലുക. ഭീതിയോടുകൂടി ഇഹ്റാമിൽ പ്ര

108 അഹ്മദ്, നസാഇ. അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു.

വേശിക്കുന്നവനാണെങ്കിൽ അവന് ഇപ്രകാരം പറഞ്ഞുകൊണ്ട് നിബന്ധന വെക്കേണ്ടതാണ്.

فإنْ حَبَسَنِي حَابِسٌ فَمَحَلِّي حَيْثُ حَبَسْتَنِي

(എന്നെ വല്ല തടസവും നേരിട്ടാൽ അപ്പോൾ എന്റെ (ഇഹ്റാമിൽ നിന്നും ഒഴിവാകുന്ന) സ്ഥലം എന്നെ തടസം നേരിട്ട സ്ഥലത്തു വെച്ചായിരിക്കും) മസ്ജിദുൽ ഹറാമിൽ എത്തിയാൽ

بِسْمِ اللهِ والصَلاةُ والسَلامُ علَى رَسوُلِ اللهِ اللهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ

(അല്ലാഹുവിന്റെ നാമത്തിൽ, രക്ഷയും സമാധാനവും അല്ലാഹുവിന്റെ ദൂതന്റെമേൽ ഉണ്ടായിരിക്കട്ടെ,അല്ലാഹുവേ എന്റെ പാപങ്ങൾ നീ എനിക്ക് പൊറുത്തു തരികയും നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്നുതരികയും ചെയ്യേണമേ) എന്ന് പ്രാർത്ഥിച്ചുകൊണ്ട് വലതുകാൽ വെക്കുക.ശേഷം ത്വവാഫ് ആരംഭിക്കുക. വലതുകൈകൊണ്ട് ഹജറുൽ അസ്വദ് തൊട്ടു തടവുകയും കഴിയുമെങ്കിൽ അതിനെ ചുംബിക്കുകയും ചെയ്യുക. കൈകൊണ്ട് സ്പർശിക്കാൻ കഴിഞ്ഞില്ലെങ്കിൽ കൈകൊണ്ട് അതിലേക്ക് ആംഗ്യം കാണിക്കുക ചുംബിക്കേണ്ടതില്ല. അപ്പോൾ الله أكبر എന്ന് പറയുകയും ചെയ്യുക

ത്വവാഫിനിടയിൽ അവൻ ഉദ്ദേശിക്കുന്നതെല്ലാം അല്ലാഹുവിനോട് ചോദിച്ചും ദിക്റെടുക്കുകയും ചെയ്യുക. പ്രാർത്ഥന അധികരിപ്പിക്കുകയും ചെയ്യുക. റുക്നുൽ യമാനിയിൽ എത്തിയാൽ സാധ്യമാണെങ്കിൽ അതിനെ തൊട്ടു തടവുക അതിന് കഴിഞ്ഞില്ലെങ്കിൽ അതിന് നേരെ ആംഗ്യം കാണിക്കേണ്ടതില്ല. ഉംറക്കു വേണ്ടി ത്വവാഫ് ചെയ്യുന്നവൻ ത്വവാഫിന്റെ ആദ്യം മുതൽ അവസാനം വരെ ഇദ്‌ത്വിബാഅ് ചെയ്യണം. അതായത് മേൽമുണ്ടിന്റെ മധ്യഭാഗം വലതു കക്ഷത്തിലൂടെയാക്കി അതിന്റെ രണ്ട് അറ്റങ്ങളും ഇടത്തെ തോളിൽ ഇടുക. ഹജ്ജിനോ ഉംറക്കോ വേ

ണ്ടിയുള്ള ആദ്യത്തെ ത്വവാഫിൽ മാത്രമാണ് ഇത് ഉള്ളത്.ത്വവാഫിനിടയിൽ ആദ്യത്തെമൂന്ന് ചുറ്റൽ റംല്(അൽപം വേഗത്തിൽ) നടക്കണം എന്നാൽ അത് മറ്റുള്ളവർക്ക് പ്രയാസം സൃഷ്ടിക്കുമെങ്കിൽ ചെയ്യേണ്ടതില്ല. ത്വവാഫ് കഴിഞ്ഞാൽ മഖാമ് ഇബ്റാഹീമിന്റെ പിന്നിൽനിന്നും രണ്ട് റക്അത് നമസ്കരിക്കുക. ശേഷം സഅ്യിന് വേണ്ടി പുറപ്പെടുക സ്വഫയോട് അടുത്താൽ ഇ പ്രകാരം പാരായണം ചെയ്യുക

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّه

'തീർച്ചയായും സ്വഫയും മർവയും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാകുന്നു'. (വി. ക്വു അൽബക്വറ: 158)

ശേഷം സ്വഫയിൽ കയറുകയും കഅ്ബ കാണുന്ന രൂപത്തിൽ അഭിമുഖമായി നിന്ന് കൈകൾ ഉയർത്തി അല്ലാഹുവിനെ പുകഴ്ത്തുകയും വേണ്ടതെല്ലാം പ്രാർത്ഥിക്കുകയും ചെയ്യുക.അത് കഴിഞ്ഞാൽ മർവയിലേക്ക് നടക്കുക പച്ച അടയാളത്തിന്റെ അടുത്ത് എത്തിയാൽ മറ്റുള്ളവർക്ക് പ്രയാസം സൃഷ്ടിക്കാത്ത രൂപത്തിൽ അടുത്ത പച്ച അടയാളം വരെ മെല്ലെ (പുരുഷന്മാർ) ഓടുക, പിന്നീട് മർവ്വയിലേക്ക് നീങ്ങുക. മർവയിൽ എത്തിയാൽ സ്വഫയിൽ ചെയ്തതെല്ലാം അവിടെയും ചെയ്യുക. ഇ പ്രകാരം ഏഴ് തവണ കഴിഞ്ഞാൽ തല മുണ്ഡനം ചെയ്യുകയോ തലമുടി മുഴുവനായി വെട്ടുകയോ ചെയ്യുക. സ്ത്രീകളാണെങ്കിൽ ഒരു വിരൽതുമ്പിന്റെയത്ര വെട്ടുക. ഇത്രയും ചെയ്താൽ ഉംറ പൂർത്തിയായി.

**ഉംറയുടെ റുക്നുകൾ:**

ഇഹ്റാം, ത്വവാഫ്, സഅ്യ്

**ഉംറയുടെ വാജിബുകൾ**

മീഖാത്തിൽനിന്നു തന്നെ ഇഹ്റാമിൽ പ്രവേശിക്കുക.

തലമുടി വടിക്കുകയോ വെട്ടുകയോ ചെയ്യുക.

الحمد لله رب العالمين

❁❁❁
❁❁
❁

## ഉള്ളടക്കം


| വിഷയം | പേജ് |
|---|---|
| വിവർത്തകക്കുറിപ്പ് | 2 |
| ആമുഖം | 4 |
| ഈമാൻ | 7 |
| ഈമാനിന്റെ അടിത്തറ | 8 |
| അല്ലാഹുവിലുള്ള വിശ്വാസം | 9 |
| അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക. | 10 |
| അല്ലാഹുവിലുള്ള വിശ്വാസം; അർത്ഥവും തേട്ടവും | 14 |
| നാമവിശേഷണങ്ങളിലുള്ള വിശ്വാസം | 16 |
| അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 17 |
| മലക്കുകളിലുള്ള വിശ്വാസം | 17 |
| വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം | 19 |
| ദൈവ ദൂതൻമാരിലുള്ള വിശ്വാസം | 21 |
| അന്ത്യനാളിലുള്ള വിശ്വാസം | 23 |
| ക്വദറിലുള്ള വിശ്വാസം | 26 |
| അഖീദയുടെ പ്രാധാന്യം | 29 |
| വലാഉം ബറാഉം | 31 |
| ശിർക്കും അതിന്റെ ഇനങ്ങളും | 34 |
| ക്വബർ സിയാറത്ത്. | 41 |
| നിഫാക്വും അതിന്റെ ഇനങ്ങളും | 43 |
| സിഹ്റും ആഭിചാരവും | 45 |
| ഇസ്ലാമിക മന്ത്രത്തിന്റെ നിബന്ധനകൾ | 51 |
| സത്യസാക്ഷ്യങ്ങൾ | 51 |
| തൗഹീദിന്റെ ഇനങ്ങൾ | 55 |
| തൗഹീദുറുബൂബിയഃ: | 56 |
| തൗഹീദുൽ ഉലൂഹിയ്യഃ: | 57 |
| തൗഹീദുൽ അസ്മാഉ വസ്സ്വിഫാത് | 62 |
| തൗഹീദിന്റെ സ്വാധീനം | 63 |
| ലാഇലാഹ ഇല്ലല്ലയുടെ ആശയം | 64 |
| മുഹമ്മദുൻ റസൂലുല്ല എന്നതിന്റെ അർത്ഥം | 64 |
| ഇബാദത്ത് | 65 |
| ഇബാദത്തിന്റെ അടിസ്ഥാന ഘടകങ്ങൾ | 67 |

| | |
|---|---|
| ത്വഹാറത്ത് | 69 |
| മലമൂത്രവിസർജ്ജന മര്യാദകൾ | 70 |
| വുദ്വൂഅ് | 71 |
| ഖുഫ്ഫയിൽ തടവൽ | 79 |
| കുളി | 81 |
| കുളിയുടെ രൂപം | 83 |
| തയമ്മും | 83 |
| ആർത്തവ രക്തം,പ്രസവരക്തം,ഇസ്തിഹാളത്ത് | 84 |
| നമസ്കാരം | 86 |
| നമസ്കാരം ഉപേക്ഷിക്കുന്നവന്റെ വിധി | 86 |
| നമസ്കാരത്തിന്റെ റുക്നുകൾ | 87 |
| നമസ്കാരത്തിന്റെ ശർത്വുകൾ | 88 |
| നമസ്കാരത്തിന്റെ വാജിബുകൾ | 89 |
| നമസ്കാരത്തിന്റെ സുന്നത്തുകൾ | 89 |
| ജമാഅത്ത് നമസ്കാരം. | 90 |
| മഅ്മൂമുമായി ബന്ധപ്പെട്ട ചില നിയമങ്ങൾ | 93 |
| ഇമാമുമായി ബന്ധപെട്ട ചില നിയമങ്ങൾ | 93 |
| രോഗിയുടെ നമസ്കാരം | 94 |
| ജുമുഅഃ നമസ്കാരം. | 95 |
| പെരുന്നാൾ നമസ്കാരങ്ങൾ | 97 |
| ഗ്രഹണ നമസ്കാരം: | 98 |
| മഴക്കുവേണ്ടിയുള്ള നമസ്കാരം | 99 |
| സുന്നത്ത് നമസ്കാരങ്ങൾ | 100 |
| മയ്യിത്ത് നമസ്കാരം. | 101 |
| സകാത്ത് | 103 |
| സകാത്തും ടാക്സും തമ്മിലുള്ള വിത്യാസം | 106 |
| സകാത്തിന്റെ നിബന്ധനകൾ | 107 |
| സകാത്ത് കൊടുക്കാത്തവന്റെ വിധി | 108 |
| സകാത്ത് നിർബന്ധമാകുന്ന സമ്പത്തുകൾ: | 109 |
| കറൻസിയുടെ നിസ്വാബ് | 110 |
| കാലിസമ്പത്തിലെ സകാത്ത് | 110 |
| കച്ചവടച്ചരക്കുകൾ | 112 |
| കൃഷിയുടേയും ഫലവർഗ്ഗങ്ങളുടേയും സകാത്ത് | 113 |
| ഫലവർഗ്ഗങ്ങളുടെ സകാത്തിൽ ശ്രദ്ധിക്കേണ്ടവ | 114 |

| | |
|---|---|
| സകാത്തുമായി ബന്ധപെട്ട ചില വിഷയങ്ങൾ | 114 |
| രികാസ് | 116 |
| ഓഹരികളുടേയും കടത്തിന്റേയും സകാത് | 116 |
| സകാത്ത് പെട്ടന്ന് കൊടുക്കേണമോ? | 118 |
| സകാത്ത് ആർക്ക് വിതരണം ചെയ്യണം | 119 |
| സകാത്തുൽ ഫിത്വർ | 125 |
| നോമ്പ് | 126 |
| നോമ്പിന് ഇസ്ലാമിലുള്ള സ്ഥാനം: | 127 |
| നോമ്പിന്റെ മഹത്വങ്ങൾ | 129 |
| ആർക്കാണ് നോമ്പ് നിർബന്ധം? | 132 |
| മാസം കാണലും അതിന്റെ വിധികളും | 134 |
| നോമ്പ് ഒഴിവാക്കാവുന്ന ഒഴിവുകഴിവുകൾ | 135 |
| നോമ്പ് ദുർബലപ്പെടുത്തുന്ന കാര്യങ്ങൾ | 137 |
| തറാവീഹ് നമസ്കാരം | 140 |
| സുന്നത്ത് നോമ്പുകൾ | 141 |
| ഹജ്ജ് | 143 |
| ഹജ്ജിന്റെ ശ്രേഷ്ഠതകൾ | 145 |
| ഹജ്ജിന്റെ നിബന്ധനകൾ | 148 |
| ഹജ്ജിന്റെ മീകാത് | 149 |
| ഹജ്ജ് കർമ്മങ്ങൾ | 151 |
| ഇഹ്റാമിന്റെ ഇനങ്ങൾ | 152 |
| തൽബിയത്ത് | 155 |
| ത്വവാഫ് | 155 |
| സഅ്യ് | 157 |
| അറഫയിൽ നിൽക്കൽ | 158 |
| മുസ്ദലിഫയിൽ രാപാർക്കൽ | 159 |
| ജംറയിൽ എറിയൽ | 160 |
| മുടി കളയലും വെട്ടലും | 161 |
| ബലിയറുക്കൽ | 162 |
| മിനയിൽ രാപാർക്കൽ | 163 |
| ചില ഹാജിമാരിൽ സംഭവിക്കുന്ന തെറ്റുകൾ | 164 |
| ഉംറയും അതിന്റെ വിധികളും | 166 |
| ഉള്ളടക്കം | 170 |